

# ചരിത്രസംവേദനം

ഡോ. സി കെ കരീം

# ചരിത്രസംവേദനം

# ചരിത്രസംവേദനം

ഡോ. സി. കെ. കരീം

ചരിത്രം പബ്ളിക്കേഷൻസ്
തിരുവനന്തപുരം—695010

1978 വില 10 ക

*Charithra Samvedanam*
*(Approach to and Philosophy of History)*

*Dr. C. K. Kareem, Fatimath, Trivandrum--695010*

*First Published February 1978*

*Printed at* — *Anupama Printers, Trivandrum-695011*

*Published by* — *Charithram Publications Trivandrum-695010*

*Price* — *Rupees Ten*

*Copy Right* — *Dr. C. K. Kareem*

Distributors

Prabhat Book House
Trivandrum

# ഉള്ളടക്കം


അദ്ധ്യായം — പേജ്

1. ചരിത്രത്തിലെ ശാസ്ത്രീയ വീക്ഷണം — 9
2. ഇൻഡ്യാചരിത്ര വീക്ഷണം — 20
3. ചരിത്രവും സാമൂഹ്യമാററവും — 27
4. ചരിത്രം സംഘട്ടനത്തിന്റെ കഥ — 37
5. ചരിത്രദർശനം—ഇസ്ലാമിക സമീപനം — 44
6. ചരിത്രഗവേഷണത്തിൽ മതത്തിന്റെ സ്വാധീനം — 63
7. ഇൻഡ്യാചരിത്രത്തിലെ ആംഗ്ലേയ ദോഷ്യം — 77
8. മദ്ധ്യകാലഘട്ടം ഇരുളടഞ്ഞതായിരുന്നില്ല — 95
9. ഇൻഡ്യാചരിത്രത്തിലെ ഒരു നിർണ്ണായകഘട്ടം — 106
10. ഇൻഡ്യാചരിത്രത്തിലെ മാതൃകാനായകൻമാർ — 117
11. താറടിക്കപ്പെട്ട ചരിത്രനായകൻമാർ — 131
12. അൽബൈറൂനിയും 'ഇൻഡ്യയും' — 146
13. ഇൻഡ്യയുടെ വിദേശനയം ചരിത്രദൃഷ്ടിയിൽ — 165
14. സങ്കല്പത്തിലെ മതേതരത്വം — 183
15. ഫാസിസ്ററ് രാഷ്ട്രീയം ചരിത്രധ്വംസനം നടത്തുന്നു — 196
16. കേരളത്തിലെ ഭൂവുടമാസമ്പ്രദായവും മാപ്പിള ലഹളകളും — 210
17. വിലകുറഞ്ഞ മനുഷ്യർ — 234

# ഡോ. സി. കെ. കരീമിന്റെ കൃതികൾ

മലയാളം

1 ഇൻഡ്യാചരിത്രത്തിന് ഒരു മുഖവുര – 1965

രണ്ടാം പതിപ്പ് – 1977

2. മുഹമ്മതു് തുഗ്ളക്ക് ഒരു പഠനം – 1968

3 ഇബിന് ബത്തൂത്തയുടെ കള്ളക്കഥകൾ – 1969

4. കേരളചരിത്ര വിചാരം – 1976

5. പി. എ. സെയ്തുമുഹമ്മത് സ്മാരക ഗ്രന്ഥം – 1976

6 ചരിത്രസംവേദനം – 1973

ബാലസാഹിത്യം

1. ചരിത്രത്തിലെ ഗുണപാഠങ്ങൾ – 1966

2. ചരിത്രകഥകൾ – 1968

വിവർത്തനം

1. തിരുവിതാംകൂർ ചരിത്രം പി. ശങ്കുണ്ണിമേനോൻ – 1973

2. ബുക്കാനന്റെ കേരളം–(അച്ചടിയിൽ)

3. മുഗളരുടെ പ്രവിശ്യാഭരണം പി. സരൻ (അച്ചടിയിൽ)

## English

1. What Happened in Indian History – 1971
2. Kerala and Her Calture-An Introduction – 1975
3. Kerala under Haidar Ali and Tipu Sultan – 1973
4. Indian History, Volumes I and II – 1976

# പ്രസ്താവന

ചരിത്ര സംബന്ധിയായ വീക്ഷണ വിശേഷങ്ങളെയും താത്വിക ദർശനങ്ങളെയും വിവരിക്കുവാനുള്ള ഒരു ചെറിയ സംരംഭമാണ് ഇവിടെ നടത്തിയിട്ടുള്ളത്. സാമൂഹ്യശാസ്ത്രമായ ചരിത്രം മനുഷ്യ വളർച്ചയുടെ പ്രധാന ഉപാധിയാണെന്ന കാഴ്ചപ്പാടിലൂടെ സമീപിക്കുമ്പോൾ മാത്രമാണ് ഇന്നത്തെ മനുഷ്യനെങ്ങിനെ ഇത്ര ഇടം എത്തി എന്നു് കാണിക്കുവാൻ സാദ്ധ്യമാകൂ. അവൻ കടന്നുവന്ന മാർഗ്ഗങ്ങൾ, ഉപയോഗപ്പെടുത്തിയ സാധന സാമഗ്രികൾ, ഉൽപാദിപ്പിച്ച വിഭവങ്ങൾ, ക്രയവിക്രയത്തെ നിയന്ത്രിച്ചിരുന്ന സാമൂഹിക ശക്തികൾ, അവൻ നടത്തിയ വർഗ്ഗ താൽപര്യ സംഘട്ടനങ്ങൾ, നാളെയുടെ നാമ്പെടുക്കുവാൻ ഇന്നിനെ വിമ്മിഷ്ടപ്പെടുത്തികൊണ്ടിരിക്കുന്ന അന്തർധാരകൾ, ഇവയൊക്കെ നമ്മുടെ നേട്ടങ്ങളേയും കോട്ടങ്ങളേയും രചനാത്മകമായി ചിത്രീകരിക്കുന്നവയാണ്. ചരിത്രത്തെ മനുഷ്യ കഥാകഥനമായി ആവിഷ്ക്കരിക്കാൻ സാധിക്കണമെങ്കിൽ ഓരോ ഘട്ടങ്ങളിലായി സമൂഹത്തിൽ വന്ന മാററങ്ങൾക്ക് നിദാനമായി നിന്ന പ്രേരകശക്തികളേയും ഉൽപാദനോപകരണങ്ങളെ നിയന്ത്രിച്ചിരുന്ന താൽപര്യങ്ങളെയും വ്യക്തമായി വേർതിരിച്ചറിയുവാൻ സാധിക്കണം. അതിനുള്ള മാർഗ്ഗം ശരിയായ സമീപനത്തിലൂടെ ചരിത്ര സംവേദനം നടത്തുകയെന്നത് മാത്രമാണ്.

ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളത് പ്രധാനമായും ഇത്തരം വിഷയങ്ങളാകുന്നു. അതോടൊപ്പം ഇൻഡ്യാചരിത്രപഠനത്തിനു് അവശ്യം അനുവർത്തിക്കേണ്ട വീക്ഷണ വിശേഷത്തെപ്പററിയും എന്തുകൊണ്ട് അത്തരം കാഴ്ചപ്പാട് അനിവാര്യമായി തീർന്നിരിക്കുന്നുവെന്നതിനെക്കുറിച്ചും വിവരിക്കുവാനുള്ള ശ്രമവും നടത്തിയിട്ടുണ്ട് ചരിത്രബോധവും സമീപനവും വ്യത്യസ്തമാകുവാനൊക്കുകയില്ലന്നത് കൊണ്ട് ഇൻഡ്യാചരിത്രത്തിന് മാത്രമായി പ്രത്യേകമായ നിലപാട് സ്വീകരിക്കുന്നതിലർത്ഥമില്ലെന്ന് പറയാം. എന്നാൽ ഇവിടത്തെ പ്രധാന പ്രശ്നം ചരിത്രം തന്നെ ആദ്യമുണ്ടാകണം എന്നതാണ്. വികലവും അസംബന്ധ ജഡിലവുമായ ഇൻഡ്യാചരിത്ര

ത്തിൻെറ ആഗ്ളേയ ഭാഷ്യം ഇൻഡ്യയ്ക്കും ഇൻഡ്യയ്ക്കാരനും അപമാനകരമെത്രെ. അതുകൊണ്ട് തന്നെ സ്പഷ്ടമായ ധാരണയും വ്യക്തമായ കാഴ്ചപ്പാടും ഇൻഡ്യാ ചരിത്രപഠനത്തിന്നാവശ്യമായിത്തീരുന്നു. ചരിത്രത്തിലെ ദേശീയ വീക്ഷണം കുറെയെങ്കിലും പ്രസക്തമാകുന്നത് ഇത്തരുണത്തിലാണ്.

നമ്മെ എക്കാലവും തമ്മിലടിപ്പിച്ച് വൈരാഗ്യത്തിൻെറ വ്യത്യസ്ത ഘടകങ്ങളാക്കി നിർത്തിയിരുന്ന താൽപ്പര്യങ്ങളേതേതൊക്കെയെന്ന് വേർതിരിച്ചറിയുകയും അത്തരം ശക്തികൾ സമൂഹത്തിൻെറ സമാധാന ജീവിതത്തെ അലങ്കോലപ്പെടുത്തുന്നത് തടയുവാനുള്ള കരുക്കൾ ബോധപൂർവ്വം സ്വരുക്കൂട്ടുകയും ചെയ്യേണ്ടത് മനുഷ്യനൻമയെ വിലമതിക്കുന്ന ഏവരുടേയും കർത്തവ്യമാണ്, പുരോഗമനത്തിനും മാററങ്ങൾക്കും വേണ്ടി ദാഹിക്കുന്ന സമൂഹത്തെ പുറകോട്ടു പിടിച്ച് വലിക്കുവാൻ നടത്തുന്ന ശ്രമങ്ങൾ എത്ര ബലവത്താണെങ്കിലും ശരി മനുഷ്യനൻമയെ ലാക്കാക്കിക്കൊണ്ടു് അത്തരം ഫാസിസ്ററ് പ്രവണതകളെ എതിർക്കേണ്ടത് ചരിത്രബോധമുള്ളവരുടെ കർത്തവ്യമാണ്. ചരിത്രവിചാര രംഗത്തു് പ്രവൃത്തിക്കുന്ന വിദ്യാർത്ഥികളുടെയും അദ്ധ്യാപകൻമാരുടേയും ജിജ്ഞാസുക്കളുടേയും പരിഗണനക്കായി ഇത്തരം ചില പ്രശ്നങ്ങൾ കൂടി ഇവിടെ അവതരിപ്പിക്കുന്നുണ്ട്. തള്ളേണ്ടത് തള്ളുവാനും കൊള്ളേണ്ടത് കൊള്ളുവാനുമുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുള്ളതാണല്ലോ. എന്നാൽ ഒന്നും വായിക്കാതിരിക്കുക, അറിഞ്ഞേടത്തോളം മാത്രം മതി എന്ന് കരുതി എല്ലാത്തിനോടും വിമുഖത കാണിക്കുക തുടങ്ങിയവ നമ്മേ മുരടിപ്പിക്കുകയേയുള്ളുവെന്നു് മുന്നറിയിപ്പു നല്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ചരിത്രം പബ്ളിക്കേഷൻെറ അഞ്ചാമത്തെ പുസ്തകമാണിത്. ഈ ഉദ്യമത്തിൽ സഹകരിക്കുന്ന സഹൃദയ സുഹൃത്തുക്കളോട് നന്ദിപറയുന്നു. പുസ്തകം വൃത്തിയായി അച്ചടിച്ച് കൃത്യസമയത്ത് തന്ന അനുപമപ്രസ്സ് ഉടമ ശ്രീ. എം. ഷാജഹാനോടും പ്രവർത്തകരോടും എനിക്ക് അപാരമായ കൃതജ്ഞതയുണ്ട്.

തിരുവനന്തപുരം
10 — 2 — 1978

**ഡോ. സി. കെ. കരീം**

അദ്ധ്യായം ഒന്ന്

# ചരിത്രത്തിലെ ശാസ്ത്രീയവീക്ഷണം

ചരിത്രത്തെ സാമൂഹ്യ ശാസ്ത്ര വിഭാഗത്തിൽപ്പെടുത്തിയാണല്ലോ നാം വ്യവഹരിച്ചു പോരാറ്. മാനവികശാസ്ത്രമെന്ന്, പൊതുവേ ചരിത്രം ഉൾപ്പെടുന്ന ഹ്യൂമാനിററീസ് വിഭാഗത്തെ വിളിച്ചുവരുന്നു. എന്നാൽ ചരിത്രം തുടങ്ങിയ വിഷയങ്ങൾക്ക് നൽകിയിട്ടുള്ള ഈ ശാസ്ത്രസംജ്ഞ എത്രമാത്രം പ്രയോഗത്തിൽ വരാറുണ്ടെന്ന് ആരും അത്രകാര്യമായി ശ്രദ്ധിക്കാറില്ല. ചരിത്രം ശാസ്ത്രമാണോ എന്നുതന്നെ ശങ്കിക്കുന്നവരാണധികവും.

ഒരു വിഷയം ശാസ്ത്രവിഭാഗത്തിൽപ്പെട്ടതു തന്നെയാണോയെന്ന് നോക്കുന്നതിനുള്ള പല മാനദണ്ഡങ്ങളുമുണ്ട്. നാം ശ്വസിക്കുന്ന വായുവിലടങ്ങിയിട്ടുള്ള ജീവവായുവും പുറത്തേയ്ക്കു വിടുന്നതിൽ അടങ്ങിയിട്ടുള്ള ഇംഗാലാമ്ളവും ഏതേതെന്ന് വ്യവച്ഛേദിച്ചു കാണിക്കുവാൻ പരീക്ഷണങ്ങളിലൂടെ ശാസ്ത്രത്തിന്ന് സാധിക്കുന്നു. അപഗ്രഥനാത്മകമാണ് എല്ലാ ശാസ്ത്രവിഷയവും. വിശകലന വിധേയമാക്കുന്ന വിഷയങ്ങൾ പരീക്ഷണങ്ങളിലൂടെയും നിരീ

ക്ഷണങ്ങളിലൂടെയും അതിന്റെസത്യാവസ്ഥ - ഭാവവും രൂപവുമൊക്കെ സുവ്യക്തമാക്കുവാൻ ശാസ്ത്രത്തിന്ന് സാധിക്കുന്നു. പദാർത്ഥസംബന്ധമായ എന്തിനേയും ശാസ്ത്രത്തിന് പരീക്ഷണങ്ങൾകൊണ്ട്, അവയിൽ അടങ്ങിയിട്ടുള്ള വിവിധ ഘടകങ്ങളേതെന്നും, വിവിധ പദാർത്ഥങ്ങൾ ഒന്നിച്ചുകൂടിയാലുണ്ടാകാവുന്ന പരിണാമങ്ങളെന്തെന്നും സംയുക്തികം പ്രതിഫലിപ്പിക്കുവാൻ സാധിക്കുന്നു. തൻമൂലം നിരീക്ഷണവിധേയമാക്കുന്ന വസ്തുക്കളെ വസ്തുതയായി അംഗീകരിക്കാൻ ആർക്കും വൈമനസ്യം ഉണ്ടാകുന്നുമില്ല. കാരണം അപഗ്രഥനംകൊണ്ടും, വിശകലനം കൊണ്ടും, പരീക്ഷണങ്ങൾ കൊണ്ടും തെളിയിക്കപ്പെട്ട പരമാർത്ഥങ്ങളാണല്ലൊ അവ. എന്നാൽ ചരിത്രം ഇതുവിധം പരീക്ഷണവിധേയമാകുന്ന ശാസ്ത്രമായി കണക്കാക്കുന്നവർ എത്ര പേരുണ്ട്? സത്യം പറഞ്ഞാൽ ഗൗരവമായിതന്നെ വിഷയത്തെ കൈകാര്യം ചെയ്യുന്നവർകൂടി ചരിത്രം ശാസ്ത്രമെന്നതിനേക്കാൾ ഭാവനാത്മകമോ, ഊഹാപോഹങ്ങളിൽ അധിഷ്ഠിതമോ ആയ കഥകളായി മാത്രമേ ധരിയ്ക്കാറുള്ളു.

യഥാർത്ഥത്തിൽ ചരിത്രം മററ് ശാസ്ത്രവിഷയങ്ങളെപ്പോലെതന്നെ അപഗ്രഥന വിധേയമാകേണ്ട വിഷയമാണ്. ചരിത്രവസ്തുതകളെ വിശകലനം ചെയ്ത്, തനിക്ക് കിട്ടിയ ആധാരങ്ങളുടെയും തെളിവുകളുടെയും വെളിച്ചത്തിൽ അപഗ്രഥനോൻമുഖമായ നിരീക്ഷണം നടത്തിയ ശേഷം മാത്രമാണ് ചരിത്രകാരൻ തന്റെ വസ്തു

തയെ പുറത്തുവിടുന്നതു്. ഒരു തെളിവു്അഥവാ ഒരു രേഖ കൈവശം കിട്ടിയാൽ അതു് അപ്പാടെ പരമമായ സത്യമാണെന്നു് ചരിത്രകാരൻ ഒരിക്കലും ധരിക്കാറില്ല. അങ്ങനെധരിക്കുന്നതു അശാസ്ത്രീയവുമാണ്. കിട്ടിയ പുതിയ തെളിവുകൾ മററു് ആധികാരിക പ്രമാണങ്ങളുമായി തട്ടിച്ചുനോക്കി സത്യാസത്യങ്ങളെ വ്യവച്ഛേദിച്ച് നിർണ്ണായകമായ അന്തിമതീരുമാനം കൈക്കൊള്ളുകയാണ് ചരിത്രകാരൻ ചെയ്യുന്നത്. പരീക്ഷണശാലകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രകാരനെപ്പോലെത്തന്നെ തനിക്കുലഭിച്ച അസംസ്കൃത പദാർത്ഥങ്ങൾ ശുദ്ധീകരിച്ചെടുക്കുന്ന പ്രക്രിയയാണ് ചരിത്രകാരനും നടത്തുന്നത്. തെളിവുകളിൽ നിന്നും വിശകലനം ചെയ്യുന്ന സംഭവങ്ങളിൽ നിന്നും അപഗ്രഥനം നടത്തുക, പ്രമാണങ്ങളിൽ നിന്ന് സൂക്ഷ്മമായ നിരീക്ഷണം നിർവ്വഹിക്കുക. ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ പരീക്ഷണങ്ങൾ നടത്തുക തുടങ്ങിയവ ചരിത്രകാരൻ ചെയ്യുന്നുണ്ട്. അപ്പോൾ ചരിത്രം ശാസ്ത്രമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനുപുറമെ ശാസ്ത്രത്തിന് ഏതുവിധമാണോ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ കൊണ്ട് പുഷ്കലഭാവം ഉണ്ടാകുന്നത്, അതുപോലെതന്നെ ചരിത്രവും ദിനംദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന – വളർന്നുകൊണ്ടിരിക്കുന്ന ഒരു ശാസ്ത്രവിഭാഗമാണ്.

ചരിത്രത്തെ ശാസ്ത്രീയമായി സ്വരൂപിക്കുന്നതിൽ കഠിന പ്രയത്നത്തിലൂടെ സാധിച്ചെന്നു

വന്നേക്കാം. അവിരാമമായ പ്രയത്നത്തിന്റെയും നിരന്തരമായ വിജ്ഞാന സമ്പാദനത്തിന്റെയും ഫലമായി ആർക്കും ഏതുവിഷയവും കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണല്ലോ. അതുപോലെ തന്നെ നല്ലവണ്ണം പ്രയത്നിക്കാൻ തയ്യാറുണ്ടെങ്കിലും, ശാസ്ത്രീയമായ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തി ചരിത്രരചന നടത്തുവാൻ ഒരുക്കമാണെങ്കിലും ചരിത്രം ശാസ്ത്രീയമായി എഴുതുവാൻ സാധിച്ചുവെന്നുവരും. ശാസ്ത്രീയമെന്ന് ഇവിടെ വിവക്ഷിക്കുമ്പോൾ വെറും അപഗ്രഥനവും നിരീക്ഷണവും മാത്രമല്ല മനസ്സിൽ കാണുന്നത്. വ്യക്തിഗതവും പ്രാദേശികവും സമുദായികവും വർഗ്ഗീയവുമായ സ്പർദ്ധ ലവലേശംപോലും അടങ്ങിയിട്ടില്ലാത്ത ക്രിയാത്മകമായ രചനാവൈഭവം എന്നുകൂടി അർത്ഥമാക്കുന്നുണ്ട്. അങ്ങനെ ഒരാൾ തീർത്തും നിഷ്പക്ഷമായി, ക്രിയാത്മകമായി ചരിത്രരചന നടത്തുന്നുവെന്നുതന്നെഇരിക്കട്ടെ; ശാസ്ത്രത്തിന്റെ മാനദണ്ഡങ്ങൾ മുഴുക്കെ ശരിക്കും പിൻപററിക്കൊണ്ട് തനിക്ക് ലഭിച്ചിട്ടുള്ള സർവ്വവിധ പ്രമാണങ്ങളും സ്വരൂപിച്ച് നിർദ്ദാക്ഷിണ്യമായ സത്യസന്ധതയോടുകൂടി ചരിത്രാവിഷ്കരണം രചനാത്മകമാക്കിയെന്നുതന്നെ ഇരിക്കട്ടെ; എങ്കിൽ, ഒരു കാര്യം നിശ്ചയമാണ്, അയാളുടെ സൃഷ്ടി ശാസ്ത്രീയമായ നിർമ്മാണ വിദഗ്ദ്ധതയുടെ ഉദാഹരണം തന്നെയായിരിക്കും. അത് ചരിത്രശാസ്ത്രത്തിൽ ഉൾപ്പെടുമെന്നതിൽ സംശയവുമില്ല.

എന്നാൽ ചരിത്രം ശാസ്ത്രീയമായി രചിക്കുന്നതും ചരിത്രത്തിലെ ശാസ്ത്രീയവീക്ഷണവും തമ്മിൽ അജഗജാന്തരമുണ്ട്. ചരിത്രം ശാസ്ത്രീയമായി എഴുതുവാൻ, ഒരുപക്ഷേ, ബുദ്ധിയും പാണ്ഡിത്യവും മുതലിറക്കി അവിരാമം പ്രവർത്തിക്കാൻ തയ്യാറുണ്ടെങ്കിൽ സാധിക്കുമെന്നതിൽ പക്ഷാന്തരമില്ല. പക്ഷേ ചരിത്രത്തിലെ ശാസ്ത്രീയവീക്ഷണം ഇതിലൊക്കെ പരമമായ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങളേയും ചലനങ്ങളേയും മനസ്സിലാക്കുന്ന വ്യക്തിയ്ക്കുമാത്രമേ സാമൂഹികവീക്ഷണം സാദ്ധ്യമാകയുള്ളു. കാലഘട്ടത്തിൻെറ ചലനാത്മക സ്വഭാവത്തിൽ ഏററക്കുറച്ചിലുകളോടുകൂടിയിട്ടാണെങ്കിലും ഓരോ കാലത്തും വ്യത്യാസങ്ങൾ അനിവാര്യമാണ്. ആ മാററങ്ങൾക്കുവേണ്ടി പരിശ്രമിക്കുകന്നെയത് നിശ്ചയമായും എല്ലാ സാഹിത്യവിഭാഗങ്ങളുടെയും ശാസ്ത്രങ്ങളുടെയും കർത്തവ്യവുമാണ്. മനുഷ്യസംസ്കാരത്തെ കൂടുതൽ ഉത്തേജിപ്പിക്കുകയും വിജ്ഞാനത്തെ വികസിപ്പിക്കുകയുമാണല്ലൊ ഇവയുടെയെല്ലാം ധർമ്മം. ആ ധർമ്മത്തിനൊത്ത് തൻെറ സൃഷ്ടി ഉയരണമെങ്കിൽ നിശ്ചയമായും കലാകാരനാകട്ടെ, ശാസ്ത്രകാരനാകട്ടെ ചരിത്രകാരനാകട്ടെ, കാലദേശസവിശേഷതകളെക്കുറിച്ച് വിവരമുള്ളവനും സാമൂഹികബോധമുള്ളവനുമാണെങ്കിലേ സാദ്ധ്യമാകൂ. അങ്ങിനെ മാററങ്ങളെ മനസ്സിലാക്കുവാനും സാമൂഹികചേതനയെ ഉത്തേജിപ്പിക്കുവാനും ഉത

കുന്ന കൃതികൾമാത്രമേ നിശ്ചയമായും വീക്ഷണങ്ങൾ ഉൾക്കൊള്ളുന്നതായി ഗണിക്കാറുള്ളു.

ചരിത്രവും ഈ പൊതുതത്വത്തിന് ഒരിക്കലും അപവാദമല്ല. രാജ്യങ്ങളുടേയും രാജാക്കൻമാരുടെയും യുദ്ധങ്ങളുടേയുമെല്ലാം ചരിത്രം എഴുതുമ്പോൾ ഇവയെ ഫലവത്താക്കുവാൻവേണ്ടി അനവരതം പ്രയത്നിച്ച കോടാനുകോടി മനുഷ്യരുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതിഗതികളെക്കൂടി ക്രിയാത്മകമായി മൂല്യനിർണ്ണയം നടത്തിയാൽ മാത്രമേ ഏത് സംഭവത്തിൻെറയും സാമൂഹിക പശ്ചാത്തലം ഉരുത്തിരിയുകയുള്ളു. യുദ്ധങ്ങളുടെയും വീരജേതാക്കളുടെ സാഹസികതകളുടെയും കാലഘട്ടങ്ങളിൽത്തന്നെ മനുഷ്യസംസ്കാരത്തിൻെറ വററാത്ത ഉറവ അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരുന്നിട്ടുണ്ട്. അതിൻെറ കേന്ദ്രസ്ഥാനമേതെന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കാതെയുള്ള സംഭവവിവരണം നിശ്ചയമായുംമുഷിപ്പനും അശാസ്ത്രീയവുമായിരിയ്ക്കും. മനുഷ്യപുരോഗതിയിൽ വന്നിട്ടുള്ള ചലനാത്മക സ്വഭാവത്തേയും അതിന് കാരണമാക്കിയ മനുഷ്യ പ്രയത്നത്തേയും വിലയിരുത്താതെ നിർവ്വാഹമില്ല. സാമൂഹിക ചേതന ഒരിക്കലും നിശ്ചലമായി നിന്നിട്ടില്ലെന്നതാണ് പരമാർത്ഥം. എന്നാൽ അതിൻെറ അവിരാമമായ പ്രവാഹം പലപ്പോഴും തടസ്സപ്പെടുത്തപ്പെട്ടിട്ടുണ്ടായിരിയ്ക്കാം. ഈ വ്യത്യാസങ്ങൾ ചരിത്രകാരൻമാർ സാധനപാഠമായി കണ്ടാൽമാ

ത്രമേ പിന്നീടുള്ള സാമൂഹിക ചലനങ്ങളെക്കുറിച്ച് ബോധവാൻമാരാകാൻ അവർക്ക് സാധിക്കുകയുള്ളു; സമൂഹത്തോടുള്ള ചരിത്രകാരൻമാരുടെ മാനസികമായ ഒത്തിരിപ്പ് മററുള്ളവർ നിരീക്ഷിക്കുകയുള്ളു.

ഏതുവിധം നാം ശാസ്ത്രവിഷയങ്ങളെ സംബന്ധിച്ച് പ്രതിപാദിച്ചുവോ അതേവിധം തന്നെ ഒരു വീക്ഷണം ശരിയാണോ അല്ലയോ യെന്നും പരീക്ഷിക്കേണ്ടതുണ്ട്. ഇന്ന് സോഷ്യലിസത്തെപ്പററിയും മററും പലരും വാ തോരാതെ പ്രസംഗിക്കാറുണ്ടെങ്കിലും യഥാർത്ഥത്തിൽ അധികമാളുകളും പഴയ ഫ്യൂഡൽ മന:സ്ഥിതിക്കാരും, വിശ്വാസികളും അതിൻെറ സ്ഥാപനങ്ങളെ നിലനിർത്തുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്നവരുമാണെന്ന് കാണാൻ സാധിക്കും. ഏതു പ്രസ്ഥാനവും വിജയിക്കണമെങ്കിൽ പറയുന്ന വാക്കുകളുടെ അർത്ഥവ്യാപ്തി മനസ്സിലാക്കാനുള്ള കഴിവ് അത് പറയുന്നവർക്കുണ്ടായിരിക്കണം. സോഷ്യലിസം എന്നു പറയുമ്പോഴും ആദ്യമായി നമ്മുടെ ഓർമ്മയിൽ വരുന്നത് സാമ്പത്തിക സാമൂഹിക സമത്വങ്ങളാണല്ലോ. എന്നാൽ അധികം ആളുകളും ഒരു നല്ല വാക്ക് ഉച്ചരിക്കുന്നുവെന്നതിൽകവിഞ്ഞ് അതിൽ നിർലീനമായിരിക്കുന്ന അർത്ഥത്തെയും അർത്ഥവ്യാപ്തിയെയും കുറിച്ച് ബോധവാൻമാരല്ലെന്നതാണ് പരമാർത്ഥം. ദൈനംദിന ജീവിതത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നതുംഅതാണ്. സോഷ്യലിസം എന്നു പറയുകയും ഫ്യൂഡൽ വി

ശാസങ്ങളും പ്രവൃത്തികളും പുലർത്തുകയു, ചെയ്യുന്നതിൻെറ കാരണംതന്നെ നമുക്ക് സോഷ്യ ലിസ്ററ് വീക്ഷണം ഇല്ലാത്തതാണ്. വീക്ഷ ണം ഉണ്ടാകണമെങ്കിൽ ബാഹ്യപ്രകടനങ്ങളല്ല, ആ ന്തരിക മാററമാണാവശ്യം. അതായത് മാനസികാ വസ്ഥയും ചിന്താഗതിയും നിശ്ശേഷം മാററാതെ നിർവ്വാഹമില്ല. അങ്ങനെ മാററം വരുത്തിയ വീ ക്ഷണവിശേഷം സ്വായത്തമായവന് മാത്രമേ നി ലവിലുള്ള സങ്കൽപങ്ങളേയും വിശ്വാസങ്ങളേയും അപഗ്രഥനം ചെയ്ത് ശരിയായ നിഗമനത്തിലെ ത്തിച്ചേരുവാൻ സാധിക്കുകയുള്ളു. ഇത് പല രിലും ഇല്ലെന്നതാണ്, ഇന്നും ചരിത്രവസ്തു തകളെക്കുറിച്ച് നടന്നുകൊണ്ടിരിക്കുന്ന കോലാ ഹലങ്ങൾക്ക് അധികവും കാരണം. അപ്പോൾ ശാസ്ത്രീയമായി ചരിത്രരചന നടത്തുകയെ ന്നതും ചരിത്രത്തിലെ ശാസ്ത്രീയ വീക്ഷണ മെന്നതും രണ്ടു വിഭിന്ന മേഖലകളിൽ നിൽക്കുന്ന താണെന്ന് വ്യക്തമാകുമല്ലോ. ശാസ്ത്രീയ വീ ക്ഷണത്തോടുകൂടിയാണ് ചരിത്രസംവിധാനം നടത്തുന്നതെങ്കിൽ, അത് കഴിഞ്ഞകാലങ്ങളിലെ വസ്തുതകൾ, സാമൂഹ്യചലനങ്ങൾ, ഉപകരണോ ല്പാദന—പ്രക്രിയകളിൽ വന്നിട്ടുള്ള മാററങ്ങൾ, തുടങ്ങിയവ ഏതേതുവിധം ഉരുത്തിരിഞ്ഞുവെ ന്നുള്ള ബോധം നമ്മിൽ വ്യക്തമായുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. വീക്ഷണ വിശേഷമ നുസരിച്ചുതന്നെയാണ് ചരിത്രത്തിൻെറ മൂല്യാ വിഷ്കരണവും നടക്കുന്നത്. വിഭാഗീയമോ, വർഗ്ഗീയമോ ആയ കാര്യങ്ങൾക്കുവേണ്ടി ഏകപ ക്ഷീയമായി കുറെക്കൂടി രേഖകൾ ശേഖരിച്ചതു

കൊണ്ടു മാത്രം ഒരു ചരിത്രവസ്തുത കണ്ടുപിടിച്ചെന്ന് വ്യവഹരിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. അവയെ ശരിയായി മനനംചെയ്യുകയും ശാസ്ത്രീയവീക്ഷണത്തോടുകൂടി സമീപനം നടത്തുകയും ചെയ്താൽ മാത്രമേ ഉൽക്കർഷാത്മകമാവുകയുള്ളു.

കുറച്ചുമുമ്പ് നമ്മുടെപത്രങ്ങളിൽ കുറെയൊക്കെ പ്രാധാന്യത്തോടെയാണ് രാജാകേശവദാസിനെപ്പററി ഞാൻ എഴുതിയ ഒരു ലേഖനത്തെക്കുറിച്ചുവിവാദങ്ങളും കോലാഹലങ്ങളും നടക്കുകയുണ്ടായത്. അതിലെ ശാസ്ത്രീയ വീക്ഷണത്തേയും സമീപനത്തേയും ആരും കാര്യമായി കണക്കാക്കിയതായി തോന്നിയില്ല. സോഷ്യലിസത്തിൻെറ പ്രണേതാക്കളായി നടക്കുന്ന പലരും പ്രതിഷേധയോഗങ്ങളിൽ ഘോരഘോരമായി പ്രസംഗിച്ചു. വാതോരാതെ സോഷ്യലിസം പറയുന്നപലരും ഫ്യൂഡൽ ദുർദ്ദൈവങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആക്ഷേപാർഹങ്ങളായ നിരവധി ലേഖനങ്ങളെഴുതി. സർക്കാർ ചെലവിൽ നടത്തുന്ന ചരിത്രരചനാ ഡിപ്പാർട്ടുമെൻറിൽ നിന്നും എന്നെ നീക്കം ചെയ്യണമെന്നുതന്നെ നിവേദനങ്ങരം നടത്തി. ഇത് സംഭവിച്ചത് 18—ാംനൂററാണ്ടിൻെറ അവസാനപകുതിയിൽ തിരുവിതാംകൂറിൽ ദിവാനായിരുന്ന രാജാകേശവദാസിനെപ്പററി അറിഞ്ഞിട്ടില്ലാത്ത ചില വസ്തുതകരം പ്രാമാണികമായ ചില രേഖകളുടെ വെളിച്ചത്തിൽ ഞാൻ പുറത്തുകൊണ്ടുവന്നതു മൂലമാണ്. നാം വിശ്വസിക്കുന്ന സങ്കൽപങ്ങരംക്കോ അന്ധവിശ്വാസങ്ങരംക്കുപോലുമോ

നിസ്സാരമായ ഒരുപോററൽപോലും നമുക്ക് സഹിക്കുവാൻ ഒക്കുകയില്ലെന്ന അസഹിഷ്ണതയുടെ ബഹിർസ്ഫുരണങ്ങളാണ് ഇതൊക്കെ. രാജവാഴ്ച അവസാനിച്ചു. രാജാക്കൻമാർക്ക് മംഗളപത്രം എഴുതുന്ന കവികഠം ഇല്ലാതായി. അവരുടെ ശിങ്കിടികളായി നടന്നിരുന്ന ദിവാൻമാരും ദളവമാരും കാലത്തിൻെറ ഗതിയിൽ മണ്ണടിയുകയും ചെയ്തു. എന്തിന്? ജൻമിത്വവും അതിനെ ചുററിപ്പററിസുസ്ഥാപിതമായിരുന്ന വിശ്വാസങ്ങഠംതന്നെയും തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. പുതിയ ഒരു സമൂഹത്തിൻെറ പിറവിയും അതിൻെറ നിദാനങ്ങളായ ആശയങ്ങളും പ്രചാരത്തിൽ വന്നുതുടങ്ങുകയും ചെയ്തിട്ടുണ്ട്, സോഷ്യലിസം എന്ന വാക്ക് ഓരോ നിമിഷവും നാം പറയുകയും കേഠംക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നിട്ടും തകർന്നടിഞ്ഞ രാജവാഴ്ചയുടെയും ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിലധിഷ്ഠിതമായ സാമൂഹികസ്ഥാപനങ്ങളുടെയും അടിമകളായിട്ടാണ് പ്രഗത്ഭരെന്നു പറയപ്പെടുന്നവരിൽപ്പോലുമുള്ള അധികമാളുകളെയും നാം ഇന്നും കണ്ടുകൊണ്ടിരിക്കുന്നത്. ഇത് വ്യക്തമാക്കുന്നത് അശാസ്ത്രീയവും അയുക്തികവുമായ ചിന്താഗതിയേയാണ്. വീക്ഷണ വികലതയേയാണ്. ചുരുക്കത്തിൽ നമ്മുടെ വീക്ഷണത്തിലും സാമൂഹിക ബോധത്തിലുമാണ് ശാസ്ത്രീയമായ അച്ചടക്കം ആവശ്യമായിട്ടുള്ളത്.

മറേറതൊരു ശാസ്ത്രവിഭാഗത്തേക്കാളും മാനസികവും ചിന്താപരവുമായ ഈ മാററത്തിന്ന്

കളമൊരുക്കുവാൻ എളുപ്പം സാധിക്കുക ചരിത്രപ്രതിപാദനത്തിന്നാണ്. ശാസ്ത്രീയവീക്ഷണത്തോടുകൂടിയുള്ള ചരിത്രശാസ്ത്രം മനുഷ്യനിൽ വൈദ്യുതതരംഗവേഗതയിൽ പ്രവർത്തിക്കുമെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണല്ലൊ. അവന്റെ സങ്കല്പങ്ങളിലും വീക്ഷണങ്ങളിലും നിസ്സീമമായ സ്വാധീനം ശരിയായ ചരിത്രം കൊണ്ട് എളുപ്പം നിർവ്വഹിക്കാം. അപ്പോഴും ചരിത്രം ഒരു ശാസ്ത്രമെന്നതിനേക്കാളുപരി മനുഷ്യരുടെ ബാഹ്യവും ആന്തരികവുമായ വികാസപ്രക്രിയയിൽ കൂടുതൽ സ്വാധീനംചെലുത്തുന്ന ഒരു പ്രധാനവിഷയമാണെന്ന് കാണാൻ സാധിക്കും. എന്നാൽ ഇത് ഇന്നും ആദർശത്തിൽ മാത്രം തങ്ങിനിൽക്കുന്ന വെറും മിഥ്യമാത്രമായി തീർന്നിരിക്കുകയാണ്. ആ മിഥ്യ തകർത്ത് യാഥാർത്ഥ്യബോധം മനുഷ്യരിൽ അങ്കുരിപ്പിക്കുവാൻ സഹായിക്കേണ്ടത് ചരിത്രം ഗൗരവത്തോടുകൂടി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ചെറുതെങ്കിലും വിവേകികളുടേതായ സമൂഹത്തിന്റെ ഒഴിച്ചുകൂടാനൊക്കാത്ത ചുമതലയത്രെ.

അദ്ധ്യായം രണ്ട്

# ഇൻഡ്യാചരിത്ര വീക്ഷണം

ഇന്ത്യാ ചരിത്രത്തിന്റെ സമഗ്രമായ പഠനമെന്ന് വിശേഷിപ്പിക്കാവുന്ന ചരിത്രഗ്രന്ഥങ്ങൾ തീരെയില്ലെന്നുതന്നെ പറയാം. ഇംഗ്ലീഷ് ചരിത്രകാരൻമാരാൽ സംവിധാനം ചെയ്യപ്പെട്ട ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം പല കാരണങ്ങളാലും അതീവ വികലവും വികൃതവുമാണ്. കീഴടക്കപ്പെട്ട ഒരു ജനതയുടെ മേൽ ആധിപത്യം തുടർന്നു പോകുന്നവർക്കു അത് അഭംഗുരം നിലനിർത്തി പോരുവാൻ വേണ്ട ഉപകരണോപാധികളുടെ ഘടകമായി മാത്രം പ്രയോജകീഭവിക്കുന്നതിനുതകുന്ന ചരിത്രരചനയാണ് അവർ നടത്തിയത്. ഇന്ത്യാ ചരിത്രത്തിന്റെ പേരിൽ പ്രചരിപ്പിച്ച ചരിത്രം ഇംഗ്ലീഷുകാരുടെ ഭരണവും മേൽക്കോയ്മയും നിലനിർത്തുന്നതിനുവേണ്ടി, ഇന്ത്യൻ ജനതയെ കൂറുള്ള പ്രജകളാക്കി മാററുന്നതിനായി മാത്രം എഴുതപ്പെട്ടവയായിരുന്നു. മനഃപൂർവ്വമായ ഈ ലക്ഷ്യബോധം ഇന്ത്യാചരിത്രമെഴുതിയ ഇംഗ്ലീഷുകാരന് നമ്മുടെ മഹത്തായ സംസ്ക്കാരത്തോടും മഹാത്മാക്കളായ ഭരണാധിപൻമാരോടും എന്നും കണ്ണുനീരിലും യാതനയിലും മാത്രം മുഴുകിക്കഴിഞ്ഞിരുന്ന സാധാരണക്കാരോടും നീതി

പുലർത്തുവാൻ സാധിക്കാത്തവിധം ഏകപക്ഷീയമായിരുന്നു. അതിൻെറ ഫലമായിട്ടാണ് ഇന്ത്യാചരിത്രത്തിൻെറ പ്രതിപാദന ശൈലിയിൽ സംക്രമിച്ചിട്ടുള്ള പിശകുകൾ അധികവും.

ഏതു രാജ്യത്തിൻെറ പൊതു ചരിത്ര വിവരണം നടത്തുമ്പോഴും സൌകര്യാർത്ഥം അതിനെ കാലഘട്ടങ്ങളായി തിരിക്കുക പതിവാണ്. ലോകചരിത്രം പഠിക്കുന്ന വിദ്യാർത്ഥികൾ എ. ഡി. 476 ൽ പടിഞ്ഞാറൻ റോമാ സാമ്രാജ്യത്തെ തകർത്ത 'ഗോത്' ആക്രമണം പൌരാണിക ലോകചരിത്രത്തിൻെറ അന്ത്യഘട്ടം കുറിക്കുന്ന സംഭവമായി കണക്കാക്കുന്നു. മദ്ധ്യകാലഘട്ടത്തിൻെറ അവസാനമാകട്ടെ 1451 ൽ കിഴക്കൻ റോമാ സാമ്രാജ്യത്തിൻെറ തലസ്ഥാനമായ കോൺസ്റ്റാൻറിനേപ്പിളിൻെറ പതനത്തോടുകൂടി സംഭവിച്ചതായി കണക്കാക്കുകയും ചെയ്യുന്നു. ആധുനിക കാലഘട്ടത്തിൻെറ തുടക്കം കുറിക്കുന്നത് ഇവിടംമുതലാണത്രെ. ഇതേപോലെ ഇന്ത്യയുടെ പ്രാചീന കാലഘട്ടം മുസ്ലീം ആക്രമണത്തോടെ അവസാനിക്കുന്നതായും മദ്ധ്യമദശ ആംഗ്ളേയാധിപത്യത്തോടുകൂടി അസ്തമിക്കുന്നതായും നാം വ്യവഹരിച്ചു പോരാറുണ്ട്. ഈ വിഭജനം നടത്തിയത് ഇന്ത്യാ ചരിത്രം ആദ്യമായി ക്രോഡീകരിക്കാൻ ഒരുമ്പെട്ട എൽഫിൻസ്റ്റോൺ തുടങ്ങിയ ഇംഗ്ളീഷു ചരിത്രകാരൻമാരാണ്. അവരാകട്ടെ ഈ വിഭജനം വെറുംവർഗ്ഗീയാടിസ്ഥാനത്തിൽ മാത്രമാണ് നിർവ്വഹിച്ചതും. അതായത് നമ്മുടെ പൌരാണിക കാലഘട്ടത്തെ ഹൈന്ദവാധിപത്യ കാലമെ

ന്നും, മദ്ധ്യമദശയെ മുസ്ളീം കാലഘട്ടമെന്നും, ശേഷമുള്ളതിനെ നവീന കാലഘട്ടമെന്നും ആണ് വിഭജിച്ചത്. ഇങ്ങനെ സാമുദായികമായ ഒരു വിഭജനത്തിന്ന് അവർ ഒരുമ്പെടുവാൻ ഒരുങ്ങിയ താകട്ടെ ഏറെ ദുരുദ്ദേശ്യപരവുമായിരുന്നു. ഇന്ത്യയിലെ രണ്ടു പ്രധാന സമുദായങ്ങളായ ഹിന്ദുക്കൾക്കും മുസ്ളീംങ്ങൾക്കും അവരുടേതെന്നു തോന്നുന്ന ആ കാലഘട്ടത്തോടു മാത്രം പ്രീതിയും ഉൽസാഹവും ഉണ്ടാക്കുക എന്നതായിരുന്നു ഇതിൻെറ ലക്ഷ്യം. അതോടൊപ്പം തങ്ങളുടേതല്ലാത്ത കാലഘട്ടത്തെ വെറുപ്പോടും താൽപര്യ രാഹിത്യത്തോടും കൂടിമാത്രം വീക്ഷിക്കുവാൻ ഓരോ വിഭാഗത്തെയും പ്രേരിപ്പിക്കുക എന്ന ലക്ഷ്യവും അവർക്കുണ്ടായിരുന്നു. അങ്ങനെ ഇവിടത്തെ രണ്ടു പ്രബലസമുദായങ്ങളെ മാനസികമായും സാംസ്കാരികമായും ഭിന്നിപ്പിച്ചു നിർത്തി അതിൽനിന്നും മുതലെടുത്ത് സ്വയം ശക്തരാകുക എന്നതായിരുന്നു അവരുടെ യഥാർത്ഥ ലക്ഷ്യം. നമ്മുടെ ദേശീയ അനൈക്യത്തിന് ഈ ഉപജാപം എത്രമാത്രം കരുത്തുകൂട്ടിയിട്ടുണ്ടെന്നുള്ളത് വ്യക്തമാണല്ലോ.

തൻമൂലം നമ്മുടെ പ്രാക്തന സാംസ്ക്കാരിക പ്രഭാവത്തെ അതർഹിക്കുന്ന മഹത്വത്തോടുകൂടി സ്വീകരിക്കുവാനും അതിൽ ആവേശംകൊള്ളുവാനും, സാധിക്കുന്ന മുസ്ളീംകൾ തുലോം വിരളമായി. നമ്മുടെ സാംസ്ക്കാരിക പൈതൃകമായ വാസ്തുശിൽപങ്ങളും വിശ്വപ്രതിഭകളെപ്പോലും അമ്പരപ്പിക്കുന്ന കൂററൻ ഗോപുരങ്ങ

ളോടുകൂടിയ ക്ഷേത്ര സംവിധാനങ്ങളുമെല്ലാം ഒരു മുസ്ളീമിനെ സംബന്ധിച്ചിടത്തോളം അത്ര ആവേശം പകരുവാൻ പററിയ സാധനാപാഠങ്ങ ളല്ല. ഇതേ മനസ്ഥിതിതന്നെയാണ് മദ്ധ്യകാല ഘട്ടത്തിലെ മുസ്ളീം ചക്രവർത്തിമാരാൽ സംഭാ വന നൽകപ്പെട്ട അൽഭുത സൃഷ്ടികളെ സംബ ന്ധിച്ചുള്ള ഹൈന്ദവവികാരവും, ജുമാമസ്ജിദ് തുടങ്ങിയ നിരവധി പള്ളികളും, താജ്മഹൽ തുട ങ്ങിയ ധാരാളം കണ്ണഞ്ചിപ്പിക്കുന്ന ശവകുടീരങ്ങ ളും, ദിവാനിഖാസ്, ദിവാനിആം തുടങ്ങിയ ധാ രാളം അരമനകളും കൊണ്ട് ഇന്ത്യയുടെ ദേശീയ ഗാത്രത്തെ മോടിപിടിപ്പിച്ച് ലോകരാഷ്ട്രങ്ങൾ ക്കിടയിൽ ഒട്ടും പിന്നിലല്ലാത്ത സ്ഥാനമാന ങ്ങൾ നേടിത്തൊടുത്ത നമ്മുടെ മദ്ധ്യകാലഘട്ട ത്തിലെ ഉത്തുംഗകനക സൌധങ്ങൾ, ഇന്ത്യയുടെ ദേശീയസമ്പത്തായി വീക്ഷിക്കുകയും അതിൽ അഭിമാനിക്കുകയും ആവേശ കൊള്ളുകയും ചെ യ്യുന്ന എത്ര ഹൈന്ദവ സഹോദരങ്ങളാണുള്ളതെ ന്ന് സത്യസന്ധമായി പരിശോധിക്കുകയാണെ ങ്കിൽ അവരുടെ എണ്ണം തുലോം തുച്ഛമായിരി ക്കുമെന്നതാണ് വാസ്തവം. നമ്മുടെ ദേശീയ പാരമ്പര്യത്തിലും പൈതൃകത്തിലും ഇഴുകിച്ചേ രാൻ സാധിക്കുന്ന ദേശീയബോധമുള്ള ഹിന്ദുവും മുസൽമാനും അങ്ങിനെ ഇല്ലാതായിരിക്കുകയാ ണ്. അതിന്ന് പകരം ഹൈന്ദവകാലഘട്ടത്തിലെ നേട്ടങ്ങളെ പർവ്വതീകരിക്കുവാനും മുസ്ളീം ഭര ണകാലത്തെ കോട്ടങ്ങളെ അതിഭാവുകത്വത്തോടു കൂടി ചിത്രീകരിച്ച്, ആ കാലയളവിനെ ഇടിച്ചു താഴ്ത്തി കാട്ടുവാനും ഒരുപററം പണ്ഡിതൻമാ

രാണെന്നവകാശപ്പെടുന്നവർതന്നെ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നേരെ മറിച്ച് മദ്ധ്യകാലഘട്ടത്തിലെ ഭരണാധിപൻമാർക്കും അവരുടെ ചെയ്തികൾക്കും അർഹിക്കാത്ത ആഭിചാര വാക്കുകളാണ് ഇക്കൂട്ടരിൽനിന്നും ലഭിക്കുന്നതെന്ന് മനസ്സിലാക്കി വേപഥുക്കൊള്ളുന്ന മുസ്ളീം ചരിത്രകാരൻമാരാകട്ടെ മദ്ധ്യകാലഘട്ടത്തിലെ മുസ്ളീം ഭരണാധിപൻമാർക്കെതിരായി പ്രചരിപ്പിച്ചിട്ടുള്ള അപവാദങ്ങളെ ദൂരീകരിക്കുവാൻ കിണഞ്ഞു ശ്രമിക്കുകയും ചെയ്യുന്നു.

ഇന്ത്യ സ്വതന്ത്രമായതിനുശേഷം ഈ പ്രവണത കൂടുതൽ വരദ്ധമാനമാകുകയാണുണ്ടായിട്ടുള്ളത്. ഇതിൻെറ ഭവിഷ്യത്താകട്ടെ പണ്ഡിതവേദിയിൽപോലും വർഗ്ഗീയവും സാമുദായികവുമായ ആശയ സംഘർഷങ്ങൾ സ്ഥലം പിടിച്ചിരിക്കുന്നുവെന്നതാണ്. ഈ രാജ്യം ഒന്നാണെന്നും ഇവിടെ വസിക്കുന്ന ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും മററുള്ള അവാന്തര വിഭാഗങ്ങളെല്ലാംതന്നെയും ഇന്ത്യ എന്ന വിശാലമായ രാജ്യത്തിലെ പൗരൻമാരാണെന്ന ബോധം ഉണ്ടാകുകയും പ്രാക്തന പൈതൃകം തുടങ്ങി ഇന്ത്യയുടെ മഹത്തായ സാംസ്ക്കാരിക സംഭാവനകളത്രയും ഒരു വിഭാഗത്തിൻെറയോ, സമുദായത്തിൻെറയോ അല്ലെന്നും പ്രത്യുത ഈ രാജ്യത്തിലെ എല്ലാ ജനവിഭാഗത്തിൻെറയും കൂട്ടായ സ്വത്താണെന്നും അതിൻെറ നേട്ടവും കോട്ടവുമെല്ലാംതന്നെ ഒന്നിച്ചനുഭവിക്കേണ്ടതുതന്നെയാണെന്നുമുള്ള ദേശീയമായ വീക്ഷണവും ബോധവും അങ്കുരിപ്പിക്കുന്നതും അരക്കിട്ടുറപ്പിക്കു

സ്വതന്ത്രമായിരിക്കണം നമ്മുടെ ദേശീയചരിത്രം. ദേശീയമായ ഈ ചിന്താഗതി രൂഢമൂലമായാൽ ഹൈന്ദവകാലഘട്ടവും മുസ്ലീം കാലഘട്ടവും [illegible] ഇന്ത്യൻ കാലഘട്ടമായി മാറാതിരിക്കുക യില്ല. നമ്മുടെ മരണകാലങ്ങളെ ഹിന്ദു–മുസ്ലീം ഘട്ടങ്ങളായി വിഭജിച്ച ഇംഗ്ലീഷ്കാരൻ അവരി ലിനെ ഉദ്ഘാടനം ചെയ്ത വൈദേശിക ഭരണ ത്തെ എന്തുകൊണ്ട് ക്രൈസ്തവഘട്ടമെന്ന് വി ശേഷിപ്പിച്ചില്ലാ എന്ന വസ്തുത കൂടി കണ ക്കിലെടുക്കേണ്ടതായുണ്ട്. ബുദ്ധിമാൻമാരായ അവർക്ക് സുനിശ്ചിതമായും അതിൻെറ ദൂര വ്യാപകമായ ദൂഷ്യഫലങ്ങൾ അറിയാമായിരുന്ന തുകൊണ്ട് തന്നെയാണ് ക്ളൈവിൻെറയും വെ ല്ലസ്ളിയുടേയും ഭരണത്തെ ആധുനിക കാല ഘട്ടമായി എണ്ണിപോന്നത്. ഇതു മാത്രം മനസ്സി രുത്തി പഠിക്കുകയാണെങ്കിൽ ഹൈന്ദവകാലഘ ട്ടത്തെ അമിതമായി പാടി പുകഴ്ത്തുവാനോ, മുസ്ലീംഭരണത്തെ കൂടുതലായി ആക്ഷേപി ക്കുവാനോ ആരും മുതിരുകയില്ലെന്നു മാത്രമ ല്ലാ ക്രിയാത്മകമായ ചരിത്രരചന സുസാ ദ്ധ്യമാകുകയും ചെയ്യും.

അപ്പോൾ ഇവിടെ ഊന്നുന്ന പ്രധാന പ്ര ശ്നം നമ്മുടെ മറ്റെല്ലാ രംഗങ്ങളിലുമെന്നപോ ലെ ചരിത്രരചനാരംഗത്തും സാരവത്തായ മാററം ഉണ്ടാകണമെന്നതാണ്. ആ മാററം മാനസികവും ചിന്താപരവുമായിരിക്കണം. വിപ്ളവാത്മക മായ ആ മാററത്തിലൂടെ മാത്രമേ രചനാത്മക സിദ്ധിയോടുകൂടി ക്രിയാത്മകവും സത്യസ

ന്ധവുമായ ഇന്ത്യയുടെ ദേശീയചരിത്രം സംവിധാനം ചെയ്യുവാനും നാം എല്ലാം ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃകത്തിൽ രോമാഞ്ചം കൊള്ളുന്ന— ദേശീയബോധമുള്ള പൗരൻമാരായിത്തീരുവാനും സാധിക്കുമാറ് സംസ്ക്കാരസമ്പന്നരായി മാറുകയുള്ളൂ. ഈ ദേശീയ വീക്ഷണത്തിൻെറ അഭാവമാണ് താജ്മഹൽ ഹൈന്ദവ ചക്രവർത്തി പണി കഴിപ്പിച്ചിട്ടുള്ളതാണെന്നും പാലക്കാട് കോട്ട ഹൈദരുടേതല്ലാ പാലക്കാട്ട് അച്ഛൻമാരുടെ നിർമ്മിതിയാണെന്നുമെല്ലാം സ്ഥാപിക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുവാൻ കാരണം. താജ്മഹൽ തുടങ്ങിയുള്ള അൽഭുത പ്രതിഭാസങ്ങൾക്കു സൃഷ്ടി നൽകിയ മാനുഷികപ്രതിഭ ഏതു് സമുദായക്കാരൻേറതാണെങ്കിലും ശരി, അത് ഇന്ത്യയുടെ ദേശീയ നേട്ടമായി കാണാനൊക്കണം. പാലക്കാട്ട് കോട്ടയും അതുപോലെയുള്ള പൈതൃകങ്ങളും നമ്മുടെ കൂട്ടായ സ്വത്തായി കാണുകയും വേണം. അങ്ങിനെ വരുമ്പോൾ നാം മനഃപൂർവ്വമായി കരിതേച്ചു കാണിച്ചിട്ടുള്ള നമ്മുടെ ഭരണാധിപൻമാരിൽ പലരും വിശ്വജേതാക്കളുടെ പന്തിയിൽ ഒപ്പമിരുത്താൻ പററിയ മഹാൻമാരായി മാറുകയും ചെയ്യും. ഇന്ത്യാചരിത്രത്തെച്ചൊല്ലിയുള്ള അപകപവും വികൃതവുമായ വാദകോലാഹലങ്ങൾ അവസാനിക്കുകയും നൂതനവും ദേശീയാവേശം പകരുന്നതുമായ ശരിയായ ചരിത്രം ഉണ്ടാകുകയും ചെയ്യും അതായിരിക്കണം ചരിത്രവിചാരം ചെയ്യുന്ന എല്ലാവരുടേയും ലക്ഷ്യം.

## അദ്ധ്യായം മൂന്ന്

# ചരിത്രവും സാമൂഹ്യമാററവും

ചരിത്രം സാമൂഹ്യശാസ്ത്രവും ചരിത്രകാരൻ സാമൂഹ്യശാസ്ത്രജ്ഞനും ആണ് എന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിക്കടിമപ്പെട്ടു് കാടുകളിലും മേടുകളിലും ഓടിനടന്നിരുന്ന പ്രാകൃത മനുഷ്യൻ പ്രകൃതിക്ഷോപത്തിൽ നിന്നും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും ഗുഹകളിലും മരപ്പൊത്തുകളിലും അഭയം തേടി. പ്രകൃതിയുടെ അത്ഭുതകരങ്ങളായ പ്രതിഭാസങ്ങളെ നോക്കി അന്ധാളിച്ചു നിന്ന പ്രാകൃത മനുഷ്യൻ അവന് ഭയം തോന്നുന്നതിനെയെല്ലാം ആരാധിക്കുവാനും അവർക്കു സ്വയം കീഴടങ്ങുവാനും തയാറായിരുന്നു. അവൻ ഭക്ഷിച്ചിരുന്ന പച്ച മാംസത്തിലും കായ്കനികളിലും പങ്കു പററുവാൻ വന്നുകൂടിയ കാട്ടുമൃഗങ്ങളിൽ പലതും അവന്റെ കളിത്തോഴരാക്കുവാൻ പിന്നീട വനു കഴിഞ്ഞു. ഭാവനിഷ്ടപ്പെടുകയും സേവനങ്ങൾ ലഭിക്കുകയും ചെയ്തിരുന്ന കാട്ടുമൃഗങ്ങളുടെ രൂപഭാവങ്ങൾ അവൻ കഴിഞ്ഞു കൂടിയ ഗുഹാഭിത്തികളിൽ ആലേഖ്യം ചെയ്യപ്പെട്ടപ്പോൾ കലാൻമകവും സർഗാൻമകവുമായ സൃഷ്ടികൾക്കു" അതു് ഉറവിടമായി ഭവിച്ചു. തന്നെ ആക്ര

മിക്കുവാൻ എത്തുന്ന ഭീകരജന്തുക്കളെ കയ്യിൽ കിട്ടിയ കല്ലിൻ കഷണം കൊണ്ടു് എതിർത്തു തോല്പിക്കുവാൻ സാധിക്കുമെന്നു വന്നപ്പോഠംഅത് ശിലായുഗ സംസ്കാരത്തിനു് അടിത്തറയിട്ടു. പരുക്കൻ കല്ലുകഠംക്കുപകരം പ്രയോഗ ക്ഷമത കൂടുതലുള്ള രീതിയിൽ അവയെ രൂപപ്പെടുത്തി എടുക്കുവാനും അവൻ പഠിച്ചു. കാടുകഠം വെട്ടി കുടിലുകഠം വെക്കുവാനും ഭക്ഷണ പതാർത്ഥങ്ങഠം വേവിച്ചെടുക്കുവാനും പഠിച്ച പ്രാകൃത മനുഷ്യൻ കോടാലിയും തീയും കൊണ്ടു് പ്രകൃതിയെ അന്നത്തെ സമൂഹികാവശ്യങ്ങഠംക്കനുസൃതമാംവണ്ണം കീഴടക്കി. സാമൂഹ്യ സാംസ്കാരിക വളർച്ചയുടെ ഓരോ ഘട്ടങ്ങളാണു് ഇങ്ങനെ തരണംചെയ്യപ്പെട്ടുകൊണ്ടിരുന്നതു്.

ലഭ്യമായ കായ്കനികഠം ഭക്ഷിച്ചു പല സ്ഥലങ്ങളിലായി അലഞ്ഞു തിരിഞ്ഞിരുന്ന മനുഷ്യൻ താൻ വലിച്ചെറിയുന്ന വിത്തു് മുളക്കുന്നതും പിന്നീടതു് കായ്കനികളായി വളരുന്നതും ദർശിച്ചപ്പോഠം നൂതനമായൊരാശയം അങ്കുരിച്ചതാണു് കാർഷിക വൃത്തിക്കു് ഹേതുവായ് ഭവിച്ചതു്. അതോടെ ആഹാര സംഭരണ വ്യവസ്ഥയിൽ നിന്നും അവ ഉഠംപ്പാദിപ്പിക്കുന്ന നിലയിലേക്കു് മനുഷ്യൻ വളർന്നു. അതോടെ വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുവാൻ പററുന്ന ചട്ടങ്ങളും സമ്പ്രദായങ്ങളും ആവശ്യമായിത്തീരുകയും ചെയ്തു. ഇതോടൊപ്പം തന്നെ ഏററക്കുറച്ചിലുകളോടു കൂടിയാണെങ്കിലും ഭാഷയും കലയും രൂപപ്പെട്ടു

കൊണ്ടുമിരുന്നു. ആദിയിൽ മനുഷ്യൻ തുടങ്ങി വച്ച വിവിധ മണ്ഡലങ്ങളുടെ പരിണാമ പ്രക്രിയയാണു് ലക്ഷോപലക്ഷം വർഷങ്ങരം പിന്നിട്ടിട്ടും നടന്നുകൊണ്ടിരിക്കുന്നതു്. സാമൂഹ്യ ജീവിയായ മനുഷ്യൻ കയറിയ കൽപ്പടവുകരം അവൻെറ ജീവിതത്തിനു് സംഭവിച്ച പരിണാമ വിശേഷങ്ങരം അവക്കു പ്രേരകമായി നിന്ന ഭൌതീക പരിതസ്ഥിതികരം ഇവയുടെ ക്രോഡീകരണമാണു് ചരിത്രം. സമൂഹത്തിൻെറ ചലനങ്ങരംക്കു നിദാനങ്ങളായ സംഭവ പരമ്പരകരം, ആചാരക്രമങ്ങരം, കലാസ്വരൂപങ്ങരം കായിക വിനോദങ്ങരം, വിവാഹബന്ധങ്ങരം വസ്ത്രാഭരണ രീതികരം, കുടുംബ സംവിധാനങ്ങരം, ആദർശങ്ങളും അഭിലാഷങ്ങളും, അന്ധവിശ്വാസങ്ങളും അനാചരാങ്ങളും എന്നുവേണ്ട സാമൂഹിക മാററത്തിനു് കരുക്കളായി നിന്നിട്ടുള്ള എന്തും മനുഷ്യകഥയുടെ ഇതിവൃത്തമാണു്. പ്രാകൃത കമ്മ്യൂണിസത്തിൽ നിന്നും ആധുനിക സോഷ്യലിസത്തിലേക്കുവരെയുള്ള മനുഷ്യൻെറ പ്രയാണം ഏതെല്ലാം ഭൌതീക പരിതസ്ഥിതികളുടേയും സാമൂഹിക ശക്തികളുടേയും ഫലമായിട്ടായിരുന്നു എന്ന വിശകലനവും വ്യാഖ്യാനവുമാണു് ചരിത്രകാരൻ നടത്തുന്നതു്, മറെറാരു വിധത്തിൽ പറഞ്ഞാൽ അടിമ ഉടമവ്യവസ്തയിൽ നിന്നും സാമൂഹിക സമത്വത്തിൻെറ ശുദ്ധവായു ശ്വസിക്കുവാൻ മനുഷ്യൻ അനവരതം നടത്തിയ സംഘട്ടനങ്ങളുടെ സുദീർഘമായ കഥയാണു് ചരിത്രം. ചരിത്രത്തെ മനുഷ്യകഥ എന്നു വിവരിക്കുമ്പോരം സാമൂഹിക മനുഷ്യ

ന്റെ അനുക്രമമായ പുരോഗതിയുടെ ചരിത്രമാണു് വിവക്ഷ. ചരിത്രകാരൻ ജനജീവിതത്തെ വസ്തുതകളുടേയും തെളിവുകളുടേയും യഥാതഥമായി അവതരിപ്പിക്കുക മാത്രമല്ല അവയെ വ്യാഖ്യാനിക്കുകയും സർഗാൻമകമായി അപഗ്രഥിക്കുകയും ചെയ്യേണ്ടതുണ്ടു്. ഈ അപഗ്രഥനം നാളത്തെ വളർച്ചക്കും വികാസങ്ങൾക്കും ഉത്തേജനമായി ഭവിക്കുന്നതും അവയെ ത്വരിതപ്പെടുത്തുന്നതും ആയിരിക്കണം. അപ്പോൾ ചരിത്രവസ്തുതകളെ വിവരിക്കുക മാത്രമല്ല അവക്കു് ഹേതുഭൂതമായ സാമൂഹ്യ ശക്തികളെയും ബന്ധങ്ങളേയും അപഗ്രഥിക്കുക കൂടി ചരിത്രകാരന്റെ കർത്തവ്യമാകുന്നു.

ചരിത്രത്തിന്റെ ഈ സാമൂഹിക വീക്ഷണം പരക്കെ അംഗീകരിക്കപ്പെട്ടിട്ടില്ലെന്നു മാത്രമല്ല ഇന്നും പല സിദ്ധാന്തങ്ങളും ഇതിനു പകരമായി ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നവരുണ്ടു്. പരിതോവസ്ഥയുടെ സൃഷ്ടിയാണ് മനുഷ്യനെന്നും അവന്റെ ചുററുപാടുകൾക്കു് അടിസ്ഥാനമായിക്കൊണ്ടാണു് അവന്റെ സാമൂഹ്യബന്ധങ്ങളും ആശയങ്ങളും അഭിലാഷങ്ങളും ഒക്കെ ഉരുത്തിരിയുന്നതെന്നുമുള്ള പ്രബലമായ അഭിപ്രായമുണ്ടു്, ഭൂമിശാസ്ത്രപരമായ സ്വാധീനം സമൂഹത്തെ മാത്രമല്ല രാഷ്ട്രങ്ങളേയും ഒട്ടും വിഗണിക്കാൻ വയ്യാത്ത വിധത്തിൽ സ്വാധീനിക്കുന്നു എന്നും പല ദേശങ്ങളിലും പലസമൂഹങ്ങളിലും ഉണ്ടായിട്ടുള്ള മാററങ്ങൾക്കും സംഭവങ്ങൾക്കും നിദാനം ഈ ഘടകങ്ങളാണെ

ന്നും ഫ്രഞ്ച്, ജർമ്മൻ ചരിത്രകാരൻമാരും ദാർശനികരും വാദിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അതുപോലെ തന്നെ സാമൂഹ്യ ജീവിതത്തെ നിയന്ത്രിക്കുന്ന ഭൌതീക പരിതസ്ഥിതികളിൽ ജനപ്പെരുപ്പം, ജനസാന്ദ്രത തുടങ്ങിയവയും ഏറെ നിർണ്ണായക ഘടകങ്ങളാണെന്നും വാദിക്കുന്നവരുമുണ്ട്. സാമൂഹിക പുരോഗതി ഭൂമി ശാസ്ത്രപരിത സ്ഥിതികളെ മാത്രമാശ്രയിച്ചാണ് നിൽക്കുന്നതെങ്കിൽ മാററങ്ങൾ കൊണ്ട് ത്വരിത ഗമനം ചെയ്യുന്ന സാമൂഹിക ഘടനയും പ്രകൃതിയിൽ വളരെക്കാലം കൊണ്ട് മാത്രം സംഭവിക്കുന്ന നിസ്സാരവ്യത്യാസങ്ങളും തമ്മിൽ പൊരുത്തപ്പെട്ടുപോകുക സാദ്ധ്യമല്ല. അതുപോലെതന്നെ ജനസംഖ്യയും ജന സാന്ദ്രതയുമാണ് സാമൂഹ്യപുരോഗതിയുടെ മാനദണ്ഡമെങ്കിൽ നിശ്ചയമായും ഏറെ ജനസംഖ്യയുള്ള ചൈന, ഇന്ത്യപോലുള്ള രാജ്യങ്ങൾ എത്രയോ അധികം പുരോഗതി പ്രാപിക്കുമായിരുന്നു. സെൻറ് സൈമൺ, സെൻറ് അഗസ്ററിൻ തുടങ്ങിയ ദാർശനീകൻമാരുടെ വിവക്ഷയാകട്ടെ സാമൂഹിക ബന്ധങ്ങളുടെ ആത്യന്തികമായ അടിത്തറ ആശയങ്ങൾ മാത്രമല്ല, അവയിൽതന്നെ സൻമാർഗ സദാചാര മൂല്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന മതശാസനകൾപോലുള്ള ശാസ്ത്രീയാശയങ്ങളാണ് എന്നത്രെ. ഇതോടൊപ്പംതന്നെ പരിഗണിക്കേണ്ട മറെറാരഭിപ്രായമാണ് സാമൂഹിക പുരോഗതിക്കു് എക്കാലവും യുഗപ്രഭാവൻമാരായ അതികായൻമാരാണ് നിദാനമായിഭവിച്ചിട്ടുള്ളത് എന്ന വാദഗതിയും.

ഈ ആദർശാത്മക സിദ്ധാന്തങ്ങളെ മാർക്സിസ്റ്റ് ഭൗതീകവാദത്തിൻെറ അടിസ്ഥാനത്തിൽ പ്ളെക്കാനോവു് തുടങ്ങിയുള്ള സാമൂഹിക ചിന്തകൻമാർ തീർത്തും നിരാകരിച്ചിട്ടുള്ളതാണ്. അവരുടെ അഭിപ്രായത്തിൽ സാമൂഹിക പുരോഗതിയുടെ കാരണമായിവരുന്നത് ഏതാനും ഉന്നതവ്യക്തികളുടെ ആശയാഭിലാഷങ്ങളല്ല, മറിച്ച് സമൂഹത്തിൽ നിലവിലുള്ള ഭൗതിക പരിതസ്ഥിതികളിലുണ്ടാകുന്ന വളർച്ചയും, ഉൽപാദനക്രമത്തിലുണ്ടാകുന്ന മാററങ്ങളും, സമൂഹത്തിൻെറ നിലനിൽപിനാവശ്യമായ ഭൗതിക മൂല്ല്യങ്ങളുമാണ്. ഉൽപാദനപ്രകിയയിൽ വിഭിന്ന വർഗ്ഗ താൽപര്യങ്ങൾ തമ്മിൽ ഏററുമുട്ടുമ്പോൾ വർഗ്ഗബന്ധങ്ങളിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ഉൽപാദനത്തിലും അതിൻെറ വിതരണത്തിലും വ്യത്യസ്ത താൽപര്യങ്ങൾക്ക് ലഭിക്കേണ്ട സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള സംഘട്ടനങ്ങൾ ഇവയെല്ലാമാണ് സാമൂഹ്യപുരോഗതിയുടെ അടിസ്ഥാനം നിശ്ചയിക്കുന്നത്. മനുഷ്യൻെറ ആശയങ്ങൾ സാമൂഹ്യ സാമ്പത്തിക നിലവാരത്തെ രൂപപ്പെടുത്തുകയല്ല മറിച്ച് സാമൂഹിക സാമ്പത്തിക പരിതസ്ഥിതികൾ ആശയങ്ങൾക്കു രൂപം നൽകുന്നു എന്നതാണ് സത്യം. മഹാൻമാരായ വ്യക്തികളുടെ ആശയങ്ങൾ നിലവിലുള്ള സമൂഹത്തിൻെറ സാമ്പത്തിക വികസനത്തിനു വിഘാതമാവുമ്പോൾ ആ ആശയങ്ങളുടെ മാന്യതനഷ്ടപ്പെടുന്നു. മറിച്ച് സമൂഹത്തിലെ സാമ്പത്തിക വികസനത്തിന് ആവശ്യമായ കരുക്കൾ നൽകുന്നതു. സമൂഹത്തി

ലെ പ്രബലവർഗ്ഗത്തിൻെറ ആശയാഭിലാഷങ്ങാം സാധിക്കുന്നതിന് കരുത്തേകുന്നതുമായ ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്നവരെ മാത്രമെ പ്രമുഖരായി അറിയപ്പെടുന്നുള്ളു. മനുഷ്യൻ അവൻെറ മുന്നോട്ടുള്ള പ്രയാണത്തിൽ പലതരം ആയുധങ്ങളും ഉപകരണങ്ങളും ശാസ്ത്രസാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തുന്നുണ്ട്. മാരകങ്ങളായ ആയുധങ്ങാം, സൈനിക ഘടനയിൽ തന്നെ സമൂലമായ മാററം വരുത്തിയിട്ടുണ്ട്, കലപ്പക്കുപകരം ട്രാക്ടർ ഉപയോഗിച്ചു തുടങ്ങിയപ്പോാം കാർഷിക രംഗത്തിൻെറ മുഖച്ഛായക്കുതന്നെ മാററം വന്നു. ഉൽപാദനത്തിന് സഹായകമായ ഉപകരണങ്ങാം പക്ഷെ ഈ വികാസത്തിൻെറ ഒരംശത്തിനു മാത്രമെ ഹേതുവാകുന്നുള്ളു. ശരിയായ വികസനോപാധി എന്നു പറയുന്നത് ഉൽപാദന പ്രക്രിയയുടെ വികസനമാണ്. ഒരു സമൂഹം, അതിൽ ഉൽപാദത്തിലേർപ്പെട്ടിരിക്കുന്ന ജനങ്ങാം, ആ സമൂഹത്തിലുള്ള ഉൽപാദനത്തിലെ ഭൌതികോപാധികളിലുണ്ടാകുന്ന വികാസമനുസരിച്ച് ഉൽപാദന ബന്ധങ്ങളിലുണ്ടാകുന്ന, മാററങ്ങാം ഇതെല്ലാം ചേർന്നതാണ് ഉൽപാദനശക്തി. ഈ ശക്തിയുടെ നിയന്ത്രണത്തിലാണ് സാമൂഹ്യബന്ധങ്ങളും സമൂഹമാകെത്തന്നെയും. ഈ സമൂഹത്തെയാണ് ചരിത്രത്തിലെ പ്രത്യേക കാലഘട്ടത്തിലെ പ്രത്യേക സമൂഹമായി നാം വ്യവഹരിക്കുന്നത്. ആ സാമൂഹത്തിന് അതിൻേറതായ പ്രത്യേകതകളും സ്വഭാവ സവിശേഷതകളും കാ

ണും. ഉദാഹരണത്തിന് പ്രാകൃത സമൂഹം, ഫ്യൂഡൽസമൂഹം, ബൂർഷ്വാസമൂഹം എന്നിങ്ങനെയുള്ളവ ഉൽപാദന ബന്ധങ്ങളുടെ മൊത്തം രൂപമാണ് ഇവയാകട്ടെ മനുഷ്യ വികസന ചരിത്രത്തിലെ പ്രത്യേക ഘട്ടങ്ങളെയും കുറിക്കുന്നു ചില സന്ദർഭങ്ങളിൽ സമൂഹത്തിലെ ഉൽപാദന ശക്തികരം നിലവിലുള്ള ഉൽപാദന ബന്ധങ്ങളുമായി ഏററുമുട്ടുന്നു തൽഫലമായി പുരോഗതിയോ തിരിച്ചടിയോ ഉണ്ടാകാം. രണ്ടായാലും സാമൂഹികവിപ്ളവത്തിൻെറ നാന്ദികുറിക്കലാണ് ഇവിടെ സംഭവിക്കുക. അതോടൊപ്പം ഓരോ വ്യവസ്ഥിതിയിലും നിലീനമയിരുന്ന ആശയങ്ങരംക്കും വികാരങ്ങരംക്കും ജീവിത വീക്ഷണ ങ്ങരംക്കും ചിന്താ കമങ്ങരംക്കും മാററം സംഭവിക്കുന്നു. പുതിയ ഭൌതിക പരിതസ്ഥിതിയേയും അതിലെ ഉൽപാദന ബന്ധങ്ങളേയും ആശ്രയിച്ച് പുതിയ ചിന്താപദ്ധതികളും രൂപംകൊള്ളുന്നു.

മനുഷ്യൻെറ ചരിത്രപരമായ പുരോഗതിക്ക് നിദാനമാകുന്നത് സാമ്പത്തിക ബന്ധങ്ങളിൽ മാററമുണ്ടാക്കാൻ പ്രേരകമായി ഉൽപാദക ശക്തികളിലുണ്ടാകുന്ന വളർച്ചയാണ. തൻമൂലം ചരിത്രഗവേഷണം ആരംഭിക്കേണ്ടതു തന്നെ ഉൽപാദന ശക്തികളുടെ രൂപവും ഭാഗവും മനസ്സിലാക്കിയും ഏതു സമൂഹത്തിൻേറതാണോ അവയുടെ സാമ്പത്തിക ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയുമായിരിക്കണം. ജിജ്ഞാസുവായ ഗവേഷകൻ അവിടംകൊണ്ടും അവ

സാനിപ്പിക്കരുത്. കഴിഞ്ഞകാലവിഭൂതികളെ ചികയുന്ന ഗവേഷകൻ അന്നത്തെ സാമൂഹിക രാഷ്ട്രീയ രൂപങ്ങളിൽ മറഞ്ഞു കിടക്കുന്നതും മനുഷ്യൻെറ ആശയാഭിലാഷങ്ങൾ, വിചാര വികാരങ്ങൾ, ആദർശങ്ങൾ ഇവയാൽ ആവൃതമായതുമായ സാമ്പത്തിക വ്യവസ്ഥയെ അനാവരണം ചെയ്യേണ്ടതുമാണ്. അപ്പോൾ അചേതനമായ ഈ വസ്തുവിൽനിന്നും ജീവൻ തുടിച്ചു നിൽക്കുന്ന മറെറാരു വസ്തു രൂപം കൊള്ളുന്നതായി കാണാം.

കലയുടെയും സാഹിത്യത്തിൻെറയും മററു സർഗാത്മക സൃഷ്ടികളുടെയും വികാസപരിണാമങ്ങളുടെ ചരിത്രവും സമൂഹത്തിലെ വിവിധ താൽപര്യങ്ങളുടെ സംഘട്ടന ചരിത്രവും തമ്മിൽ അഭേദ്യമാം വിധം ബന്ധപ്പെട്ടുകിടക്കുന്നു. മനുഷ്യസമൂഹത്തിൻെറ ഈ വികാസചരിത്രം പല സ്ഥലത്തും അൽപാൽപ വ്യത്യാസങ്ങളോടു കൂട്ടിയാണെങ്കിലും ആവർത്തിച്ചിട്ടുണ്ട്. കാലദേശ വ്യത്യാസമനുസരിച്ച് രൂപഭേദങ്ങൾക്ക് വ്യതിരിക്തത തോന്നാമെങ്കിലും മനുഷ്യചരിത്രത്തിന് ബ്രഹത്തായ ഒരു സാർവത്രികത ഉണ്ടെന്നുള്ളതു് നിസ്സംശയമാണ് ഏതുദേശത്താണെങ്കിലും മനുഷ്യസമൂഹത്തിൻെറ അടിസ്ഥാനപരമായ വികസന പ്രക്രിയ ഒന്നു തന്നെയാണ് . എന്നാൽ പാരമ്പര്യ സ്വഭാവമനുസരിച്ചു് പല ദേശങ്ങളിലും ചരിത്രത്തെ രൂപപ്പെടുത്തുന്ന സാമൂഹ്യ ശക്തികളുടെ പ്രവർത്തനം വ്യത്യസ്തമായിരിക്കുമെന്നു

മാത്രം. ഈ ജാതി സമ്പ്രദായവും വൈദിക മേധാവിത്വവും ഉണ്ടായിരുന്നില്ലെങ്കിൽ ഒരു പക്ഷെ മഹാവീരനോ ഗൌതമ ബുദ്ധനോ ഇന്ത്യയിൽ ജനിക്കേണ്ടി വരുമായിരുന്നില്ല. അതു പോലെതന്നെ സിന്ധുഗംഗാസമതലങ്ങൾ ഇതു പോലെ ഫലഭൂയിഷ്ടമായിരുന്നില്ലെങ്കിൽ ഇത്ര കടുത്ത ജാതിവ്യവസ്തയും ഇവിടെ ഉണ്ടാകുമായിരുന്നില്ല. ഈ സാമൂഹ്യ വീക്ഷണത്തോടു കൂടി നോക്കുമ്പോൾ കേരള ചരിത്രത്തിൽ മഹാബലിയും മഹാബലിയുടെ ചരിത്രവും അർത്ഥപുഷ്ടിയുള്ള ഒരു സാമൂഹിക വ്യവസ്ഥിതിയെ സൂചിപ്പിക്കുന്നു എന്നു കാണാം. അതുപോലെ തന്നെ ജൻമി സമ്പ്രദായവും വൈദിക മേധാവിത്വവും ഇവിടത്തെ കാർഷികോൽപാദന ബന്ധങ്ങളുമായി ശരിക്കും പൊരുത്തപ്പെട്ടും നിൽക്കുന്നു. പഴശ്ശിരാജാവിൻേറയും വേലുത്തമ്പിയുടേയും പാലിയത്തച്ചൻേറയും ഫ്യൂഡൽ സമരങ്ങൾ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യ ബന്ധങ്ങളെ മനസ്സിലാക്കുവാനും പ്രയാസം വരില്ല. എന്നാൽ ഇൻഡ്യാചരിത്രം പൊതുവേയും കേരള ചരിത്രം പ്രത്യേകമായും ശാസ്ത്രീയവും ചരിത്രപരവുമായ ഈ സാമൂഹ്യ വീക്ഷണം ഉൾക്കൊള്ളുന്നില്ലെന്നതാണ് പരമാർത്ഥം. നമ്മുടെ ചരിത്രകാരൻമാർ ചരിത്രപഠനം നടത്തുന്നത് സാമൂഹികമായ ഉൾക്കാഴ്ചയോടു കൂടി അല്ലാത്തതാണ് ഈ അപവാദത്തിന് കാരണം. ചരിത്രം മനുഷ്യവികാസത്തിൻെറ ഇതിഹാസമായിത്തീരണമെങ്കിൽ ചരിത്രകാരൻെറ സാമൂഹ്യ വീക്ഷണത്തിൽ സാരവത്തായ മാററമുണ്ടായേപററൂ.

അധ്യായം നാല്.

# ചരിത്രം സംഘട്ടനത്തിന്റെ കഥ

ചരിത്രം ഒരു ശാസ്ത്രമായി ഗണിക്കപ്പെടാൻ തുടങ്ങിയിട്ട് കാലം അധികം ആയിട്ടില്ല. ഏതൊരു ശാസ്ത്രശാഖയ്ക്കും ഉള്ള സാങ്കേതിക സംവിധാനങ്ങളും നിപുണമായ പരീക്ഷണങ്ങളും ചരിത്രശാസ്ത്രത്തിനും ആവശ്യമാണ്. അനിവാര്യമായ ഈ അച്ചടക്കബോധം അധികം എഴുത്തുകാരിലും ഇല്ലാതെപോകുന്നതാണ് ചരിത്രവീക്ഷണത്തിൽ അവർക്കൊക്കെ പററുന്ന വീഴ്ച. എന്താണ് ചരിത്രമെന്നും എങ്ങനെ അത് ശാസ്ത്രീയമായ ഉപാധി ആക്കി വളർത്തിക്കൊണ്ടുവരാമെന്നും അധികം പേരും ചിന്തിക്കാറില്ല. കഴിഞ്ഞകാലത്തെ പടയോട്ടങ്ങളെപ്പററിയും അതിൽ വിജയികളായ ജേതാക്കളെപ്പററിയും ഉള്ള കഥകൾ മാത്രമാണോ ചരിത്രം? ഓരോ ദേശവും കയറിമറിഞ്ഞ ഗതിവിഗതികളുടെ സംക്ഷിപ്തമോ വികലമോ ആയ വിവരണം മാത്രമാണോ അത്? ഇന്നലെയുടെ ഈററില്ലത്തിൽ നൊമ്പരപ്പെടുന്ന പ്രക്രിയകളുടെ സഫലമായ ജാത്യസ്വഭാവത്തിന്റെ ജാതാകംകുറിക്കലാണോ അത്? [illegible]തനമായ സാംസ്കാരിക ആഡംബരങ്ങൾ [illegible]തിപ്പിടിക്കുവാനും ദേശത്തേയും ജനതയേ

നും കഴിഞ്ഞകാലപാരമ്പര്യത്തിന്റെ മഹിമാവി നെക്കുറിച്ചോർമ്മിപ്പിക്കുവാനും മാത്രമുള്ളതാ ണോ അത്? ഇന്നലെ നടന്ന സംഭവങ്ങളും, ഇന്നു നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളും, നാളെ നട ക്കുമെന്നു വിശ്വസിക്കപ്പെടുന്ന സംഗതികളും തമ്മിൽ ഉള്ള ബന്ധം എന്ത്? അനാദികാലം മു തൽ ഓരോ രാജ്യത്തിലും ജനിക്കുകയും ആ ദേശത്തിന്റെ സൗഭാഗ്യങ്ങൾക്ക് വിധാതാക്കളാ കുകയും ചെയ്ത മൺമറഞ്ഞുപോയ ജനല ക്ഷങ്ങൾ വിതറിവിതച്ച സാംസ്കാരികസമ്പ ത്തിന്റെ ആകത്തുകയാണൊ ചരിത്രം? മനുഷ്യ ന്റെ പുരോഗതിക്കു നിദാനമായ സാമൂഹ്യക്ര മങ്ങളും സൻമാർഗനിയമങ്ങളും ആ സമൂഹ ങ്ങളിൽ നിലനിന്ന ഉൽപാദനക്രമങ്ങളും രീതി കളും ആ ഉൽപാദനവിഭവങ്ങളുടെ അവകാശസംഘ ർഷണങ്ങളും ആ അവകാശങ്ങൾക്കുവേണ്ടിയുള്ള അവിരാമമായ സംഘട്ടനങ്ങളും തുടങ്ങി എത്രയോ കാര്യങ്ങൾ സാമൂഹ്യക്രമങ്ങളുമായി ബന്ധപ്പെ ട്ടിട്ടായുണ്ട്. എന്നാൽ അനുക്രമമായ അവകാശ സമരങ്ങളുടെ സുദീർഘമായ സമരകഥ മാത്രമാ ണോ ചരിത്രം? ഓരോ വിഭാഗം ചരിത്രകാരൻമാ രും ഇതിൽ എന്തെങ്കിലും ഒരു അംശത്തെമാത്രം ചരിത്രസംവിധാനത്തിന് ഉപയോഗപ്പെടുത്തു മ്പോഴാണ് ഇത് ശാസ്ത്രമല്ലാതെ വിഭാഗീയം മാത്രമായിത്തീരുന്നത്.

ചരിത്രശാസ്ത്രത്തെ നിർവചിക്കുവാനും വേണ്ടവിധത്തിൽ വിവരിക്കുവാനും പലരും ശ്രമിച്ചിട്ടുണ്ട്. വിശ്വസാഹിത്യത്തിൽ അനശ്വര

രായിത്തീർന്നിട്ടുള്ള പല ചരിത്രശാസ്ത്രകാരൻ മാരും അവരുടെ ചരിത്ര വീക്ഷണം വിശകലനംചെയ്യാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അവയോട് യോജിക്കാൻ സാധിക്കുന്നവർ ആ ചിന്താധാരകളിൽ ഒഴികിച്ചേർന്നിട്ടുമുണ്ട്. അങ്ങനെ വിശ്വോത്തരമായ ചരിത്രശാസ്ത്രകാരൻമാർക്ക് ഒട്ടേറെ ചരിത്രപണ്ഡിതൻമാരുടെ പിൻബലം ലഭിക്കുവാനും അവരുടെ ചരിത്രവിചാരരീതിക്ക് പിൻബലം നൽകുവാനും സാധിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി വിവിധങ്ങളായ ചിന്താപ്രസ്ഥാനങ്ങൾ ചരിത്രമണ്ഡലത്തിൽ ഉടലെടുത്തു.

എന്നാൽ ഇൻഡ്യാചരിത്രം ഈ പൊതുനിയമത്തിന് ഒരപവാദമാണ്. നിഷ്കൃഷ്ടമായ യാതൊരു അച്ചടക്കവും ഇക്കാര്യത്തിൽ നമുക്കില്ല. അതിനുകാരണം നാമൊരിക്കലും ചരിത്രത്തെ ഒരു ശാസ്ത്രമായി അതിന്റെ സാങ്കേതങ്ങളോടും വിചാരബോധത്തോടുംകൂടി വളർത്തി എടുത്തില്ലാ എന്നതാണ്. പൗരാണികകാലത്തും അതിനെ പിന്നിട്ട ഘട്ടങ്ങളിലും നമ്മുടേതായിട്ടുള്ള ചരിത്രസംവിധാനം നമ്മുടെ പക്ഷത്തുനിന്നും ഒരിക്കലും ഉണ്ടായിട്ടില്ല. വൈദേശിക ആക്രമണത്തിനുശേഷം ഒരു വലിയ രാജ്യത്തേയും ജനതയേയും കീഴടക്കിയ ആക്രമണകാരികൾ അവരുടെ നിലനിൽപിനും പ്രവർത്തികളുടെ ന്യായീകരണത്തിനുംവേണ്ടി എഴുതിയുണ്ടാക്കിയ ഇൻഡ്യാചരിത്രം അവരുടെ വീക്ഷണഗതിയുടെ ഒരു പ്രതിഫലനം മാത്രമാണ്. അതൊരിക്കലും

ഈ ദേശത്തിൻെറ അന്തർധാരയാകാൻ സാധ്യമല്ല. ജനലക്ഷങ്ങരം ജനിക്കുകയും അവരുടെ മാനുഷികശക്തി ഈ രാജ്യത്തിൻെറ ഭൗതികസാംസ്കാരിക വിഭവങ്ങരം വാർത്തെടുക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നൂററാണ്ടുകളായി ഈ പ്രക്രിയ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവിടെ കനകം വിളയുന്ന വയലുകരം ഉണ്ട്. വിദേശികളായ ജനങ്ങരംക്കുപോലും നാം ഉൽപാദിപ്പിച്ച വിഭവങ്ങരം കടലുകളേയും മലകളേയും താണ്ടി നമ്മുടെ പൂർവികർ എത്തിച്ചുകൊടുത്തിരുന്നു. എന്നാൽ ഈ വിഭവങ്ങളുടെ ഉൽപാദനക്രമം ഏതു രീതിയിലായിരുന്നു? ഇവയുടെ ഉടമാവകാശം ആർക്കായിരുന്നു? ഉടമയും അടിമയും തമ്മിലുള്ള ബന്ധം ഏതുവിധത്തിലായിരുന്നു? സമൂഹത്തെ നിയന്ത്രിച്ചിരുന്ന മൂല്യങ്ങരം ഏവ? ഇന്നത്തെ സാമൂഹ്യസമ്പ്രദായത്തിലേക്ക് എത്തിച്ചേരുവാൻ എത്രയെത്ര കാലഘട്ടങ്ങളുടെ കൽപടവുകരം അവർക്ക് കയറേണ്ടതായി വന്നു? ഇന്നു നാം ആചരിച്ചുപോരുന്ന സാമൂഹ്യനീതികരംക്കും സദാചാര സൻമാർഗ്ഗനിഷ്ഠകരംക്കും വേണ്ടി ഇന്നലത്തെ ജനസമൂഹം എത്രമാത്രം വേദനകരം അനുഭവിച്ചിട്ടുണ്ട്? സംഘട്ടനങ്ങരം നടത്തിയിട്ടുണ്ട്? ഈ സംഘട്ടനങ്ങരം വെറും വർഗ്ഗസമരങ്ങരം മാത്രമായിരുന്നോ? ഇത്തരം ഒട്ടനവധി പ്രശ്നങ്ങരം വ്യക്തമായ കാഴ്ചപ്പാടിലൂടെ നിഷ്പക്ഷമായി വിശകലനം ചെയ്യുന്നതാണ് ചരിത്രം.

ഇന്ത്യൻ സ്ഥിതിവിശേഷം ചരിത്രവിചാരം ചെയ്യുന്നവർക്ക് കൂടുതൽ പ്രയാസം ഉണ്ടാകുന്നു. ഇവിടെ വ്യക്തമായ വീക്ഷണഗതിയോ ചരിത്രബോധമോ നിശ്ശേഷം ഇല്ല എന്നതാണ് അതിനു കാരണം. ജനസമൂഹത്തെ കൂട്ടായിക്കാണുന്നതിനുപകരം ജാതിയേയും സമുദായത്തെയും ഒററഒററയായി വേർതിരിക്കുന്നതിലാണ് നമ്മുടെ വൈദഗ്ദ്ധ്യം. സമൂഹത്തിൻെറ കൂട്ടായ നേട്ടങ്ങളെ വിലയിരുത്തുന്നതിനുപകരം ജാതിയുടെ മേൻമയെ പ്രകീർത്തിക്കാനും സമുദായത്തിൻെറ മാഹാത്മ്യത്തെ ഉയർത്തുവാനും മാത്രമാണ് എല്ലാ രംഗത്തുനിന്നുമുള്ള ശ്രമങ്ങൾ. മനുഷ്യൻ എന്ന പ്രതിഭാസത്തിനു വില ഇടിയുവാനുള്ള പ്രധാന കാരണവും ഇതുതന്നെയാണ് കൂട്ടായ വിലപേശലുകൾ, സംഘടിതങ്ങളായ സമരസന്നാഹങ്ങൾ, ഇവയൊക്കെ ഇന്നലെയും നടന്നിട്ടുണ്ട്; ഇന്നും നടക്കുന്നവയാണ് ; നാളെയെ അതിൽനിന്നും ഒഴിവാക്കാൻ സാദ്ധ്യവുമല്ല. ഇന്നിൻെറയും നാളെയുടെയും വർഗ്ഗസംഘട്ടനങ്ങൾ ഇന്നലെത്തേതിൽനിന്നും വ്യത്യസ്തമാകാൻ സാദ്ധ്യവുമല്ല. എന്നാൽ ഇന്നലെ നടന്ന സംഘട്ടനങ്ങൾ ഏതു വർഗ്ഗത്തിൻെറ, ഏതു ആശയത്തിൻെറ, ഏതു സംസ്കാരത്തിൻെറ, ഏതു വർഗ്ഗത്തിനെതിരെ, ഏത് ആശയത്തിനെതിരെ ഏതു സംസ്കാരത്തിനെതിരെ ആയിരുന്നു?

പ്രാകൃത കമ്മ്യൂണിസത്തിൽനിന്നും ഉടമ-അടിമസമ്പ്രദായത്തിലേക്കും അതിൽനിന്നും ഫ്യൂഡൽ വ്യവസ്ഥിതിയിലേക്കും ഇതിൽനിന്നും

മുതലാളിത്വ സമ്പ്രദായത്തിലേക്കും മാറിയ സമൂഹം അനുഭവിച്ച ത്യാഗങ്ങളും സഹിച്ച വേദനകളും നടത്തിയ സമരങ്ങളും അതാതു കാലഘട്ടത്തിൻെറ സാമൂഹ്യപ്രതിഫലനങ്ങളായിരുന്നു. ഓരോ സമൂഹത്തിലും ഏതെങ്കിലും ഒരു വർഗ്ഗം, സമൂഹത്തിൻെറ ഉൽപാദനവിഭവങ്ങളെ കയ്യടക്കിവെച്ച് മൃഗീയ ഭൂരിപക്ഷത്തെ അടക്കി ഒതുക്കി കഴിഞ്ഞിട്ടുണ്ട്. അവശത അനുഭവിച്ച വർഗ്ഗങ്ങൾ സംഘടിതമായി എതിർത്തിട്ടുമുണ്ട്. ആ എതിർപ്പ് ഒരുപക്ഷേ സമ്പദ്വ്യവസ്ഥിതിക്കെതിരായിട്ടാകാം. സാമൂഹ്യാസമത്വങ്ങൾക്ക് എതിരെയാകാം, നിലവിൽനിന്ന സൻമാർഗ്ഗനീതിക്കും സദാചാരനിഷ്ഠയ്ക്കും, വിരുദ്ധമായിട്ടാകാം. നൂതനമായ ആദർശപ്രചാരണത്തിനുവേണ്ടിയോ, ദാർശനികപ്രസ്ഥാനങ്ങൾക്കുവേണ്ടിയോ ആകാം. ഒരു പക്ഷേ ഇവ എല്ലാം വിവിധ മണ്ഡലങ്ങളിൽ സംഘട്ടനത്തിന് ഹേതുവും ആയിരിക്കാം. പക്ഷേ ഏതൊരു സമൂഹത്തിലും നിരന്തരമായി സംഘട്ടനങ്ങൾ നടന്നിരുന്നു എന്നതാണ് സത്യം. വർഗ്ഗങ്ങൾ വ്യത്യസ്തങ്ങളായാലും, ആദർശങ്ങൾ വിഭിന്നങ്ങളായാലും, താൽപര്യസംഘടനങ്ങൾ അനിവാര്യമാണ് ഏതു സമൂഹത്തിലും, അടിമകൾ ഉടമകൾക്കെതിരായി സമരംചെയ്തു; ജയിച്ചു. ഇന്ന് കുടിയാൻ ജൻമിക്കെതിരായി സമരം ചെയ്യുന്നു. ജയിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളികൾ മുതലാളിക്കെതിരായും. സമൂഹത്തിലെ ഈ അസന്തുലിതാവസ്ഥനീങ്ങി നാളെ ഒരു പക്ഷേ

സാമൂഹ്യസമത്വം വിളയാടി എന്നുവരാം. സാമ്പത്തികസമീകരണം ഉണ്ടായി എന്നും വരാം. പക്ഷേ അന്നും താൽപര്യങ്ങളും ആശയങ്ങളും അഭിലാഷങ്ങളും തമ്മിൽ സംഘട്ടനങ്ങൾ നടക്കാതെ നിർവാഹമില്ല. അവിരാമമായ സംഘട്ടനത്തിന്റെ കഥയാണ് മനുഷ്യചരിത്രം.

### അധ്യായം അഞ്ച്

# ചരിത്ര ദർശനം ഇസ്ലാമിക സമീപനം

ആധുനിക ചരിത്രവിവക്ഷയിൽ ഹൈന്ദവ ചരിത്രദർശനമെന്നും, ക്രൈസ്തവ ചരിത്രദർശനമെന്നും ഇസ്ലാമിക ചരിത്രദർശനമെന്നും ചരിത്രത്തിന്റെ തത്വശാസ്ത്രത്തെ അതിർ വരമ്പിടുന്നത് അശാസ്ത്രീയമാണ്. ശരിയായ ചരിത്രം എക്കാലവും വസ്തുനിഷ്ഠമാണല്ലോ. എന്നാൽചരിത്രകാരൻമാർ മനുഷ്യരായതുകൊണ്ട് അവരുടേതായ വ്യത്യസ്താനുഭവങ്ങളും, താല്പര്യങ്ങളും, സ്വേചഛയും ചരിത്രപ്രതിപാദനത്തിൽ അറിഞ്ഞോ അറിയാതെയോ കലരുകമൂലം ഒരേ ചരിത്ര വസ്തുത തന്നെ പലരും പല വിധത്തിൽ അവതരിപ്പിച്ചെന്നു വരാറുണ്ട്. എന്നാൽ സത്യം എന്നും സത്യമായി തന്നെ അവശേഷിക്കുന്നുവെന്നതിനാൽ അതിന് മാററം സംഭവിക്കുന്നില്ല. അവയെ ഏതുവിധം സമീപിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് പലരും പല വിധത്തിൽ വ്യവഹരിക്കുന്നത് ചരിത്രകാരൻ. അവൻ ജനിച്ച നാടിന്റെയും ശ്വസിച്ച വായുവിന്റെയും, ആഹരിച്ച ഭക്ഷ്യങ്ങളുടെയും, സ്വാംശീകരിച്ച ആദർശവിശ്വാസങ്ങളുടെയും, ജീവിച്ച സംസ്കാരത്തിന്റെയും സ്വാധീനതയ്ക്ക്

അടിമപ്പെടുക നൈസർഗ്ഗികമാണ്. അതിനാൽ ചരിത്രം വസ്തുനിഷ്ഠമാണെങ്കിലും ചരിത്രകാരൻ മിക്കപ്പോഴും ആത്മനിഷ്ഠാനുവർത്തിയായിരിക്കും. ഓരോരുത്തരുടേയും ചരിത്രസംവേദനം ആപേക്ഷികവുമായിരിക്കും. അങ്ങിനെ ചരിത്രവീക്ഷണത്തിലും വിമർശനത്തിലും ദർശനങ്ങളിൽ തന്നെയും വിവിധങ്ങളായ സാംസ്ക്കാരികശക്തിധാരകളുടെ സ്വാധീനം പ്രസ്പഷ്ടമായി കാണുവാനൊക്കും. അത്തരം സ്വാധീനശക്തികളെ പുരസ്ക്കരിക്കുമ്പോഴാണ് ചരിത്രദർശനത്തിൽ ഹൈന്ദവമെന്നും, ക്രൈസ്തവമെന്നും, ഇസ്ലാമികമെന്നും, ഭൗതികമെന്നും മററും മററുമുള്ള വൈജാത്യങ്ങൾ പ്രസക്തങ്ങളാകുന്നത്.

ആദർശനിഷ്ഠാത്മകമായ ജീവിതസാഫല്യങ്ങളുടെ പ്രതിരൂപങ്ങൾക്ക് പ്രാധാന്യം നൽകി വിശാലമായ ഒരു ക്യാൻവാസിലൂടെ ചരിത്രഗതിയെ വീക്ഷിക്കുന്ന ഹൈന്ദവദർശനം, ആദർശാത്മകമാണ്. അവിടെ കണക്കുകൾക്കും കാര്യകാരണബന്ധങ്ങൾക്കും പ്രാധാന്യമില്ല. ഒരു കാലഘട്ടത്തിന്റെ ഉദാത്തദർശനങ്ങൾ ഉദീരണം ചെയ്യുവാനുപയോഗിക്കുന്ന പ്രതിരൂപങ്ങളോ, മാതൃകകളോ വലിയ ഒരു സമൂഹത്തിന്റെ ആദർശവിശ്വാസങ്ങളായവതരിപ്പിക്കുന്ന ഹൈന്ദവവീക്ഷണം സത്യം, നീതി തുടങ്ങിയ ധർമ്മപ്രഘോഷണത്തിന് മുൻതൂക്കം നൽകുന്നു. രാമനും, സീതയും, ഭരതനും ലക്ഷ്മണനും, സുഗ്രീവനും, ബാലിയും, ഭീഷ്മനും, രാവണനു

മെല്ലാം ഏത് കാലഘട്ടത്തിൻെറ പ്രതീകാത്മക രൂപങ്ങളാണെങ്കിലും ശരി ഇന്ത്യൻസമൂഹം അത്രയുമോ അതുമല്ലെങ്കിൽ അതിനോടേറെക്കുറെ സവിധത്തിലായോ സത്യധർമ്മാദികൾ അനുഷ്ഠിച്ചുയരുവാൻ ശ്രമിച്ചിരുന്നുവെന്നു വേണം കരുതുവാൻ. മഹാഭാരതമോ രാമായണമോ ചരിത്രഗ്രന്ഥങ്ങളല്ല. എന്നാൽ ഏതൊരു ചരിത്രഗ്രന്ഥത്തേക്കാളും ഒരു ജനതയുടെ മഹത്തായ ചരിത്രം ഇവയിലുണ്ട്. ഇവിടെ വർഷങ്ങൾക്കോ ഭരണങ്ങൾക്കോ, സ്ഥലകാലങ്ങൾക്കോ അല്ലാ പ്രാധാന്യം, ആദർശനിഷ്ഠമായ സത്യധർമ്മാദികൾക്കാണ്. ഇത്തരം ആദർശങ്ങളെ പ്രഘോഷണം ചെയ്യാൻ ക്രിയാത്മകമായ ചരിത്രവീക്ഷണത്തിൽ അസാധ്യമായിരിക്കും. ഈ ചരിത്രമല്ലാത്ത ചരിത്രത്തിൻെറ മഹിമയിലാണ് ഹൈന്ദവ ചരിത്രദർശനത്തിൻെറ ആത്മസത്ത.

ഇസ്ളാമിക ചരിത്രദർശനത്തിൻെറ രൂപവും ഭാവവും ഇസ്ളാമികവിശ്വാസങ്ങളിലും സിദ്ധാന്തങ്ങളിലും അധിഷ്ഠിതമത്രെ. ഏകദൈവവിശ്വാസം, മുസ്ളിമിനെ സംബന്ധിച്ചിടത്തോളം അയവില്ലാത്ത സന്ധിചെയ്യാൻ സാധിക്കാത്ത ഉറച്ചവിശ്വാസമാണല്ലോ. തൻമൂലം ഇസ്ലാമികദർശനങ്ങളെല്ലാം തന്നെ അടിയുറച്ച ഈ വിശ്വാസത്തിൻമേൽ കരുപ്പിടിപ്പിച്ചിരിക്കുന്നു. കരുണാനിധിയും ദയാലുവുമായ, സർവ്വശക്തനും സർവ്വവ്യാപിയുമായ പ്രപഞ്ചകർത്താവിനെ പ്രാപിക്കുവാനുള്ള അവിരാമമായ യജ്ഞമാണ് മുസ്ളീമിനെ സംബന്ധിച്ചിടത്തോളം ജീവിതം

തന്നെ, അവൻെറ തത്വശാസ്ത്രവും ജീവിത വീക്ഷണവും തൻമൂലം നാസ്തികമാകുവാനൊരുങ്ങുകയില്ല. "വൈരുദ്ധ്യാത്മകഭൌതികവാദം" ഇസ്ലാമിക ചരിത്രദർശനത്തിൻെറ മറേറത്തലയ്ക്കൽ നില്ക്കുന്നതാണ്. ഇസ്ലാം യുക്തിവാദത്തിനും സ്വതന്ത്രചിന്തക്കും പരിധിനിശ്ചയിക്കുന്നത് ഇക്കാര്യത്തിൽ മാത്രം. യൂറോപ്യൻ പണ്ഡിതനായ ഹോർട്ടൻ ഇസ്ലാമിലെ ഈ പ്രവണതയെ ചൂണ്ടി ഇപ്രകാരം എഴുതുന്നുണ്ട്: "എ. ഡി 800 മുതൽ 1100 വരെയുള്ള കാലത്തിനിടക്കു നൂറിൽ പരം വ്യത്യസ്ഥങ്ങളായ താത്വികദർശനങ്ങൾ മുസ്ലീംകൾക്കിടയിൽ ഉൽഭവിച്ചു എന്നത് തന്നെ മുസ്ലീം ചിന്തയുടെ വികാസത്തേയും സ്വീകരണക്ഷമതയേയും, ആദ്യകാല മുസ്ലീം ലോകത്തിലെ ചിന്തകൻമാരുടെ അക്ഷീണമായ പ്രയത്നത്തിൻെറയും നിദർശനങ്ങളാണ്". അദ്ദേഹം തുടർന്നെഴുതുന്നതു്, "അപാരമെന്നു വിശേഷിപ്പിക്കാവുന്ന സാർവ്വലൗകികസ്വഭാവമാണ് ഇസ്ലാമികചൈതന്യം. നാസ്തികദർശനമൊഴികെ ലോകത്തുള്ള സർവ്വവിജ്ഞാനങ്ങളും സ്വാംശീകരിച്ച ഇസ്ലാം അവക്കൊക്കെ, വികാസത്തിൻെറ തനതായ നിർദ്ദേശങ്ങൾ കൂടി നല്കി പുഷ്ക്കലമാക്കുകയാണ് ചെയ്തത്". അന്ത്യം പരമമായ സത്യത്തെ പുൽകുവാനുള്ള അവസാനിക്കാത്ത പ്രയാണമാണ് മുസ്ലീമിനെ സംബന്ധിച്ചിടത്തോളം ജീവിതംതന്നെ. അവൻെറ സത്യാന്വേഷണ തൃഷ്ണ പ്രാപഞ്ചികരഹസ്യങ്ങളെ അനാവരണം ചെയ്യുവാനും പരമകാരുണികനായ സർവ്വശക്തനെ അറിയുവാനുമുള്ള

നിരന്തരവും അവിരാമവുമായ ത്വരയാണ്. അതായത് ഇസ്‌ലാമിക ചരിത്രദർശനത്തിന്റെ സ്ഥായിയായ അടിത്തറ ദൈവവിശ്വാസവും, പ്രാപഞ്ചികരഹസ്യചോരണവും അദ്ധ്യാത്മികനിർവൃതിയുമാണെന്ന് ചുരുക്കം.

ചരിത്രത്തിന്റെ വെളിച്ചത്തിൽ ഒരു ലോകമതം വിഭാവനംചെയ്യുകയാണ് ഇസ്‌ലാം. ഈ മതത്തെ വികസിതമായ ഒരു സംസ്കാരമായി വളർത്തുകയും ആ പ്രക്രിയയിൽ ലോകസംസ്ക്കാരങ്ങളിൽ ഗുണകരവും പ്രയോജനകരവുമായവയെ സ്വീകരിക്കുകയും സ്വന്തമായ വിശ്വാസദർശനങ്ങളുടെ മൂശയിലുരുക്കി അവയ്ക്ക് നൂതനമായ പ്രഭാപൂരം നൽകുകയുംചെയ്യുന്നു. ഇസ്‌ലാമിക സംസ്കാരം മനുഷ്യചിന്തയുടേയും സ്വഭാവരുപീകരണത്തിന്റെയും ബൃഹത്തായ സംഹിതയാകുന്നു. പക്ഷേ് ഏതേതൊക്കെ വ്യാപാരമണ്ഡലങ്ങളിലാണോ മനുഷ്യൻ വിഹരിക്കുന്നതു്, അതു് ഏതായാലുംശരി അവന്റെ ചിന്തയിലും പ്രവർത്തിയിലുമെല്ലാം അവനും ദൈവവും പ്രപഞ്ചവും തമ്മിൽ അഭേദ്യമായി നിൽക്കുകയും ചെയ്യുന്നു. അങ്ങിനെ ഈശ്വര സാക്ഷാത്കാരത്തിനുള്ള പ്രവർത്തികളെ സുഗമമാക്കുകയാണ് സർവ്വജനീനവും സാർവ്വലൗകീകവുമായ ജീവിതവീക്ഷണവും ചരിത്രദർശനവും വഴി സാധിക്കുന്നത്.

ദൈവസന്ദേശം എല്ലാ ഭൂമിശാസ്ത്രപരിധികളേയും അതിലംഘിക്കുന്നതാണല്ലോ, അതു് മനുഷ്യരാശിക്കാകമാനമുള്ള അനുഗ്രഹമാണ്.

വിശാലവും വിശ്വവ്യാപകവുമായ ഈ ചിന്തയാണ് ഇസ്ലാമിക ചരിത്രദർശനത്തെ സാർവ്വലൗകികമാക്കുന്നത്. അവിടെ കാലത്തിനോ, ദേശത്തിനോ,വർഗ്ഗത്തിനോ സ്ഥാനമില്ല; മനുഷ്യസമൂഹത്തെ വർഗ്ഗങ്ങളായും, ദേശങ്ങളായും, വർഗ്ഗങ്ങളായും തരംതിരിച്ചിരിക്കുന്നത്, വേർതിരിച്ചറിയുവാൻ മാത്രമാണെന്നാണു് ഖുറാൻ പ്രഖ്യാപിക്കുന്നത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള മറവിക്കുന്നതും, മനുഷ്യവംശത്തിന്റെ ഏകത്വത്തെ പ്രാവർത്തികമാക്കുന്നതുമാണല്ലോ ഇസ്ലാമിലെ പ്രാർത്ഥനതന്നെ സഹാനുഭൂതി, സഹിഷ്ണുത, സാഹോദര്യം, സമത്വം എന്നീ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിക്കുവാൻ നിർബ്ബന്ധനാകുന്ന മുസ്ലിം ചരിത്രകാരന് പ്രാദേശികമോ, ദേശീയമോ, വർഗ്ഗീയമോ ആയ വികലവീക്ഷണം സാദ്ധ്യമാകുകയില്ല. ലോകത്തെ ഒന്നായിക്കാണുവാനും മനുഷ്യസമൂഹമത്രയും ഒരേ സൃഷ്ടിമാത്രമാണെന്ന് വിശ്വസിക്കുവാനും മുസ്ലീംകൾ നിർബ്ബന്ധിതരാണ്. "നാം ഒററശ്വാസത്തിലാണ് നിങ്ങളെയത്രയും സൃഷ്ടിച്ച"തെന്നാണ് ഖുറാൻ പ്രഖ്യാപിക്കുന്നത്. ഈ വിശ്വൈകദർശനത്തെ കാരുണ്യവും സമസൃഷ്ടിസ്നേഹവുംകൊണ്ടു് പരിപൂതമാക്കുകയും വേണം. ദൈവകല്പനയെ ഖുറാൻ വ്യക്തമാക്കുന്നതിങ്ങനെയാണ്. "നീ കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ തിരിഞ്ഞ് പ്രണമിച്ചതു കൊണ്ടുമാത്രം കാര്യമായില്ല. ദൈവത്തിലും മലക്കുകളിലും അന്ത്യവിധിദിനത്തിലും പ്രവാചകൻമാരിലും വിശ്വസിക്കുന്നവനും ദരിദ്രർക്കും ആവശ്യക്കാർക്കും അനാഥർക്കും

മററും തൻെറപക്കലുള്ള ധനം ദൈവനാമത്തിൽ നൽകുന്നവനുമാണ് യഥാർത്ഥ ഭക്തൻ'' [1]. തൻെറ അയൽവാസി ഭക്ഷണം കഴിച്ചുവോ എന്നന്വേഷിക്കാതെ ആഹരിക്കുന്നവൻ വിശ്വാസിയല്ലെന്ന് മറെറാരിടത്തും പ്രസ്താവിക്കുന്നു. അങ്ങനെ സഹാനുഭൂതിയും കാരുണ്യവും മുസ്ലീംകളുടെ ജീവിതവ്രതമാണ്. ഇതിൻെറ സർവ്വവ്യാപകമായ ആത്മവൽക്കരണമാണ് ചരിത്രദർശനത്തിൽ ഇസ്ളാമികമായ മാനവികതയും മാനുഷികമായ സമീപനവും.

മറെറാരുപ്രധാനകാര്യം സഹിഷ്ണതയാണ്. മററുള്ളവരുടെ അഭിപ്രായത്തെയും വികരത്തെയും മാനിക്കുവാൻ സാധിക്കുക, ഈ മാനസികാവസ്ഥകൊണ്ടത്രെ. ഐസ്ളാമിക സാമ്രാജ്യത്തിൻെറ വികാസപരിണാമങ്ങൾ നിഷ്കൃഷ്ടമായിനിരീക്ഷിച്ചിട്ടുള്ളവർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ് സഹിഷ്ണുത എന്ന ഈ ഉദാത്തഭാവം. അറബികളുടെ ചരിത്രമെഴുതിയ കോൺണ്ടി ഏത് വിധമാണ് മുസ്ളീം ആക്രമണത്തെ യൂറോപ്പിലേയും സ്പെയിനിലേയും ജനങ്ങൾ സ്വീകരിച്ചത് എന്ന് വിശദമാക്കുന്നുണ്ട്. "തങ്ങളുടെ സർവ്വആചാര മര്യാദകളും വിശ്വാസങ്ങളും സ്വതന്ത്രമായി നിലനിർത്താൻ സഹായിച്ച ആക്രമണകാരികൾ അതിനുമുമ്പ് തങ്ങളനുഭവിച്ചിരുന്ന യാതാനാപൂർണ്ണമായ ജീവിതക്ലേശങ്ങൾക്കു വിരാമമിടുക വഴി പുതിയ ഒരു ചൈതന്യം. പ്രസരിപ്പിക്കുകയും ചെയ്തു. [2] എന്നാണ്''. സിന്ധാക്രമണം കഴിഞ്ഞശേഷം ബ്രാഹ്മണമതത്തേ

1. ഖുറാൻ–2.172
2. കോൺണ്ടി–ഹിസ്ററി ഓഫ് ആരബ്സ്.

യും അമ്പലങ്ങളേയും അതേവിധം തുടർന്നുപോരാൻ അനുവദിച്ചതും ഈ സഹിഷ്ണതാമനോഭാവം കൊണ്ടുമാത്രമാണല്ലൊ. ആക്രമിച്ച് കീഴടക്കിയ ജനങ്ങളെ സമത്വസാഹോദര്യത്തിന്റെ ഉത്തുംഗശൃംഖലകളാൽ സുഘടിതമാക്കിയ ചേതോവികാരം ഐസ്ലാമികദർശനത്തിന്റേത് മാത്രമായിരുന്നു. "ഈ ഭൂതലം മുഴുക്കെ ഒരു പള്ളിയാകുന്നു." എന്നു് ഇത് അതിഭംഗിയായി വിവരിച്ച പ്രവാചകൻ ഈ വികാരത്തെ രോമാഞ്ചം കൊള്ളിക്കുകയാണ്. മനുഷ്യസമൂഹത്തിന്റെ ആത്മസാക്ഷാത്കാരമാണ് രാഷ്ട്രത്തിന്റെ ലക്ഷ്യമെന്നും ഇസ്ളാമികരാഷ്ട്രം, ഒരു ദേശരാഷ്ട്രമോ, സാമ്രാജ്യത്വമോ അല്ലെന്നും പ്രത്യുത പല അതിരുകൾ കൊണ്ടു തിരിക്കപ്പെട്ടവയും പല വർഗ്ഗക്കാരും ജാതിക്കാരുമുൾക്കൊള്ളുകയും ചെയ്യുന്ന ഒരു ഐക്യരാഷ്ട്ര സമൂഹമാണെന്നും ഉള്ള വിശാലവീക്ഷണം ഇസ്ളാം പ്രപഞ്ചനം ചെയ്തു.

ഏതൊരു രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സന്മാർഗ്ഗസദാചാരങ്ങൾക്ക് നിദാനം അതിനെ നിയന്ത്രിക്കുന്ന നിയമ സംഹിതകളാണല്ലോ. നിയമദൃഷ്ട്യാ ഏതൊരുത്തനും സമനാണെന്നും നിയമത്തിനതീതനായി ഒരാളുമില്ലെന്നും ഇസ്ളാം ഉദ്ഘോഷിച്ചു. ഇസ്ളാമികനിയമസംഹിത ഖുറാനും, നബിവചനങ്ങളും, മുൻ നടപ്പ് മാതൃകയും; വിവേചനാശക്തിയുമാണ്. ഏത് കാലഘട്ടത്തിനും ഏതു സാഹചര്യങ്ങൾക്കും പററും വിധം പ്രയോഗക്ഷമമായ ഈ നിയമസംഹിത

മാനുഷിക സമത്വത്തേയും സർവ്വലൌകിക സ്വഭാവത്തേയും പ്രപഞ്ചനം ചെയ്യുന്നവയത്രെ. അപ്പോഠം ഈ സ്വഭാവവൈശിഷ്ട്യങ്ങളും വിശ്വാസങ്ങളുമാണ് ചരിത്ര ദർശനത്തിലും ഇസ്ലാമിക സമീപനത്തിന്റെ അടിത്തറ.

ജ്ഞാനതൃഷ്ണ ഏതൊരു മുസ്ളീമിന്റെയും നിദാന്തനിശ്വാസമായിരിക്കണം. "വിശ്വാസികളിൽ അറിവുള്ളവർ മാത്രമാണ് ദൈവഭയമുള്ളവരായിരിക്കുക" എന്ന് ഖുറാൻ വ്യക്തമാക്കുന്നുണ്ട്. അറിവുള്ളവരെ സ്നേഹിക്കുന്നവനാണ് ഇസ്ളാമിലെ സർവ്വശക്തൻ എന്ന് അൽഗാസാലിയും ഉറക്കെ പറയുന്നു[3]. ദൈവത്തിങ്കലേക്ക് കൂടുതൽ അടുപ്പിക്കുന്ന അറിവ് അൽപമായെങ്കിലും നേടാനൊക്കാത്ത ദിനംപാഴായിപ്പോയ ദിവസമാണെ"ന്ന് നബി പറഞ്ഞിട്ടുള്ളതായി അൽഗാസാലിതുടർന്ന് പ്രഖ്യാപിക്കുന്നുണ്ട്[4]. "ശഹീദിന്റെ രക്തത്തെക്കാഠം മഹത്വം പണ്ഡിതന്റെ ഒരുതുള്ളി മഷി"യ്ക്കാണെന്നും "ചൈനയിൽ പോയെങ്കിലും വിദ്യ അഭ്യസിക്കണമെന്നും പ്രവാചകൻ ഉപദേശിച്ചിരുന്നു. പേർഷ്യൻ നിഗൂഢവാദിയായ ഹൂജ്ജൂവിരി (1022–77) പറയുന്നതാകട്ടെ മനുഷ്യവിജ്ഞാനത്തിന്റെ ആത്യന്തികലക്ഷ്യം ദൈവത്തെ അറിയുകയും അവന്റെ കല്പനകളെ മനസ്സിലാക്കുകയുമാണെന്നാണ്[5]. അതായത് പരമമായ സത്യസാക്ഷാത്ക്കാരത്തിനു

3. ഫത്ത്ഹാത്തുറം ഉലൂം—പുറം 3
4. അരിസ്സലാ അൽ ലദ്നിയ—പുറം 5
5. കഷ്ഫൽ മജ്ഹൂബ്—പരിഭാഷ
   ആർ. എ. നിക്കൽസൺ—പുറം—13.

വേണ്ടിയുള്ള ധന്യമായ സപര്യയാണ് വിജ്ഞാന സമ്പാദനം.

വിജ്ഞാനസമ്പാദനത്തിൻെറ ഉപാദാനങ്ങൾ മൂന്നായിട്ടാണ് ഇസ്ലാമിൽ വ്യവഹരിച്ചിട്ടുള്ളത്. ആന്തരികാനുഭൂതികളും അനുഭവങ്ങളും പ്രദാനം ചെയ്യുന്ന പ്രചോദനങ്ങൾ; രണ്ടാമത്തേത് പ്രകൃതിയും പ്രാപഞ്ചിക നിഗൂഢതകളും നൽകുന്ന വിജ്ഞാന സമ്പത്ത്; മൂന്നാമത്തേത് ചരിത്രം. ഈ ജ്ഞാനോപാദാനത്രയമാണ് ഐസ്ലാമിക ദർശനങ്ങളുടേയും വിവിധങ്ങളായ ശാസ്ത്ര വിജ്ഞാനത്തിൻേറയും മററു തരത്തിലുള്ള അറിവുകളുടെയും ഉറവിടം.

ജ്ഞാനത്തിൻെറ ആദ്യ ഉറവയായ ആന്തരികോദ്ദീപ്ത പ്രചോദനങ്ങളുടെ വികാസപരിണാമങ്ങളാണ് ഇസ്ലാമിക തത്വശാസ്ത്രങ്ങൾക്കും ദർശനങ്ങൾക്കും വഴി തെളിയിച്ചത്. അവിരാമമായ അന്വേഷണവും, ധന്യമായ സപര്യയും, ചിന്താദീപ്തങ്ങളായ ധ്യാനവും ഈ ശാഖയുടെ വളർച്ചയ്ക്ക് നിദാനമായി. ലോകത്തെ ഒന്നായി കാണുവാനും മനുഷ്യസമൂഹത്തെ ഒററ കുടുംബമായി ദർശിക്കുവാനും ഈ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന സർവശക്തനായ അല്ലാഹുവെ പരമസത്യമായി കാണുവാനും ഇത് സഹായിച്ചു. യുക്തിസഹവും ചിന്താദ്യോതകവുമായ പല ദാർശനിക വിഭാഗങ്ങൾക്കും അതു ജന്മം നൽകി. ഇവയിൽപെട്ട മഹാന്മാരായ ദാർശനികൻമാരുടെ കൂട്ടത്തിൽ ഇബ്നിൻയഹിയാ, ഇബ്നിത്തുഫയിൽ, ഇബ്നിന് റഷീദ്, അൽഗ

സാലി, ഇബ്നു് അറബി, ഇബ്നു്ഖൽദൂൺ എന്നീ ജ്ഞാനധനരെ അനുസ്മരിക്കുക മാത്രമേ ഇവിടെ കരണീയമായുള്ളു. യവനതാത്വിക പ്രതിഭകളെപ്പോലും വെല്ലുവിളിക്കുകയും ജയിക്കുകയും ചെയ്തിട്ടുള്ള ഈ ജ്ഞാനവൃദ്ധൻമാർ എക്കാലവും ദാർശനിക ലോകത്തിലെ അത്ഭുത പ്രതിഭാസങ്ങളാം തന്നെയായിരിക്കും. ഭൗതികവും വൃത്തം കോണാണെന്നു് വാദിക്കുന്ന യുക്തിവാദത്തിൻെറ വക്രതയും കൊടുമ്പിരി കൊണ്ടു് ആദ്ധ്യാത്മിക ചിന്താമണ്ഡലത്തിൽ നിന്നും ജനത വഴി തെററിയ സന്ദർഭത്തിലാണു് ക്യാൻണ്ടു് തൻെറ ആത്മീയാധിഷ്ഠിത ഭൗതിക സിദ്ധാന്തവുമായി വന്നതു്. അതേ പ്രക്രിയയാണു് ഇസ്ലാമിക ചിന്താമണ്ഡലത്തിലും അൽഗസാലയും നിർവ്വഹിച്ചതു്. സ്വാതന്ത്ര്യചിന്തയും യുക്തിവാദവും അവയ്ക്കു് നിശ്ചയിച്ച പരിധിക്കപ്പുറത്തേക്കു് കടന്നു് നാസ്തികത്വത്തിൻെറ പടിവാതുക്കൽ മുട്ടുകുത്തി തുടങ്ങിയ അവസരത്തിലാണു് അൽഗസാലി തൻെറ ശക്തമായ ചിന്തയും പ്രൗഢമായ ശബ്ദവും കൊണ്ടു് ഇസ്ലാമിലെ ഈ പ്രവണതയ്ക്കു വിരാമമിട്ടതു്. എന്നാൽ ഇബ്നുറഷീദാകട്ടെ സ്വതന്ത്ര്യചിന്തയ്ക്കും, യുക്തിക്കും ഉള്ള മഹത്തരമായ സ്ഥാനത്തെ സ്ഥാപിക്കുവാൻ യത്നിച്ച മഹാനുമാണു്. നിഗൂഢവാദികളും സൂഫികളും. ആന്തരികപ്രചോദനം കൊണ്ടും ധ്യാനം കൊണ്ടും ദൈവിക സാമീപ്യം കൈവരിച്ചവരത്രേ. പക്ഷെ ഇബ്നു് അറബി, റാബിയ, ഉമർഖയ്യാം തുടങ്ങിയ ദാർശനിക ചൈതന്യങ്ങളാം

വിശ്വദർശനത്തിന്റെയും ഇസ്ളാമിന്റെ സാർവ്വ ലൗകീക സ്വഭാവത്തിന്റെയും നിദർശനങ്ങളായി തന്നെ നിൽക്കുന്നു.

രണ്ടാമതായി ജ്ഞാനത്തിന്റെ ഉത്ഭവ സ്ഥാനമായി കണക്കാക്കുന്നത് പ്രകൃതിയെയും പ്രാപഞ്ചിക നിഗൂഢതകളേയുമാണ്. പ്രപഞ്ചത്തേയും ഇതിലുള്ള സർവ്വ ചരാചരങ്ങളേയും അതിസൂക്ഷ്മമായ നിരീക്ഷണത്തിനും പഠനത്തിനും വിധേയമാക്കുവാനുള്ള അടയാളങ്ങളായിട്ടാണ് ഖുറാൻ വ്യവഹരിക്കുന്നത്. കേൾക്കുക 'നിങ്ങൾ ആകാശത്തേയ്ക്ക് നോക്കുന്നില്ലേ? അവ ഏതു വിധമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സൗരയൂഥങ്ങളെ കാണുന്നില്ലേ. അവയെ എങ്ങിനെ ഇത്രയും ഉയരത്തിൽ നിർത്തിയിരിക്കുന്നു? മഹാമേരുക്കളെ കാണുന്നില്ലേ? എങ്ങിനെ അവയെ തറച്ചു നിർത്തിയിരിക്കുന്നു? പരന്നു വിശാലമായി കിടക്കുന്ന ഈ ഭൂതലത്തെ നീ കാണുന്നില്ലേ! അതെങ്ങിനെ ഇവ്വിധമായി'?[6]. ഇവയെല്ലാം മനുഷ്യനുള്ള അടയാളങ്ങളാണെന്നും അവയുടെ രഹസ്യവും പ്രയോജനവും നിഗൂഢതകളും അറിയുകയും പറയുകയും മനുഷ്യരാശിക്കാകമാനം ഉപയോഗപ്രദമാക്കുകയും ചെയ്യണമെന്ന് ആവർത്തിച്ചാവർത്തിച്ച് ഖുറാൻ പ്രഖ്യാപിക്കുന്നുണ്ട്. നിങ്ങൾ സഞ്ചരിക്കുമ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നില്ലേ. അവ കേൾക്കാത്ത കാതും കാണാത്ത കണ്ണും അന്ധമാണ്. അവിടെ ഹൃദയവും അന്ധകാര നിബി

6. ഖുറാൻ 88.17

ഢമാകുന്നു[7]. ഇങ്ങിനെ പ്രാപഞ്ചിക ചലനങ്ങളേയും ഘടകങ്ങളേയും സൂക്ഷ്മനിരീക്ഷണത്തിനും പഠനത്തിനും വിധേയമാക്കാൻ നിഷ്കർഷിച്ചതിൻെറ ഫലമായിട്ടാണ് ജ്യോതിർ ശാസ്ത്രത്തിലും, ഗണിതത്തിലും, ഊർജ്ജ ശാസ്ത്രത്തിലും, ജൈവശാസ്ത്രത്തിലും, ചികിൽസാശാസ്ത്രത്തിലും മഹത്തരമായ നേട്ടങ്ങൾ ആദ്യകാല മുസ്ളീംകൾക്ക് നേടുവാനൊത്തത്.

ജ്ഞാനത്തിൻെറ ഉപാദാനങ്ങളിൽ മൂന്നാമതായി ഇസ്ളാം കരുതുന്നത് ചരിത്രമാണ്. ചരിത്രത്തിന് 'ദൈവത്തിൻെറ ദിവസങ്ങൾ' എന്നാണ് അർത്ഥം നൽകിയിരിക്കുന്നത്. ആദ്യമേ വിവരിച്ചതുപോലെ പരമകാരുണികനായ ദൈവത്തിൻെറ ദിവസങ്ങളെ വിവരിക്കുവാനൊരുങ്ങുന്ന ചരിത്രകാരൻ അകന്മഷമായ മനസ്സോടുകൂടിയവനും ഇസ്ളാമിക ദർശനങ്ങളുടെ മൂർത്തീഭാവവുമായിരിക്കണം. അവൻെറ ചരിത്രദർശനം പ്രാദേശികമോ, വർഗ്ഗീയമോ അല്ലാത്ത വിശ്വദർശനമാകണം. തൻമൂലം മുസ്ളീംചരിത്രകാരൻ തുടങ്ങുന്നത് തന്നെ പ്രപഞ്ചസൃഷ്ടിയോടുകൂടിയാണ്. ആദാമിൻെറ സൃഷ്ടി തുടങ്ങി ഇബ്രാഹിംനബിയുടെയും അതിനുശേഷമുണ്ടായ പ്രവാചകൻമാരുടേയും അവരുടെ സൻമാർഗ്ഗോപദേശങ്ങളുടേയും വിവരണമായിട്ട് അത് ചരിത്രകാരൻെറ കാലഘട്ടം വരെ നീണ്ടുപോകുന്നു. പ്രവാചകന് മുമ്പുണ്ടായിട്ടുള്ള എല്ലാ ദാർശനികരേയും മതാചാര്യൻമാരേ

7. ഖുറാൻ—22.45

യും, പ്രവാചകൻമാരേയും അവർക്കാധാരമായിരുന്ന ചരിത്രഗ്രന്ഥങ്ങളേയും ബഹുമാനിക്കുകയും അവയിൽ വിശ്വസിക്കുകയും ചെയ്യുകയെന്നത് ഇസ്ലാമിക വിശ്വാസഭാഗമാണ്.

ഒരു ലക്ഷത്തി ഇരുപത്തിനാലായിരം ചിന്തകൻമാരും പ്രവാചകൻമാരും പല കാലങ്ങളിലായും പല സ്ഥലങ്ങളിലായുമുണ്ടായിട്ടുണ്ടെന്ന് വിശ്വസിക്കുന്ന മുസ്ലീമിന്നും അത് ആലേഖനം ചെയ്യുന്ന ചരിത്രകാരനും ഒരിക്കലും ഒരു ദേശത്തേയോ വർഗ്ഗത്തേയോ തള്ളിപ്പറയുവാനൊക്കുകയില്ല. സാർവ്വലൌകിക ദർശനമാണ് ചരിത്രത്തിന്റെ തത്വവിചാരമേഖലയിൽ ഇസ്ലാം പഠിപ്പിക്കുന്നത്.

ചരിത്രം, ഇസ്ലാമിക വിജ്ഞാന സമ്പാദനത്തിന്റെ പ്രധാനോപാധിയായിരുന്നതുകൊണ്ട് മററതൊരു സമൂഹത്തേക്കാളും ചരിത്രസമ്പത്തിനെ സമ്പുഷ്ടമാക്കിയത് മുസ്ലീങ്ങളായിരുന്നു. അറിയാനും അറിയിക്കുവാനുമുള്ള ജിജ്ഞാസ, പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള തൃഷ്ണ വളരെ ഉൽക്കടമായിട്ടു കാണാം. തന്റെ "ഹിസ്റ്ററി ഓഫ് ദി ഈസ്ററ്" എന്ന ഗ്രന്ഥത്തിൽ റോഡ്ജിബൽഫ 12000 ൽ പരം ചരിത്രകാരൻമാർ കൊരിഡോവയിലും ഗ്രാനഡയിലും സ്പെയിനിന്റെ മററു പലഭാഗങ്ങളിലുമായി ജീവിച്ചിരുന്നതായി എണ്ണിയെണ്ണിതന്നെ പറയുന്നുണ്ട്. എ.ഡി. 777 ൽ മരണമടഞ്ഞ അബൂബക്കർ ഇബ്നു ഉമറാണ് ഇവരിൽ ആദ്യത്തെ പ്ര

ധാന ചരിത്രകാരൻ. ഇബ്നിന് ഹയ്യാനും ഇബ്നിന്ഹാക്കിമും,ഇബ്നിന്ഖൽദൂണും ചരിത്രത്തിൽ ചരിത്രം സൃഷ്ടിച്ച വിസ്മയങ്ങളുമത്രെ.അൽ ഹാക്കിംഅവിഇബ്നിന് ഹസം അറബിലോകം കണ്ട തിൽവെച്ച് ഏററവും കൂടുതൽ എഴുതിയിട്ടുള്ള ചരിത്രപണ്ഡിതനാണ്. അദ്ദേഹം 400 വലിയ വാല്യങ്ങൾ എഴുതിയിരുന്നതായി ഇബ്നിന് കലിക്കാനും അൽകഫിഫ്ത്തിയും രേഖപ്പെടുത്തിയിരിക്കുന്നു. കൊരിഡോവയിൽ മാത്രം നാലുലക്ഷത്തിൽപരം അപൂർവ്വ ഗ്രന്ഥങ്ങളുണ്ടായിരുന്നുവെന്നും ചരിത്രകാരൻകൂടിയായ അൽഹാക്കിം ചക്രവർത്തി സംസ്ക്കാരസിരാകേന്ദ്രങ്ങളിലത്രയും തന്റെ ഏജൻണ്ടുമാരെ നിയമിച്ചിരുന്നു, ഗ്രന്ഥശേഖരണങ്ങൾക്കായിട്ടെന്നും നാം വായിക്കുന്നു. അൽബൈരൂണിയും, ഉദുമ്പിയും, അൽഹാക്കിയും, സിയാവുദ്ദീൻബരാണിയുമെല്ലാം അൽപമായിട്ടെങ്കിലും ഇന്ത്യൻ വിദ്യാർത്ഥികളറിയുന്ന ചരിത്രപണ്ഡിതൻമാരാണ്. ഷാനാമയെന്ന ഐതിഹാസിക കാവ്യത്തിന്റെ കർത്താവായ ഫിർദൌസി അതൌമനായ മറെറാരനശ്വരനത്രെ. അതുപോലെതന്നെ ദൈവത്തിന്റെ സൃഷ്ടികളെ കാണുവാനും ദൈവത്തിന്റെ രാജ്യങ്ങളെ ദർശിക്കുവാനും ഇറങ്ങി പുറപ്പെട്ട വിജ്ഞാനദാഹികളായ സഞ്ചാരികൾ മനുഷ്യവിജ്ഞാന ഭണ്ഡാകാരത്തിലേക്ക് ഒത്തിരി മുതൽകൂട്ടു നടത്തിയ പ്രതിഭാധനൻമാരാണ്. സഞ്ചാരികളുടെ കൂട്ടത്തിൽ അൽബക്കിരിയേയും അൽഇദിറീസിയേയും സ്മരിക്കാതെ വയ്യ. അതുപോലെ ഇബ്നിന് ജുബൈയാർ, അബുഹമീദ് മുഹമ്മത് അൽമസിനി, അൽ

ബൈറൂണി എന്നിവരും ഏററവും വിലയുററ സംഭാവനകൾ നൽകിയവരാണ്. കേരള ചരിത്ര സംവിധാനത്തിന് ഉതകുന്ന ഉപാദാനങ്ങൾ നൽകിയിട്ടുള്ള നിരവധി മുസ്ളീംസഞ്ചാരികളുടെ കഥ നമുക്കറിയാം. സുലൈമാനും, മാഹ്വനും, അബ് ദുറസാഖും, ഇബ്നുബത്തൂത്തയുമെല്ലാം ഈ വലിയ പട്ടികയിൽപ്പെട്ട ചിലർമാത്രം. ഇവരുടെയെല്ലാം ലക്ഷ്യം ഖുറാൻ പ്രഖ്യാപിച്ച പ്രാപഞ്ചികരഹസ്യങ്ങളെ കണ്ടെത്തുകയും പ്രകൃതിയെ കീഴടക്കി ഈവക സകല സൗഭാഗ്യങ്ങളും ധാരാളമായി നൽകിയനുഗ്രഹിച്ച ദൈവത്തെ സ്തുതിക്കുകയും സത്യദർശനത്തിന്നു മാർഗ്ഗം സൃഷ്ടിക്കുകയുമായിരുന്നു. ചുരുക്കത്തിൽ സഞ്ചാരികളായാലും, ചരിത്രകാരൻമാരായാലുംശരി. ഇസ്ളാമിക തത്വശാസനകളിലടിയുറച്ച് വിശ്വൈകദർശനം നടത്തുവാൻ നിർബന്ധിതരായിരുന്നു.

ഇന്നിന്റെ അനുഭവങ്ങളെ കഴിഞ്ഞ കാല വിഭൂതികൾകൊണ്ട് മനസ്സിലാക്കുവാൻ ഖുറാൻ ശാസിക്കുന്നുണ്ട്. "ഏതു രാഷ്ട്രത്തിനും അതിന്റെ കൢിപ്തമായ കാലപരിധിയുണ്ട്." [8]. എന്ന ഖുറാൻ പ്രവചനം ഒരു പൊതു തത്വപ്രഖ്യാപനമാണെങ്കിലും ചരിത്രം എങ്ങിനെ സംവിധാനംചെയ്യണം? ചരിത്ര ദർശനമെന്ത്? ധാരകളേവ? എന്നൊക്കെയുള്ള കാര്യങ്ങൾകൂടി പ്രഖ്യാപിക്കുവാൻ മറന്നിട്ടില്ല. ലോകം ഇതുവരെ കണ്ടതിൽവെച്ച് അഗ്രഗണ്യനായ ചരിത്രശാസ്ത്രകാരൻ ഇബ്നിന് ഖൽദൂനാണെന്ന് എല്ലാവരുംൻമാരും ഏകോപിതമായഭിപ്രായപ്പെട്ടിട്ടുണ്ട

8 ഖുറാൻ 7;32

ല്ലോ. അദ്ദേഹത്തിന്റെ "മുഖ്ഖദ്ദിമ" — ചരിത്രത്തിന്നുള്ള മുഖവുര—റോസന്താൾ ഇംഗ്ളീഷിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ചരിത്രത്തിന് ഒരു ശാസ്ത്രീയവീക്ഷണം നൽകുവാനും മനുഷ്യന്റെ തുടർച്ചയായ ജീവിതകഥയാണ് ചരിത്രമെന്ന് ഉത്ഘോഷിക്കുവാനും ആദ്യമായി ശ്രമിച്ച ഈ ബുദ്ധിരാക്ഷസൻപോലും ഖുറാന്റെ ദർശനങ്ങൾക്ക് വിധേയമായിട്ടാണ് തന്റെ ബൃഹത് ഗ്രന്ഥങ്ങൾ വിരചിച്ചതും ചരിത്ര ദർശനം നടത്തിയതും. കാലത്തെക്കുറിച്ചുള്ള നിഷ്കൃഷ്ടമായ ദീക്ഷയും, ജീവിതം കാലത്തിന് നിദാനമായി നീങ്ങിക്കൊണ്ടിരിക്കുന്ന തുടർച്ചയാണെന്ന സങ്കൽപവും ഇബ്നിൻഖൽദൂൺ പ്രസ്പഷ്ടമാക്കുന്നുണ്ട്. ജീവിതത്തേയും കാലത്തേയും കുറിച്ച് സുവ്യക്തമായ സങ്കൽപങ്ങളാണ് ഇബ്നുഖൽദൂണിന്റെ ചരിത്രദർശനത്തെ വിശ്വപ്രശസ്തമാക്കിയതും ഫ്ളീൻണ്ടിനെപ്പോലുള്ള മഹാരഥൻമാർ കൂടി വാനോളം പുകഴ്ത്തും വിധം മഹത്തരമാക്കിയതും "പ്ളേറോ, അരിസ്റ്റോട്ടിൽ, സെൻറ് അഗസ്റ്റിൻ എന്നിവരാരും അദ്ദേഹത്തിന്റെ ഗുരുക്കളായിരുന്നില്ല. മററുള്ള ഒരുപേരും അദ്ദേഹത്തിന്റെതിനോടൊപ്പം സ്മരിക്കുവാൻപോലും അർഹവുമല്ല" എന്നാണ് ഫ്ളിൻണ്ട് പ്രകീർത്തിക്കുന്നത്, കാലഗതിയിൽ നിലക്കാതെ പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ചരിത്രമെന്നും അത് തീർത്തും ഉത്തുംഗവും ചലനാത്മകവുമായ പ്രസ്ഥാനമാണെന്നുമുള്ള ഇബ്നിന് ഖൽദൂണിന്റെ ദർശനം അതിമഹത്തരവും എന്നും പ്രചോദനദായകവുമായിരി

ക്കും. ക്യാൻററിനേയോ, ആഗസ്ററിനേയോ, സ്പെൻഗ്ളറേയോ, മാർക്സിനേയോ പിൻതുടരാതെ ഇബ്നിൻഖൽദൂണിൻെറ ആദ്ധ്യാത്മിക ദർശനത്തെ പിൻപററുവാൻ ഈ നൂററാണ്ടിലെ ഏററവും ശ്രദ്ധേയനായ ടോയൻബിയെ നിർബന്ധിതനാക്കിയത് ഇബ്നിൻഖൽദൂണിൻെറ ചരിത്രദർശനത്തിൻെറ മഹാത്മ്യമാണ്.

ഏത് ചരിത്രവും ഏത് റിപ്പോർട്ടും അതേപടി സ്വീകരിക്കരുതെന്ന് ഖുറാൻ താക്കീത് ചെയ്യുന്നുണ്ട്. ചരിത്രവിമർശനത്തിനും സംവിധാനത്തിനും കൃത്യനിഷ്ഠ, സത്യസന്ധത എന്നിവ പരിപാലിക്കേണ്ടതിനെ ഊന്നിപറയുകയാണിവിടെ. ചരിത്രം ശാസ്ത്രീയമായി വളരണമെങ്കിൽ അവശ്യം അനുഷ്ഠിക്കേണ്ടതായ സത്യദീക്ഷ, കൃത്യത, സൂക്ഷ്മ നിരീക്ഷണം എന്നിവ ഈ പ്രഖ്യാപനത്തിൽ നിഗൂഹനം ചെയ്തിരിക്കുന്നു. "അല്ലയോ വിശ്വാസികളെ ഏതെങ്കിലും ചീത്ത മനുഷ്യൻ ഏതെങ്കിലും വാർത്തയുമായിവരുന്നു എങ്കിൽ ഉടൻതന്നെ അതിൻെറ നിജസ്ഥിതി മനസ്സിലാക്കുവാൻ ശ്രമിക്കുക."[9] ഈ ഖുറാൻവാക്യം പിൽകാല ചരിത്രകാരൻമാരെ ആധികാരിക പ്രമാണങ്ങളോടുകൂടിയും സത്യസന്ധമായും ചരിത്രരചന നടത്തുവാൻ പ്രേരിപ്പിച്ചു. ഒരു വസ്തുതയെ കുറിച്ചുള്ള വിവരണം എത്രമാത്രം മററുള്ള ഉപാദാനങ്ങളുമായി ഒത്തുപോകുന്നു എന്നു നോക്കിവേണം അംഗീകരിക്കുവാൻ എന്ന ആധുനിക വീക്ഷണം ഇസ്ലാമിക ചരിത്ര ദർശനത്തിൻെറ ആരംഭശൈലിയാണ്. ഇതിൽക്കൂടി ചരിത്രബോധ

9 ഖുറാൻ 49 : 6

നവും സംവേദനവും ശീലിച്ച മസൂദിയും, അൽ ബൈരൂണിയും, ഇസ്ഹാക്കും, തബാരിയും സർവോപരി ഇബ്നിന് ഖൽദൂണും ചരിത്ര ദാർശനികമണ്ഡലത്തിലെ അതികായരായ പ്രതിനിധനരാണ്.

ഇസ്ലാമിക സ്ഥാപനങ്ങളും ഗവർമ്മേണ്ടുകളും മററെല്ലാ വ്യാപാര മണ്ഡലങ്ങളും പ്രവർത്തനക്ഷമമായി പരിലസിച്ചത് എപ്പോഴൊക്കെ ഇസ്ലാമിക ദർശനത്തിൻെറ വെളിച്ചത്തിൽ പ്രവർത്തിച്ചിരുന്നുവോ അപ്പോൾ മാത്രമാണ്. ഇസ്ലാമിക ചരിത്രദർശനത്തിൻെറ കാതലായ അംശവും ആദ്യമേ പറഞ്ഞതുപോലെ ഇസ്ലാമിക സിദ്ധാന്തങ്ങൾ തന്നെയാണ്. അത് പ്രാപഞ്ചിക നിഗൂഢതകളെ പരുതി, സൗരയൂഥങ്ങളെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കി. അത് അതുവരെ അജ്ഞാതമായിരുന്ന രാജ്യങ്ങളെയും ജനങ്ങളെയും കണ്ടെത്തി. അത് അതുവരെ നിശ്ചയമില്ലാതിരുന്ന മാനുഷികതക്ക് ആരംഭം കുറിച്ചു. അത് കീഴടക്കപ്പെട്ട ജനതക്ക് തുല്യത നൽകുകയും സാഹോദര്യത്തിൽ വർത്തിക്കുകയും ചെയ്തു. അത് സാർവ്വ ലൌകികവും സാർവ്വജനീനവുമായ ദർശനത്തിന് ചരിത്രപരമായ തപാത്തികാടിത്തറ ഇടുകയും ചെയ്തു. അങ്ങിനെ ഇസ്ലാമിക വിശ്വാസത്തിൻെറ അവിഭാജ്യഘടകമായ വിശ്വൈകദർശനവും സത്യദീക്ഷയുമാണ് ചരിത്രസംവേദനത്തിൽ മുസ്ലീംകൾക്ക് എക്കാലവും നിദാനമായി നിന്നിട്ടുള്ളത്.

അദ്ധ്യായം ആറ്

# ചരിത്രഗവേഷണത്തിൽ മതത്തിൻെറ സ്വാധീനം

സത്യം എത്ര തന്നെ വളച്ചൊടിച്ചാലും വികലമോ വികൃതമോ ആക്കപ്പെട്ടാലും, സത്യമായിത്തന്നെ അവശേഷിക്കുന്നു. ചരിത്രവസ്തുതകളുടെ സ്ഥിതിയും ഇതു തന്നെ. ചരിത്രസത്യങ്ങൾ എക്കാലവും മാററം കൂടാതെ നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളാണ്. എന്നാൽ അവയെ വ്യവഹരിക്കുന്ന രീതിക്കും. വ്യാഖ്യാനിക്കുന്ന സമ്പ്രദായത്തിന്നും വ്യക്തികളുടെ നിരീക്ഷണ വ്യത്യാസത്തിൻെറ അടിസ്ഥാനത്തിൽ വിഭിന്നങ്ങളായ രൂപഭാവങ്ങൾ കൈവരാറുണ്ടെന്നു മാത്രം. യഥാർത്ഥമായ ചരിത്രസത്യത്തെ കണ്ടെത്തുവാനുള്ള നിലയ്ക്കാത്ത പ്രയാണമാണ് ജിജ്ഞാസുവായ ഗവേഷകൻേറത്. ഏതു തരം ഗവേഷണവും സത്യാന്വേഷണമായിത്തീരുന്നത് ഇതുകൊണ്ടു തന്നെയാണ്. അന്യൂനമായ സത്യസാക്ഷാൽക്കാരത്തിന്നു വേണ്ടിയുള്ള നിരന്തരമായ യജ്ഞത്തിൻെറ ദുർഘടപൂർണ്ണമായ പന്ഥാവാണ് ഗവേഷണം. അതു ഒരു മാർഗ്ഗമാണ്—അന്വേഷണത്തിൻെറയും ഒടുങ്ങാത്ത ജിജ്ഞാസയുടേയും മാർഗ്ഗം. അതിലൂടെ ചരിക്കുന്ന ഉപാസകന് കല്ലും മുള്ളും മാററി, കാടും പടലയും വെട്ടി,

കുണ്ടും കുഴിയും താണ്ടി, കുന്നും മലയും കയറി തന്റെ ലക്ഷ്യത്തിലെത്താൻ ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടതായുണ്ട്. ദുഷ്ക്കരമായ ഈ മാർഗ്ഗത്തിൽ കൂടിപ്രയാണം ചെയ്യുന്ന ഗവേഷകന് ദുർഘടമായ തന്റെ പന്ഥാവ് സാവകാശം മുന്നോട്ടു പോകുവാൻ പററുംവിധമെങ്കിലും ശരിയാക്കേണ്ടതായി വരും.

ചരിത്രഗവേഷകൻ തന്റെ വഴി വെട്ടിത്തെളിയിച്ച് മുന്നോട്ടു പോകുവാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളും ഉപാധികളും എന്തൊക്കെയാണ്? അവിടെയാണ് കൂമ്പാരം കൂടിക്കിടക്കുന്നതും പേടിപ്പെടുത്തുന്നതുമായ ചരിത്രത്തിന്റെ അസംസ്കൃതപദാർത്ഥങ്ങളുമായി അയാൾ കണ്ടു മുട്ടുന്നത്. കല്ലിലും മണ്ണിലും ഒളിച്ചു കിടക്കുന്ന വിലപ്പെട്ട തങ്കക്കട്ടികൾ പോലെ തന്റെ മുമ്പിൽ ഭയപ്പാടുണ്ടാക്കുംവിധം കുമിഞ്ഞുകൂടിക്കിടക്കുന്ന ചരിത്രധാതുക്കളിൽ നിന്നും കതിരും പതിരും തരം തിരിച്ചു യഥാർത്ഥങ്ങളായവയെ തേടിപ്പിടിക്കുക ശ്രമകരമായ ജോലിയാണ്. അതിന് സഹായകമാകണമെങ്കിൽ ശാസ്ത്രീയമായ വിശകലന നിരീക്ഷണപാടവങ്ങൾ കൂടിയേ തീരൂ. മൂലരേഖകളേയും സമകാലികപ്രമാണങ്ങളേയും ഒക്കെ പരിശോധിക്കുമ്പോഴും ശാസ്ത്രീയവീക്ഷണത്തിന്റെ അഭാവം ഗവേഷകനെ വഴി തെററിച്ചുവെന്നു വരും. അപ്പോൾ താനുപയോഗിക്കുന്നതും തന്റെ കൈവശം വന്നു ചേരുന്നതുമായ ചരിത്രവിഭവങ്ങൾ ഏതു വിധേന ഉപയോഗപ്പെടുത്തണമെന്നു പരിചയ സമ്പന്നനായ ഗവേഷ

കൻ തന്റെ തിരുത്തിയേ പററൂ. ചരിത്രാന്വേഷിയായ ഗവേഷകന് എല്ലാത്തരം രേഖകളും, അടിസ്ഥാന പ്രമാണങ്ങളും പരിശോധിക്കേണ്ടതായി വരും. ഒന്നും നിരീക്ഷണവിധേയമാക്കാതെ തിരസ്കരിക്കുവാൻ അയാൾ മുതിരരുത്—ഏതു തരം തെളിവാണെങ്കിലും, അത് എത്ര തന്നെ വികൃതമോ വികലമോ ആണെങ്കിലും ശരി, പരിശോധിച്ച ശേഷം തള്ളേണ്ടതു തള്ളുകയും, കൊള്ളേണ്ടതു കൊള്ളുകയും ചെയ്യുന്നതിലാണ് ഗവേഷകന്റെ വിജയം.

ചരിത്രപഠനത്തിനൊരുമ്പെടുമ്പോൾ ഒട്ടും അപ്രധാനമല്ലാത്ത ചരിത്രധാരകളായി കരുതാവുന്ന വിഭാഗമാണ് മതസാഹിത്യം. ചരിത്രഗവേഷണത്തിൽ മതത്തിന്റെ സ്വാധീനം എത്രയെന്നത് മറെറാരു കാര്യം. പക്ഷേ മതങ്ങളുടേതായ സംഭാവനകൾ ചരിത്ര രചനക്ക് ഉപയോഗപ്പെടുത്താവുന്ന ഉപാധികളാണെന്ന കാര്യം വിസ്മരിക്കരുത്. നമ്മുടെ പ്രാക്തന സംസ്ക്കാരത്തിന്റെ പ്രാമാണിക കാലഘട്ടങ്ങൾ മുഴുക്കെ മതങ്ങളുടെ സ്വാധീനതയിൽ മാത്രം കഴിഞ്ഞുകൂടിയതായിരുന്നു. മതങ്ങളുടെ പ്രചാരണത്തിനു വേണ്ടി രചിക്കപ്പെട്ട ഗ്രന്ഥങ്ങളത്രയും അക്കാലങ്ങളിലെ മനുഷ്യസമൂഹത്തിന്റെ വിചാരവികാരങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അക്കാരണം കൊണ്ടു തന്നെയാണ് മതഗ്രന്ഥങ്ങളും സാഹിത്യങ്ങളും അതാതു കാലത്തെ ചരിത്രരചനക്ക് അനിവാര്യമായും പ്രയോജനപ്പെടുത്തേണ്ടതായ അവലംബങ്ങളായ പ്രമാണങ്ങളായവശേഷിക്കുന്നതു.

രാമായണ മഹാഭാരതങ്ങളും, ഋഗ്വേദാദി വേദഗ്രന്ഥങ്ങളും ഭാരതത്തിന്റെ പൗരാണിക സംസ്കാരനിദർശനങ്ങളായി ഗണിക്കപ്പെടുന്ന കാര്യം ഏതു ചരിത്ര വിദ്യാർത്ഥിക്കും അറിവുള്ളതാണല്ലോ. വേദകാലമെന്നും പുരാണകാലമെന്നും ഒക്കെ ഇന്ത്യാചരിത്രത്തിന്റെ ആദ്യ ദശകളെ വേർതിരിച്ചിരിക്കുന്നതു അക്കാലത്തെ കാര്യങ്ങളെക്കുറിച്ച് അറിയാനുള്ള ഏക അവലംബം മേൽ പറഞ്ഞ വേദേതിഹാസങ്ങൾ ആണെന്നുള്ളതുകൊണ്ടാണല്ലോ. സൈന്ധവസംസ്കാരത്തിന്റെ നശീകരണത്തെപ്പററിയും മററും ഋഗ്വേദത്തിൽ നടത്തിയിട്ടുള്ള പരാമർശം സ്ററുവർട്ട് പിഗട്ടും, ധർമ്മാനന്ദ കോസാമ്പിയും എല്ലാം സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതാണ്. ഇതേമാതിരി തന്നെയാണ് യവന സംസ്ക്കാരത്തിന്റെ ആദിമഘട്ടങ്ങളെപ്പററി ഇലിയഡും, ഓഡിസിയും നൽകുന്ന വിവരങ്ങൾ. ബൈബിളും ഖുറാനും തീർത്തും മതഗ്രന്ഥങ്ങളായി മാത്രമാണ് ഗണിക്കപ്പെട്ടുപോരുന്നതെങ്കിലും അവയിൽ നിഗൂഹനം ചെയ്യപ്പെട്ടിട്ടുള്ള ചരിത്ര വസ്തുതകൾ സുലഭമത്രെ. ഇന്നും ഈ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ ഗവേഷണം നടത്തുകയും പുരാവസ്തു ഉത്ഖനനങ്ങൾ നിർവഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അക്ഷീണരായ ഗവേഷകരെക്കുറിച്ചും നാം അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഒരു കാലത്തു മനുഷ്യന്റെ എല്ലാമായിരുന്ന മതങ്ങളും അവയുടെ പ്രാമാണികഗ്രന്ഥങ്ങളും അതാത് കാലഘട്ടങ്ങളിലെ സമൂഹത്തിന്റെയും മാനവിക സംസ്കാരത്തിന്റെയും ഉരകല്ലാണ്. അങ്ങനെ മത

ഗ്രന്ഥങ്ങളും സാഹിത്യങ്ങളും മാനവിക വിജ്ഞാനത്തിന്റെ മുതൽകൂട്ടാണെന്നു മാത്രമല്ല ചരിത്രരചനക്ക് ഏററവും പ്രയോജനകരമായ അടിസ്ഥാന രേഖകൾ കൂടിയാണ്.

എന്നാൽ ചരിത്ര ഗവേഷണത്തിൽ മതങ്ങളുടെ സ്വാധീനത എപ്പോഴും ദുർഘടം സൃഷ്ടിക്കുന്നതായിട്ടാണ് ഇതുവരെയുള്ള അനുഭവപാഠം തെളിയിക്കുന്നത്. മത പ്രചാരണാർത്ഥം പല നാടുകളിൽ സഞ്ചരിച്ചിരുന്ന മിഷണറിമാരും മത പ്രചാരകരും പല നാടുകളേയും ജനങ്ങളേയും പററി പലപ്പോഴായി ധാരാളം എഴുതിയിട്ടുണ്ട്. ഇവയിൽ പലതും വിലപ്പെട്ട ചരിത്ര രേഖാ പ്രമാണങ്ങളായി കരുതിപ്പോരുന്നവയുമാണ്. എന്നാൽ അവയെ നിഷ്കൃഷ്ടമായ നിരൂപണത്തിനു വിധേയമാക്കാതെ അതേപടി ആധികാരിക പ്രമാണങ്ങളായി കണ്ണും പൂട്ടി സ്വീകരിച്ചാൽ ചരിത്ര ഗവേഷണരംഗത്തുണ്ടാകാവുന്ന പാകപ്പിഴകൾ ഒട്ടൊന്നുമായിരിക്കുകയില്ല. തങ്ങളുടെ ദൌത്യം പരാജയപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിൽ മതം മാറാൻ മടിച്ചിട്ടുള്ള ഭരണാധിപൻമാരേയും ജനങ്ങളെയും വെറും അപരിഷ്കൃതരും കാടരുമായിട്ടായിരിക്കും ഇത്തരം ഗ്രന്ഥങ്ങളിൽ വ്യവഹരിച്ചിരിക്കുക. ആ നാടുകളിലെ ജീവിതക്രമങ്ങളും ജനതതിയുടെ പെരുമാററ ചട്ടങ്ങളും ആഹാര നീഹാരാദികൾ പോലും ഇവരുടെ അപഹാസങ്ങൾക്കും ആക്ഷേപശരങ്ങൾക്കും വിധേയമായിട്ടുള്ളതായി കാണാം. സ്വന്തം മതങ്ങളുടെയും ആചാരസംഹിതകളുടെയും മേൻമകളെ പ്രകീർത്തിക്കുന്ന ഇ

ത്തരം സാഹിത്യങ്ങൾ മററു മതങ്ങളെയും മതവിശ്വാസികളെയും അപലപിക്കുന്നതായും അന്യമതസ്ഥരുടെ ജീവിതക്രമങ്ങളെയും ആചാരമര്യാദകളേയും താഴ്ത്തിക്കെട്ടാൻ ശ്രമിക്കുന്നതായും കാണാം. ഇത്തരം ചരിത്രരേഖകൾ സൂക്ഷ്മമായ നിരീക്ഷണത്തിന് വിധേയമാക്കിയ ശേഷം വേണം ചരിത്രകാരൻ ഉപയോഗപ്പെടുത്താൻ.

ഇത്തരം സാഹിത്യങ്ങൾ മിഷണറിമാരിൽ നിന്നോ, മതപ്രചാരകൻമാരിൽ നിന്നോ, മാത്രമല്ലാ ഉത്ഭവിച്ചിട്ടുള്ളതെന്ന കാര്യവും വിസ്മരിച്ചുകൂടാ. സ്വയം വിശ്വസിച്ചു പോരുന്ന മതങ്ങൾ കുററമററതാണെന്ന് കരുതിപ്പോന്നിട്ടുള്ള എല്ലാ സാഹിത്യകാരൻമാരും ചരിത്രകാരൻമാരും ഇതേ ദുഷ്കൃത്യംതന്നെ ചെയ്തുപോന്നിട്ടുണ്ട്. ക്രൈസ്തവ-മുസ്ലീം ഭരണാധിപൻമാരുടെ രാജസദസ്സിൽ അംഗങ്ങളായിരുന്ന ചരിത്രകാരൻമാരാരും തന്നെ ഈ പറഞ്ഞതിന് ഒരു അപവാദമായ അവശേഷിക്കുന്നില്ല. ഇന്ത്യയിലും പൗരാണിക കാലഘട്ടം മുതൽ ഈ സ്ഥിതിവിശേഷം നിലവിലിരുന്നതായി നാം കണ്ടുപോരുന്നുണ്ട്. ഇത്തരം ചരിത്രഗ്രന്ഥങ്ങൾ ഗവേഷണത്തിനുപയോഗപ്പെടുത്തുമ്പോൾ എഴുതിയ ഗ്രന്ഥകാരൻെറ മതപരവും വർഗ്ഗീയവുമായ ഇഷ്ടാനിഷ്ടങ്ങൾ എത്രമാത്രം ഇവയിൽ അന്തർലീനമായിട്ടുണ്ടെന്ന കാര്യം വിശകലനം ചെയ്യേണ്ട ചുമതല ഗവേഷകൻേറതാണ്. അതല്ലെങ്കിൽ മൂല ഗ്രന്ഥകാരൻമാരുടെ മത വൈരാഗ്യമോ അസഹിഷ്ണുതയോ ഗവേഷണത്തിൻെറ സുഗമമായ പ്രയാണത്തിൽ

ദുർഘടം സൃഷ്ടിക്കുമെന്നത് പരമാർത്ഥമത്രേ. കൗടില്യനും കൽഹനനും ഹൈന്ദവ രാജകീയ ധർമ്മനീതികളെ പുരസ്കരിച്ച് ഗ്രന്ഥരചനകൾ നടത്തിയിട്ടുള്ളവരാണ്. അതുപോലെ തന്നെ സിയാവുദീൻ ബർണിയും അബുൽഫസലും മദ്ധ്യകാല ഇന്ത്യയിലെ മുസ്ലിം ഭരണാധിപൻമാരുടെ ദൈവദത്തമായ രാജകീയ അവകാശങ്ങൾക്കും അവരുടെ പെരുമാററച്ചട്ടങ്ങൾക്കും നിയമസാധുത്വം നൽകാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഇവരെല്ലാവരും രാജകീയ സ്തുതിപാഠകൻമാരായിരുന്നു എന്നതു കൊണ്ടുതന്നെ രാജകീയ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതം മതങ്ങളുടെ തത്വസംഹിതകൾ വളച്ചൊടിക്കുവാനും ആചക്രവർത്തിമാരെല്ലാം ചെയ്തിട്ടുള്ള ഏതു പ്രവൃത്തിയും മതപ്രചരണത്തിന്റെ ഭാഗമായി ചിത്രീകരിച്ച് അതിന്റെ മറയിൽ ഏതു ദുഷ്കൃത്യങ്ങളും നീതീകരിക്കുവാനും ശ്രമിച്ചിട്ടുള്ളതായി കാണാം. പ്രകടമായ മറെറാരുദാഹരണമാണ് മുഹമ്മദ് ഗസ്നായെ സംബന്ധിച്ച് അദ്ദേഹത്തിന്റെ സമകാലികരായഅൽഉദുബിയും ബൈഹാക്കിയും അൽബയ്റൂണിയും ഒക്കെ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ. മുഹമ്മദ് ഗസ്നാ ഇന്ത്യയിൽ നടത്തിയ ആക്രമങ്ങളെയും പ്രസിദ്ധങ്ങളായ ഇന്ത്യൻ ദേവാലയങ്ങളിൽനിന്നു നടത്തിയ അപഹരണങ്ങളെയും ഒക്കെ തന്നെ മതത്തിന്റെ മറ പിടിച്ചുകൊണ്ട് ന്യായീകരിക്കുവാനാണ് ഈ ചരിത്രകാരൻമാർ ശ്രമിച്ചിട്ടുള്ളത്. മുസ്ലീം ഭരണാധിപൻമാരുടെ മതഭ്രാന്തിന്ന് തെളിവായി ഇത്തരം ഗ്രന്ഥകാരൻമാരുടെ പരാമർശങ്ങളാണ് ആംഗ്ളേയ ചരിത്രകാ

രൻമാർ ഉപയോഗപ്പെടുത്തിയത്. രാജകീയ സ്തതിപാഠകരായ എഴുത്തുകാരുടെ ശൈലിയും മനോഗതിയും മനസ്സിലാക്കാൻ സാധിക്കാഞ്ഞിട്ടല്ല ഇത്തരം നിഗമനങ്ങൾ നടത്തുവാൻ ഇംഗ്ളീഷ് ചരിത്രകാരൻമാർക്കു പ്രേരണയുണ്ടായത്. സ്വന്തം നിലനിൽപിന്നുവേണ്ടി ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കുപ്രസിദ്ധമായ നയം ഇവിടെ അഭംഗുരം നടത്തുവാനുള്ള ആഗ്രഹത്തോടുകൂടി മാത്രമാണ് ഈ വക ചരിത്ര ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്നു കാണാം. അപ്പോൾ മതപ്രചരണാർത്ഥം എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളേക്കാൾ കൂടുതൽ ദ്രോഹം ചില മതങ്ങളുടെ അനുയായികളായ ഭരണാധിപൻമാരുടെ ദുശ്ചെയ്തികളെ ന്യായീകരിക്കുവാനും അവരുടെ പ്രവൃത്തികളെ മതത്തിൻെറ മൂടുപടമിട്ട് പ്രകീർത്തനം ചെയ്യുവാനും നടന്ന ബോധപൂർവ്വമായ ശ്രമങ്ങളാണ് ചെയ്തതെന്നു മനസ്സിലാക്കാം.

ഭരണാധിപൻമാരുടെ ചെയ്തികളെ മതത്തിനനുകൂലമായും പ്രതികൂലമായുമുള്ള പ്രവൃത്തികളായി ചിത്രീകരിച്ചിട്ടുള്ളതുകൊണ്ടാണ് ഇന്ത്യാ ചരിത്രത്തിലാകമാനം വർഗ്ഗീയതയുടെ വിഷലിപ്തമായ വായു തങ്ങിനിൽക്കുന്നത്. ഭരണാധിപൻമാർ ഏതു മതാനുയായികളാണെങ്കിലും ശരി അവരത്രയും ഭരണാധിപൻമാരെന്നു കണക്കാക്കി അവരുടെ പ്രവൃത്തികൾ രാഷ്ട്രീയമായ പ്രത്യേക സാഹചര്യത്തിൽ ചെയ്തവയാണെന്നു പരിഗണിച്ചാൽ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതേയുള്ളു. അതിന്നു പകരം മുസ്ലീം

ഭരണാധിപൻമാരുടെ കാലത്ത് ഏതെങ്കിലും ക്ഷേത്രം തകർക്കപ്പെട്ടിട്ടുണ്ടെങ്കിലോ അക്കാലത്ത് ഏതെങ്കിലും സാമുദായിക കലാപങ്ങൾ നടന്നിട്ടുണ്ടെങ്കിലോ അവയെല്ലാം മതധ്വംസനമായി ചിത്രീകരിക്കുവാനുള്ള പ്രവണതയാണ് നമ്മുടെ ഗവേഷകൻമാരിൽ കൂടുതലായി ഇന്നു കണ്ടുവരുന്നത്. അതുപോലെതന്നെ ഭരണാധിപൻമാരുടെ ചെയ്തികളെല്ലാംതന്നെ മതത്തിന്റെയും വർഗ്ഗീയതയുടെയും പ്രേരണമൂലമുള്ളവയായി ചിത്രീകരിക്കപ്പെടുമ്പോഴാണ് വിഭിന്നങ്ങളായ മതങ്ങളും വിവിധങ്ങളായ വർഗ്ഗങ്ങളുമുള്ള സമൂഹത്തിൽ വർഗ്ഗീയതയുടെ വിഷവായു വമിക്കുന്നതും അത് സംഹാരസ്വരൂപം കൈക്കൊള്ളുന്നതും.

മറേറതൊരു രാജ്യത്തെ ചരിത്രത്തേക്കാളും ഇന്ത്യാചരിത്രരചനയിൽ ഈ കൃത്രിമത്വം ഏറെകടന്നുകൂടിയിട്ടുണ്ട്. ഹൈന്ദവ–മുസ്ലീം സമുദായങ്ങളെ തമ്മിലകററുവാനും അവരിൽ പകയും വിദ്വേഷവും പരത്തുവാനുംവേണ്ടി മനഃപൂർവ്വം പടച്ചുവിട്ട നൈപുണിയാണ് ഇന്നും നിലനിൽക്കുന്നത്. ഇന്ത്യാചരിത്രം ക്രോഡീകരിച്ചതും ഒരു പാഠ്യവിഷയമായി ഇന്ത്യയിൽ നടപ്പാക്കിയതും ഇംഗ്ളീഷുകാരാണെന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. എന്നാൽ ഇന്ത്യാചരിത്രരചനയിൽ അവർ നടത്തിയ വൈദഗ്ധ്യപൂർണ്ണമയ കൃത്രിമത്വം ആദ്യകാലങ്ങളിൽ അത്ര ഗൗനിക്കപ്പെട്ടിട്ടില്ല. സ്വന്തം ഭരണകൂടം നിലനിർത്താനും ഹൈന്ദവ–മുസ്ലിം സമുദായങ്ങളെ തമ്മിലടിപ്പിച്ചു

കലങ്ങിയ വെള്ളത്തിൽ സുഗമമായി മൽസ്യം പിടിക്കുവാനുള്ള ശ്രമമായിരുന്നു ഇംഗ്ളീഷ് ഭരണാധിപൻമാർ ഇന്ത്യയിൽ നടത്തിയിരുന്നതെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്ന പരമാർത്ഥമാണ്. എങ്കിൽകൂടിയും അവർ മനഃപൂർവ്വം നടത്തിയ വികലങ്ങളായ ചരിത്രസൃഷ്ടികൾ ഇന്നും തിരുത്തപ്പെടാതെ കിടക്കുന്നു. ഇന്ത്യാ ചരിത്രം തന്നെ ഹൈന്ദവ കാലഘട്ടമെന്നും മുസ്ലിം കാലഘട്ടമെന്നും മതപരമായ അതിർ വരമ്പുകൾ നൽകിയാണ് തരംതിരിച്ചിരിക്കുന്നത്. മുസ്ലിം ഭരണാധികാരികളിൽ നിന്നു അധികാരം പിടിച്ചെടുത്ത ഇംഗ്ളീഷ് ഈസ്ററ് ഇന്ത്യാ കമ്പനിയ്ക്ക് ആദ്യകാലങ്ങളിൽ മുസ്ലിം പ്രഭുക്കൻമാരുടെയോ സാമാന്യജനങ്ങളുടെയോ പിന്തുണ ലഭിച്ചിരുന്നില്ലെന്നുമാത്രമല്ല അവർ അത്രയും ശത്രുതയിലാണ് കഴിഞ്ഞിരുന്നത്. തൻമൂലം കമ്പനിയുടെ ഭരണ നടത്തിപ്പിന്നു ഹൈന്ദവ സഹോദരങ്ങളെ പ്രീണിപ്പിക്കേണ്ടത് അനിവാര്യമായിത്തീർന്നു. അതിൻെറ ഫലമായി മദ്ധ്യകാല ഇന്ത്യാ ചരിത്രത്തിലെ എല്ലാ മുസ്ലിം ഭരണാധിപൻമാരെയും കരിതേച്ചു കാണിക്കുവാനും അവരുടെ എല്ലാ പ്രവൃത്തികളെയും മതത്തിൻെറ ആവരണം നൽകി അവതരിപ്പിക്കുവാനും ഇവർ പ്രേരിതരായി. അങ്ങനെ മതവും വർഗ്ഗവർണ്ണാദികളും ഇന്ത്യാ ചരിത്ര ഗവേഷണത്തിൽ കൂടുതൽ പ്രബലത്തായ സ്ഥാനങ്ങൾ കരസ്ഥമാക്കിയെന്ന ശോചനീയമായ അവസ്ഥ ഇന്ന് ഏവർക്കും അറിയാവുന്നതാണ്. അശോകനെയും അക്ബറെയും, ഔറംഗസീബിനെയും ശിവാജി

നെയും, മുഹമ്മദ് തുഗ്ളക്കിനെയും ടിപ്പു സുൽത്താനെയും, എല്ലാം ഈ ഹ്രസ്വവീക്ഷണമായ വർഗീയ ചിന്താഗതികളിൽ കുടുക്കി പ്രഗൽഭരായ ഭരണാധിപൻമാർ എന്നതിനുപരി മതഭ്രാന്തൻമാരോ മതപ്രചാരകൻമാരോ ആക്കാനാണ് ശ്രമങ്ങൾ മുഴുക്കേ നടന്നത്. ഇതിന്റെ ഫലമായി ഇന്ത്യാചരിത്രപഠനത്തിനൊരുമ്പെടുന്ന ഏതൊരാളും സങ്കുചിതമായ വർഗീയവീക്ഷണത്തിലും ചിന്താഗതിയിലും ചെന്നെത്തുന്നു. നമ്മുടെ ഗവേഷകരാവട്ടെ ആഗ്ളേയകൃത്രിമം മനസ്സിലാക്കിയിട്ടു കൂടി അവർ വച്ച കൂടുകളിൽ നിന്നു പുറത്തു ചാടുവാനുള്ള ശ്രമങ്ങൾ ബോധപൂർവ്വം നടത്തുന്നില്ലെന്നുള്ളതാണ് ഏററവും വലിയ ശോചനീയാവസ്ഥ. ഔറംഗസീബും ടിപ്പുസുൽത്താനും എത്ര അമ്പലങ്ങൾ കൂടുതൽ പൊളിച്ചുവെന്നും എത്രപേരെ കൂടുതൽ മതപരിവർത്തനം ചെയ്യിച്ചുവെന്നും തെളിയിക്കുവാനുള്ള സാഹസശ്രമത്തിലാണ് നമ്മുടെ ഗവേഷകർ. മുസ്ലിം കാലഘട്ടം എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ മാദ്ധ്യമയുഗത്തിൽ ഇവിടെ ഭരണം നടത്തിയിരുന്ന മുസ്ലീം ചക്രവർത്തിമാർ മതഭ്രാന്തൻമാരായിരുന്നു എന്നതിനു തെളിവ് ശേഖരിക്കുകയാണ് ഇന്നു കൂടുതൽ ആളുകളും ചെയ്തുകൊണ്ടിരിക്കുന്നത്. അന്നത്തെ പ്രത്യേക രാഷ്ട്രീയ സാഹചര്യങ്ങളും സാമൂഹിക സ്ഥിതിയും മനസ്സിലാക്കാതെ ഒററയായി ഏതെങ്കിലും ഒരു സംഭവത്തെ പൊക്കിക്കാണിച്ച് ആ കാലത്തെ ആകമാനം കരിതേക്കുവാനുള്ള ശ്രമം ഒരിക്ക

ലും ആശാസ്യമല്ല. ഗവേഷകൻമാർ സ്വന്തം സമുദായത്തിൻെറയും മതത്തിൻെറയും പ്രചാരകരായി തീരുമ്പോഴുള്ള കുഴപ്പമാണിത്. നിർഭാഗ്യമെന്നു പറയട്ടെ. മാറിയ പരിതഃസ്ഥിതിയിൽ പോലും ഇന്ത്യയുടെ സാമുദായികവും വർഗീയവുമായ ചിന്താഗതിക്കു യാതൊരു കുറവും സംഭവിച്ചിട്ടില്ല. അത് വർദ്ധമാനമായി കൊണ്ടിരിക്കുകയാണോ എന്നു കൂടി സംശയിക്കേണ്ടിയിരിക്കുന്നു കേരള ചരിത്രത്തിൻെറ സ്ഥിതിയും മററൊന്നല്ല. പറയുന്ന കാര്യത്തിനേക്കാൾ പറയുന്ന ആളിൻെറപേരും ജാതിയും കണക്കിലെടുത്തു കൊണ്ടാണ് എത്ര ശ്രമകരമായ പണി ചെയ്തതിനു ശേഷമാണെങ്കിൽ കൂടിയും പുറത്തിറക്കുന്ന ഗവേഷണഫലത്തെ വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ മതത്തിൻെറ സ്വാധീനം വളരെയേറെ ഇന്ന് നമ്മുടെ ചരിത്രഗവേഷണ രംഗത്തുണ്ട്. വേണമെങ്കിൽ മതത്തിൻെറയും വർഗീയതയുടെയും ഈ അതിപ്രസരമാണ് ഗവേഷണ ഉപാസനയെ നിശ്ചലമാക്കുന്നത് എന്നു കൂടി പറയേണ്ടിയിരിക്കുന്നു. കേരളത്തിലെ പെരുമാക്കൻമാരിൽ ഒരാൾ മതപരിവർത്തനം ചെയ്തുഎന്നും അറേബ്യയിലേക്ക് പോയ ആ അമ്മാവനെയും കാത്ത് ഇവിടത്തെ പല രാജകുടുംബാംഗങ്ങളും അദ്ദേഹത്തിൻെറ പേരിൽ ഭരണം നടത്തിയിരുന്നു എന്നും ഒക്കെയുള്ള സംഭവങ്ങൾ ഇന്ന് ഏററവും വിമർശന വിധേയമായിട്ടുള്ള കാര്യങ്ങളാണ് കേരളചരിത്രത്തിൽ. എ. ഡി. 852—ൽ കേരളം സന്ദർശിച്ച സുലൈമാൻ എന്ന സഞ്ചാരി ഇവിടെ അറ

ണ്ടി സംസാരിക്കുന്നവരെ കണ്ടുമുട്ടിയില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ടെന്നും തൻമൂലം 852 നു ശേഷമേ ഇസ്ലാം കേരളത്തിൽ പ്രചരിച്ചിട്ടുള്ളുവെന്നും വാദിക്കുന്നവരാണല്ലോ നമ്മൾ. ഈ സുലൈമാന്റെ പേരിൽ ഇറങ്ങിയിട്ടുള്ള സിൽസിലാഹ്ത്തവാരിഖ് എന്ന ഗ്രന്ഥം തന്നെ സുലൈമാന്റേതല്ലെന്നു ഇന്നു ഗവേഷണം മൂലം തെളിഞ്ഞിരിക്കുന്നു. സുലൈമാനു മുമ്പും അതിനുശേഷവും എഴുതിയിട്ടുള്ള അറബി സഞ്ചാരികളുടെ രേഖകൾ ക്രോഡീകരിച്ച ഒരു സമാഹാര ഗ്രന്ഥം മാത്രമാണിത്. അപ്പോൾ ഇത്തരം തെളിവിന്റെ അടിസ്ഥാനത്തിൽ മാത്രം നാം കാര്യങ്ങളെ കാണാൻ ശ്രമിക്കുമ്പോൾ വലിയ അബദ്ധങ്ങൾ പിണഞ്ഞെന്നുവരും. എന്നാൽ ഇതിന്റെയെല്ലാം പിന്നിലുള്ള ചേതോവികാരം മത—വർഗ—വർണ്ണങ്ങളുടേതാണ്. ഒരു ചെറിയ ഉദാഹരണം മാത്രം പറഞ്ഞു എന്നേയുള്ളു. ഇത്തരങ്ങിൽ നൂറു നൂറു ചരിത്രപ്രശ്നങ്ങൾ മതത്തിന്റെയും വർഗീയതയുടെയും പിടിയിൽ അമർന്നു വെളിച്ചം കാണാതെ മൂടപ്പെട്ടു കിടക്കുന്നുണ്ട്.

മതവും ജാതിയും സമുദായവുമെല്ലാം ഈ നാട്ടിലുണ്ട്. അവ അംഗീകരിച്ചുകൊണ്ടു തന്നെ ഇത്തരം വിവിധ വിഭാഗങ്ങളുള്ള ഒരു രാജ്യത്ത് സൗഹാർദ്ദപൂർച്ചയോടും ഒരുമയോടും കൂടി എങ്ങിനെ ജീവിക്കാൻ സാധിക്കുമെന്നു് ചിന്തിക്കേണ്ടതു് അത്യാവശ്യമാണ്. ഓരോ ജാതിയുടെയും സമുദായത്തിന്റെയും മേൻമയെ പൊക്കിക്കാണിക്കാൻ

വേണ്ടി ആ ജാതിയിലും മതത്തിലും പെട്ട ഗവേഷകൻമാർ കൂടി മിനക്കെട്ടിറങ്ങുന്നത് ഈ രാജ്യത്തെ ദേശീയ ഉദ്ഗ്രഥനത്തിനും സാമുദായിക മൈത്രിക്കും വിഘാതമായിരിക്കും. വൈജ്ഞാനികമണ്ഡലത്തിൽ പ്രമുഖസ്ഥാനമുള്ള ഗവേഷണചര്യയിൽ ഇത്തരം സങ്കുചിതമായ വീക്ഷണങ്ങൾ ഒരിക്കലും കടന്നുവരാൻ പാടില്ലാത്തതാണ്. സത്യാന്വേഷിയായ ജിജ്ഞാസു ഒരിക്കലും അവൻെറ മനസ്സും ചിന്തയും പരിമിതമാക്കി നിറുത്തുവാൻ പാടുള്ളതല്ല. ചിന്താമണ്ഡലത്തിൽ കാണുന്ന ഇത്തരം ചീത്ത പ്രവണതകളെ ദേശീയതലത്തിൽ തന്നെ എതിർത്തു തോല്പിക്കണം. അതിൻെറ ഭണ്ഡാരത്തിൽ കള്ളപ്പണം കടന്നുകൂടാൻ അനുവദിച്ചു കൂടി. ദേശീയവും മനുഷ്യസ്നേഹപരവുമായ ചിന്തയും പ്രവൃത്തിയും മാത്രമേ സാമുദായിക ഐക്യത്തേയും ദേശീയദാർഢ്യത്തേയും ഊട്ടിപ്പോററുവാൻ ഉപകരിക്കൂ. ചരിത്രഗവേഷണത്തിലും അതുപോലുള്ള വൈജ്ഞാനിക പ്രവർത്തനങ്ങളിലും മതത്തേയും വർഗീയതയേയും കൂട്ടിക്കുഴക്കുന്നത് ചെയ്യുന്ന പ്രവൃത്തിയോടും ജീവിക്കുന്ന നാടിനോടും കാണിക്കുന്ന ഏററവും വലിയ പാതകമായിരിക്കും. നമ്മുടെ പുത്തൻതലമുറ ഗവേഷണരംഗത്ത്, ഗവേഷണത്തിൻെറ പരമമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുമെന്നു നാം ആശിക്കുകയും ഏന്തു വില കൊടുത്തും അതു നിലനിർത്തണമെന്നു ആഗ്രഹിക്കുകയും ചെയ്യുന്നു. അത്തരം സംരംഭങ്ങൾ എക്കാലത്തും പ്രകീർത്തിക്കപ്പെടും, സംശയമില്ല.

## അധ്യായം ഏഴ്

# ഇൻഡ്യാ ചരിത്രത്തിൻെറ ആംഗ്ളേയഭാഷ്യം

ചരിത്ര സഞ്ചാര സാഹിത്യത്തിൽ ലോക മുസ്ലീംഗളുടെ സംഭാവന അന്യാദൃശ്യമാണല്ലോ. ഇബ്നുഖൽദൂൻ,അൽഫരീദാ, അൽഇദ്രീസി, അൽബൈറൂനി തുടങ്ങിയ പണ്ഡിതൻമാരുടെ അഭൗമമായ ശൃംഖലയിൽ അത്രതന്നെ ഗണ്യനീയ രല്ലെങ്കിലും നുറുകണക്കിനു് ഭൂമിശാസ്ത്ര ജ്ഞൻമാരും ചരിത്ര പണ്ഡിതൻമാരും ലോകസഞ്ചാരികളും വൈജ്ഞാനിക മണ്ഡലത്തെ സമ്പുഷ്ടമാക്കിയവരായുണ്ടു്. ഇൻന്ത്യയിൽ തന്നെ മുസ്ലീം അധിനിവേശത്തിനോടൊപ്പം നിരവധി പണ്ഡിതൻമാരും ചരിത്രകാരൻമാരും എത്തിയിരുന്നു. അൽഉദുബിയും, ബൈഹാക്കിയും, അൽബൈറുണിയും പതിനൊന്നാം നൂററാണ്ടിലെ ഇന്ത്യാ ചരിത്ര സംവിധാനത്തെ സുഗമമാക്കുവാൻ ആശ്രയിക്കപ്പെടുന്ന ആധികാരിക വക്താക്കളാണ്. മുസ്ലീം ഭരണം ഇന്ത്യയിൽ സുസ്ഥാപിതമായ പന്ത്രണ്ടാം നൂററാണ്ടു മുതൽ മുസ്ലീം ആദിപ

ത്യം ഇംഗ്ളീഷ് കമ്പനിക്കു വഴിമാറിക്കൊടുക്കുവാൻ നിർബന്ധിതമായ പതിനെട്ടാം നൂററാണ്ടിൻെറ അവസാനംവരെ ഡൽഹി, ആഗ്ര, ഗോൽക്കൊണ്ട, ബീജാപ്പൂർ, മൈസൂർ, മദ്രാസ്സ് എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കിക്കഴിഞ്ഞിരുന്ന അനേകം പണ്ഡിത ശ്രേഷ്ടൻമാരും ചരിത്രകാരൻമാരുമുണ്ടായിരുന്നു. അവരുടെ പേരെടുത്തു പറയുക എളുപ്പമല്ലാത്തവിധം സുദീർഘമാകയാൽഅതിനു മുതിരുന്നില്ല. എന്നാൽ മദ്ധ്യകാല ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹിക വികസന പ്രക്രിയകളെക്കുറിച്ചു് പ്രാമാണികമായചരിത്ര രചന നടത്തിയിട്ടുള്ളവരാണ് അമീർഖുസ്രുവും സിയാവുദ്ദീൻബറാണിയും, ഫരിഷ്തായും, ഇസാമിയും, അബുൾഫസലും, അബ്ദുൽഖാദർബദൗണിയും, കാഫീഖാനും, കിർമാനിയുമെല്ലാം. അങ്ങനെ ഇന്ത്യയിൽ ആദ്യമായി ഭരണകർത്താക്കളുടെ ദൈനംദിന പ്രവർത്തനങ്ങൾസൂക്ഷിക്കുന്ന സമ്പ്രദായവും ഭരണ കർത്താക്കൾക്ക് മാതൃകാപരമായിത്തീരുന്നതിന്നു വേണ്ടി മുൻകാലങ്ങളിലെ നേട്ടങ്ങളും കോട്ടങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ ചരിത്ര നിർമ്മാണവും പ്രാബല്യത്തിൽ വന്നു.

മുഹമ്മദ് തുഗ്ളക്കിൻെറ കാലത്ത് ഡൽഹിയായിരുന്നു താത്വികവും മതപരവും വൈജ്ഞാനികവുമായ വിവാദങ്ങൾക്കെല്ലാം അവസാന വാക്കു നൽകിയിരുന്ന ലോകത്തിൻെറ സാംസ്ക്കാരിക സിരാകേന്ദ്രം. മഹത്തായ ഈ

പാരമ്പര്യം പിന്നീടുള്ള എല്ലാ ചക്രവർത്തി മാരും രാജവംശങ്ങളും നിലനിർത്തിപ്പോരിക യും ചെയ്തു. അക്ബറുടെ കാലത്തു് പ്ര ത്യേകമായൊരു സാംസ്കാരിക വകുപ്പുതന്നെ അബ്ദുൽഖാദർ ബദൗണി എന്ന മഹാ പണ്ഡിതൻെറ നേതൃത്വത്തിൽ നിലനിർത്തി പോന്നു. ടിപ്പുവിൻെറ പതനത്തിനുശേഷം ശ്രീരംഗപട്ടണത്തിൽ നിന്നും ഇംഗ്ളീഷുകാർ കൈവശപ്പെടുത്തിയ അമൂല്യമായ ഗ്രന്ഥശേഖ രണം ഇന്നും ലണ്ടനിലുള്ള ഇൻന്ത്യാ ഓഫീ സ് ലൈബ്രറിയിൽ കാത്തുസൂക്ഷിക്കപ്പെടു ന്നു. ചരിത്ര രംഗത്ത് മുസ്ലിം ഭരണത്തിൻ കീഴിൽ ഉണ്ടായിട്ടുള്ള നേട്ടം വിലയുററതാണ്.

എന്നാൽ മുസ്ലീം ചരിത്രകാരൻമാർ പൊതു വെ അനുവർത്തിച്ചു പോന്ന നിർമ്മാണശൈലി നമ്മുടെ പൗരാണിക ചരിത്രത്തെ അനാവരണം ചെയ്യുവാൻ സഹായിക്കും വിധം ആകാതെ പോയി എന്നതു് നിർഭാഗ്യകരമാണ്. അവരു ടെ ചരിത്രവീക്ഷണം വിശാലവും വിപുല വുമായിരുന്നു. എങ്കിൽ കൂടിയും ഇൻഡ്യൻ പശ്ചാത്തലത്തിൽ നിന്നുകൊണ്ടായിരുന്നില്ല എന്ന കുറവാണ് പ്രാചീന ഇൻഡ്യയെക്കുറി ച്ചു് കാര്യമായി എഴുതാതിരിക്കാൻ കാരണം. പ്രപഞ്ച സൃഷ്ടി മുതൽ തുടങ്ങി പ്രവാച കൻമാരിലൂടെയും സാംസ്കാരിക കേന്ദ്രങ്ങ ളിലൂടെയും കടന്നു് മുസ്ലീം ആധിപത്യത്തി ൻെറ സമഗ്രമായ വിശദീകരണത്തിലൂടെയാ ണ് അവർ മദ്ധ്യകാല ഇൻഡ്യയുടെ ചരിത്ര

ത്തിലേക്കു് കടന്നതു്. തൻമൂലം മദ്ധ്യകാല ഇൻഡ്യയെക്കുറിച്ചു് ധാരാളം പ്രാമാണിക ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചു എങ്കിലും പന്ത്രണ്ടാം നൂററാണ്ടുവരെയുള്ള ഇൻഡ്യാചരിത്രത്തെ സംബന്ധിച്ചു് ഈ പണ്ഡിതൻമാരൊക്കെയും നിശബ്ദത പാലിക്കുകയാണു ചെയ്തതു്. സമ്പന്നമായ ഒരു ചരിത്ര സാഹിത്യം നമുക്കു് പൂർവികമായി ലഭിച്ചു എങ്കിലും സമഗ്രമായ ഒരു ഇൻഡ്യാ ചരിത്രം സംവിധാനം ചെയ്യുവാനുള്ള ഭാഗ്യം ഇംഗ്ളീഷുകാർക്കാണു ലഭിച്ചതു്.

1840–ൽബോംബെ ഗവർണ്ണറായിരുന്ന എൽഫിൻസ്റേറാൻ ആണ് ആദ്യമായി അതുവരെയുള്ള ഇൻഡ്യാചരിത്രം ക്രോഡീകരിക്കുന്നതു്. അതിനെത്തുടർന്നു് ഇംഗ്ളീഷ് പണ്ഡിതൻമാരുടെ സുദീർഘമായ ഒരു പട്ടികതന്നെയുണ്ടു്, ഈ രംഗത്തു പ്രവർത്തിച്ചവരായി. എന്നാൽ ഇവരുടെ എല്ലാവരുടെയും ഉന്നം പുതുതായി വന്നുചേർന്ന ഈ വലിയ ഉപഭൂഖണ്ഡത്തെ ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ എന്നും നിലനിർത്തത്തക്കവണ്ണം കരുപ്പിടിപ്പിക്കുക എന്നതായിരുന്നു. അതു് വിദഗ്ദ്ധമായി നേടാനൊക്കണമെങ്കിൽ ഇൻഡ്യയിലെ ഏതെങ്കിലുമൊരു വിഭാഗത്തിൻെറ കരുത്തുററ പിന്തുണ ആംഗ്ളേയ പക്ഷത്ത് ലഭിക്കുന്നതു കൊണ്ടു മാത്രമെ സാദ്ധ്യമായിരുന്നുള്ളു. ഈ രാജ്യത്തെ പ്രബലമായ രണ്ടു സമുദായങ്ങളും അവയുടെ ഇടയിൽതന്നെയുള്ള താൽപര്യ സംഘ

[illegible] എന്നു മനസ്സിലാക്കിയ
ഇംഗ്ലീഷ് ഭരണതന്ത്രജ്ഞന്മാർ ഇൻഡ്യൻ സ
മുദായങ്ങളെയും താൽപര്യങ്ങളേയും തമ്മില
ടിപ്പിച്ച് ഒരിക്കലും ഒന്നിക്കാത്ത ഒരു ജന
വിഭാഗമാക്കി മാറ്റുക എന്ന നയം ബുദ്ധി
പൂർവ്വം സ്വീകരിക്കുകയാണുണ്ടായതു്.

ഈ ആംഗ്ലേയനയത്തെ എൽഫിൻ സ്റ്റോൺ
തന്നെ പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. 'ഭിന്നി
പ്പിച്ചു ഭരിക്കുക' എന്നതാണ് ഇംഗ്ലീഷു നയ
മെന്ന്, അതായത് ഇൻഡ്യയിലെ പ്രമുഖ സമുദാ
യങ്ങളായ ഹിന്ദുക്കളേയും മുസ്ലീംകളേയും ഭി
ന്നിപ്പിക്കുക എന്നതിനു പുറമെ വിഭിന്നങ്ങളായ
താല്പര്യസംഘട്ടനങ്ങളിൽ പങ്കുചേർന്ന് എന്നും
സാമുദായികസംഘർഷം നിലനിർത്തുക എന്നതായി
രുന്നു അത്. 1840-ൽ എൽഫിൻസ്റ്റേൺ ഇത
തുറന്നു പ്രഖ്യാപിക്കുന്നതിനു മുമ്പുതന്നെ
1806-ൽ തന്നെ മലബാറിലെ കലക്ടറായിരുന്ന
[illegible] എന്ന ധ്വര തന്റെ മേലധികാരികൾ
ക്ക് അയച്ച റിപ്പോർട്ടിൽ ഇതേ കാര്യംതന്നെ രഹ
സ്യമായി പ്രഖ്യാപിച്ചിട്ടുള്ളതായി കാണാം. അ
ദ്ദേഹം എഴുതി: 'ഇവിടത്തെ മാപ്പിളമാരും നായന്മാ
രും തമ്മിൽ പൂർവ്വീകമായി നിലനിൽക്കുന്ന
വെറുപ്പ് അതേപടി നിലനിർത്തുക എന്നതാണ്
[illegible] ഇവിടെ നടപ്പാക്കുവാൻ പററിയ
നയം' എന്ന്. അങ്ങനെ എവിടെയെല്ലാം താൽപര്യ
സംഘട്ടനങ്ങളും സാമുദായിക സംഘർഷങ്ങളും
നിലനിന്നിരുന്നുവോ അവയെല്ലാം കൂടുതൽ സ്
[illegible]യിൽ എത്തിക്കുവാനുള്ള മാർ

ഗ്ഗങ്ങരം ആരായുക എന്നതായിരുന്നു ബ്രിട്ടീഷ് ലക്ഷ്യം.

ഭരണരംഗത്തായാലും സാംസ്കാരിക മണ്ഡലത്തിലായാലും ശരി ഈ നയം നിരങ്കുശം തുടർന്നുപോന്നതിന്റെ ഫലമായി ഇന്ത്യയിലെ പ്രമുഖ സമുദായങ്ങരം ഭിന്നിക്കുവാനും വെറുപ്പോടും അമർഷത്തോടും കൂടി പരസ്പരം വീക്ഷിക്കുവാനും ഇടവന്നു. കാലാകാലമായി നിലനിന്നിരുന്ന ഐക്യവും സമാധാനവും എന്നെന്നേക്കുമായി ഇവിടെ നിന്ന് അങ്ങനെ വിട പറയുകയും ചെയ്തു.

കമ്പനിയുടെ ആധിപത്യം മുസ്ളീംകളെയാണ് കൂടുതൽ ബാധിച്ചത്, മുസ്ളീം നവാബുമാരിൽ നിന്നും ചക്രവർത്തിമാരിൽ നിന്നുമായിരുന്നല്ലോ അവർ രാഷ്ട്രീയാധികാരം പിടിച്ചു പററിയത്. 1799 ൽ നാലാം മൈസൂർ യുദ്ധത്തിന്റെ അന്ത്യം കുറിച്ചുകൊണ്ട് കമ്പനിപ്പടയുടെ വെട്ടും കുത്തുമേററ് ടിപ്പുസുൽത്താൻ അന്ത്യശ്വാസം വലിച്ചതോടുകൂടിയാണല്ലോ വെല്ലസ്ളി പ്രഭുവിന് ആത്മവിശ്വാസത്തോടുകൂടി കമ്പനിഭരണം സുസ്ഥാപിതമാക്കുവാൻ സാധിച്ചത്. അങ്ങിനെ മുസ്ലീംകളിൽ നിന്നും കമ്പനിയധികാരികളിലേക്ക് ഇൻഡ്യൻ ഭരണസംവിധാനം വഴുതിവീണപ്പോരം പുതിയ ഈ അധീശത്വത്തെ അംഗീകരിക്കുവാൻ ഇൻഡ്യയിലെ മുസ്ലീംകരം ആകമാനം തയ്യാറായില്ലയെന്നത് സ്വാഭാവികമാണല്ലോ. അടിമത്വം അവർക്ക് സ്വീകാര്യമായിരുന്നില്ല. എന്നെങ്കിലും ഒരു ദിവസം

ബ്രിട്ടീഷ് ഭരണത്തെ തൂത്തെറിയുവാൻ കഴിഞ്ഞാൽ മുസ്ലിം ഭരണത്തിന് പുന: പ്രതിഷ്ഠനേടാനാകുമെന്നുള്ള വിചാരത്തോടുകൂടി മുസ്ലിംനേതാക്കൾ ബ്രിട്ടീഷ്ഭരണവുമായി നിസ്സഹകരിക്കുക മാത്രമല്ല അവരോട് സന്ധിയില്ലാത്തസമരമനോഭാവം നിലനിർത്തുകയുമാണ് ചെയ്തത്.

കമ്പനിഭരണം ആരംഭിച്ച 1792-ൽ തന്നെ മലബാറിൽ ഐതിഹാസികമായ ഇംഗ്ലീഷു വിരുദ്ധസമരം തുടങ്ങി. ഇളമ്പുളശ്ശേരി ഉണ്ണിമൂസ്സാമൂപ്പന്റെയും ചെമ്പൻ പോക്കറുടെയും മഞ്ചേരി അത്തൻകുരിക്കളുടെയും സമരങ്ങൾ രൂക്ഷമായ സൈനിക സംഘട്ടനംവരെ എത്തുകയും മലബാറിൽ രംഗപ്രവേശം ചെയ്ത കമ്പനിയധികാരികൾക്ക് സമാധാനത്തോടുകൂടി ഭരണനിർവ്വഹണം നടത്തുവാൻ അസാദ്ധ്യമായിത്തീരുകയും ചെയ്തു. ഇൻഡ്യയിലെ ഇംഗ്ലീഷ് വിരുദ്ധ പ്രക്ഷോഭണങ്ങളിൽ പ്രഥമവും പ്രധാനവുമായതത്രെ ഇത്. വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ ഉയർന്നുകൂടിയ വഹ്ഹാബി പ്രക്ഷോഭണങ്ങളുടെ കാർമേഘങ്ങൾ കണ്ട് പരിഭ്രാന്തരായ ഇംഗ്ലീഷുകാർക്ക് നിരവധി മനുഷ്യാഹൂതികളിൽകൂടി മാത്രമാണ് അവിടെ പിടിച്ചു നിൽക്കുവാൻ സാധിച്ചത്. അങ്ങനെ കമ്പനിയുടെ ഭരണാരംഭംമുതൽ തന്നെ ഇൻഡ്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിമുതൽ തെക്കു മാപ്പിളനാടുവരെ ഈ ഇംഗ്ലീഷുവിരുദ്ധ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരുന്നു. ഇങ്ങനെയൊരു കാരണവശാലും ഇംഗ്ലീഷു

കമ്പനിയുടെ ഭരണത്തിൽ പങ്കാളിയാവുകയോ പട്ടാളത്തിൽ സേവനം അനുഷ്ഠിക്കുകയോ അവർ സ്ഥാപിച്ച വിദ്യാലയങ്ങളിൽ കുട്ടികളെ ചേർക്കുകയോ ചെയ്യരുതെന്ന് സമുദായത്തിലെ ഉലമാക്കളും ഉമറാക്കളും ആഹ്വാനം ചെയ്തുകൊണ്ടേയിരുന്നു.

ഇംഗ്ളീഷുഭരണം അജയ്യശക്തിയായി തീർന്നിട്ടുകൂടിയും സമുദായം അംഗീകരിച്ച ഈ നിലപാടിന് മാററംവന്നില്ല. അതിൻെറ ഫലമായി ഇംഗ്ളീഷുപക്ഷത്തുനിന്നും എല്ലാത്തരം മർദ്ദനങ്ങളും അടിച്ചമർത്തലുകളും മുസ്ലിംകൾക്കു നേരിടേണ്ടതായിവന്നു. ഇംഗ്ളീഷു വിരോധസമരത്തിൻെറ പുളകോൽഗമകാരികളായ എത്രയോ കഥകൾ ഈ കൊച്ചു കേരളത്തിനുതന്നെ പറയുവാനുണ്ട്. നീണ്ടുനിന്ന ദേശീയസമരങ്ങളിൽ ആത്മാഹൂതി ചെയ്യപ്പെട്ടിട്ടുള്ള ആയിരക്കണക്കിന് രക്തസാക്ഷികൾ നമ്മുടെ പൂർവ്വികരുടെ കൂട്ടത്തിലുണ്ട്. സ്വാർത്ഥമോഹം കൂടാതെ ആദർശനിഷ്ഠയോടുകൂടി അധികാരികളുടെ മുമ്പിൽ തലകുനിക്കാത്ത പുളകംകൊള്ളിക്കുന്ന ഒരു വലിയപാരമ്പര്യം അങ്ങനെ നമുക്ക് അഭിമാനപൂർവ്വം അവകാശപ്പെടാമെന്നുള്ളത് വിസ്മരിക്കുകവയ്യ.

ഇവിടെ പറഞ്ഞുവരുന്നത് ഇംഗ്ളീഷുകമ്പനികൾക്ക് മുസ്ലിംകളെ ഒരിക്കലും തങ്ങളുടെ പക്ഷത്തു കൊണ്ടുവരുവാൻ സാധിയ്ക്കുകയില്ലെന്ന് ബോദ്ധ്യമാകുവാൻ ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ചാണ്. അതിൻെറ ഫലമായി തങ്ങ

ളുടെ ഭരണം നിലനിർത്തുവാൻ ഇന്ത്യൻപക്ഷത്തു
നിന്നും ഹൈന്ദവപിന്തുണ മാത്രമായിരുന്നു കര
ണീയമായിരുന്നത്. ഭൂരിപക്ഷ സമുദായമായ
ഹിന്ദുക്കളെ സർവ്വവിധേനയും പ്രീണിപ്പിക്കു
വാനും അവരെ അഞ്ഞൂറു വർഷത്തിലേറെക്കാലം
അടക്കിഭരിച്ചിരുന്ന മുസ്ലിംകൾക്കു എതിരായ
വർഗ്ഗീയ മനോഭാവം വളർത്തുവാനും എല്ലാ
രംഗങ്ങളിലും ഇംഗ്ളീഷുകാർ ശ്രമിച്ചു. ഇൻഡ്യാ
ചരിത്ര രചനയിലൂടെയാണ് ഈ കൃത്രിമം ഫല
വത്താക്കിയത്. വിദ്യാലയങ്ങളിലും ചരിത്രം
പാഠവിഷയമായതോടുകൂടി ഇവിടെ വർഗ്ഗീയ
മായ ചേരിതിരുവുകളും സാമുദായിക സംഘർ
ഷവും രൂക്ഷമായി.

വേണമെങ്കിൽ ഒരു ഇരുതലനയം എന്നു വി
ശേഷിപ്പിക്കാവുന്ന രീതിയിൽ ഇംഗ്ളീഷ് ചരി
ത്രകാരൻമാരുടെ മനസ്സും മനീഷയും ഏറെ മു
തൽ മുടക്കി രൂപപ്പെടുത്തിയ ചരിത്ര സംവിധാ
നത്തെ ഇങ്ങനെ വ്യവഹരിക്കാം. 1 പ്രാചീന
ഇന്ത്യാചരിത്രം ശോഭനമായ സന്തുഷ്ടിയുടെയും
സമാധാനത്തിൻെറയും കാലയളവായി വിശേഷി
പ്പിക്കപ്പെട്ടു. അക്കാലത്ത് ഭാരതത്തിൽ ഭരണം
നടത്തിയിരുന്ന രാജാക്കന്മാരും ചക്രവർത്തി
മാരും എല്ലാം തന്നെ മാതൃകാ പുരുഷൻമാരായി
ചിത്രീകരിക്കപ്പെട്ടു. നമ്മുടെ സംസ്ക്കാരത്തേ
യും പ്രാചീന കാലഘട്ടത്തെ തന്നെയും ഏററവും
ഉൽകൃഷ്ടമായ ശാന്തിയുടെയും സമാധാനത്തി
ൻെറയും കാലഘട്ടമായി കണക്കാക്കി. അങ്ങനെ
ഇൻഡ്യൻ ജനതക്ക് മുസ്ലീംഭരണാരംഭത്തിനു

മുമ്പ് സമ്പൽ സമൃദ്ധവും സമത്വ സുന്ദരവുമായ ഒരു ഭൂതകാലമാണ് ഉണ്ടായിരുന്നതെന്ന് ഉള്ളതും ഇല്ലാത്തതും കൂടി കൂട്ടിയിണക്കി നമ്മെ പറഞ്ഞു വിശ്വസിപ്പിച്ചു. മുഖസ്തുതി കേൾക്കുന്നത് വിമ്മിഷ്ടമുള്ള കാര്യമല്ലാത്തതുകൊണ്ട് തേനും പാലും ഒഴുകിയിരുന്ന ഭാരതഭൂമി എന്ന് പ്രാചീന ഇൻഡ്യയെപ്പററി പറഞ്ഞുപോന്നു. ഉൽകൃഷ്ടമായ ഒരു ഭൂതത്തിൻെറ പാരമ്പര്യം അവകാശപ്പെടാൻ സാധിക്കുന്നതു് അഭിമാനകരമാണെങ്കിൽ കൂടിയും അതിവിടെ ഇത്രയും നിറപകിട്ടോടുകൂടി വർണ്ണിച്ചത് മററൊരു വൈകൃത വൈരുദ്ധ്യത്തെ വരച്ചു കാട്ടുവാനായിരുന്നു എന്ന കുബുദ്ധി നാം മനസ്സിലാക്കിയില്ല. അതാണ് ഇരുതലനയം എന്ന് ഞാൻ പ്രസ്താവിച്ചത്.

ഇത്രയും സുന്ദരമായ ഒരു നാടിനേയും സമാധാനപൂർവ്വം ജീവിച്ചിരുന്ന ഒരു ജനതയേയും ആണ് മുസ്ലീം ഭരണത്തോടുകൂടി താറുമാറാക്കിയതെന്നതാണ് മദ്ധ്യകാല ചരിത്ര പ്രതിപാദനത്തിൽ അവർ മന:പൂർവ്വം വരച്ചുകാട്ടിയ വൈരുദ്ധ്യം. മുസ്ലീം ചക്രവർത്തിമാർക്കും പ്രഭുക്കൻമാർക്കും ഇവിടെ ഉണ്ടായിരുന്ന അമ്പലങ്ങൾ മുഴുവൻ നശിപ്പിക്കുകയും ജനങ്ങളെയൊക്കെമതപരിവർത്തനം നടത്തുകയും അതിന്നു സമ്മതിക്കാത്തവരെ കൊന്നൊടുക്കുകയും ചെയ്യുക എന്നതു മാത്രമായിരുന്നു ഭരണപ്രവർത്തനങ്ങൾ. അങ്ങിനെ സമാധാനമായി കഴിഞ്ഞിരുന്ന ഒരു ജനതയെ സംഭീതരാക്കുകയും ഐശ്വര്യ സമ്പൂർണ്ണ

മായിരുന്നൊരു നാടിനെ ദരിദ്രമാക്കി നശിപ്പിക്കു കയും ചെയ്യുക എന്നതായിരുന്നു, 12—ാം നൂററാ ണ്ടുമുതൽ 18—ാം നൂററാണ്ടു വരെയുള്ള സുദീർ ഘമായ കാലഘട്ടത്തിൽ ഇവിടെ നടന്നിരുന്നതെ ന്നാണ് ഇംഗ്ളിഷ് ചരിത്രകാരൻമാർ മദ്ധ്യ കാലഘട്ടത്തെക്കുറിച്ച് പ്രചരിപ്പിച്ചത്. അതിനു പോൽബലകമായി അവർ അവലംബിച്ച സങ്കേത ങ്ങൾ വളരെ വിചിത്രമെങ്കിലും നൈപുണ്യ ത്തോടുകൂടി ആയിരുന്നു. ചരിത്രം പഠിക്കുവാൻ തുടങ്ങുന്ന ഇതര സമുദായങ്ങളിലെ വിദ്യാർത്ഥി കൾക്കു ഭയാശങ്കകളും അമർഷവും തോന്നത്തക്ക വിധം വളരെ ക്രൂരമായ മതധ്വംസനത്തിൻെറയും അസഹിഷ്ണതയുടെയും കഥകളാണ് വാർത്തെ ടുത്തിരുന്നത്.. അങ്ങനെ ധന ദുർമ്മോഹി മാത്ര മായിരുന്ന മുഹമ്മദ് ഗസ്നാ ഈ രാജ്യത്തെ പ്രസിദ്ധമായ അമ്പലങ്ങൾ കൊള്ളയടിച്ച് അപ രിമേയമായ സ്വർണ്ണവും വെള്ളിയും ഈ രാജ്യ ത്തു നിന്ന് കടത്തിക്കൊണ്ടു പോയത് മതഭ്രാ ന്ത് കൊണ്ടു മാത്രമായിരുന്നുവെന്ന് ഇംഗ്ളീഷ് ചരിത്രകാരൻമാർ പറഞ്ഞു.

മറേറതൊരു രാജധാനിയിൽ ഉള്ളതിനേക്കാളും ആയിരമോ, പതിനായിരമോ ഇരട്ടി സമ്പത്തു സംഭരിച്ചുവെച്ചിരുന്ന പ്രസിദ്ധമായ അമ്പല ങ്ങൾ കൊള്ളയടിക്കപ്പെട്ടത് ധനദുർമ്മോഹംകൊ ണ്ട് മാത്രമായിരുന്നുവെന്ന് ഇംഗ്ളീഷുകാർ അ [illegible]ിട്ടില്ല. അനാദികാലംമുതൽ കൂട്ടിയിരുന്ന [illegible] കൂമ്പാരങ്ങൾ ഉണ്ടായിരുന്നവയായിരുന്നു [illegible] ചില അമ്പലങ്ങൾ എന്ന് അവർക്ക്

അറിയാഞ്ഞിട്ടില്ല. ധനവാഞ്ഛയോടുകൂടി വരുന്ന കൊള്ളക്കാരന് ധനസംഭരണികഠം എവിടെയായിരുന്നാലും അവയായിരിക്കും ലക്ഷ്യമെന്ന് അറിഞ്ഞുകൂടാഞ്ഞിട്ടുമല്ല. പക്ഷേ ഇവയൊക്കെ അതിൻെറ ശരിയായ അർത്ഥത്തിൽ വിശകലനംചെയ്താൽ മുഹമ്മദ്ഗസ്നായുടെ അമ്പലധ്വംസനങ്ങഠം എന്തും ചെയ്യാൻ മടിയില്ലാത്ത ഒരാക്രമണ കാരിയുടെ വീരപരാക്രമങ്ങഠം മാത്രമായി ഒതുക്കിതീർക്കുവാൻ പററുമായിരുന്നു. പക്ഷെ ഇംഗ്ളീഷുചരിത്രകാരൻെറ കയ്യിൽ ഇത് ഏററവും വലിയ മാരകായുധമായി മാറി. ഇതിനുശേഷം കുറെ കഴിഞ്ഞിട്ടാണെങ്കിലും ഇവിടെ സ്ഥാപിതമായ മുസ്ലിംഭരണത്തിൻെറ മതനയത്തിൻെറ ആമുഖമായി സുൽത്താൻ ഗസ്നായുടെ വീരപരാക്രമങ്ങഠം വിശേഷിപ്പിക്കപ്പെട്ടു. പിന്നെയുള്ള എല്ലാ ചക്രവർത്തിമാരുടെ പേരിലും ഇതേ ആരോപണങ്ങഠം നിരത്തിയപ്പോഠം ഹൈന്ദവ സമുദായത്തിന് അത് അവിശ്വസിക്കേണ്ട കാര്യമുണ്ടായില്ല.

തുടർന്ന് അവർ എഴുതിക്കൂട്ടിയ മതപരിവർത്തനത്തിൻെറയും മതഭ്രാന്തിൻെറയും കള്ളക്കഥകളുടെ സത്യാസത്യ വിവേചനം നടത്തുവാനുള്ള തരയും നാം പ്രദർശിപ്പിച്ചില്ല. വെറും പട്ടാളനികുതി മാത്രമായിരുന്ന 'ജിസ്സിയ' എന്ന നികുതി മുസ്ലീം ഭരണാധികാരികഠം ഹൈന്ദവസഹോദരങ്ങളുടെ മേൽമാത്രം ചുമത്തിയിരുന്ന ഒരു മത നികുതിയായി പ്രചാരണം നടത്തിയപ്പോഴും അതു ചുമത്തിയതു ചിത്രീകരിക്ക

ന്റെ പൂർവ്വികരോട് അരിശം മൂത്തതല്ലാതെ ഇത് മതനികുതി തന്നെയായിരുന്നുവോ അല്ലായിരുന്നുവോ എന്ന് ചികഞ്ഞു നോക്കുവാൻ ആരും ശ്രമിച്ചതുമില്ല. അപ്പോൾ സ്വന്തം പ്രജകളിൽ ഒരു വിഭാഗത്തിന്റെ മേൽമാത്രം മതത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിരുന്ന ചക്രവർത്തിമാരൊക്കെ നിശ്ചയമായും മററുതരത്തിലുള്ള മതധ്വംസനങ്ങളും നടത്തിയിരിക്കുമെന്ന് ആരോപിക്കപ്പെട്ടു. ഇത്തരം കൃത്രിമങ്ങൾ വിദഗ്ദ്ധമായി നമ്മുടെ ബുദ്ധിമണ്ഡലത്തിൽ പ്രചരിച്ചതോടുകൂടി വിദ്യാ സമ്പന്നരായി പുറത്തുവരുന്ന ഹിന്ദുക്കളും മുസ്ലീംകളും കൂടുതൽ സംശയദൃഷ്ട്യാ വീക്ഷിക്കുക മാത്രമല്ല മനസ്സുനിറയെ അമർഷവും പ്രതികാരവും കൊണ്ട് പുകഞ്ഞിരിക്കുകയുമായിരുന്നു. ഇതൊന്നുമറിയാതെ കഴിഞ്ഞുകൂടിയിരുന്ന ഹിന്ദുവും മുസ്ലീമും അവന്റെ യാതനകളും വേദനകളും പേറി പാടങ്ങളിലും പറമ്പുകളിലുമായി കാലയാപനം ചെയ്തുപോന്നു. എന്നാൽ ഇരുസമുദായങ്ങളിലേയും വിദ്യാസമ്പന്നരും ബുദ്ധിജീവികളും പാവപ്പെട്ടകർഷകത്തൊഴിലാളികളെ ചേരിതിരിപ്പിച്ച് സാമുദായിക സംഘർത്തിന്റെ വിരുദ്ധയണികളാക്കി മാററുകയാണ് ചെയ്തത്.

മറെറാരു ഹീനകൃത്യം, മുസ്ലീം ചക്രവർത്തിമാരേയും സമുദായത്തെയും സ്വഭാവഹത്യ നടത്തി വൈകൃതസൃഷ്ടികളായി അവതരിപ്പിക്കുക എന്നതായിരുന്നു. ലോകത്തിലെ മറെറാരു ചക്രവർത്തിയോടൊപ്പവും മേൻമ നേടാൻ ക്കു

മായിരുന്ന ഏററവും മഹാത്മാക്കളായ മുസ്ലീം ചക്രവർത്തിമാരെ ഏതെങ്കിലും തരത്തിലുള്ള സ്വഭാവദൂഷ്യമോ മാനസിക വൈകല്യമോ ആരോപിച്ച് തേജോവധം ചെയ്യുന്ന പ്രവൃത്തി മദ്ധ്യകാലഘട്ടത്തിൽ അവർ ഉടനീളം നടത്തി, 600 സംവൽസരക്കാലം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമായി കിരീടം അണിഞ്ഞിട്ടുള്ള ചക്രവർത്തിമാരിൽ യുഗപ്രഭാവൻമാരായിരുന്ന മുഹമ്മദ് തുഗ്ളക്കും ടിപ്പുസുൽത്താനും ഇംഗ്ളീഷ് ചരിത്ര സംവിധാനത്തിൽ ഏററവും നികൃഷ്ടരായ മതഭ്രാന്തൻമാരോ അധമൻമാരോ ആയിത്തീർന്നു. മററുള്ള ഓരോ പുകഴ്പെററ ചക്രവർത്തിമാരും ഇവരുടെ താറടിക്കലിൽ മങ്ങിപ്പോവുകയും ചെയ്തു.

കൃത്രിമമായി ബോധപൂർവ്വം എഴുതിപ്പിടിപ്പിച്ച ചരിത്രമാണ് മദ്ധ്യകാലഘട്ടത്തിൻേറത്. ഇത് ഈ രാജ്യത്തിൻെറ 600 സംവൽസരക്കാലത്തെ മഹനീയമായ നേട്ടങ്ങളുടെ നേരെയുള്ള വെല്ലുവിളിയാണെന്നും ആ കാലഘട്ടത്തിലെ ഇന്ത്യൻ ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ ചൈതന്യധാരയെ അണകെട്ടിനിറുത്തി നമ്മുടെ സംസ്കാരത്തെ നിശ്ചേതനമാക്കിയ കുതന്ത്രമായിരുന്നുവെന്നും മനസ്സിലാക്കേണ്ടതായുണ്ട്. പ്രാചീന മാദ്ധ്യമകാലഘട്ടങ്ങളെ തന്നെ ഹൈന്ദവകാലഘട്ടമെന്നും മുസ്ലീം കാലഘട്ടമെന്നും തരംതിരിച്ച ഇംഗ്ളീഷ് കുബുദ്ധി നാം മനസ്സിലക്കാതെ പോയതാണ് നമുക്കു പററിയ അമളി. എന്തുകൊണ്ട് ഇംഗ്ളീഷ് കാലഘട്ടത്തെ ക്രൈസ്തവകാലഘട്ടമെന്ന് അവർ വിശേഷി

പ്പിച്ചില്ല. ഹൈന്ദവ മുസ്ലീം ചക്രവർത്തി മാരെപ്പററി പഠിക്കുന്ന വിദ്യാർത്ഥി കാര്യമായി പഠിക്കുന്നത് അവരുടെ മതനയത്തെപ്പററിയാണ്. ഇന്നും പരീക്ഷകരുടെ കയ്യിലെ ഇരുപ്പു ചോദ്യങ്ങളിൽ പ്രധാനമായവയും. എന്നാൽ അബുൽ ഫസൽ പൂക്കോയതങ്ങളെയും അനുയായികളെയും കുട്ടത്തോടെ മലബാറിൽ നിന്നും നാടു കടത്തുകയും മാപ്പിളമാർ പരിപാവനമായി കരുതിയിരുന്ന അനവധി "ശഹീദു"കളുടെ ശവകുടിരങ്ങൾ പൊളിച്ചുമാററുകയും ചെയ്ത കൊണോലി സായ്പ്പിന്നും കൂട്ടർക്കും ഒരുമതനയം ഉണ്ടായിരുന്നില്ലേ? വെല്ലസ്ളിയുടെയോ ഡൽഹൗസിയുടെയോ മതനയം എന്തായിരുന്നുവെന്ന് ആരും പഠിക്കാറില്ല ചുരുക്കത്തിൽ ഇംഗ്ളീഷ് ഭരണാധിപൻമാരെല്ലാം മതത്തിന്നതീതരായിരുന്നുവെന്നും അവർ ഇവിടെ വന്നതുതന്നെ മുസ്ലീം ഭരണാധികാരികളിൽ നിന്നും ഹൈന്ദവസമുദായത്തെ രക്ഷിക്കാൻവേണ്ടി ദൈവത്താൽ അയക്കപ്പെട്ട ദൂതൻമാരെന്നവണ്ണമാണ് ആധുനിക ഇംഗ്ളീഷു ഭരണത്തെപ്പററിയുള്ള പ്രതിപാദ്യം.

ഈ കൃത്രിമങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ചതാണെന്ന് നാം മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ സ്വാതന്ത്ര്യത്തിനുശേഷം ഒരു പുത്തൻ ദേശീയാവേശം നമ്മുടെ നാട്ടിൽ സംജാതമായി. പണ്ഡിററ് ജവഹർലാൽ നെഹ്റു ഈ ദേശീയാവേശത്തെ വിശേഷിപ്പിച്ചത് ഭൂരിപക്ഷ സമുദായത്തിന്റെ വർഗ്ഗീയവാദമെ

ന്നാണ്, ഇംഗ്ളീഷുകാർ നമ്മെപ്പററി പറഞ്ഞ എല്ലാ മുഖസ്തുതിയും അതേപടി നാം സ്വീകരിക്കുകയും അവരെഴുതിയ കള്ളക്കഥകൾ കൂട്ടുതൽ നിറപ്പകിട്ടോടുകൂടി മദ്ധ്യകാലഘട്ടത്തെപ്പററി നാം പ്രചരിപ്പിക്കുകയും ചെയ്തുവെന്നതാണ് ഇവിടെയിന്നും സാമുദായിക സംഘർഷങ്ങളും വിഭാഗീയ ചിന്താഗതികളും നിലനിൽക്കുവാൻ ഹേതു. ഇവിടെ പല മതക്കാരും ജാതിക്കാരും പ്രദേശക്കാരും ഉൾക്കൊള്ളുന്ന വലിയ ഒരു സമൂഹമാണ് ഉള്ളതെന്നും ആ സമുഹം വൈകാരിക ഐക്യത്തോടും സൌഹൃദത്തോടും കഴിയേണ്ടവരാണെന്നും എല്ലാ വിഭാഗത്താലും പെട്ട ബുദ്ധിജീവികൾ മനപൂർവ്വം വിശ്വസിക്കാതെ നിർവ്വാഹമല്ല. നാം ദേശീയ ഉദ്ഗ്രഥനത്തെപ്പററിയും വൈകാരിക ഐക്യത്തെപ്പററിയും ഘോരാഘോരം അട്ടഹസിക്കുമ്പോൾ നമ്മുടെ വൈജ്ഞാനിക രംഗത്തു നടക്കുന്ന ഈ വിഭാഗീയ പ്രവണതകളേയും ഛരിദ്രവാസനകളേയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നുവെന്നതാണ് പരമാർത്ഥം. നമ്മുടെ വിദ്യാഭ്യാസ രംഗത്ത്, ഊറിയുറച്ചു കിടക്കുന്ന സാമുദായിക ഛരിദ്രവാസനകളുടെ വിഷവിത്തുകൾ മുളപൊട്ടാൻ അവസരം നൽകാതെ എന്നന്നേക്കുമായി കുഴിച്ചുമൂടി ശുദ്ധീകരണം ചെയ്യേണ്ട ചുമതല ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വിവേകികൾക്കുണ്ട്.

അതുകൊണ്ട് നമ്മുടെ ചരിത്രകാരൻമാർക്കും സാംസ്കാരിക പ്രവർത്തകർക്കും അവശ്യമായിട്ടുള്ള കാര്യം ചരിത്രത്തിലെ ദേശീയ

വീക്ഷണമാണ് 'കരുണ വീട്ടിൽനിന്നും തുടങ്ങണം,' എന്നു പറയാറുള്ളതുപോലെ വിവിധ മതസ്ഥരും വിവിധ സാംസ്കാരങ്ങളുമുള്ള ഈ രാജ്യത്തെ ദേശീയമായും വൈകാരികമായും ഏകോപിപ്പിക്കുവാൻ സാധിക്കണമെങ്കിൽ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുന്ന വിവേകികളുടെ ഒരു സമൂഹം നമുക്കുണ്ടായേ പററൂ. ആദ്യം കുടുംബവും വീടും നന്നാക്കുകയെന്നു പറയാറുള്ളതുപോലെ ഈ നാടും സമൂഹവും ഒന്നായി കാണുവാനുള്ള ദേശീയമായ ചിന്താഗതിയും മാനസിക സന്നദ്ധതയും നമ്മുടെ ഇളം തലമുറക്കെങ്കിലും ഉണ്ടാകുവാൻ ഉതകുന്ന രീതിയിലുള്ളതായിരിക്കണം നമ്മുടെ ചരിത്രസംവിധാനം. ടോയിൻബിയ്ക്കോ, ഡുറണ്ടിനോ ഒന്നും നേരിടേണ്ടിവന്നിട്ടില്ലാത്ത പ്രശ്നമാണ് ഇന്ത്യൻ ചരിത്രകാരൻേറത്. അവർക്ക് അന്തർദേശീയമായ ചരിത്രവീക്ഷണങ്ങളെപററി സിദ്ധാന്തങ്ങൾ അവതരിപ്പിക്കാൻ പ്രയാസം ഉണ്ടായിരുന്നില്ല. കാരണം അവരുടെ നാട്ടിൽ വിഭിന്ന മതസ്ഥരോ വിവിധ സാംസ്കാരമോ പലതരം ഭാഷകളോ ഒന്നുമില്ലാതിരുന്നതുകൊണ്ട് ഏകവും ദൃഢവുമായ ഒരു രാഷ്ട്രത്തിൻെറ തലവൻമാരെന്ന നിലക്ക് ലോകരാഷ്ട്രങ്ങളുടെ തലയിലെഴുത്ത് പ്രവചിക്കുവാനുള്ള സിദ്ധാന്തങ്ങൾ വിരചിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നു. ഇന്ത്യൻ ചരിത്രകാരന് പ്രഥമവും പ്രധാനവുമായി വേണ്ടത് ഇന്ത്യയെന്ന വിശാലമായ ഉപഭൂഖണ്ഡത്തെ മനസ്സിൽ കാണുവാനും ഇന്ത്യൻ സമൂഹമെന്ന സങ്കര സമൂഹത്തി

ന്റെ വൈരുദ്ധ്യങ്ങളെ മനസ്സിലാക്കുവാനും സാധിക്കുകയെന്നതാണ്. ദേശീയമായ വിഘടന സ്വഭാവമുള്ള ഒന്നും തന്നെ നടത്താതെ ഈ വൈരുദ്ധ്യങ്ങളെ സമഞ്ജസമായി ഒന്നിപ്പിക്കുവാനുള്ള ദേശീയാവേശം സിദ്ധാന്തപരമായിത്തന്നെ എല്ലാ ചരിത്രകാരൻമാരും അംഗീകരിക്കേണ്ടതുണ്ട്. ഇന്ത്യയുടെ നവീന ചരിത്ര സംവിധാനത്തിന്റെ ഈ സിദ്ധാന്തത്തെ ചരിത്രത്തിലെ ദേശീയ വീക്ഷണം എന്ന് ഞാൻ വിളിക്കട്ടെ.

അദ്ധ്യായംഎട്ട്

# മദ്ധ്യകാലഘട്ടം ഇരുളടഞ്ഞതായിരുന്നില്ല

ലോകചരിത്രം എഴുതുന്നവരൊക്കെ തന്നെ പഠനസൗകര്യാർത്ഥം മൂന്നു ഘട്ടങ്ങളായി വിഭജിക്കാറുണ്ട്—പ്രാചീനം, മദ്ധ്യമം, നവീനം ഇങ്ങനെ. ലോക ചരിത്രത്തിൽ മാത്രമല്ല, ഇത്തരം വിഭജനം ദർശിക്കുക. ഏതു രാജ്യത്തിൻെറ ചരിത്രസംവിധാനത്തിലും ഇതു ചെയ്യുക പതിവാണ്. ഒരു രാജ്യത്തിൻെറ രാഷ്ട്രീയമോ, സാമ്പത്തികമോ, അതുമല്ലെങ്കിൽ ആ രാജ്യനിവാസികളോ ഏതെങ്കിലും വിഹാരമണ്ഡലത്തിൽ സാരമായ മാററങ്ങൾ വരുത്തിയ സംഭവങ്ങളോ ആണ് മിക്കവാറും ഒരു കാലഘട്ടത്തിൻെറ അവസാനമായും മറെറാന്നിൻെറ ആരംഭമായും അതിർവരമ്പിടുന്ന അതിർത്തിക്കല്ലുകൾ.

ഇന്ത്യാചരിത്രത്തിലും, കേരള ചരിത്രത്തിൽ തന്നെയും ഈ വേർതിരിക്കലുകൾ കാണാം. ഇവിടെ പ്രസ്താവിക്കുവാൻ പോകുന്നത് ലോക ചരിത്ര വിഭജനത്തിൻെറ പ്രധാന സംഭവങ്ങളും, വിവിധങ്ങളായ ഈ ഓരോ കാലഘട്ടത്തെയും ചരിത്രകാരൻമാർ വിലയിരുത്തിയതിലുള്ള പാകപ്പിഴയേയുമാണ്.

പ്രാചീന കാലഘട്ടത്തിൻെറ അവസാനംകുറിക്കുന്ന അദ്ധ്യായം പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിൻെറ അധഃപതനമായിട്ടാണ് അംഗീകരിച്ചുപോരുന്നത്. അതാകട്ടെ എ. ഡി. 476–ലാണ്. ജർമ്മനിയിൽനിന്നും കടന്നാക്രമിച്ചു കയറിയ ഗോത്ത് എന്ന അപരിഷ്കൃതർ പശ്ചിമ റോമാനാഗരികതയെ തകർത്ത കഥയാണത്. മനുഷ്യമനസ്സിനും, മനുഷ്യർക്കും എത്താവുന്ന ഔന്നത്യത്തിൽ യവനറോമാ സംസ്കാരങ്ങൾ എത്തിച്ചേർന്നിരുന്നു. ദാർശനികവും വൈജ്ഞാനികവുമായ സംസ്കാരിക മേഖലകളിൽ അവർ ആവോളംപൊലിമ പുലർത്തിയിരുന്നു–പടിഞ്ഞാറൻ റോമാസാമ്രജ്യത്തെ അപരിഷ്കൃതരായ ഗോത്ത് വർഗ്ഗക്കാർ തകർത്തില്ലായിരുന്നുവെങ്കിൽ മാനവസംസ്ക്കാരവും നാഗരികതയും അഭംഗുരം പ്രവഹിച്ച് ഉത്തുംഗശൃഗത്തിലെത്തുമായിരുന്നുവെന്നാണ് എല്ലാ ചരിത്രകാരൻമാരുടെയും അഭിപ്രായം. അങ്ങിനെ മനുഷ്യസംസ്കാരത്തിന് പററിയ ഭീമമായ തിരിച്ചടിയെ സൂചിപ്പിക്കുവാനും യവനറോമാനാഗരികതയുടെ യുഗപ്രഭാവം സുസ്ഥിരമാക്കുവാനും വേണ്ടിയാണ്, മാരകമായ ഗോളാക്രമണത്തെയും പശ്ചിമറോമാസാമ്രാജ്യത്തിൻെറ തകർച്ചയേയും പ്രാചീന കാലത്തിൻെറ അന്ത്യമായി ഗവണിച്ചുവരാൻ കാരണം.

അതുപോലെ 1451–ൽ പൂർവ്വ റോമാ സാമ്രാജ്യത്തിൻെറ അധഃപതനത്തെ സൂചിപ്പിക്കുകയാണ് മദ്ധ്യകാലഘട്ടത്തിൻെറ അവസാനം. കോ

ൻസ്ററാണ്ടിനോപ്പിൾ ടർക്കികൾ കീഴടക്കിയ സംഭവത്തെ പുരസ്ക്കരിച്ച് അവിടംമുതലാണ് ആധുനിക ദശ ആരംഭിക്കുന്നതെന്നും പ്രസ്താവിച്ചുകാണുന്നു. ഇതിലൊന്നും ആർക്കും പരാതിയില്ല. പക്ഷെ താർക്കികമായി തോന്നുന്ന സംഗതി ഇതാണ്. എ. ഡി. 476 മുതൽ 1451 വരെയായി കണക്കാക്കിപ്പോരുന്ന മദ്ധ്യയുഗത്തെ എല്ലാ ചരിത്രകാരൻമാരും വിശേഷിപ്പിച്ചുപോരുന്നത് "ഇരുളടഞ്ഞ കാലം" (Dark Age) എന്നാണ്. നീക്കുപോക്കില്ലാത്തവണ്ണം ഈ സംജ്ഞ തന്നെയാണ് എല്ലാ ചരിത്രകാരൻമാരും കൊടുത്തുകാണുന്നത്. ഇതു പിന്നീടുള്ള എല്ലാ എഴുത്തുകാരും ആവർത്തിക്കുകയും ചെയ്യുന്നു. ആധുനികരിൽ ഒരാൾപോലും ഇതിനെ മറെറാരുതരത്തിൽ വിശേഷിപ്പിച്ചതായി കാണുന്നില്ല. അനാദികാലമായി ആവർത്തിച്ചുപോരുന്ന ഈ വിശേഷണത്തിൻെറ അനൗചിത്യത്തിലേക്കു വിരൽചൂണ്ടുകയാണ് ഞാനിവിടെ ചെയ്യുന്നത്.

എന്തുകൊണ്ടാണ് ഈ കാലഘട്ടത്തെ ലോകചരിത്രകാരൻമാർ ഇരുണ്ട കാലഘട്ടം എന്നു വിളിക്കുന്നതു്? അതു പൂർണ്ണമായോ, ഭാഗികമായിപ്പോലുമോ യോജിക്കുന്ന പേരാണോ? ഇത്രയുമാണ് ചർച്ചാവിഷയമാക്കാനുദ്ദേശിക്കുന്നതു്.

ആദ്യത്തെ ചോദ്യത്തിൻെറ ഉത്തരം മിക്കവാറും എല്ലാ ചരിത്ര വിദ്യാർത്ഥികൾക്കുമറിയാം. കോൺസ്ററൻറയിൻ എന്ന റോമാചക്രവർ

ത്തി ക്രിസ്തുമതം സ്വീകരിച്ചതോടുകൂടി ക്രൈസ്തവമതം ദേശീയമതമായി മാറി. യൂറോപ്യൻ രാജ്യങ്ങളിലാകമാനം ക്രിസ്തീയാദർശങ്ങൾ പ്രചരിക്കുകയും അവയെല്ലാംതന്നെ പ്രസ്തുത മതത്തിൻെറ സ്വാധീനതയിൽ വരികയും ചെയ്തു. നിരവധി നല്ലവരായ മതപ്രബോധകൻമാരുടെ ചോരയും രക്ത സാക്ഷിത്വവും കൊണ്ടു് സംരക്ഷിച്ചതിൻെറഫലമായിട്ടാണ് ക്രൈസ്തവമതം ലോകോത്തരമായി വളർന്നതു് ഏററവും കൂടുതൽ സംഘടിതമായി ഇതിനു സ്വീകരണം ലഭിച്ചതു് യൂറോപ്പിലായിരുന്നു. അങ്ങനെയൂറോപ്പു് ആകമാനവും ലോകത്തിലെ അറിയപ്പെടുന്ന പല സ്ഥലങ്ങളിൽ കുറേശ്ശെയായും യേശുക്രിസ്തുവിൻെറ സ്നേഹസന്ദേശത്തിനു പിൻതുണലഭിച്ചതോടുകൂടിയും ഭരണാധികാരികളും പ്രഭുക്കൻമാരും അണിയണിയായി ഇതിൽ മുൻപന്തിയിൽ നിരന്നതോടു കൂടിയും, ആത്മീയ സാക്ഷാൽ കരണത്തിൻെറ മതം എന്നതിൽ നിന്നും ഭൗതികനിർവൃതിയുടെ ഉപാധിയായി മതം അധഃപതിക്കുവാൻ തുടങ്ങി. രാജാക്കൻമാരും ജനങ്ങളും പള്ളിയുടേയും പൗരോഹിത്യത്തിൻേറയും പിടിയിലമർന്നിരിക്കണമെന്നും ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ക്രിസ്ത്യാനികളും പള്ളിയുടെ മേൽക്കോയ്മക്കു കീഴിൽ വരണമെന്നും ശഠിക്കപ്പെട്ടു. ഏതു രാജ്യത്തായാലും ഏതു രാജാവായാലും റോമിനും പോപ്പിനും അധീനപ്പെട്ടിരിക്കണമെന്നും നിർബന്ധമായി. രാജാധികാരവും പൗരോഹി

ത്യവും തമ്മിൽ ഏതേതാണ് കൂടുതൽ ശക്തമായിട്ടുള്ളതെന്നു് തീരുമാനിക്കുവാൻ ഒററയൊററയായ അധികാരസംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ടു്. അപ്പോഴൊക്കെ ഹെൻട്രി രണ്ടാമനെപ്പോലെ രാജകീയാധികാരം പോപ്പിൻെറ മേൽക്കോയ്മക്കു് അടിയറവച്ചു് പഞ്ചപുശ്ചമടക്കി നിൽക്കേണ്ടതായും വന്നിട്ടുണ്ടു്. അങ്ങനെ മദ്ധ്യകാലഘട്ടത്തിൽ യൂറോപ്യൻ രാജാക്കൻമാരെക്കാൾ ക്രൈസ്തവ ദേവാലയങ്ങൾക്കും അതിൻെറ മേധാവികൾക്കുമാണ് ആധിപത്യമുണ്ടായിരുന്നതു്.

പള്ളിയുമായി ബന്ധപ്പെട്ട ഒററയാളെയും രാജകീയ കോടതികളിൽ വിസ്തരിക്കുവാനോ ദേശീയ നിയമത്തിൻെറ പരിധിയിൽ കൊണ്ടുവരുവാനോ രാജാക്കൻമാർക്കധികാരമുണ്ടായിരുന്നില്ല. അവരെ അതിനനുവദിച്ചിരുന്നുമില്ല. ചുരുക്കത്തിൽ എല്ലാ ക്രൈസ്തവ രാജ്യങ്ങളിലും രണ്ടുതരം നിയമങ്ങളാണ് വിലനിന്നുപോന്നിരുന്നതു്. സാധാരണക്കാരായ പ്രജകളെ നിയന്ത്രിക്കുന്ന രാജകീയനിയമങ്ങളും പുരോഹിത വർഗത്തേയുംഅവരുമായി ബന്ധപ്പെട്ടവരെയും ഭരിക്കുന്ന പൌരോഹിത്യ നിയമങ്ങളും. ഇവ വേറെ തന്നെ നടപ്പാക്കുവാൻ രണ്ടുതരം കോടതികളുമുണ്ടായിരുന്നു. രണ്ടുതരം ശിക്ഷാ നടപടികളും നിലനിന്നിരുന്നു. ഒരേ കുററത്തിനു തന്നെ ഒരേ രാജ്യത്തു രണ്ടുതരം ശിക്ഷകൾ!

ഇതിനും പുറമേ ഓരോ രാജ്യത്തിലേയും കൃഷിയിടങ്ങളിൽ പകുതിയെങ്കിലും പള്ളികളുടെ സ്വത്തായിരുന്നു; ഈ സ്ഥലങ്ങളിൽ നിന്നും നികുതി പിരിക്കുവാനോ അവിടെ നിയമം നടത്തുവാനോ രാജാക്കൻമാർക്കധികാരമുണ്ടായിരുന്നില്ല.

ഇങ്ങിനെ രാജകീയാധികാരത്തേയും ദേശീയ നിയമത്തേയും ധിക്കരിച്ചുകൊണ്ടു് അധികാര ദുർമ്മോഹം കയറിയ പൗരോഹിത്യം ഇതിലൊന്നും തൃപ്തിപ്പെടാതെ മനുഷ്യൻെറ സർഗാത്മക സിദ്ധിയേയും വാസനയേയും കൂടി കടാഞ്ഞാണിടുവാനുള്ള ശ്രമം നടത്തി. മദ്ധ്യകാലഘട്ടം ഇരുളടഞ്ഞതാണെന്നു് ചരിത്രകാരൻമാർക്കു വ്യവഹരിക്കുവാനവസരം നൽകിയതു് ക്രൈസ്തവ പൗരോഹിത്യത്തിൻെറ ഈ പ്രവണത കൊണ്ടാണ്. സ്വാതന്ത്ര്യ ചിന്തയും സ്വാതന്ത്ര്യവ്യാഖ്യാനങ്ങളും നിരോധിക്കപ്പെട്ടു. യുക്തിസഹങ്ങളായ നിഗമനങ്ങളോ, ശാസ്ത്രീയമായ വീക്ഷണങ്ങളോ മരവിപ്പിച്ചുകളഞ്ഞു. മനുഷ്യസംസ്കാരത്തെ ഔന്നത്യത്തിലേക്കു ഉയർത്തിയ യവനറോമാ സംസ്കാരങ്ങളുടെ ഉദാത്തമായ വൈജ്ഞാനിക സംഭാവനകൾ തിരസ്കൃതങ്ങളായി. സോക്രട്ടീസും, പ്ളേറ്റോവും, സൊഫോക്ളീസ്സും, സീനോവുമെല്ലാം ഐറോപ്യൻ ജനതയ്ക്ക് നിശ്ചയമില്ലാതായിവന്നു. റോമൻ താത്വിക ദർശനങ്ങളും സാഹിത്യങ്ങളും അവിശ്വാസികളുടെ സാഹിത്യമായി ഗണിച്ച് യൂറോപ്യൻ സംസ്കാരത്തിൻെറ അടിത്തറ പാകിയ

ഈ നാഗരികതകളെ പഠിക്കുവാനനുവദിക്കാതെയും, ആ വിജ്ഞാനസമ്പത്ത് അന്വേഷിച്ചറിയുന്നതിനെ നിരുൽസാഹപ്പെടുത്തിയുമാണ് ക്രൈസ്തപൗരോഹിത്യം അനുയായികളെ പള്ളിക്കു ചുററും മുറുമുറുപ്പില്ലാതെ അണിനിരത്തിയത്.

നിരന്തരമായി നൂററാണ്ടുകൾ തന്നെ ഇങ്ങനെ മനുഷ്യൻെറ ചിന്തയേയും ജ്ഞാനതൃഷ്ണയേയും വരിഞ്ഞുകെട്ടിയതിൻെറ കെടുതി ഭീകരമായിരുന്നു. പ്രാക്തനപൈതൃകം അറിയാത്ത അടിത്തട്ടില്ലാത്ത സമൂഹങ്ങളായിരുന്നു യൂറോപ്പിൽ ഇക്കാലയളവിലെ സവിശേഷത. പൂർവബന്ധമില്ലാതെ മതത്തിലും മതാചാര്യൻമാരിലും മാത്രം പരിമിതമായിക്കഴിഞ്ഞു യൂറോപ്പാകമാനം. അനുസ്യൂതം ഒഴുകികൊണ്ടിരുന്ന മനുഷ്യസംസ്കാരം നിശ്ചലമായ സന്ദർഭമായിരുന്നു യൂറോപ്പിലെ ക്രൈസ്തവരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം മദ്ധ്യമ കാലഘട്ടം. ഈ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടാണ് 'ഇരുണ്ട കാലഘട്ടം' എന്ന് ഈ യുഗത്തെ വിശേഷിപ്പിക്കുന്നത്.

എന്നാൽ ഇതെത്രമാത്രം സത്യമാണെന്ന് നോക്കേണ്ടതായുണ്ട്. 'ഇരുണ്ട കാലഘട്ടം' യഥാർത്ഥത്തിൽ യൂറോപ്പിലെ ക്രിസ്ത്യൻ രാജ്യങ്ങൾക്ക് മാത്രമായിരുന്നില്ലേ? അതേ സന്ദർഭത്തിൽ ഈ കാലത്തുതന്നെ മനുഷ്യസംസ്കാരപ്രവാഹത്തെ വററാതെ അഭംഗുരം പ്രവഹിക്കുവാൻ സഹായിച്ച ഒരു ശക്തിയുണ്ടായിരുന്നില്ലേ? ക്രൈ-

സ്തവ യൂറോപ്പ് അന്ധകാരത്തിലാണ്ടുകിട ന്നിരുന്നപ്പോൾ വിജ്ഞാനത്തിൻെറകൈത്തിരി യുമായി മനുഷ്യസംസ്കാരത്തെ പൊലിയാതെ സൂക്ഷിച്ച അഭൗമൻമാരായ മഹാത്മാക്കളു ണ്ടായിരുന്നില്ലേ? ക്രൈസ്തവരാജ്യങ്ങളിൽ രാ ഷ്ട്രീയമായ അരാജകത്വം നിലനിന്നിരുന്ന പ്പോൾ ശക്തവും സംഘടിതവുമായ മഹാസാ മ്രാജ്യങ്ങൾ ലോകത്ത് പലയിടത്തും പരില സിച്ചിരുന്നില്ലേ? ലോകമെന്നത് യൂറോപ്പ് മാ ത്രമാണെന്നും, മതമെന്നത് ക്രൈസ്തവമതം മാത്രമാണെന്നും ധരിച്ചുവശായിട്ടുള്ള ചരിത്രകാ രൻമാർക്കാണു മദ്ധ്യകാലഘട്ടം 'ഇരുണ്ട കാല' മായി തോന്നുക. ഈ പ്രസ്താവം ചെയ്യുവാനാ ധാരമാക്കിയ ചില സംഗതികൾകൂടി സൂചി പ്പിച്ചുകൊള്ളട്ടെ. മദ്ധ്യകാലഘട്ടത്തിൽ ക്രൈ സ്തവയൂറോപ്പ് പൌരോഹിത്യത്തിൻെറ സങ്കു ചിത വലയത്തിലമർന്ന് വീർപ്പുമുട്ടിക്കൊണ്ടിരു ന്നപ്പോൾ, വിശേഷാത്തരമായ ഒരു സാംസ്കാരിക പ്രഭാപ്രസരം മനുഷ്യവിജ്ഞാനത്തേയും നാഗ രികതയേയും അണയാതെ സൂക്ഷിക്കുക മാത്ര മല്ല പുഷ്ക്കലമാക്കുകകൂടി ചെയ്തിരുന്നു. അത് ഐസ്ലാമികസംസ്കാരവും അഗമ്യപ്ര ഭാവൻമാരായ നിരവധി മഹാശയൻമാരുമായിരു ന്നു. ക്രൈസ്തവയൂറോപ്പിന് വെളിച്ചം നൽകി യിരുന്നതും മററാരുമല്ല. കൊരിഡോവയും കെ യറോവും ബാഗ്ദാദും സമർക്കണ്ടും ഡൽഹി യും ബുക്കാറയുമെല്ലാം ഇക്കാലയളവിൽതന്നെയാ ണ് ലോകോത്തരമായ സാംസ്കാരിക കേന്ദ്രങ്ങ ളാകുന്നത്. ടർക്കി, അറബി, പേഷ്യൻ, ഇൻഡ്യൻ

സാമ്രാജ്യങ്ങൾ ലോകത്തിലെ വ്യാവസായികക മ്പോളങ്ങളേയും കീഴടക്കിയ സന്ദർഭവും ലോക ത്തിനുതന്നെ നിസ്തുലവുമായ സംഭാവനകൾ നൽകിയ സന്ദർഭവുമായിരുന്നു ഇത്. യവനറോ മാവൈജ്ഞാനികസമ്പത്ത് ക്രൈസ്തവയൂറോ പ്പ് അഗണ്യകോടിയിൽ തള്ളിയെങ്കിലും മനുഷ്യ നാഗരികതയെ പൊട്ടാതെയും തകരാതെയും താ ലോലിച്ചു കൊണ്ടുവന്നു പിൻതലമുറയുമായി ബന്ധിച്ചതു മുസ്ളീംകളായിരുന്നു. സോക്രട്ടീ സും, പ്ളേറ്റോവും, ഡെമസ്തനിസ്സും, ഹെറോ ഡോട്ടസ്സുമെല്ലാം അറബികളിൽകൂടിയാണ് പി ന്നീട് ലോക ശ്രദ്ധയിൽപ്പെട്ടത്. പഴയവയെ ന്തും കാത്തുസൂക്ഷിച്ച് പുതിയതിനുവേണ്ടി വെ മ്പൽകൊണ്ടിരുന്ന അന്വേഷികളുടെ ഒരു സമൂഹ മായിരുന്നു ലോകത്തെമ്പാടുമുള്ള മുസ്ളീംകൾ. അതിൻെറ ഫലമായി നാഗരിക കേന്ദ്രങ്ങളിലൊ ക്കെ പുതിയ പുതിയ യൂണിവേഴ്സിററികളും സാംസ്കാരികകേന്ദ്രങ്ങളും ഉയർന്നുവന്നു.

ഹാഡ്ജികാൽഫ അദ്ദേഹത്തിൻെറ library of the East' എന്ന പുസ്തകത്തിൽ ഇക്കാലത്ത് ജീ വിച്ചിരുന്ന 1200 ചരിത്രകാരൻമാരുടെ മാത്രം പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതുകാല ത്തെ പ്രതിഭാശാലികളിലും അഗമ്യനായ ഇബിന്ഖൽദൂം മദ്ധ്യകാലഘട്ടത്തിൻെറ സന്ത തിയാണെന്നത് വിസ്മരിക്കരുത്. കൊരിഡോ വയിലെ പണ്ഡിതസദസ്സിനേയും അവരുടെ സംഭാവനകളേയും എണ്ണിയെണ്ണിപ്പറഞ്ഞാൽ തീരാ ത്രത്ര ധാരാളമാണ്. ഭൂമിശാസ്ത്രജ്ഞനായ

അൽവാർഡ്ഡിയും പണ്ഡിതനായ അൽഹാക്കിമും അനശ്വരരാണ്. അൽഹാക്കീമിൻെറ അരമനയിൽ പല സ്ഥലത്തുനിന്നും ശേഖരിച്ചിരുന്ന 4 ലക്ഷം പുസ്തകങ്ങളുണ്ടായിരുന്നു. "മദ്ധ്യകാലയൂറോപ്പിൻെറ വൈജ്ഞാനികമണ്ഡലത്തിൽ ഏററവും മഹത്തരമായ അദ്ധ്യായം എഴുതിച്ചേർത്തത് മുസ്ളിംസ്പെയിനായിരുന്നു" വെന്ന് കോൺണ്ടി തൻെറ 'അറബികളുടെ ചരിത്രം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നത് ഒട്ടും അതിശയോക്തിയല്ല. അൽഫരീദ്, ഇബ്നിന് അബ്ദൽമാലിക്, അബ്ദൽകാസിംസെയ്ത്, അൽബക്കരി, അൽഇദരീസി, ഇബ്നിന് ജൂബൈർ അൽമജ്രീതി, ഇബ്നിന് തുഫിയാൽ തുടങ്ങിയ മഹാരഥൻമാർ ശാസ്ത്രരംഗങ്ങളിലും ഭൂമിശാസ്ത്രചരിത്രമണ്ഡലങ്ങളിലും അനശ്വരകീർത്തിയാർജ്ജിച്ച മഹാൻമാരാണ്. ഇക്കാലത്തുതന്നെയാണ് എണ്ണിയാൽ ഒടുങ്ങാത്തത്ര സൂഫികളും ദാർശനികരും ഇൻഡ്യയിലും മററു മുസ്ളീംരാജ്യങ്ങളിലും പരിലസിച്ചിരുന്നത്. ഉമർഖയ്യാം, ഇബ്നിന് അറബി, റാബിയ അമീർകുസ്രോ, സിയാവുദ്ദീൻബർണി തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്,

രാഷ്ട്രീയമായി പരിശോധിച്ചാലും ലോകരാഷ്ട്രങ്ങളിൽ ഏററവും സമ്പന്നവും ഏററവും സുദൃഢവുമായിരുന്ന സാമ്രാജ്യം ഇൻഡ്യയിലെ മുസ്ളീംചക്രവർത്തിമാരുടേതായിരുന്നു. ഈജിപ്തിലും അറേബ്യായിലും പേർഷ്യയിലും താരതമ്യേന ഭേദപ്പെട്ട മരണസംവിധാനത്തോടുകൂടിയ സുശക്ത രാഷ്ട്രങ്ങൾ നിലവിലുണ്ടാകുകയും ചെയ്തിരുന്നു.

അങ്ങിനെ നോക്കുമ്പോൾ മനുഷ്യ സംസ്കാരം വികാസംകൊള്ളാതെ നിശ്ചലമായിരുന്നിട്ടില്ലെന്നു കാണാം. ഓരോ കാലഘട്ടത്തിലും അതിന്റെ പ്രണേതാക്കൾ പലരായിരുന്നുവെന്നുമാത്രം. യവനറോമാസംസ്കാരയുഗത്തെ പിന്നിട്ട ക്രൈസ്തവയുഗത്തിന് അവരുടേതായ സങ്കുചിതവീക്ഷണംമൂലം ആ നാഗരികതയെ വിശേഷോത്തരമാക്കാൻ മദ്ധ്യകാലഘട്ടത്തിൽ സാധിച്ചില്ലെന്നത് സത്യംതന്നെ. അതുകൊണ്ട് മററുള്ളവർ ചെയ്ത മഹത്തരമായ സംഭാവനകൾ വിസ്മരിക്കുന്നത് ക്രിയാത്മകമായ ചരിത്രവീക്ഷണമാകുകയില്ല. മദ്ധ്യകാലലോക ചരിത്രത്തെ ഇരുണ്ടകാലമെന്ന് വിളിക്കുന്നത് ക്രൈസ്തവവിഭാഗീയചിന്തകൊണ്ട് മാത്രമാണ്. അതാവർത്തിക്കുന്ന നിരപരാധികളായ ചരിത്രവിദ്യാർത്ഥികൾ ആ കാലഘട്ടത്തിന്റെ പ്രത്യേക സ്വഭാവവിശേഷം മനസ്സിലാക്കാതെ അബദ്ധത്തിൽ ചെയ്തുപോകുന്ന പിശകാണ്. യഥാർത്ഥത്തിൽ മദ്ധ്യമകാലഘട്ടം മനുഷ്യസംസ്കാരത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ മായാത്ത വ്യക്തിമുദ്രകൾ ആലേഖ്യംചെയ്ത സംഭവപരമ്പരകളുടെയും പുരോഗതിയുടെ യും സുവർണ്ണദശയത്രേ. അതിനെ ഹ്രസ്വവികലമാക്കുന്നത് വർഗ്ഗീയകണ്ണുകൊണ്ടു നോക്കുന്നതുമൂലവുമാണ്. ഇരുണ്ട കാലഘട്ടം സത്യത്തിൽ ഒരു ചെറിയ ശതമാനത്തിന്റെ ഇരുളടഞ്ഞ കാലമായിരുന്നുവെങ്കിലും അത് മനുഷ്യരാശിക്കാകമാനം അനുഗ്രഹത്തിന്റെയും വികാസത്തിന്റെയും കാലഘട്ടമായിരുന്നുവെന്നതിൽ സംശയമില്ല.

അധ്യായം ഒൻപത്.

# ഇന്ത്യാ ചരിത്രത്തിലെ ഒരു നിർണ്ണായകഘട്ടം

18–ാംനൂററാണ്ടിലെ ഇൻഡ്യൻ രാഷ്ട്രീയ സംവിധാനം ജിജ്ഞാസയോടുകൂടി വീക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് ചില പ്രത്യേകതകൾ കാണുവാൻ സാധിക്കും. 1707 ൽ മുഗൾ സാമ്രാജ്യത്തിൻെറ അവസാനത്തെ പ്രതാപിയായ ചക്രവർത്തി അവുറംഗസീബ് മരണമടയുന്നു. അതോടൊപ്പം രണ്ടുനൂററണ്ടിനുമേൽ രാഷ്ട്രീയ ഐക്യം പുലർത്തിയ ഇൻഡ്യയിലെ ഏററവും വലിയ സാമ്രാജ്യവും മരണശയ്യയിൽ വീഴുകയായിരുന്നു. ഊർദ്ധശ്വാസവും വലിച്ചുകൊണ്ടുള്ള ആ കിടപ്പു കുറച്ചുകാലവുംകൂടി നീങ്ങുന്നതിനിടവന്നു എന്നത് വാസ്തവം തന്നെ. പക്ഷേ ഏകീകരണത്തിൻെറതായ മറെറാരു ശക്തി ഇവിടെ പ്രബലപ്പെട്ടിരുന്നില്ല. മുകൾസാമ്രാജ്യത്തിൻെറ അധ:പതനം ഇന്ത്യൻ രാഷ്ട്രീയ ശരീരത്തിന്നേററ ഏററവും വലിയ ആഘാതമായിരുന്നു. ആ തകർച്ചയിൽനിന്നും ഉയർത്തെഴുന്നേററ് സംഘടിതസന്നാഹങ്ങൾ നടത്തി ഏകീകരണം നടത്തുവാൻ പിന്നീട് ഒരു ശക്തിക്കും സാധിച്ചില്ല എന്നതാണ് സത്യം. എന്നാൽ ഇന്ത്യൻ പശ്ചാത്തുനിന്ന് അതിനുള്ള സംരംഭങ്ങൾ നടന്നി

ല്ലെന്നു പറയുന്നതും വസ്തുതകൾക്കു നിരക്കാത്തതായിരിക്കും. മഹാരാഷ്ട്രൻമാരും ആ കാലഘട്ടത്തിൽതന്നെ മൈസൂർ നവാബുമാരും ഇന്ത്യയെരാഷ്ട്രീയമായി ഏകീകരിക്കുക എന്ന ഉന്നം വെച്ച് പ്രവർത്തിച്ച ഇന്ത്യൻ രാഷ്ട്രീയശക്തികൾതന്നെയാണ്. ഈ പരിണാമഗുപ്തിയും സവിശേഷതകളും രാഷ്ട്രീയമായി അപഗ്രഥനം നടത്തുകയാണ് ഇവിടെ ചെയ്യുന്നത്.

18–ാം നൂററാണ്ടിലെ ഇന്ത്യയെ രണ്ടുകാലഘട്ടമായി തിരിക്കാമെന്നു തോന്നുന്നു. ഒന്നു് അവുറംഗസീബിൻെറ മരണം മുതൽ ഹൈദരലി മൈസൂർ നവാബാകുന്നതുവരെയുള്ള കാലം—അതായതു് 1707 മുതൽ1761 വരെയുള്ള കാലയളവു്. രണ്ടാമത്തേതു്1761 മുതൽ 1799 വരെ-എന്നുവച്ചാൽ ഹൈദരലി മൈസൂറിൻെറ അധിപതിയാകുന്ന സന്ദർഭംതുടങ്ങി അദ്ദേഹത്തിൻെറ മകൻ ടിപ്പുസുൽത്താൻ ശ്രീരംഗപട്ടണം കോട്ടയ്ക്കകത്തു നാലാം ആഗ്ളോ– മൈസൂർ യുദ്ധത്തിൽ മരിച്ചു വീഴുന്നതുവരെയുള്ള സമയം. ഇതിൽ ആദ്യത്തെ ഘട്ടത്തിൽ ഇന്ത്യൻ രാഷ്ടീയ സ്ഥിതിയിൽ സുശക്തമായ യാതൊരു നീക്കങ്ങളും നടക്കാത്ത സമയമായിരുന്നു. മുഗൾപ്രാഭവം എരിഞ്ഞടങ്ങിക്കൊണ്ടിരിക്കുന്നതേയുള്ളു. മററൊരു ശക്തി വളർന്നു വികാസം കൊണ്ടിരുന്നുമില്ല. നവാഗതരായിരുന്ന ഐറോപ്യൻ ശക്തികൾ ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ വ്യാപകമായി വാണിജ്യ സമ്പർക്കങ്ങൾ നടത്തിക്കൊണ്ടിരുന്നു. പെ

റിയ ചെറിയ രാജസ്ഥാനങ്ങളുമായി സഖ്യങ്ങളും ഉടമ്പടികളും ഉണ്ടാക്കി അവരുടെ കച്ചവട സാദ്ധ്യതകഠം വർധിപ്പിക്കുന്നതിനും കുത്തകാവകാശങ്ങഠം നേടുന്നതിനും ബദ്ധശ്രദ്ധരായിരുന്നു. പോർച്ചുഗീസുകാർ പ്രധാനമായും ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരങ്ങളിലാണ് അവരുടെ ആവാസം ഉറപ്പിച്ചതു്. വാണിജ്യ ശത്രുതയും രാഷ്ട്രീയ വിരോധവും അവർക്കു നേരിടേണ്ടതായി വന്നതു് പ്രധാനമായും സാമൂതിരിയുടേയും ബീജപ്പൂരിന്റേയും മുസ്ലീം നാവികരിൽ നിന്നായിരുന്നു. 1653 ആകുമ്പോഴേക്കും പറങ്കികഠം ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ നിന്നും തൂത്തെറിയപ്പെട്ടു കഴിഞ്ഞിരുന്നു. അവരുടെ സ്ഥാനത്തു് സ്ഥലം പിടിച്ച ലന്തക്കാർക്കു് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ചില ഫാക്ററികളും സങ്കേതങ്ങളും സ്ഥാപിച്ചു നാട്ടുരാജാക്കൻമാർക്കു് ഒരു ഭീഷണി എന്നോണം നിലയുറപ്പിക്കാൻ സാധിച്ചുവെന്നല്ലാതെ ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണ്ണായകമായ ഒരു ശക്തിയായുയരാൻ ഒരിക്കലും സാധിച്ചിരുന്നില്ല. എന്നാൽ മാഹിയും പുതുശ്ശേരിയും ആസ്ഥാനമാക്കിക്കൊണ്ടു് പ്രവർത്തിച്ച ഫ്രഞ്ചുകാർ 18-ാം നൂററാണ്ടിലെ ഇന്ത്യൻ ശക്തികളിൽ ഒട്ടും അവഗണിക്കാൻ നിവർത്തിയില്ലാത്ത ഒന്നായി വളർന്നിരുന്നു. അതെ കാലഘട്ടത്തിൽതന്നെ കച്ചവട രാഷ്ട്രീയവുമായി ഇന്ത്യയിൽ കാലുകുത്തിയ ഇംഗ്ലീഷുകാർക്കു് ബംഗാളിലും ഒറീസയിലും അധികാരം സ്ഥാപിക്കുവാനും മദ്രാസ്, ബോം

ബെ, തലശ്ശേരി അഞ്ചുതെങ്ങ്, എന്നിവിടങ്ങളിൽ സായുധ കേന്ദ്രങ്ങൾ നിലനിറുത്തുവാനും സാധിച്ചിരുന്നു. ഇതാണ് വിദേശ ശക്തികളുടെ സ്ഥിതി എങ്കിൽ ഇന്ത്യൻ രാജാക്കൻമാരിൽ പലരും ഐറോപ്യൻ ശക്തികളെക്കാൾ വളർച്ചയും സുഘടിത യുദ്ധസന്നാഹങ്ങളും ഉള്ളവരായിത്തീർന്നിരുന്നു. 1761 വരെ ഇന്ത്യയിലെ പ്രധാന ശക്തികൾ സിക്കുകാരും മറാത്തക്കാരും നിസാമിൻെറ കീഴിലുള്ള ഹൈദരാബാദും ഇന്ത്യയുടെ തെക്കേ അററത്ത് സ്ഥിതിചെയ്തിരുന്ന കർണ്ണാടകവും തിരുവിതാംകൂറും അവിടങ്ങളിലെ രാജാക്കൻമാരുമായിരുന്നു. വിദേശപക്ഷത്താകട്ടെ ഇംഗ്ളീഷുകാരും ഫ്രഞ്ചുകാരും തുല്യശക്തികളായും വർത്തിച്ചിരുന്നു. എന്നാൽ ഇന്ത്യൻശക്തികളിൽ ഏതെങ്കിലുമൊന്നോ, ഐറോപ്യൻമാരിൽ ആരെങ്കിലുമോ തനിച്ചോ കൂട്ടായോ ഒരേകീകരണശക്തിയായി വളരുവാൻ സാദ്ധ്യതകൾ ദുർല്ലഭമായിരുന്നു. ഇവരത്രയും ഏകദേശം ബലാബലപരീക്ഷണത്തിൽ ഒന്നിനൊന്നു പോന്നവരായി നിന്നിരുന്നു. അങ്ങിനെ 1761വരെയുള്ള ഇന്ത്യയുടെ രാഷ്ട്രീയഭൂപടം സാമാന്യം ശക്തിയും പ്രാബല്യവുമുള്ള നിരവധി രാജസ്ഥാനങ്ങളുടേയും വൈദേശിക ശക്തികളുടേയും സ്വാധീനം ഉൾക്കൊണ്ടുകൊണ്ട് ഭിന്നമായി നിന്നിരുന്ന ഒന്നായിരുന്നുവെന്ന് കാണുവാൻ സാധിക്കും. ഈ കാലഘട്ടത്തിൻെറ പ്രത്യേകത ഒരു ശക്തിയും ഇന്ത്യയെ രാഷ്ട്രീയമായി ഒന്നിപ്പിക്കുവാനോ ഇന്ത്യൻജനതയുടെ

മേൽ ഒന്നായ ശാസന നിലനിർത്തുവാനോ കെൽപ്പുള്ളവയായിരുന്നില്ല എന്നതാണ്.

മുഗൾശക്തി തകർന്നടിഞ്ഞതിന്റെ ഫലമായുണ്ടായ ശൂന്യത വിജയകരമായി അവസാനിപ്പിക്കുവാൻ ഭാരതീയ ശക്തികൾക്കോ വൈദേശിക ശക്തികൾക്കോ സാദ്ധ്യമായില്ല. മഹാരാഷ്ട്രൻമാർ നവോത്ഥാനത്തിന്റെ ആവേശത്തോടു കൂടി ഇന്ത്യൻ രാഷ്ട്രീയത്തിൽ ചലനം സൃഷ്ടിച്ചവരാണ്. ഒരു പുതിയ ശക്തിയിൽ നിന്നും പുതുജീവൻ നുകർന്നു കൊണ്ട് ഇന്ത്യ, മുഗൾ വംശത്തിന്റെ തകർച്ചയിൽ നിന്നും സടകുടഞ്ഞ് ഉത്തേജനം കൊള്ളും എന്ന് ആശിച്ച സന്ദർഭമായിരുന്നു അത്. എന്നാൽ 1761—ൽ മൂന്നാം പാനിപ്പട്ട് യുദ്ധത്തോടു കൂടി ഇന്ത്യൻ ദേശീയ ഉണർവ്വിന്റെ ജാജ്ജ്വല്യമാനമായ തീനാളം അണഞ്ഞുപോയി. പാനിപ്പട്ട് യുദ്ധത്തിലെ ദയനീയമായ പരാജയം ഇന്ത്യയുടെ ഏകീകരണം എന്ന മഹാരാഷ്ട്രരുടെ സ്വപ്നത്തെ തകർത്ത പ്രധാന സംഭവമായിരുന്നു. 1761 ൽ തന്നെയാണ് മൈസൂറിൽ ഹൈദരാലി ഭരണാധിപതിയായി മാറുന്നത്. അക്കൊല്ലം തന്നെയാണ് ഫ്രഞ്ചുകാരുടെ മേൽ കനത്ത പരാജയം ഏൽപ്പിച്ചു കൊണ്ട് പുതുശ്ശേരിയും മാഹിയും പിടിച്ചടക്കി ഐറോപ്യൻ ശക്തികളിൽ തങ്ങളാണ് വമ്പൻമാർ എന്ന് ഇംഗ്ളീഷുകാർ തെളിയിക്കുന്നത്. 1761 ൽ ത്തന്നെയാണ് കേരളത്തിലെ വിവിധ രാജസ്ഥാനങ്ങളിൽ ഏററവും സുശക്തമായ ശക്തി തിരുവിതാംകൂറാണെന്ന് തെ

ളിയിക്കപ്പെടുന്നതും. കൊച്ചിയും സാമൂതിരിയും തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന അനാദികാലത്തെ വൈരാഗ്യവും സംഘട്ടനങ്ങളും തിരുവിതാംകൂറിൻെറ മാദ്ധ്യസ്ഥ തീരുമാനത്തിനു് വിട്ടുകൊടുക്കുന്നതും ഈ വർഷംതന്നെയായിരുന്നു. അങ്ങിനെ കേരളത്തിൽ തിരുവിതാംകൂറും, വിദേശശക്തികളിൽ ഇംഗ്ളീഷുകാരും, മൈസൂറിൽ രാഷ്ട്രീയമായിവിജയം നേടിയ ഹൈദരും, ഹൈദ്രാബാദിൽ നിസാമും, മഹാരാഷ്ട്രയിൽ മറാത്തക്കാരും, പ്രാഭവം പുലർത്തുന്ന സന്ദർഭം ആയിരുന്നു അത്. എന്നാൽ മറാത്താശക്തി അതിൻെറ ആർജവം നഷ്ടപ്പെട്ടും ഹൈദ്രബാദ് വലിയ സൈനികസന്നാഹങ്ങളുണ്ടെങ്കിലും ശേഷിയൊ നേതൃത്വമോ ഇല്ലാതെ വലഞ്ഞും കഴിയുകയായിരുന്നു. പാരമ്പര്യമൊ കുലമഹിമയൊ ഒന്നും അവകാശപ്പെടാനില്ലാതിരുന്ന ഹൈദരാകട്ടെ പുതിയ അധികാരം വികസ്വരമാക്കുവാൻ ആവേശത്തോടുകൂടി പരിശ്രമിക്കുകയും പ്രയത്നിക്കുകയും ചെയ്തു. ആംഗ്ളോ ഫ്രെഞ്ച് മൽസരങ്ങളിൽ നിർണ്ണായകമായ വിജയം നേടുവാൻ സാധിച്ചതുകൊണ്ട് ഇംഗ്ളീഷുകാരും വലിയശക്തിയായി പരിണമിച്ചിരുന്നു. അങ്ങിനെ 1761 നു ശേഷം ഇന്ത്യൻരാഷ്ട്രീയത്തിൽ പ്രധാനമായും രണ്ടു ശക്തികളെയാണ് കാര്യമായി നാം കാണുന്നത് -മൈസൂറും ഇംഗ്ളീഷും.

ഒന്ന്, ഇന്ത്യൻ ശക്തിയും മറേറത് യൂറോപ്യൻ ശക്തിയും. ഒററയ്ക്കൊററയ്ക്ക് ഇന്ത്യയിലെ മറേറതൊരു നാട്ടുശക്തിയുമായിട്ടും ഇ

വിടെയുണ്ടായിരുന്ന വിദേശശക്തികളുമായിട്ടോ നേരിട്ടുള്ളസംഘട്ടനം നടക്കുകയാണെങ്കിൽ വിജയം സുനിശ്ചയം ഉറപ്പിക്കാവുന്നതും ഈ രണ്ട് അധികാര സ്ഥാനങ്ങൾക്കുമായിരുന്നു. ചുരുക്കത്തിൽ 1707 മുതൽ 1761 വരെയുള്ള രാഷ്ട്രീയ അനിശ്ചിതത്വം നീങ്ങി വ്യക്തമായ വിരുദ്ധരാഷ്ട്രീയ ചേരികൾ ഇന്ത്യയിൽ ദൃശ്യമാകുന്നത് 1761 ന് ശേഷമാണെന്നർത്ഥം.

1761 മുതൽ 1799 വരെയുള്ളകാലഘട്ടത്തിൽ ഈ രണ്ടു ശക്തികളും തമ്മിൽ ആരാണ് ഇന്ത്യയുടെ ഭാവിഭാഗധേയം നിർണ്ണയിക്കേണ്ടത് എന്നതിന്റെ മൽപിടുത്തങ്ങളായിരുന്നു. 1768–ൽ തുടങ്ങിയ ഒന്നാം ആംഗ്ളൊ മൈസൂർ യുദ്ധം മുതൽ 1799–ൽ അവസാനിച്ച നാലാം മൈസൂർ യുദ്ധം വരെ ഈ മൽസരത്തിന്റെ പ്രക്രിയകളാണ് ഇന്ത്യയിലുടനീളം നടന്നത്. മററു ഇന്ത്യൻ ശക്തികൾ ഇതിലേതെങ്കിലും ചേരിപിടിച്ച് നിൽക്കുക എന്നല്ലാതെ സ്വന്തമായി വ്യക്തിത്വം പുലർത്തുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതിവിശേഷവും വളർന്നുവന്നിരുന്നു. എന്നാൽ ആംഗ്ളൊ – മൈസൂർ യുദ്ധങ്ങളുടെ രാഷ്ട്രീയ പ്രാധാന്യം നമ്മുടെ ചരിത്രകാരൻമാരാരും അത്ര കാര്യമായി ഗൌനിച്ചിട്ടില്ല. യഥാർത്ഥ്യത്തിൽ നാലു മൈസൂർ യുദ്ധങ്ങളും ഒരേലക്ഷ്യത്തോടുകൂടി ബോധപൂർവം നടന്നിട്ടുള്ളവയാണ്. ഇന്ത്യയുടെ രാഷ്ട്രീയവും സാംസ്കാരികവുമായ ഏകീകരണത്തിനു വേ

ണ്ടി ഇന്ത്യൻ പക്ഷത്തു നിന്ന് ഇത്രയും സംഘടിതമായും ബോധപൂർവ്വമായും ഒരു കാലഘട്ടത്തിലും പ്രവർത്തനങ്ങൾ നടന്നിട്ടില്ല. അതുപോലെത്തന്നെ ഇന്ത്യയേയും ഇന്ത്യൻജനതയേയും കീഴടക്കി ചൊല്പടിയ്ക്കു നിർത്തി നമ്മുടെ രാഷ്ട്രീയ ഭാഗധേയം കുറിയ്ക്കുക മാത്രമല്ല സാമ്പത്തിക ചൂഷണം നിർല്ലോഭം നടത്തണമെന്ന ദുരുദ്ദേശത്തോടു കൂടി ബോധപൂർവം പ്രവർത്തിക്കുകയും ചെയ്ത വിദേശശക്തിയും തമ്മിലുള്ള മൽസരമായിരുന്നു— അറിഞ്ഞുകൊണ്ടുതന്നെയുള്ള സംഘട്ടനങ്ങളായിരുന്നു— ഈ നാലു മൈസൂർ യുദ്ധങ്ങളും. നിഷ്പക്ഷബുദ്ധിയോടുകൂടി ഇവയെ വിശകലനം ചെയ്യുകയാണെങ്കിൽ നമുക്കു തീർത്തും ബോദ്ധ്യമാകുന്ന സംഗതി ഈ നാലു മൈസൂർ യുദ്ധങ്ങളിലും മറെറാരു കാലത്തും ഉണ്ടായിട്ടില്ലാത്ത ചില ആശയങ്ങളും താൽപര്യങ്ങളും നിലീനമായിരുന്നു എന്നതാണ്. കുരുക്ഷേത്രയുദ്ധം മുതൽ ആയിരക്കണക്കിനു രക്തരൂക്ഷിതങ്ങളായ സംഘട്ടനങ്ങൾക്കു് സാക്ഷ്യം നിന്ന ഇന്ത്യയുടെ പടക്കളങ്ങൾ ഈ നാലു യുദ്ധങ്ങളിലും കേട്ട മുദ്രാവാക്യങ്ങൾ വിഭിന്നമായിരിക്കണം. അവർക്കു് ഒരു ലക്ഷ്യവും ഉന്നവും ഉണ്ടായിരുന്നു. വിദേശശക്തിയിൽ അജയ്യമായി വളർന്ന ഇംഗ്ളിഷ് കമ്പനിക്കു് അവരുടെ ഏക എതിരാളി മൈസൂറിലെ ഹൈദറും അദ്ദേഹത്തെ പിൻതുടർന്ന ടിപ്പുസുൽത്താനുമായിരുന്നുവെന്നു് വ്യക്

തമായി അറിയാമായിരുന്നു. തങ്ങളുടെ രാഷ്ട്രീയ വികാസത്തിൽ വിഘാതം സൃഷ്ടിക്കുന്നതു് ഇംഗ്ളീഷ് കമ്പനിയുടെ ഉപജാപങ്ങളാണെന്നും അവരെ തുരത്തിയാലല്ലാതെ ഇന്ത്യയെ ഏകീകരിക്കുക എന്ന ലക്ഷ്യം അസാദ്ധ്യമെന്നും മനസ്സിൽത്തട്ടി വിശ്വസിച്ചവരായിരുന്നു ഹൈദരും ടിപ്പുവും. ഇംഗ്ളീഷ് കമ്പനിയും മൈസൂർ ശക്തിയും സഹവർത്തിത്വത്തോടുകൂടി വളരുക ഇരുകൂട്ടരേയും താൽപര്യത്തിനും ലക്ഷ്യത്തിനും പാടെ എതിരുമായിരുന്നു. അതുകൊണ്ടുതന്നെയാണ് ഏതെങ്കിലും ഒരു ശക്തി തളർന്നല്ലാതെ സായൂജ്യമില്ലെന്നും രാഷ്ട്രീയ സാഫല്യം നേടാനൊക്കുകയില്ലെന്നും ഇരു കോയ്മകളും നിർബന്ധപൂർവം കരുതിയതു്. അതിന്റെ പരിണത ഫലമായിട്ടാണ് നാലു് ആംഗ്ളൊമൈസൂർ യുദ്ധങ്ങളുണ്ടാക്കുന്നതു്. ഇന്ത്യൻ താൽപര്യങ്ങളും സ്വപ്നങ്ങളും ആഗ്രഹങ്ങളും ഒരു വശത്തു്—വൈദേശിക താൽപര്യങ്ങളും ലക്ഷ്യങ്ങളും മറുവശത്തു്. ഈ ആശയ താൽപര്യ സംഘട്ടനങ്ങളെ വേർതിരിച്ചറിയുവാൻ സാധിക്കാഞ്ഞതുകൊണ്ടും കുടുസ്സായ പ്രാദേശിക മനസ്ഥിതികൾ മൂലവും വിദേശശക്തികളുമായി പങ്കു ചേർന്നവർ അപകടത്തിന്റെ ആഴം മനസ്സിലാക്കാൻ കെൽപ്പുള്ളവനായിരുന്നില്ല. അങ്ങിനെ മൂന്നും നാലും ആംഗ്ളൊമൈസൂർ യുദ്ധങ്ങളാകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ രാജസ്ഥാനങ്ങളേയും ഉടമ്പടികളുടെ നൂലാമാലകളിൽ കെട്ടി നിറു

ത്തി തങ്ങളുടെ ആജ്ഞാനുവർത്തികളാക്കി മാ റിയശേഷമാണ് ഇംഗ്ളീഷുകാർ മൈസൂറുമാ യി എതിരിടുന്നതുതന്നെ.

അഭിലാഷങ്ങളുമായി ദൃഢമായ വിശ്വാസ ത്തോടു കൂടി എന്നിട്ടും വിദേശികളോട് ഒററ യ്ക്കു നിന്നുപോലും മൽസരിച്ച് ഒന്നുകിൽ ജയം അല്ലെങ്കിൽ നാശം എന്ന ഉറപ്പോടുകൂടി അറിഞ്ഞുകൊണ്ടു തന്നെ എതിരിട്ട മൈസൂർ ശക്തി നിശ്ചയമായും ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ അവിസ്മരണീയവും സുപ്രധാ നവുമായ ഘടകമാണ്. ബോധപൂർവ്വം നടത്തി യിട്ടുള്ള ആദർശ സംഘട്ടനങ്ങൾ തുലോം കുറവാ ണ് നമ്മുടെ ആയിരക്കണക്കിനു നടന്നിട്ടുള്ള യുദ്ധങ്ങളിൽ. എന്നാൽ നാലു ആംഗ്ളോ മൈ സൂർ യുദ്ധങ്ങൾ വ്യത്യസ്തമായ ചിത്രമാണ് നൽകുന്നത്. ഇന്ത്യൻപക്ഷത്ത് പരാജയം സംഭവി ച്ചെങ്കിലും പുറകോട്ടു തിരിഞ്ഞു നെടുവീർപ്പിടു ന്നതോടൊപ്പം ആവേശം ഉൾക്കൊള്ളാനും ഉതകു ന്ന മഹത്തായ പാരമ്പര്യത്തിൻെറ കോരിത്തരി പ്പിക്കുന്ന കഥകളും കൂടിയാണവ.

ഈ യുദ്ധങ്ങൾ നമുക്കറിയുന്നതുപോലെ തന്നെ ഒരു വലിയ കാലഘട്ടത്തിൻെറ അദ്ധ്യാ യം കുറിയ്ക്കുന്നു. ഇന്ത്യ ഇന്ത്യക്കാരാൽ ഭരി ക്കുക എന്ന സ്ഥിതി മാറി ഇന്ത്യ വിദേശീയ രാൽ പുലർത്തപ്പെടുക എന്ന അവസ്ഥയിലേ യ്ക്ക് നീങ്ങി. ഇതിൻെറ പ്രത്യാഘാതം ഒന്നര

നൂററാണ്ടുകാലം ഭാരതവും ഭാരതീയരും അസ്വത
ന്ത്രരായി ബ്രിട്ടീഷ് എജമാനൻമാരുടെ അടിമകളാ
യിത്തീർന്നു എന്നതാണ്. അവരുടെ രാഷ്ട്രീയ—
വാണിജ്യ നയങ്ങളുടെ തിക്തമായ അനുഭവ
ങ്ങരം ഇന്നും നമ്മെ അരിശംകൊള്ളിയ്ക്കത്തക്ക
തറച്ചുകയറിയ മുള്ളാണികളായിരുന്നു. സ്വാതന്ത്ര
ഇന്ത്യയിൽ നാം ചരിത്ര സംവിധാനങ്ങരം നടത്തു
മ്പോരം ഇംഗ്ലീഷുകാർ ഇംഗ്ലീഷുകാർക്കുവേണ്ടി എ
ഴുതിയ ഇന്ത്യാചരിത്രം അതേപടി തുടർന്നുപോ
രുന്നത് നമ്മുടെ പാരമ്പര്യത്തോടും സ്വാതന്ത്ര്യവാ
ഞ്ഛയോടും സംസ്കാരത്തോടും ചെയ്യുന്ന അനീ
തിയായിരിക്കും. ഉരംക്കാഴ്ചയോടുകൂടി ക്രിയാ
ത്മകമായ ചരിത്രനിർമ്മാണം എത്രയുംവേഗം
നടത്തുവാനൊക്കുമോ, ദേശീയദാർഢ്യതയ്ക്കും
സാമുദായിക ഐക്യത്തിന്നും ദേശീയബോധ
ത്തിന്നും അത്രയ്ക്ക് അത് അത്യാവശ്യവു
മാണ്. അതിനുള്ള ഏതു സംരംഭത്തിന്നും
പ്രോൽസാഹനം നൽകേണ്ടതുമുണ്ടു്.

### അധ്യായം പത്ത്

# ഇന്ത്യാചരിത്രത്തിലെ മാതൃകാ നായകൻമാർ

ഇന്ത്യാചരിത്രത്തിലെ മാതൃകാനായകൻമാർ എന്ന വിഷയത്തെ ആസ്പദമാക്കി ഹ്രസ്വമായ ഒരദ്ധ്യായം എഴുതുക ദുഷ്കരമാണ്. വിഷയത്തിൻെറ വ്യാപ്തിയും വൈവിധ്യവും, അത്രമാത്രം ആഴത്തിലും പരപ്പിലും കിടക്കുന്നുവെന്നതുതന്നെ കാരണം, മഹാപുരുഷൻമാർ, ആ മഹൽപദവിയിലേക്കുയർന്ന സാഹചര്യവും, അതിന്നനുകൂലമായ സ്ഥിതിവിശേഷങ്ങളും ആദ്യമായി ധാരണയിലുണ്ടായിരിക്കണം. കാലഘട്ടങ്ങളുടെ സ്വഭാവവിശേഷമനുസരിച്ച് പല മാററങ്ങളും കാണും. കാലദേശങ്ങൾക്കനുസൃതമായി രാജ്യഭരണകാര്യങ്ങളിൽ ചില ചിട്ടകളും നിയമങ്ങളും അനുസരിച്ചുപോരുവാൻ ഭരണകർത്താക്കൾ നിർബ്ബന്ധിതരായിട്ടുണ്ട്. മാത്രമല്ല, രാജ്യശാസനങ്ങൾ എഴുതിവെക്കപ്പെടാതെ ആയിരുന്ന സന്ദർഭങ്ങളിലും അവയെ നിയന്ത്രിക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്ന നിയാമകശക്തികൾ എല്ലാ രാജ്യത്തും നിലനിന്നിരുന്നു. അതിനാൽ ചരിത്ര പുരുഷൻമാരെ വിലയിരുത്തുന്നത് അതാതു കാലഘട്ടത്തിൻെറ സ്വഭാവ വിശേഷം നല്ലവണ്ണം ധരിച്ചതിന്നുശേഷമായിരിക്കണമെന്നർത്ഥം.

ലോകജേതവായ അലക്സാണ്ടറേയോ, രണ്ടാം അലക്സാണ്ടർ എന്ന് സ്വയം വിശേഷിപ്പിച്ച അലാവുദ്ദീൻ ഖാൽജിയേയോ, ഒരു പക്ഷെ ഇന്നുള്ളവർക്ക് അത്രയധികം ആരാധ്യൻമാരല്ലാതായി തോന്നാം; നാമവരെ അളക്കുന്നത് ഇന്നത്തെ തോതനുസരിച്ചാണെങ്കിൽ. അതുപോലെതന്നെ മതപ്രചാരണങ്ങൾക്ക് ഖജനാവ് കാലിയാക്കിയ അശോകനോ , ഹർഷനോ, നല്ല ഭരണാധിപൻമാരാണെന്ന് വിശ്വസിക്കുവാൻ സെക്കുലരിസം ഒരപസ്മാരംപോലെ ബാധിച്ചിരിക്കുന്ന ഭാരതീയന്ന് മടിതോന്നാനുമിടയുണ്ട്; അവർ ജീവിച്ചിരുന്ന സാഹചര്യത്തിൻെറ സമ്മർദ്ദം അനുഭവപ്പെട്ടില്ലെങ്കിൽ.

ഇതിനൊക്കെ പുറമെ രാഷ്ട്രീയതത്വസംഹിതകളും രാജകീയസ്വഭാവത്തെപ്പററിയുള്ള പ്രത്യയശാസ്ത്രങ്ങളും പല ദശകളിൽ പലതായിരുന്നു. ഈ ശാസനകളെ പിൻപററി കാലത്തിനൊത്ത് ജീവിച്ച് ഭരണം ഭംഗിയാക്കി ജനതയുടെ പിൻതുണക്കും ബഹുമാനത്തിന്നും പ്രാത്രീഭൂതരായിട്ടുള്ളവരും, നിലവിലുള്ള വിശ്വാസപ്രമാണങ്ങളേയും, ആചാരമര്യാദകളേയും അതിലംഘിച്ച് വിപ്ളവകരമായ മാററങ്ങൾ സംവിധാനം ചെയ്തിട്ടുള്ള ക്രാന്തദർശികളേയും ഒരേ മാനദണ്ഡത്തിന്ന് വിധേയരാക്കേണ്ടവരല്ല. ഭരണാധിപൻമാരുടെ ഒരു വലിയ പട്ടിക സസൂഷ്മം ചികഞ്ഞു പരിശോധനാവിധേയമാക്കുകയും, വ്യത്യസ്ത കാലങ്ങളിലെ ജീവാംശമായ ധാർമ്മികപ്രമാണങ്ങളെ അടിസ്ഥാനമാക്കി അവയ്ക്കു

വിലയിടുകയും ചെയ്യുക എന്നത് സരള പ്രയത്നമല്ല. അതുകൊണ്ടാണ് വിഷയം ചെറിയൊരു ഉപന്യാസത്തിലൊതുങ്ങാത്തവിധം വിപുലമായതാണെന്നു പറഞ്ഞത്.

ക്രിസ്തുവിന്നു വളരെ സംവൽസരങ്ങൾക്കു മുമ്പുതന്നെ ഭരണാധിപൻമാർ ഏതുതരക്കാരായിരിക്കണമെന്നും ഏതെല്ലാം ഗുണഗണങ്ങൾ ഇണങ്ങിച്ചേർന്നിട്ടുള്ളവരായിരിക്കണമെന്നും മററുമുള്ള രാഷ്ട്രമീമാംസ ഭരണകർത്താക്കൾ പ്രാവർത്തികമാക്കുവാൻ ശ്രമങ്ങൾ നടത്തിയിട്ടുള്ളതായി കാണാം. മഹാഭാരതരാമായണാദികളിൽനിന്നും ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ രാജവാഴ്ചയെ സംബന്ധിച്ച ലിഖിതശാസനകൾ തന്നെ നിലവിലിരുന്നതായി കാണാം. ക്ഷത്രിയ ധർമ്മത്തെ സംബന്ധിച്ച് കൂലങ്കഷമായി പരിചിന്തനംചെയ്തിട്ടുള്ള ധാരാളംപണ്ഡിതൻമാരുടെ കൃതികൾ ഇന്ന് നമുക്ക് ലഭ്യമാണ്. ജനാപവാദം പേടിച്ച് സ്വന്തം രാജ്ഞിയെ പൂർണ്ണഗർഭിണിയായിരുന്നിട്ടുകൂടി പരിത്യജിക്കുന്ന ശ്രീരാമൻ ആധുനിക രാഷ്ട്രമീമാംസാവിദ്യാർത്ഥിക്ക് അരോചകമായി തോന്നുമെങ്കിലും ജനപ്രീതിക്കനുസൃതമായി ഭരണം നടത്തുകയെന്ന ക്ഷത്രീയധർമ്മം അഭംഗുരം പാലിച്ചതിൻെറ ഉത്തമമാതൃകയാണ്. ഇതിഹാസ കാലഘട്ടത്തിൽനിന്നും ചരിത്രഘട്ടത്തിലേക്ക് കടന്നുചെല്ലുന്ന വിദ്യാർത്ഥി രാജത്വത്തിൻെറ ചുമതലകളേയും അവകാശങ്ങളേയും ക്കെക്കുറിച്ച് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്ന പൌരാണിക ഇന്ത്യയുടെ

രാഷ്ട്രീയ സൂത്രധാരൻമാരിൽ അധ്യക്ഷപ്രഭാവനായ കൌടില്യന്റെ "അർത്ഥശാസ്ത്രം" എന്ന വിലപ്പെട്ട രാഷ്ട്രീയ ധന തത്വസംഹിതയിൽ വ്യക്തമായ നിർദ്ദേശങ്ങൾ കണ്ടെത്തുന്നു. കൌടില്യനെ ഇന്ത്യയുടെ മാക്കവെല്ലിയായും, അർത്ഥശാസ്ത്രത്തെ മാക്കവെല്ലിയുടെ 'പ്രിൻസ്" എന്ന ഗ്രന്ഥമായും കണക്കാക്കാം.

15–ാം നൂററാണ്ടിൽ ജീവിച്ചിരുന്ന മാക്കവെല്ലി യൂറോപ്യൻ ഭരണാധിപൻമാരെ ഉദ്ദേശിച്ചാണെഴുതിയതെങ്കിൽ അതിന്ന് 1800 കൊല്ലങ്ങൾക്കുമുമ്പാണ് കൌടില്യൻ ഇന്ത്യൻപശ്ചാത്തലത്തിൽ തന്റെ രാഷ്ട്രമീമാംസാഗ്രന്ഥം രചിക്കുന്നതു്. പക്ഷെ രണ്ടുപേരും പല കാര്യങ്ങളിലും യോജിപ്പുള്ളവരാണ്. നിഷ്കൃഷ്ടമായ സദാചാരസൻമാർഗ്ഗനിഷ്ഠ ഇരുകൂട്ടരും കാര്യമായി നിർദ്ദേശിക്കുന്നില്ല. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുമെന്ന തത്വശാസ്ത്രമാണ് ഇരുകൂട്ടരും അനുശാസിക്കുന്നത്. മാക്കവെല്ലി എഴുതി: "എല്ലാ കാര്യങ്ങളിലും നല്ലതുമാത്രം ചെയ്യണമെന്നാഗ്രഹിക്കുന്ന ഏതൊരാൾക്കും നല്ലവരല്ലാത്തവരുമായി സമ്പർക്കത്തിനിടവരുമ്പോൾ ദുഃഖിക്കേണ്ടതായി വരുന്നു. തൻമൂലം എങ്ങിനെ സാത്വികനല്ലാതാവുന്നുവെന്നു അറിയുകയും, ആ അറിവിനെ സംഗതികളുടെ യോജിപ്പനുസരിച്ച് പ്രയോഗിക്കുകയോ പ്രയോഗിക്കാതിരിക്കുകയോ ചെയ്യുകയും വേണം".

"ഒരു രാജാവ് ഗൂഢാലോചനകളെക്കുറിച്ച് സന്ദേഹപരപ്പെടേണ്ടതില്ല; ജനങ്ങൾ തന്നോട് കൂറുള്ളവരാണെങ്കിൽ. പക്ഷേ അവർ തന്നെ വെറുക്കുന്നവരും തന്നോടു വിരോധമുള്ളവരുമാണെങ്കിൽ അയാൾ എന്തിനേയും ഏതൊരുത്തനേയും ഭയപ്പെടണം".

"യോഗ്യത മാനിക്കുകയും അവസരോചിതമായ പ്രോൽസാഹനം നൽകുകയും, ഏതൊരു കലയിലും പ്രാവീണ്യം സമ്പാദിച്ചവരെ ബഹുമാനിക്കുകയും ചെയ്യേണ്ടത് രാജധർമ്മമാണ്". ഭരണാധിപൻമാർ അനുഷ്ഠിക്കേണ്ടതായ ചുമതലകളും അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരാവകാശങ്ങളും മാക്ക് വെല്ലി തന്റെ "പ്രിൻസ്" എന്ന പ്രസിദ്ധമായ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

കൌടില്യനാകട്ടെ ഹൈന്ദവ ഭരണരീതിയിൽ ആചരിക്കേണ്ടതായ നിയമങ്ങൾ നല്കുകയാണ്. ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്ന രാജാവ് തുടങ്ങി കീഴ്പോട്ടുള്ള ജീവനക്കാർവരെ അനുഷ്ഠിക്കേണ്ട ധർമ്മമര്യാദകളും ഉത്തരവാദിത്വങ്ങളും, അവർക്കുള്ള അവകാശാധികാരങ്ങളും വിസ്തരിക്കുന്നതിനു പുറമേ, രാജ്യനീതിയും, യുദ്ധം, സമാധാനം, നികുതി, കച്ചവടം തുടങ്ങിയ സംഗതികളിൽ സ്റ്റേറ്റിന്റെ വിഹിതവും ചുമതലയും മററും വളരെ വ്യക്തമായി പ്രകാശിപ്പിക്കുന്നു. "ക്ഷത്രിയ രാജാവിന്റെ ധർമ്മം രാജ്യവിസ്തൃതിക്കായി കഴിവത് യുദ്ധം ചെയ്യുകയാണ്. അദ്ദേഹം മന്ത്രിമാരെ നിയമി

ക്കുകയും ഉപദേശങ്ങരം ആരായുകയും വേണം. എന്തെന്നാൽ ഒററ ചക്രം മാത്രമുള്ള വണ്ടി ഉരുളുക അസാദ്ധ്യമാണല്ലോ.''

"നികുതി പിരിക്കുവാനുള്ള അവകാശം രാജാവിലധിഷ്ഠിതമാണ്. ഒരു നല്ല രാജാവ് ജനങ്ങരംക്കെന്താണോ താല്പര്യം അതുതന്നെ തൻെറയും താല്പര്യമായി കരുതണം'' ഇത്യാദി മാർഗ്ഗനിർദ്ദേശങ്ങളാണ് ചാണക്യസൂത്രത്തിലടങ്ങിയിട്ടുള്ളത്.

ചാണക്യൻെറ ഭരണസംഹിതക്കനുസൃതമായി ഭരണഭാരം നടത്തിയ അക്കാലത്തെ മഹാരഥന്മാരായ ചക്രവർത്തിമാർ എത്രയുണ്ടെന്നു നമുക്കറിയില്ല. ഒരു കാര്യം തീർച്ച. ചന്ദ്രഗുപ്ത മൗര്യനും ബിന്ദുസാരനും ഒരുപക്ഷെ ഇതനുസരിച്ച് രാജ്യകാര്യം കാര്യക്ഷമമാക്കിയിരിക്കണം. കാരണം കൗടില്യൻ ചന്ദ്രഗുപ്തൻെറ പ്രധാന ഉപദേശിയും മന്ത്രിയുമായിരുന്നു. എന്നാൽ ബിന്ദുസാരൻെറ മകനും മൗര്യസാമ്രാജ്യത്തിലെ ഏററവും മഹാനായ ചക്രവർത്തി എന്നു വിശേഷിക്കപ്പെടുന്ന ആളുമായ അശോകൻ കൗടില്യസൂത്രത്തിന് അനുയോജ്യമായാണ് രാജ്യഭാരം തുടങ്ങിയതെങ്കിലും കാലത്തിൻെറ ചലനാത്മക സ്വഭാവമുരംക്കൊണ്ട അദ്ദേഹം ചാണക്യസൂത്രത്തിന് വിരുദ്ധമായിത്തന്നെ കാര്യങ്ങരം നടത്താൻ ശ്രമിച്ചതായി കാണാം. ഒരുപക്ഷേ ചരിത്രം മാതൃകാപുരുഷൻമാരുടെ മഹൽപന്തിയിൽ അശോകനു നൽകുന്ന സ്ഥാനം വിപ്ല

വാത്മകമായ ഈ ക്രാന്തദർശിത്വം കൊണ്ടുതന്നെ യാകാനാണു സാദ്ധ്യത.

"യുദ്ധം ചെയ്യുക ക്ഷത്രിയപൗരുഷം സ്ഥാപിക്കുവാനുള്ള തെളിവായി" കൗടില്യൻ വ്യവഹരിച്ചപ്പോഴ,അശോകൻ സമാധാനത്തിൻെറ പ്രചാരകനായി മാറിയതു അതിന്നുദാഹരണ മാണ്. നിലവിലിരുന്ന നിയമനിഷ്ഠകളെ മറി കടക്കുവാനുള്ള സാഹസികശ്രമമാണ് അ ശോകനെ മഹാന്മാരുടെ പന്തിയിലേക്കുയർ ത്തിയത്. കാലത്തിൻെറ മാററത്തിനും രാജ്യ ത്തിൻെറ നാഡിമിടിപ്പിന്നും ഒപ്പം ബോധപൂർവ്വ മുയരാൻ കഴിഞ്ഞ അശോകൻ അതുവരെ നില നിന്നിരുന്ന രാജധർമ്മങ്ങളെ ചോദ്യംചെയ്യുകയാ യിരുന്നു. മഹത്വത്തിൻെറ ആ വിപ്ലവസ്വഭാവ മാണ് അശോകൻെറ വലിപ്പ നിർണ്ണയത്തിലെ പ്രധാന ഘടകം.

ഈ അത്ഭുത സിദ്ധിക്കു സമാനം മറെറാ രു പ്രതിഭാസത്തെ നാം ഇന്ത്യാചരിത്രത്തിൽ ദർശിക്കുന്നത് കാലം വളരെ പിന്നിട്ടശേഷം മാ ത്രമാണ്. 16—ാം നൂററാണ്ടിൻെറ അവസാനപ്പകു തിയിൽ— മഹാനായ അക്ബർ ചക്രവർത്തി യിൽ. സിയാവുദ്ദീൻബർണിയും അബുൽഫസ ലുമൊക്കെ രാജകീയാധികാരത്തിന്ന് ദൈവീകാ വരണം നൽകുവാൻ മുഖവുര എഴുതിയവരാ ണ്. 14—ാം നൂററാണ്ടിലെ രാഷ്ട്രമീംമാസാപ ടുവെന്നു വിശേഷിപ്പിക്കാവുന്ന സിയാവുദ്ദീൻ ബർണി മദ്ധ്യകാലഘട്ടത്തിലെ കൗടില്യനാ

ണെന്ന് പറയാം. "ഫത്തവായ്ജഹാൻന്താരി" എന്ന ഗ്രന്ഥം "അർത്ഥശാസ്ത്ര"ത്തേക്കാരം താത്വിക ദർശനങ്ങരം ഉരംക്കൊള്ളുന്നതാണ്. ബർണി മുസ്ളിം ചക്രവർത്തിമാർ അനുസരിക്കേണ്ടതായ നിയമങ്ങളും, അവരുടെ അധികാരപരിധികളും മററും വിശദമായവതരിപ്പിക്കുമ്പോരം കൌടില്യൻ ഹൈന്ദവ രാഷ്ട്രസംവിധാനത്തിലെ നിയമങ്ങരം ഉൽഘോഷിക്കുന്നുവെന്നു മാത്രം. ബർണിയുടെ മാർഗ്ഗനിർദ്ദേശത്തിനൊത്ത് രാജ്യകാര്യം പുലർത്തിപ്പോന്നവരെ ചരിത്രകാരൻ കൂടിയായ അദ്ദേഹം ഏറെപുകഴ്ത്തുന്നുണ്ട്. അവർക്കാർക്കും മഹത്തിൻെറ പന്തിയിലേക്കു കടന്നുചെല്ലുവാനും ചരിത്രത്തിലെ മാതൃകാനായകരാകുവാനുമൊത്തില്ല. പക്ഷേ മദ്ധ്യേകാല ഇന്ത്യാചരിത്രത്തിൽ തെളിഞ്ഞുതെളിഞ്ഞുവരുന്ന ഒരു ജ്യോതിർഗോളമുണ്ട്. ഇന്ത്യയുടെ ഏക ദാർശനിക ചക്രവർത്തിയായ മുഹമ്മത് തുഗ്ളക്ക്.

ബർണിയുടെ തത്വശാസ്ത്രമോ, നിലവിലുണ്ടായിരുന്ന മറെറന്തെങ്കിലും ചിട്ടകളോ ഒന്നും അത്ര കാര്യമാക്കാതെ മഹത്വത്തിൻെറ "ധിക്കാരം" കാണിച്ച ക്രാന്തദർശിയായ മുഹമ്മത് തുഗ്ളക്ക് ചരിത്ര വിദ്യാർത്ഥികരംക്കുമുമ്പിൽ ഇന്ന് ഭ്രാന്തനാണെങ്കിലും ഏററവും ഉന്നതശീർഷനായ മഹാനായി നാളെ അദ്ദേഹം അംഗീകരിക്കപ്പെടുമെന്നകാര്യത്തിൽ സംശയമില്ല. കാലം കഴിയുന്തോറും കൂടുതൽകൂടുതൽ പ്രശോഭിതമാകുന്ന മഹൽ പ്രവൃത്തികരം ചെയ്ത അ

ദ്ദേഹം, സമകാലികരും പിന്നെ അനവധി തലമുറകളും, തെററിദ്ധരിച്ച നിലയിൽ കഴിയുന്നുവെങ്കിൽ അതു അദ്ദേഹത്തിൻെറ കനപ്പെട്ട സാധനയെ ശരിക്കും വിലയിരുത്താൻ കഴിയാത്തതുകൊണ്ടു മാത്രമാണ്. തലസ്ഥാനം മാററുകയോ, ജനങ്ങളോട് തൻമൂലം ഡൽഹിയിൽനിന്ന് പോകാൻ പറയുകയോ അദ്ദേഹം ചെയ്തിട്ടില്ലെന്നുമാത്രമല്ല. ഭരണപരിഷ്കാരങ്ങളത്രയും പരാജയമായിരുന്നുവെന്നു പറയുന്നത് അബദ്ധമാണെന്നും വളരെ വിജയകരമായി പര്യവസാനിച്ച പദ്ധതികളെക്കുറിച്ചാണീയാരോപണമുള്ളതെന്നും മററും രേഖാമൂലം തെളിയിക്കപ്പെടുമ്പോഠം മാത്രമേ തുഗ്ളക്ക് മുഹമ്മദാരായിരുന്നുവെന്നു നമുക്ക് മനസ്സിലാകുകയുള്ളു.* ഇവിടെ പ്രസക്തമായസംഗതി ഇതുമാത്രമാണ്. മാതൃകാപുരുഷൻമാർ പലതരക്കാരാണ്. നിയമത്തെ അനുസരിച്ചാദരിച്ചവരും, നിലവിലുള്ളവയെ ചോദ്യംചെയ്ത് പരിവർത്തനങ്ങഠം വരുത്തിയവരും. രണ്ടാമത്തെ കൂട്ടരിൽ അതുല്യ പ്രഭാവനാണ് മുഹത്തുഗ്ളക്ക്.

അക്ഷരാഭ്യാസമില്ലാത്ത, എന്നാൽ പരിചയസമ്പന്നനായ മറെറാരു മഹാവിപ്ളവകാരിയായിരുന്ന തുഗ്ളക്കിന്ന് കുറേ വൽസരങ്ങഠംക്കു മുമ്പ് ഇൻഡ്യഭരിച്ച, അലാവുദ്ദീൻഖാൽജി ഒരു

*"മുഹമ്മദ് തുഗ്ളക്ക്—ഒരു പഠനം'' എന്ന പുസ്തകത്തിൽ ഈ ലേഖകൻ മേൽ പ്രസ്താവിച്ച കാര്യങ്ങഠം സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

സ്വേച്ഛാധിപതിക്ക് എത്രമാത്രം ഔന്നത്യവും തന്നിഷ്ടവുമാവാമെന്നതിന്റെ മാതൃകയാണ്. സോഷ്യലിസം അവസരത്തിലും അനവസരത്തിലും ഉരുവിടുന്ന ഈ കാലത്ത് പോലും അതിന്റെ പ്രായോഗികതയിൽ വരുന്ന വൈഷമ്യവും സങ്കീർണ്ണതയും നമുക്ക് പരിചിതമാണല്ലോ. എന്നാൽ ഏററവും സ്വേച്ഛാധിപതിയായ ഒരു ഭരണാധിപനിൽനിന്ന് ലോകത്തിലെ ഏതെങ്കിലും ഒരു ദേശത്ത് സോഷ്യലിശത്തിന്റെ സാമ്പത്തികവശം പ്രവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതലാവുദ്ദീന്റെ ഇന്ത്യയിൽ മാത്രമായിരുന്നു. രാജ്യത്തുണ്ടാകുന്ന വിഭവങ്ങൾ മുഴുക്കെ സ്റേറയിററുടമയിൽ കൊണ്ടുവരികയും അതിന്റെ കുത്തകാവകാശം ഭരണകൂടത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്യുകയെന്ന പ്രവൃത്തി സോഷ്യലിസ് സിദ്ധാന്തം ആവിഷ്കരിക്കുന്നതിന്നു 500 കൊല്ലം മുമ്പുതന്നെ ഇന്ത്യയിൽ നടപ്പിലാക്കിയ അലാവുദ്ദീൻ മഹാനല്ലെങ്കിൽ പിന്നെ ആരാണ് ആ പദവിക്കർഹൻ?

രാജ്യത്തുടനീളം ന്യായവില ഷാപ്പുകൾ സ്ഥാപിക്കുകയും അവശ്യസാധനങ്ങളത്രയും നിശ്ചിതവിലക്ക് ക്ളിപ്ത അളവിൽ എല്ലാവർക്കും ലഭിക്കുന്ന മാർക്കററ് നിയന്ത്രണമാവിഷ്ക്കരിച്ച് വിതരണം ചെയ്യുകയുംചെയ്ത അ അലാവുദ്ദീനാണ് ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്ററ് സ്വേച്ഛാധിപതി. സമകാലികചരിത്രകാരൻ എഴുതുന്നത് അലാവുദ്ദീൻ മരിച്ചു് അനവധി വർഷങ്ങൾക്കുശേഷ

വും അദ്ദേഹത്തിൻെറ ശവക്കല്ലറക്കരികിൽ ദുഃഖിതരായ സാധാരണക്കാർ അവരുടെ സങ്കടനിവാരണത്തിന്നായി പ്രാർത്ഥിക്കുകയും അർച്ചനകളർപ്പിക്കുകയും ചെയ്തിരുന്നുവെന്നാണ്. "വിദ്യാവിഹീനനായ അലവുദ്ദീൻെറ പരിഷ്കാരങ്ങൾ ഫലവത്തായപ്പോൾ അത് ഒരു അത്ഭുതമായിത്തീർന്നു'' എന്നാണ് വിരോധിയായ ബർണിപോലും പറയുന്നത്. തൻെറ അനുഭവേപാഠം മാത്രം മുതൽ മുടക്കി അലാവുദ്ദിൻ നടത്തിയ അത്ഭുതം ജനകോടികൾക്ക് ആശ്വാസവും ജൻമിദുഷ്പ്രഭുത്വത്തിന്നു് വിനാശവും വരുത്തി. ജനങ്ങളുടെ വിചാരവികാരങ്ങളിൽ ദൈവത്തോളം പ്രാധാന്യം കരസ്ഥമാക്കിയ അലാവുദ്ദീൻ ഇന്ത്യാചരിത്രത്തിലെ അവിസ്മരണീയനാണ്.

അലാവുദ്ദീൻ മതത്തിൻെറയോ മററുആചാരമര്യാദകളുടേയോ വക്താവായിരുന്നില്ല. മാത്രമല്ല അതൊന്നുംതനിക്കറിയില്ലെന്നു തുറന്നു പ്രഖ്യാപിക്കുകയുംചെയ്തിരുന്നു. "രാജ്യത്തിന്നും ജനങ്ങൾക്കും ഗുണകരമിയിട്ടുള്ളതെന്തോ, അത് മതശാസനകൾക്കോ മററുനിയമങ്ങൾക്കോ എതിരാണോ, അനുകൂലമാണോ എന്ന് ഞാൻനോക്കാറില്ല; അവ നടപ്പിലാക്കുവാൻ ഞാൻ കൽപിക്കുന്നു''. എന്നാണു ഖാസിമുഖഹസ്സിനോട് അദ്ദേഹം പറഞ്ഞതായി സമകാലിക ചരിത്രകാരൻ ബർണി, തരീക്കിഫിറോഷായ് എന്ന ഗ്രന്ഥത്തിൽ ആവലാതിപ്പെടുന്നത്.

അങ്ങിനെ കാലഘട്ടത്തിൻെറ സ്വഭാവത്തേ സധീരം ധിക്കരിച്ചു അലാവുദ്ദീനെങ്കിൽ, കാല

ത്തിന്നൊത്തുയർന്ന മഹാനാണ് അക്ബർ. മതപരവും സാംസ്ക്കാരികവുമായ വിടവുകരം നികത്താനുള്ള ശ്രമങ്ങരം ഇൻഡ്യയിൽ ആരംഭിച്ചിട്ടു നൂററുണ്ടുകരം തന്നെകഴിഞ്ഞിരുന്നു. മുസ്ളീം പക്ഷത്തുനിന്നും സൂഫിവര്യൻമാരും ഹൈന്ദവഭാഗത്തുനിന്നും ഭക്തിപ്രചാരകൻമാരും സാംസ്കാരികവും വൈകാരികവുമായ ഉദ്ഗ്രന്ഥനത്തിന്നാഹ്വാനം നൽകിക്കൊണ്ടിരുന്ന സന്ദർഭത്തിൽ അക്ബർ അതിന്ന് നേതൃത്വം കൊടുത്തു.

അങ്ങിനെ രാഷ്ട്രത്തിൻെറ തലവനെന്നതിൽ കവിഞ്ഞ് തൻെറ പ്രജകളുടെ വിശ്വാസത്തിൻെറ സൂക്ഷിപ്പുകാരനും കൂടിയാകാൻ ചക്രവർത്തി അക്ബറിന്നു സാധിച്ചു.

അക്ബർ കൊളുത്തിയ ഐക്യത്തിൻെറ കൈത്തിരി അദ്ദേഹത്തോടൊപ്പംതന്നെ കെട്ടണഞ്ഞു. കൂടുതൽ രൂക്ഷമായി മതവിഭാഗങ്ങളും സാംസ്കാരിക സ്വാധീനതകളും വളർന്ന് വിഭാഗീയത സൃഷ്ടിച്ചു. അക്ബറുടെ മതനയം മുസൽമാനേയും ഹിന്ദുവിനേയും മുഷിപ്പിച്ചു. ഇസ്ലാമിൻെറ സംരംക്ഷണ മുദ്രാവാക്യമാണ് ഔറംഗസീബിന് സ്ഥാനാരോഹണ യുദ്ധത്തിൽ വിജയം നേടിക്കൊടുത്തതെങ്കിൽ, ഹൈന്ദവസംരംക്ഷണമെന്ന മുദ്രാവാക്യമാണ് ശിവജിയെ ചരിത്രപുരുഷനാക്കിയത്. ഭക്തിപ്രസ്ഥാനത്തിനും മതസാംസ്കാരിക ഐക്യത്തിനും കിട്ടിയ തിരിച്ചടി അത്തരത്തിലായി

നുണ്ടു! ഔറംഗസീബും ശിവജിയും സമകാലീന രായിരുന്നു, നിരന്തരം യുദ്ധത്തിലും വക്കാണ ത്തിലും കഴിഞ്ഞിരുന്നതും മറെറാന്നുകൊണ്ടു മായിരുന്നില്ല. ചരിത്രത്തിന്റെ താളുകളിലേ [illegible] കടന്ന സാഹചര്യത്തിന്റെ പ്രസ്ഫു രണം മാത്രമാണത്.

ഔറംഗസീബിന്റെ വിസ്തൃതമായ സാമ്രാ ജ്യവും ശിവജിയുടെ ആവേശവും അധികം കഴി യുന്നതിനുമുമ്പുതന്നെ അധ:പതിച്ചു. പുതി യ പല മാററങ്ങളും നടന്നു. കോഴിക്കോട്ടുനിന്ന് 8 മൈൽ വടക്കോട്ടുമാറി കാപ്പാട് എന്ന അപ്ര സിദ്ധമായ സ്ഥലത്തു ചില പറങ്കിക്കപ്പലു കളടുത്തു. വാസ്കോഡിഗാമയുടെ വരവിനു ശേഷമുണ്ടായ പുതിയ സാഹചര്യത്തോടു ഇണ ങ്ങിച്ചേരാനൊക്കാതിരുന്ന ഇന്ത്യൻ ഭരണകർത്താ ക്കൾ മാററങ്ങൾ അറിഞ്ഞില്ല. വിദേശിയർ ഒന്നി ന്നുപുറകേ ഒന്നായി ഇവിടെ എത്തി. പുതിയ സാമ്രാജ്യങ്ങൾ ഉയർന്നു. അവയിൽ വളർന്നതും പുഷ്ടിപ്പെട്ടതും ഇംഗ്ലീഷ് സാമ്രാജ്യമായിരു ന്നു. മററു യൂറോപ്യൻശക്തികളെ പരാജയപ്പെ ടുത്തി ഈ ഉപഭൂഖണ്ഡത്തിന്റെ മുഴുക്കെ അ ധീനത്വം പേറാൻ അവർ വെമ്പി. അതു മന സ്സിലാക്കി ബോധപൂർവ്വം അതിനെ എതിർത്ത് അപകടത്തിന്റെ ആഴം അറിഞ്ഞുകൊണ്ടുതന്നെ അതിലേയ്ക്കു കച്ചകെട്ടിയിറങ്ങി ഇന്ത്യയുടെ മോചനത്തിനുവേണ്ടി ദാഹിച്ച് പടപൊരുതി രക്തസാക്ഷിയായ മൈസൂരിലെ ടിപ്പു സ്വാ തന്ത്ര്യസമരത്തിലെ ആദ്യത്തെ ധീരനായ പടയാ

ളിയാണ്. അദ്ദേഹം മരിച്ചു. പടക്കളത്തിൽവെച്ചു തന്നെ. വിദേശികളോട് അങ്കംവെട്ടി അവസാനം വരെ ധീരതകാട്ടി അദ്ദേഹം മരിച്ചു. പരാജിത നായിട്ടുതന്നെ മരിച്ചു. പക്ഷെ ചരിത്രത്തിൽ പലപ്പോഴും മിഴിവോടുകൂടി നിൽക്കുന്ന മഹ ത്വത്തിന്റെ ഏട് പരാജയങ്ങളുടേതാണ്. കാര ണം ടിപ്പുവിന്റെ പരാജയം ഇന്ത്യയുടെ പാര തന്ത്ര്യത്തിന്റെ പര്യായമായി മാറിയിരിക്കുന്നു. ടിപ്പുവിന്റെ മരണം ഇന്ത്യൻ ദേശീയ ഭരണ ത്തിന്റെ മരണമായിരുന്നു.

ധീരനായ ടിപ്പു ആദർശശുദ്ധിയിലും വി ശ്വാസദാർഢ്യതയിലും നിസ്തുലനായി ശോ ഭിക്കുന്നു. ഇന്ത്യാചരിത്രത്തിലെ അതുല്യനാണ് ധീരനായ ആ രക്തസാക്ഷി. ഈ നാടിന്റെ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി അറിഞ്ഞു കൊണ്ടുതന്നെ മൃത്യുവെ വാരിപ്പുണർന്ന, ഏതു കാലത്തിന്നും രാജ്യത്തിന്നും അനുകരിക്കാവുന്ന മാതൃകാപുരുഷൻ. ചുരുക്കത്തിൽ ശ്രീരാമനും അശോകനും തുടങ്ങി മുഹമ്മത്തുഗ്ലക്കും, ടിപ്പു സുൽത്താനുംവരെ നീണ്ടുകിടക്കുന്ന മഹാരഥൻ മാരുടെ പട്ടിക ഇന്ത്യക്കാരന് അഭിമാനകരമാണ് മനസ്സിരുത്തി ഒററയൊററയായി പഠിച്ചാൽ ഇന്ന ത്തെ ഭരണവൈകല്യങ്ങൾക്കു ഒട്ടേറെ കുറവു വരുത്താൻ കഴിവുള്ള വിലപ്പെട്ട ചരിത്രപുരു ഷൻമാരാണവർ.

## അദ്ധ്യായം പതിനൊന്നു്

# താറടിക്കപ്പെട്ട ചരിത്രനായകൻമാർ

ഇന്ത്യാചരിത്രം പഠിക്കാനൊരുമ്പെടുന്ന ജിജ്ഞാസുവായ വിദ്യാർത്ഥി ഒരു നിലക്കു് ഭാഗ്യവാനാണ്. മറേറതൊരു രാജ്യത്തിലെയും ഉൽസുകരായ ഗവേഷകരെക്കാൾ അവനു് തന്റെ പ്രവർത്തിയിൽ സുകൃതം ലഭിക്കും. അതിനുള്ള കാരണം ഇന്ത്യാചരിത്രത്തിന്റെ നിലവിലുള്ള സംവിധാനമാണ്. വിശാലമായ ഒരു ചതുപ്പുനിലം, ഉഴുകുകയോ വിതക്കുകയോ ചെയ്യാതെ തരിശായി പരന്നു കിടക്കുന്നു. വളക്കൂറുള്ള ഈ മണ്ണിൽ കൃഷിയിറക്കുവാൻ മുതിരുന്നവന്നു് കിട്ടുന്ന പ്രതിഫലം നിശ്ചയമായും സമൃദ്ധമായിരിക്കും. ആരുമാരും കടന്നു ചെല്ലാത്ത, എന്നാൽ നിഷ്പ്രയാസം ഫലമുണ്ടാക്കാവുന്ന, ഇന്ത്യാചരിത്രത്തിന്റെ വിസ്തൃതമായ ഈ വിളനിലത്തിലേക്കു് എത്തിനോക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥി സമ്പന്നനായിത്തീരുമെന്നു് ദൃഢമായുറപ്പിക്കാം.

ലോകത്തിലെ നിരവധി രാജ്യങ്ങളിലെ ചരിത്രം നാം വായിക്കാറുണ്ടു്. വിശ്വജേതാക്കളായ മഹാത്മാക്കളുടെ ധീരോദാത്തമായ കഥകൾ ന

മ്മെ പുളകം ചാർത്താറുമുണ്ടു്. നദീതട സം സ്ക്കാരങ്ങളിൽ നിന്നും വളർന്നു നാഗരികതയുടെ തലപ്പത്തുവരെ എത്തിയ പ്രാക്തന സംസ്കാരം, ദേശീയാവശവും മാനസിക വികാസവും, ഏതു രാജ്യവാസികളിലും ഉദീരണം ചെയ്യുന്നതാണ്. പൌരാണികസംഭാവനകൾ തുടങ്ങി ആധുനിക വികാസംവരെയുള്ള മനുഷ്യപ്രയത്നത്തിൻെറ സുദീർഘമായ നേട്ടങ്ങളുടെ ആണിക്കല്ലായി ഇവ ഗണിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെ ആദമിൻെറ കാലം മുതൽ ആററത്തിൻെറ നവീനദശവരെ ഉൾക്കൊള്ളുന്ന ബൃഹത്തായ മാനവചരിത്രം, പല നാടുകളുടെ സംഭാവനകളായി ഭിന്നമായി തോന്നാമെങ്കിലും ഏകീകൃതമായ ഒരു ചങ്ങലയിൽ സുഘടിതമാക്കാവുന്നതേയുള്ളു. വിഭിന്ന സാംസ്കാരിക പ്രവാഹങ്ങളും, വിഘടിതമായി കിടന്നിരുന്ന രാഷ്ട്രജന സമൂഹങ്ങളും ഒരു പക്ഷെ വേദഗ്രന്ഥങ്ങൾ പറയുന്ന ഒരേ പൈതൃകത്തിൻെറ സന്തതികളാണെന്നു്, മനുഷ്യ സമൂഹത്തിൻെറ സാമൂഹിക ചരിത്രം പഠിപ്പിക്കും.

ഓരോ രാജ്യവും അതിൻേറതായ സംഭാവനകൾ വഴി മനുഷ്യ സ സ്ക്കാരത്തെ തേച്ചുമിനുക്കുവാൻ, ഏററക്കുറച്ചിലുകളോടുകൂടിയാണെങ്കിലും, അവിരാമം ശ്രമിച്ചിട്ടുണ്ടു്. ചിലതു് ദാർശനികരായ മഹാത്മാക്കളുടെ തത്ത്വശാസ്ത്രങ്ങൾ കൊണ്ടാണെങ്കിൽ, മററു ചിലതു് സാമൂഹിക സാമ്പത്തിക വിപ്ളവങ്ങൾ കൊണ്ടാണിതു് നിർവഹിച്ചിട്ടുള്ളതു്. നാടേതായാ

ലും, നിറമെന്തായാലും, ഭൂമിശാസ്ത്രപരമായ അതിർത്തി രേഖകളേയുമതിലംഘിച്ചു് സാർവലൌകികമായ സാഹോദര്യവും വിശ്വസ്നേഹവും കൊണ്ടു് ജനസമുദായത്തെ ഒന്നിപ്പിക്കുവാൻ ശ്രമിച്ച മതപ്രവാചകൻമാരാണ് മററുചിലനാടുകളിലെ മുതൽ കൂട്ടെങ്കിൽ. വേറെ ചില രാജ്യങ്ങൾ ഹൃദയ ദ്രവീകരണം നടത്തുന്ന കലാസാഹിത്യ സംഭാവനകളാണ് നൽകിയിട്ടുള്ളതു്. മററു ചില ദേശങ്ങളാകട്ടെ രാഷ്ട്രീയമായി എല്ലാ രാജ്യങ്ങളേയും ഏകോപിപ്പിക്കുവാനുള്ള സൈനിക പ്രവർത്തനങ്ങൾ നടത്തിയ ധീരയോദ്ധാക്കൾക്കു് ജൻമം കൊടുത്തവയുമത്രെ. അങ്ങനെ വൈവിധ്യങ്ങൾ തോന്നാമെങ്കിലും, ഓരോ ഭൂവിഭാഗവും മനുഷ്യ സംസ്കാരത്തിൻെറ കലവറയിൽ തനതായ സമ്പത്തു് സംഭാവന ചെയ്തിട്ടുള്ളവയാണ്. അവർക്കു് നേതൃത്വം കൊടുത്തു് കാലത്തിൻെറ പ്രതിഭാസങ്ങൾ ഉൾക്കൊണ്ടുകൊണ്ടു് മനുഷ്യവികാരങ്ങളുടെ സിംഹാസനത്തിൽ സ്ഥിര പ്രതിഷ്ഠരായവരാണ് ചരിത്രനായകൻമാർ. അത്തരം മഹാത്മാക്കൾ മാനിക്കപ്പെടുന്നുവെന്നു് മാത്രമല്ല; അവരുടെ വിജയരഹസ്യം എവിടേയുമുള്ള ചരിത്ര വിദ്യാർത്ഥികളുടെ പഠന വിഷയവുമാണ്. ഇന്നലേയുടെ വിജയം ഉൾക്കൊള്ളുമ്പോൾ, ഈ മാതൃകാപുരുഷൻമാരാണ് നമ്മുടെ മുമ്പിൽ തെളിഞ്ഞുവരുന്ന വെള്ളിനക്ഷത്രങ്ങൾ. എല്ലാ രാജ്യത്തും എല്ലാകാലത്തും, ഈ മഹാത്മാക്കൾ ആദരണീയരായി തീർന്നിട്ടുണ്ടു്. അതിനു കാരണം, അവർ, അതാതുകാലത്തിൻെറ വിചാരവികാരങ്ങൾ ഉൾ

ക്കൊണ്ട പ്രതിഭാശാലികളായിരുന്നു വെന്നതാണ്. വ്യക്തികളുടെ ജയാപജയങ്ങളും; നേട്ടങ്ങളും കോട്ടങ്ങളും; പരിതോവസ്ഥകളുടെ പ്രതിഫലനങ്ങളായും, കാലഘട്ടത്തിൻെറ സ്വഭാവ വിശേഷമായും, അവതരിപ്പിച്ചുകൊണ്ടാണ് ഏതൊരു രാജ്യത്തും ചരിത്രസംവിധാനങ്ങൾ നടത്തിയിട്ടുള്ളത്. ഏറെക്കുറെ ഈ വീക്ഷണത്തിൽ തകരാറു പിണയുക പ്രയാസമാണെന്നു പറയാം, നെഹ്റു എന്ന മനുഷ്യനും, നെഹ്റു എന്ന വിപ്ളവകാരിയും നെഹറു എന്ന ഭരണാധിപനും ഭാരതത്തിൻെറ വ്യത്യസ്തങ്ങളായ കാലഘട്ടങ്ങളേയാണ് പ്രതിനിധാനം ചെയ്യുന്നത്. നെഹ്റുവിൽകൂടി വരക്കുന്ന ഇന്ത്യയുടെ രൂപരേഖ, വ്യത്യസ്തമായ മറെറാരു വീക്ഷണപശ്ചാത്തലത്തോടു കൂടി എഴുതുന്ന ചരിത്രത്തിൽ നിന്നും വിഭിന്നമായിരിക്കുകയില്ല. വിശദാംശങ്ങളിൽ അല്പസ്വല്പ വ്യത്യാസങ്ങൾ കണ്ടാൽ ത്തന്നെ. ആത്യന്തികമായ സ്ഥായീഭാവങ്ങളിൽ, മാററങ്ങൾ വരികയില്ല. സമകാലീനമായ ഈ ഉദാഹരണം, ചരിത്രത്തിലെ മഹാത്മാക്കളെന്നു പറയുന്നവരുടെ ചെയ്തികളുമായി തുലനംചെയ്യാൻ സഹായകമാണല്ലൊ. അതുകൊണ്ടുതന്നെയാണ് എല്ലാ രാജ്യത്തും, പൂർവ്വികരായ മഹാത്മാക്കളുടെ നേട്ടങ്ങളെ വിലയിരുത്തി മാതൃകയാക്കുന്നതും, ആ കാലഘട്ടത്തിൻെറ പ്രതിനിധികളായി അവരെ പുരസ്ക്കരിക്കുന്നതും. അപ്പോൾ മഹാത്മാക്കളായ ഈ തേജപുഃഞ്ജങ്ങൾക്ക് പററുന്ന വീഴ്ച, സമൂഹത്തിൻെറയോ സംസ്കാരത്തിൻെറയോ തന്നെ, താഴ്ചയായിത്തീ

രുകയും; അവരുടെ ഉയർച്ച അതുപോലെത്തന്നെ നമ്മുടെ വളർച്ചയായി മാറുകയും ചെയ്യുക സ്വാഭാവികമാണ്. ഇതു കൊണ്ടുതന്നെ നമ്മുടെ പൂർവ്വീകരായ ഭരണാധിപൻമാരെക്കുറിച്ചും പണ്ഡിതൻമാരേയും, സാമൂഹിക പരിഷ്കർത്താക്കളേയും കുറിച്ചും തെററായ കാര്യങ്ങൾ മനഃപൂർവ്വം എഴുതിപിടിപ്പിച്ചിട്ടുണ്ടെങ്കിൽ അവ തിരുത്തേണ്ടത് ആവശ്യമാണ്. സമൂഹത്തിൻെറയും, കാലഘട്ടത്തിൻെറയും, പ്രതിനിധികളെന്ന നിലക്ക് അർഹമായ സ്ഥാനങ്ങൾ നൽകാതിരിക്കുന്നത് സമൂഹത്തെതന്നെ തരം താഴ്ത്തുന്നതിന് സമമാണ്

അതുകൊണ്ടാണ് ലോകചരിത്രത്തിൽ അറിയപ്പെടുന്ന ദേശങ്ങളിലൊക്കെത്തന്നെ, അവയുടെ ദേശീയ വീരപുരുഷൻമാരെ ഐതിഹാസിക ജേതാക്കളായിപ്പോലുമുയർത്തുവാൻ തദ്ദേശീയർ മിനക്കെട്ടുകൊണ്ടിരിക്കുന്നത്. ദൌർഭാഗ്യമെന്നു പറയട്ടെ ഇന്ത്യാ ചരിത്രത്തിൽ അത്തരം സംരംഭങ്ങൾ ഭാഗികമായി മാത്രമേ നിർവ്വഹിച്ചിട്ടുള്ളൂ. നാം നമ്മുടെ വീരപുരുഷൻമാരെ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് അഗമ്യ പ്രാഭവരായി ഉയർത്തണമെന്ന് ആരും വാദിക്കുകയില്ല. പക്ഷേ, ഇല്ലാത്ത കള്ളക്കഥകൾ കെട്ടിച്ചമച്ച് അവരെ തരം താഴ്ത്തി താറടിച്ചു കാണിക്കുന്ന സമ്പ്രദായം കുറെ ചരിത്രപുരുഷൻമാരോട് ചെയ്യുന്ന കൊടുംപാതകം മാത്രമല്ല സുദീർഘമായ കാലഘട്ടത്തിലെ ജനങ്ങളോടും സംസ്കാരത്തോടുമുള്ള ഒടുങ്ങാത്ത പകകൂടിയുമാണ്. ഇന്ത്യാ

ചരിത്രം ഉടനീളം ഈ അപാകതകൊണ്ട് നിറഞ്ഞിരിക്കുന്നു. ഇന്ത്യാചരിത്രപഠനം ഗൗരവപൂർവ്വമെടുക്കുന്ന വിദ്യാർത്ഥി ഭാഗ്യവാനാണെന്ന് പറയുവാനുള്ള കാരണവും ഇതു തന്നെയാണ്. കള്ളക്കഥകളുടെ മാറാലകളാകൊണ്ടു മൂടി വികൃതമായികിടക്കുകയാണ് ചരിത്രത്തിലെ പ്രഗൽഭരായ പല നായകൻമാരും. ആ മാറാലകൾ മാററി യാഥാർത്ഥ്യത്തിൻെറ നഗ്നരൂപം പുറത്തുകൊണ്ടുവരുവാൻ ബദ്ധകങ്കണനായ ചരിത്ര ഗവേഷകന് അധികം പ്രയാസം കൂടാതെ കഴിയും. തൻെറ പ്രവൃത്തിയിൽ സംതൃപ്തനാകുവാനൊക്കുകയും ചെയ്യും. ചുരുക്കത്തിൽ വിശാലമായ ഒരു ലോകം തുറന്നു കിടക്കുകയാണ്. അവിടെ അറിയപ്പെടുന്നവരും അല്ലാത്തവരുമായ പലതരത്തിലുള്ള മനുഷ്യരുമുണ്ട്. അറിയപ്പെടാത്തവർ നിരവധിയാണ്. അറിയപ്പെടുന്നവരിൽ തന്നെ തെററിദ്ധരിക്കപ്പെട്ട മ്ളാനമുഖങ്ങൾ ധാരാളം ദൃശ്യമാണ്. ഇവയെയെല്ലാം തിരഞ്ഞുപിടിച്ച് കൊള്ളേണ്ടത് കൊള്ളുകയും, തള്ളേണ്ടത് തള്ളുകയും ചെയ്ത്, ശുദ്ധമാക്കി, ഏകീകരണം നടത്തി ക്രോഡീകരിച്ചെടുക്കുന്ന ഇന്ത്യാ ചരിത്രമേ സത്യസന്ധമായിരിക്കുകയുള്ളു. ചരിത്രവിദ്യാർത്ഥികൾക്ക് ശ്രമകരമായ ജോലിയാണെങ്കിലും സാദ്ധ്യതകൾ ധാരാളമാണ്. ഇന്ത്യാചരിത്രം ആസകലം അഴിച്ചുകൂട്ടി നമ്മുടെ അന്ധകാരമയമായ ചരിത്രത്തെ പുനഃസ്സംവിധാനം നടത്തേണ്ട ചുമതല നമുക്കുണ്ട്.

ഉദാഹരണമായി മദ്ധ്യകാല ഇന്ത്യാ ചരിത്രം തീർത്തും അസംബന്ധ ജടിലമായ കള്ളക്കഥകൾ കൊണ്ട് നിറക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹിക ഭാഗധേയം നിർണ്ണായകമായി കൈകാര്യംചെയ്ത നിരവധി ചക്രവർത്തിമാരെ സാമുദായിക ഛായ നൽകി വികൃതരൂപങ്ങളാക്കിയാണ് ചിത്രീകരിച്ചിട്ടുള്ളത്. ചരിത്ര സംബന്ധിയായ വങ്കത്തങ്ങൾ വിദഗ്ധമായി സാധാരണീകരിക്കപ്പെട്ടിരിക്കുന്നു. നൈപുണ്യത്തോടുകൂടി പ്രചരിപ്പിക്കപ്പെട്ട ഈ അസംബന്ധങ്ങളത്രയും, അംഗീകൃത ചരിത്ര യാഥാർത്ഥ്യങ്ങളായി മാറിയിരിക്കുകയാണ്. തെററും ശരിയും വ്യവഛേദിച്ചറിയുവാൻ വൈഷമ്യമുണ്ടാക്കുന്ന വൈദഗ്ധ്യമേറിയ കൈവിരുതാണ് ഇക്കാര്യത്തിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതെങ്ങിനെ സംഭവിച്ചുവെന്നോ, അതെത്രമാത്രം ആപൽക്കരമാണെന്നോ, ഗൌരവമായി ആരും പരിഗണിക്കാറില്ല. സമഷ്ടിയുടെ സ്ഥൂലാവിഷ്കാരമാണ് വ്യക്തിയെന്ന് പ്രസ്താവിച്ചുവല്ലൊ സമൂഹത്തിൻെറ സമൂർത്തഭാവങ്ങൾ പ്രതിനിധാനം ചെയ്യുന്ന അധൃഷ്യപ്രാഭവൻമാരെ വിലയിടിച്ചു കാട്ടുകയെന്നത്, സമൂഹത്തോടും സംസ്കാരത്തോടും ചെയ്യുന്ന അനീതിയാണെന്നും സൂചിപ്പിച്ചതാണ്. ഈ പൊതുതത്വത്തിന്ന് ദുഷ്ടമായ ഒരപവാദമാണ് മദ്ധ്യകാല ചരിത്രത്തിലെ വീരപുരുഷൻമാർ.

ഈ ചരിത്രാഭാസങ്ങൾ, ആകസ്മികമായി കടന്നുകൂടിയതല്ല. ഉദ്ദേശപൂർവ്വം നമ്മിൽ അടിച്ചേൽ

പിക്കപ്പെട്ടതാണ്. വിദേശാധിപത്യത്തിൻെറ തിക്തമായ അനുഭവ കഥകളിലെ ഏററവും കൈപ്പേറിയ അംശമാണിത്. അടിമത്തത്തിൻെറ നുകം നമ്മുടെ ചുമലിൽനിന്നും നീക്കപ്പെട്ടെങ്കിലും, അത് ദീർഘകാലം പേറിയതിൻെറ കട്ടിപിടിച്ച തഴമ്പ് ഇന്നും അവശേഷിച്ചിക്കുന്നു. അതു കൊണ്ടുള്ള യാതനകളും, പ്രയാസങ്ങളും, നാം അനുഭവിക്കുകയും ചെയ്യുന്നു. വെറുക്കപ്പെട്ട ഇംഗ്ലീഷ് മേൽക്കോയ്മയുടെ പ്രസിദ്ധമായ രാഷ്ട്രീയ കുബുദ്ധി, ഈ നാട്ടിൽ ഒരുമയോടു കൂടി ജീവിച്ചിരുന്ന ഹിന്ദുമുസ്ളിം സമുദായങ്ങളെ തമ്മിലടിപ്പിക്കുവാൻ പ്രയോഗിച്ച പല വിദ്യകളിലൊന്നായിരുന്നു ചരിത്ര സംവിധാനത്തിലൂടെ നടത്തിയ ഈ തന്ത്രം. ഇന്ത്യയിലെ ഈ സമുദായങ്ങരം ഏകോപിക്കുകയെന്നതു് ബ്രിട്ടീഷ്കാരന്നു് ഓർക്കുവാനും കൂടി കഴിയാത്ത പേടിസ്വപ്നമായിരുന്നു. ആളും, അർത്ഥവും സാധനസാമഗ്രികളും അവർക്കു് ഇന്ത്യയിൽനിന്നുതന്നെ ലഭിക്കണം. ഏതു സന്ദർഭത്തിലും അസംതൃപ്തരായ ജനങ്ങളും, പ്രഭുക്കൻമാരും നാട്ടരചൻമാരും കലാപത്തിൻെറ കൊടിയുയർത്തുവാൻ ഒരുമ്പെടുമെന്നു് അവർക്കറിയാമായിരുന്നു. ജനഹിതത്തിനോ നാട്ടുരീതിക്കോ അരോചകമായ വിദേശാധിപത്യം ധീരമായി ചെറുക്കപ്പെടുമെന്നും അവർ ബോധവാൻമാരായിരുന്നു. വിസ്തൃതമായ ഈ രാജ്യത്തെ രാഷ്ട്രീയമായി ഏകോപിക്കുവാൻ വലിയ ഒരു സേനയും സന്നാഹവും ഇംഗ്ളീഷുകാർക്കാവശ്യമായിവന്നു. ഭരണനിർവ്വഹണത്തിനും, നികുതി പിരിവിനും,

സമാധാനപാലനത്തിനും, അതിലേറെ ആളുകൾ വേണം. ഇതിനൊക്കെ ഇന്ത്യയിൽ നിന്നു തന്നെ സേവന സന്നദ്ധരായ ജനങ്ങളെ പരിശീലിപ്പിച്ചെടുക്കുക മാത്രമല്ല, കൂറും നെറിവുമുള്ളവരാക്കി തീർക്കുകയെന്നതും ദുഷ്കരമായ പ്രവർത്തിയാണ്. മുസ്ലീം പ്രഭുക്കൻമാരും അധികാരം പോയ നവാബുമാരും അതുവരെ തങ്ങൾ സൈ്വരമായനുഭവിച്ച അധികാരം നഷ്ടപ്പെടുന്നതിൽ ദുഃഖിതരായി ബ്രിട്ടീഷ്കാരോടു തോററു് രാഷ്ട്രീയാധികാരം കൈവിട്ടുപോയ ഇവരത്രയും ഇംഗ്ളീഷ്കാരോടു് ഉള്ളിൽ തട്ടിയ പക പുലർത്തിപ്പോന്നു. ബ്രിട്ടീഷ് ശക്തി അപ്രധിരോധ്യമായിത്തീർന്നിട്ടുപോലും ഈ വിരോധം മുസ്ലീം മനസ്സിൽ നിന്നുമാറിയില്ല. അതു വളർന്നുകൊണ്ടേയിരുന്നു. തൽഫലമായി ബ്രിട്ടീഷ് സേവനത്തിന്നൊരുങ്ങുന്ന മുസ്ലിം സമുദായ ദ്രോഹിയായി ചിത്രീകരിക്കപ്പെട്ടു. ബ്രിട്ടീഷ് സ്ഥാപനങ്ങളിൽ പരിശീലനം തേടിപ്പോയിരുന്നവനേയും, അവരുടെ വിദ്യാലയങ്ങളിൽ അഭ്യാസനത്തിന്നൊരുമ്പെട്ടവനേയും ഇസ്ലാമിന്നും സമുദായത്തിന്നും എതിരായി പ്രവർത്തിക്കുന്നവനായി മുദ്രയടിച്ചു് ഒററപ്പെടുത്തി ബ്രിട്ടീഷ് സർവീസിലോ, സേനയിലോ, ഇവയൊക്കെ പരിശീലനം നൽകുന്ന കേന്ദ്രങ്ങളിലോ, മുസ്ലീംകൾ നിസ്സഹകരണമാണ് പ്രദർശിപ്പിച്ചതു്. ഇതു ചെയ്തതാകട്ടെ ബോധപൂർവ്വമായിരുന്നു. ഇംഗ്ളീഷ്കാരെ എന്നെങ്കിലും ഈ നാട്ടിൽ നിന്നും തുരത്തുവാൻ സാധിച്ചാൽ നഷ്ടപ്പെട്ട മുസ്ലീം ആധിപത്യം വീ

ണ്ടെടുക്കാൻ കഴിയുമെന്നായിരുന്നു കണക്കു കൂട്ടൽ. അതേറെക്കുറെ ശരിയുമായിരുന്നു. മുസ്ളിംകളുടെ ഈ മനോഭാവം നല്ലവണ്ണം മനസ്സിലാക്കിയ ഇംഗ്ളീഷ് രാജ്യതന്ത്രജ്ഞൻ കയ്യിൽ വന്ന സാമ്രാജ്യത്തെ സുരക്ഷിതമാക്കുവാനുള്ള സ്വാർത്ഥമോഹത്തിൽ വ്യാപൃതനാകുക സ്വാഭാവികമാണ്. അവരുടെ നിലനിൽപിൻെറ പ്രശ്നമായിരുന്നു, കോപിച്ച് മാറിനിൽക്കുന്ന മുസ്ളീംകളുടെ അതേ നിലപാട് ഹൈന്ദവ സമുദായവും അനുകരിക്കാതെ നോക്കുകയെന്നത്. അത് സാധിക്കണമെങ്കിൽ, ഇന്ന് നാം പ്രിയംകരമായി കരുതുന്ന സാമുദായിക സൌഹാർദ്ദത്തിൻെറ കനകസൌധം തല്ലിത്തകർത്തിട്ടു വേണമായിരുന്നു. ഇന്ത്യക്കാരൻെറ സഹായമില്ലാതെ തങ്ങളുടെ സാമ്രാജ്യം നിലനിറുത്തുവാനൊക്കുകയില്ലെന്ന പരമാർത്ഥം മനസ്സിലാക്കിയ അവർ, സാമുദായിക സംഘർഷങ്ങൾ സൃഷ്ടിച്ച് ഏതെങ്കിലും സമുദായത്തിൻെറ പിൻതുണ നേടാനുള്ള വിദ്യകൾ ചെയ്യുവാൻ തുടങ്ങി, അങ്ങിനെയാണ് ബോംബേ ഗവർണ്ണരും പ്രസിദ്ധചരിത്രകാരനുമായ എൽഫിൻസ്ററൺ, ഇന്ത്യയിലെ ബ്രിട്ടീഷ്നയത്തെ ഇപ്രകാരം വ്യവഹരിച്ചത്. "സാമ്രാജ്യത്തെ വിഭജിച്ചു ഭരിക്കുകയെന്നത് പഴയ റോമൻ ആദർശമായിരുന്നു. ഇപ്പോഴത് നാം സ്വായത്തമാക്കിയിരിക്കുന്നു" ഈ നയരൂപികരണമാണ് ഇംഗ്ളീഷ്കാർ ഈ നാട്ടിൽ ചെയ്തു വെച്ച ഏററവും വലിയ വിന. അവരുടെ നിലനിൽപിൻെറ ന്യായീകരണം എത്രതന്നെ ഉന്നയിച്ചാലും അത് ഈ നാട്ടിൽ വരുത്തിവെച്ച കെടുതികൾ വർണ്ണനാതീതമാണ്. അവ

വ്യവഹരിച്ച് പ്രതിപാദ്യം ദീർഘിപ്പിക്കുവാനു ദ്ദേശിക്കുന്നില്ല. ഇവിടെ പ്രസക്തമായ ഭാഗം ഇതുമാത്രമാണ്. ഇരുസമുദായങ്ങളേയും ഭിന്നിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ എല്ലാ തുറകളിലും നിർല്ലോഭം നടത്തിയപ്പോൾ ചരിത്ര സംവിധാനവും പരമാവധി ഉപയോഗപ്പെടുത്തി. നമ്മുടെ സംസ്കാരത്തേയും സമൂഹത്തേയും, അവർക്ക് നേതൃത്വംകൊടുത്ത പ്രഗത്ഭമതികളായ പ്രജാപതികളേയും വികൃതമാക്കി. അതിന്നു കാരണം ഇംഗ്ളീഷ് ആധിപത്യകാലം, മധ്യകാലഘട്ടത്തേക്കാൾ മേൻമയേറിയതാണെന്ന് വരച്ചുകാട്ടുകയായിരുന്നു. പുറമേ, മുസ്ളിംഭരണകാലം, ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരങ്ങൾക്ക് മർദ്ദനവും, അനീതിയും മാത്രം പ്രദാനം ചെയ്ത ഒരു സന്ദർഭമായിരുന്നു വെന്ന് പ്രചരിപ്പിച്ച് ഹിന്ദുസഹോദരങ്ങളെ ബ്രിട്ടീഷ് സേവനത്തിന്ന് സന്നദ്ധരാക്കുവാനുള്ള മാനസികാവസ്ഥ സൃഷ്ടിക്കുക കൂടിയുമായിരുന്നു ഉദ്ദേശ്യം അങ്ങിനെ ഹൈന്ദവ ഭൂരിപക്ഷത്തിനു ബ്രിട്ടീഷ്സേവ ചെയ്യുന്നതിന്ന് മനസ്സാക്ഷിക്കുത്ത് നീക്കുവാനുള്ള ഒരുപജാപം കൂടിയുമായിരുന്നു, മദ്ധ്യകാലഘട്ടത്തെ മുഴുക്കെ ചരിത്രാഭാസങ്ങൾ കൊണ്ട് വികലമാക്കുവാനുള്ള ഹേതു ഈ നയം അനായാസേന ഇവിടെ വിലപ്പോവുകയും, ചെയ്തു എന്നതാണ് ദൌർഭാഗ്യകരമായ വസ്തുത.

ജനങ്ങൾ അക്രമത്തിൻെറയും മതഭ്രാന്തിൻെറയും കഥകൾ പഠിച്ചു പഠിച്ചു അന്യോന്യം ആ

പപ്ഛരകയോടുകൂടി വീക്ഷിക്കുക മാത്രമല്ല, ഘോരമായ കൊലപാതകങ്ങൾക്കുകൂടി മുതിർന്നു. ഒരുമയിൽ കഴിഞ്ഞിരുന്ന ഇന്ത്യൻ സമൂഹം തമ്മിലടിക്കുവാനും സമാധാനത്തിൻെറ ഈ നാടു കൂട്ടക്കൊലകളുടേയും, കുരുതികളുടേയും കുരുക്ഷേത്രമായി മാറുന്നതിനും ഇടയായി. ബ്രിട്ടീഷ്കാർ സ്വാതന്ത്ര്യേച്ഛരകളായ ഇന്ത്യക്കാരുടെ ദേശീയാവേശത്തിൻെറ വേലിയേററത്തിൽ ഭാണ്ഡവും മുറുക്കി ഒഴിഞ്ഞുപോയെങ്കിലും, അവർ ചെയ്തുവെച്ച പ്രവൃത്തികളുടെ ദ്രോഹം ഇന്നും മാറാതെ കൂടുതൽ കൂടുതൽ രൂക്ഷതരമായി തീർന്നിരിക്കുകയാണ്. ഇത് ദേശീയോദ് ഗ്രഥനത്തേയും, സാമുദായ ഐക്യത്തേയും അലങ്കോലപ്പെടുത്തുന്ന ഏററവും പ്രമാദമായ കാര്യമാണെന്ന് നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. അതിന്നൊരുമ്പെടുമ്പോൾ വികലമായ വർഗ്ഗീയാപസ്വരങ്ങൾ ഉണ്ടായാൽത്തന്നെ, ദേശീയ ഭദ്രതയും, സാമുദായിക ഐക്യവുമെന്നമഹത്തരമായ ഉദാത്തഭാവങ്ങൾക്ക് ഇടംകൊടുത്തുകൊണ്ട് നമ്മുടെ നാടിൻെറ ചരിത്രം—നമ്മുടെ ജനതയുടെ സാംസ്കാരികഗതിവിഗതികൾ—നമ്മുടെ രാഷ്ട്രീയ—സമ്പദ് വ്യവസ്ഥയുടെ ഏററക്കുറച്ചിലുകൾ—ഇവയത്രയും സമഗ്രമായും സസൂക്ഷ്മമായും, രചനാത്മകമായി പുനസ്സംവിധാനം ചെയ്യേണ്ടതാണ്. അത് സത്യസന്ധമായി നിർവ്വഹിക്കുമ്പോൾ താറടിക്കപ്പെട്ടുകിടക്കുന്ന നിരവധി ചരിത്രനായകൻമാർ വീരപുരുഷൻമാരായി തെളിഞ്ഞു വരുന്നതായി കാണാം.

ആരൊക്കെയാണ് ഇതിൻെറ പരിധിയിൽ വരികയെന്ന് എണ്ണി എണ്ണിപ്പറയുക പ്രയാസമാണ്. എങ്ങിനെയാണ് അവരെയെല്ലാം ചരിത്രത്തിലെ വൈകൃതങ്ങളാക്കി മാററിയതെന്ന കാര്യവും, വിശദമായി വിവരിക്കേണ്ടതുണ്ട്. അതിന്നുപാധികളാക്കിയ വിദ്യകൾ – ഫലവത്തായി പ്രയോഗിച്ച ടെക്നിക്കുകളും, പരിശോധനാവിധേയമാക്കേണ്ടതാണ്. മതപരിവർത്തനം, ക്ഷേത്രധ്വംസനം, മതനികുതിയെന്നു പറയുന്ന ജിസിയ, ഭാഷാതർക്കങ്ങൾ തുടങ്ങി നിരവധി സംഗതികൾ വിവേചനാപൂർവ്വം വിശാല ഹൃദയത്തോടു കൂടി പുനരാവിഷ്കരണം നടത്തുകയും പുനർവ്യാഖ്യാനം ചെയ്ത് സത്യം വെളിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട് * ഇവിടെ ഒററ ഉദാഹരണം മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ബ്രിട്ടീഷ് ചരിത്രപ്രതിപാദനത്തിൻെറ മാനദണ്ഡം പ്രകടമാക്കാം. ബാൽബനും, അലാവുദ്ദീൻ കാൽജിയും കൊടുംക്രൂരതകൾ ചെയ്ത രക്തരക്ഷസ്സുക്കളായി ബ്രിട്ടീഷ് ചരിത്രകാരൻെറ പഴിക്കും, വായിക്കുന്നവൻെറ വിദ്വേഷത്തിന്നും വിധേയരാകുന്നു. അവരുടെ രക്തച്ചൊരിച്ചിലിൻെറ ഫലമായി നാട്ടിൽ അസംതൃപ്തി പടർന്നെന്നും, അവരുടെ കൺപോളകൾ അടഞ്ഞതോടെ സാമ്രാജ്യം തകർന്നടിഞ്ഞെന്നും, ഇംഗ്ലീഷ് ചരിത്രകാരൻമാർ നമ്മെ പഠിപ്പിക്കുന്നു. എന്നാൽ ഡൽഹി സുൽത്താൻമാരുടെ സുവർണ്ണ കാലഘട്ട

* ഇതിന്നുള്ള ഒരു ചെറിയ ശ്രമം 'ഇന്ത്യാ ചരിത്രത്തിന് ഒരു മുഖവുര' എന്ന പുസ്തകത്തിൽ ഈ ലേഖകൻ നടത്തിയിട്ടുണ്ട്

മെന്ന് എല്ലാനിലക്കും വിശേഷിപ്പിക്കാവുന്ന ഫിറോസിന്റെ കാലത്തെ കുററപ്പെടുത്താനൊന്നും ലഭിക്കാതിരുന്ന ഈ ചരിത്രകാരൻമാർ കാണുന്ന തെററ് വളരെ വിചിത്രമായിതോന്നിയേക്കാം. ഈ ചക്രവർത്തി മനുഷ്യസ്നേഹിയായിരുന്നു. രക്തച്ചൊരിച്ചിലും യുദ്ധവും അദ്ദേഹം വെറുത്തിരുന്നു. മനുഷ്യസ്വഭാവത്തിന്ന് നല്ലതാണ് സമഷ്ടിസ്നേഹമെങ്കിലും, മദ്ധ്യകാലത്തിലെ ഒരു ചക്രവർത്തിക്കും പററാത്ത ഹൃദയഹാരിതയാണ് ഫിറോസിന്നുണ്ടായിരുന്നതത്രെ. അതു കാരണമാണ് അദ്ദേഹത്തിന്ന്ശേഷം തുഗ്ളക്ക് വംശം നശിച്ചതെന്ന് ഇവർ നമ്മോടു പറയുന്നു.

മദ്ധ്യകാലഘട്ടത്തിൽ മനുഷ്യത്വരഹിതരായ ക്രൂരഭരണാധികാരികൾക്കേ നിലനിൽപുണ്ടായിരുന്നുള്ളുവെന്ന് വ്യവഹരിക്കുന്നവർ, ബാൽബനേയും അലാവുദ്ദീനേയും, അക്കാരണംകൊണ്ടുതന്നെ മനുഷ്യരുടെ പന്തിയിൽ കയററാൻ കൊള്ളാത്തവരായി തരംതാഴ്ത്തുന്നു. ഫിറോസിന്റെ കാര്യത്തിൽ നേരേമറിച്ചും! രാഷ്ട്രവും മതവും വിഭിന്നമേഖലകളിൽ നിറുത്തി ഏതു ഭരണാധിപനും അസൂയയുണ്ടാക്കുന്ന പുകഴ് പെററ പരിഷ്കാരങ്ങൾ നടപ്പാക്കിയ ദാർശനിക ചക്രവർത്തിയായ മുഹമ്മദ് തുഗ്ളക്കു, വിദേശാധിപത്യത്തോട് സന്ധിയില്ലാത്ത സമരംനടത്തി, തന്റെ സേനാനികളോടൊപ്പം പടക്കളത്തിൽ വീണ് വീരമൃത്യുവരിച്ച ടിപ്പുവും ഇന്നും ചരിത്രത്തിന്റെ താളുകളിൽ വിസ്മയം ജനി

[illegible] ഭരണനയങ്ങളുടെ പരിഹാസ്യമായ [illegible]മായി വിളറി നിൽക്കുകയാണ്. ഇവരെ ഐതിഹ്യം കടങ്കഥകളുടെ മായാവലയത്തിൽ നിന്നും പുറത്തുകൊണ്ടുവരേണ്ടത് ഒരു പ്രത്യേക സമുദായത്തിൻെറ ആവശ്യമൊന്നുമല്ല. കുറേ വ്യക്തികളുടെ അപദാനങ്ങൾകൊണ്ട് പ്രകീർത്തിച്ചു പ്രതിഷ്ഠിക്കാനുള്ള ചേതോവികാരവുമല്ല. ഈ നാടിൻെറ സ്വാതന്ത്ര്യസമരത്തിൻെറയും സാമൂഹിക സാംസ്കാരിക സംഘാതത്തിൻെറയും വസ്തുനിഷ്ടമായ കഥാകഥനം സാദ്ധ്യമാകണമെങ്കിൽ കാലഘട്ടങ്ങളുടെ സമൂർത്തഭാവങ്ങൾക്ക് നിറച്ചാർത്തണിയിച്ച് സമ്പുഷ്ടമാക്കിയ നമ്മുടെ കഥാപുരുഷൻമാരെ ഇനിയും ഇങ്ങനെ വിസ്മൃതിയിൽത്തന്നെവിടുക ദേശീയദാർഢ്യത്തിന് വിഘാതമാണ്. ക്രിയാത്മകമായ ചരിത്രരചനക്ക് ദുർഘടം സൃഷ്ടിക്കുകയുമാവുന്നത. വൈകൃതങ്ങൾ എത്രയുംവേഗം പരിഹരിക്കുവാനുള്ളമാർഗ്ഗങ്ങൾ ആരാഞ്ഞ് തദ്വിഷയമായി നമ്മുടെ ശ്രദ്ധകേന്ദ്രീകരിക്കപ്പെടുമോ [illegible].

അദ്ധ്യായം പന്ത്രണ്ട്

# അൽബൈറൂനിയും ''ഇന്ത്യയും''

അൽബൈറൂനി എന്ന നാമധേയത്താൽ പ്രസിദ്ധനായ 'അബുറയ്ഹാൻ മുഹമ്മദ് ഇബ്നു അഹമ്മത് അൽബൈറൂനി, ചരിത്രവിദ്യാർഥികൾ എക്കാലവും ഉരുവിട്ടു പോരുന്ന ഒരു പേരാണ്. ഇന്ത്യാചരിത്രപഠനത്തിന് സഹായകമായി അദ്ദേഹത്തിന്റെ ഗ്രന്ഥം വളരെ ഉപയോഗപ്പെടുത്തിപോരുന്നുമുണ്ട്. 11-ാം നൂററാണ്ടിലെ ഇന്ത്യയുടെ രാഷ്ട്രീയസംവിധാനവും സാമൂഹികാവസ്ഥയും സാമ്പത്തികസ്തിഥിയും കുറച്ചെങ്കിലും പരാമർശിച്ചിട്ടുള്ള ഒരു ചരിത്രഗ്രന്ഥമാണ് അൽബൈറൂണിയുടെ ഇന്ത്യ. എന്നാൽ ഈ പുസ്തകം ഒരു ചരിത്രഗ്രന്ഥമെന്നതിനേക്കാൾ ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്താനുള്ള ഒരു വിദേശീയ പണ്ഡിതന്റെ ശ്രമകരമെങ്കിലും ക്രിയാത്മകമായ പരിശ്രമമാണെന്ന് പറയുന്നതായിരിക്കും ഉചിതം. ഇന്ത്യൻ മതങ്ങളും ദർശനങ്ങളും മീമാംസകളും ശാസ്ത്രങ്ങളും ആചാരങ്ങളും കൂലങ്കക്ഷമായി ചർച്ചാവിഷയമാക്കുന്ന അൽബൈറൂനി ,സഹിഷ്ണതയും സഹജാവബോധവും ഒപ്പം പ്രദർശിപ്പിക്കുന്നുണ്ട്. ഇന്ത്യൻ സാംസ്കാരികസമ്പത്തിനോടും ദാർശനികമുതൽ ക്കൂട്ടി

നോടും ഇത്രയധികം പ്രീതി കാണിച്ചിട്ടുള്ള ഒററ വിദേശീയപണ്ഡിതനും അൽബൈറൂനിക്ക് മുൻപുണ്ടായിരുന്നിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. സുദീർഘങ്ങളായ 21 സംവൽസരക്കാലം നമ്മുടെ ഭാഷയും സാഹിത്യവും ദർശനങ്ങളും മീംമാംസകളും പഠിക്കുവാൻ പ്രയത്നിച്ച ആ ജിജ്ഞാസുവായ പണ്ഡിതൻ ഭാരതീയഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിൽ അത് സ്വാഭാവികം മാത്രമാണ്. സോവിയററ് റഷ്യയിൽ പെട്ട ഉസ്ബെക്കിസ്ഥാനിൻെറ തലസ്ഥാനമായ 'ഖിവ' പട്ടണത്തിലാണ് അൽബൈറൂനി ജനിച്ചത്. അത് ക്രിസ്തുവർഷം 973 ലായിരുന്നു – ഏകദേശം 1000 വർഷങ്ങൾക്കു മുമ്പ്. അന്ന് ഖിവ പട്ടണത്തെ 'കവാരിസം' എന്നാണ് അറിയപ്പെട്ടിരുന്നത്. പൗരാണിക കാലത്ത് ഈ പട്ടണത്തെ 'കൊറാസ്മിയ' എന്നാണ് വിളിച്ചിരുന്നതത്രേ. കുട്ടിക്കാലം മുതൽക്കേ പഠിക്കുവാനും അറിയുവാനുമുള്ള അഭിവാഞ്ഛ അൽബൈറൂനിയിൽ വേരൂന്നിയിരുന്നുവെന്ന് അദ്ദേഹത്തിൻെറ ജീവചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. 20 വയസ്സ് തികയുന്നതിനുമുമ്പ് തന്നെ മാനവികശാസ്ത്രങ്ങളിലും മതങ്ങളുടെ താരതമ്യപഠനത്തിലും ഗണിതത്തിലും ഭൂമിശാസ്ത്രത്തിലും ചരിത്രത്തിലും അഗാധമായ പാണ്ഡിത്യം അദ്ദേഹം കരസ്ഥമാക്കി ലോകസഞ്ചാരം നടത്താനും നിത്യനൂതനങ്ങളായ അറിവുകൾ തേടിയലയാനും ഉള്ള ഒടുങ്ങാത്ത വാസന അദ്ദേഹത്തെ വീർപ്പുമുട്ടിച്ചിരുന്നു. അക്കാലത്തെ പ്രതിഭകളിൽ വെച്ച് ഉഗ്രമൂർത്തിയെന്ന് വിശേഷിപ്പിക്കാവുന്ന അറബി

ലോകത്തിലെ ബുദ്ധിരാക്ഷസനായ അവിസിന്നയുമായി അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്നു.

അൽബൈറൂനിയെ വിദേശപര്യടനത്തിനു പ്രേരിപ്പിച്ച സാഹചര്യങ്ങളെക്കുറിച്ച് അഭിപ്രായഭേദങ്ങളുണ്ട്. പ്രസിദ്ധജേതാവായ മുഹമ്മദ് ഗസ്നാ ഖിവാപട്ടണം ആക്രമിച്ചു കീഴടക്കിയപ്പോൾ തടവുകാരുടെ കൂട്ടത്തിൽ അൽബൈറൂനിയും ഉൾപ്പെട്ടിരുന്നുവെന്നും അങ്ങനെയാണ് അദ്ദേഹം സ്വദേശം വിട്ടിറങ്ങിയതെന്നും അൽബൈറൂനിയുടെ 'ഇന്ത്യ' ഇംഗ്ളീഷിലേക്ക് വിവർത്തനം ചെയ്ത എഡ്വേഡ് സാച്ചു അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഈ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ട് ഖിവാപട്ടണത്തിൽ ഉണ്ടായ ആഭ്യന്തരകലാപത്തിന്റെ കെടുതികളിൽനിന്നും സ്വമേധയാരക്ഷ തേടി സ്ഥലം വിട്ടതാണ് അൽബൈറൂനിയെന്ന് മറ്റൊരു വിഭാഗം ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഇതിൽ യുക്തിസഹമായി തോന്നുന്നത് രണ്ടാമത്തെ വിഭാഗക്കാരുടെ അഭിപ്രായമാണ്.

എങ്കിലും അൽബൈറൂനിയും അക്കാലത്തെ യുഗപ്രഭാവനായ മുഹമ്മദ്ഗസ്നായും തമ്മിലുള്ള സമ്പർക്കത്തിന്റെ കഥയിൽ എന്തെങ്കിലും സത്യമുണ്ടോ എന്ന് പരിശോധിക്കേണ്ടതാവശ്യമാണ്. മുഹമ്മദ്ഗസ്നായുടെ അരമന വിശ്വവിഖ്യാതമായിരുന്നു. സമ്പത്തിന്റെ ആധിക്യം കൊണ്ടോ വർണശബളമായ മഹാസൗധങ്ങളുടെ സൗന്ദര്യം കൊണ്ടോ ഒന്നുമായിരുന്നില്ല അത്. പ

ണത്തിനും പേരിനും വേണ്ടി എന്ത് മുട്ടാളത്തരവും കാട്ടാൻ മടിയില്ലാതിരുന്ന ഗസ്നാ ഇന്ത്യാചരിത്രത്തിലെ ഒരു പേടിസ്വപ്നമാണ്. അദ്ദേഹത്തിന്റെ അരമനയിൽ തൊള്ളായിരത്തിൽ ചില്വാനം കവികളും കലാകാരൻമാരും തത്വജ്ഞാനികളും നിവസിച്ചിരുന്നു. ഗസ്നായുടെ തലസ്ഥാനത്തുനിന്നും അദ്ദേഹത്തിന്റെ കവികൾ പാടിയ ഗാഥകളും ഗീതകങ്ങളുമാണ് അക്കാലത്തെ യൂറോപ്യൻ രാജ്യങ്ങളെ പുളകം കൊള്ളിച്ചിരുന്നത്. അറബിക്കഥകളും കവിതകളും ഇസ്ലാമികദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളുമൊക്കെ ഗസ്നായിലെ മഹാപണ്ഡിതൻമാരാണ് ലോകത്തിന് സംഭാവന ചെയ്തിരുന്നത്. നിർഭാഗ്യമെന്നു പറയട്ടെ, മുഹമ്മദ്ഗസ്നായുടെ ഈ സാഹിത്യസപര്യ വളരെ ദുർലഭമായി മാത്രമേ അറിയപ്പെടുന്നുള്ളൂ. അദ്ദേഹത്തിന്റെ കവികളുടെ കൂട്ടത്തിൽ 'ഷാനാമ'യിലൂടെ അനശ്വരനായ ഫിർദൗസിയും കവിപുംഗവനായ അൽസൂരിയും വിശ്വപ്രസിദ്ധരാണ്. കവികളെക്കൂടാതെ ചരിത്രകാരൻമാരും ഭൂമിശാസ്ത്രജ്ഞൻമാരുമായ അൽഉദുബിയും ബൈഹാക്കിയും അബുനാസർമിഷ്ക്കാനിയും മുല്ലാമുഹമ്മദ്ഗസ്നയും മഹമൂദ്വരാക്കും അദ്ദേഹത്തിന്റെ പണ്ഡിതസദസ്സിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ഗദ്യസാഹിത്യത്തിൽ അഗ്രഗണ്യനെന്ന് എല്ലാ സമകാലികരും സമ്മതിച്ചിട്ടുള്ള അൽബൈറുനിയെ മുഹമ്മദ്ഗസ്നായുടെ കവികോകിലങ്ങളുടെയോ പണ്ഡിതമഹത്തുക്കളുടെയോ വിഭാഗത്തിൽ നാം കേൾക്കുന്നില്ലെന്നതാണ് പര

മാർഗം. ഖിവാ പട്ടണം ഗസ്നാ ആക്രമിച്ചു കീഴടക്കിയപ്പോൾ തടവുകാരുടെ കൂട്ടത്തിൽ അൽബൈറൂനിയും ഉണ്ടായിരുന്നുവെങ്കിൽ ഇത്രയും പണ്ഡിതസമൂഹത്തെ തീററിപ്പോററിയിരുന്ന ഗസ്നാ ഒരിക്കലും അൽബൈറൂനിയെ സ്വതന്ത്രമായി ദേശാടനത്തിന് വിടുകയില്ലായിരുന്നു. ഇന്ത്യൻ ആക്രമണവേളയിൽ തടവുകാരാക്കപ്പെട്ട ബ്രാഹ്മണപണ്ഡിതൻമാരെ ഗസ്നിയിൽ അരമന പണിയിച്ച് താമസിപ്പിച്ച് അറബി പണ്ഡിതൻമാർക്ക് സംസ്കൃതവും വേദങ്ങളും പഠിപ്പിച്ചു കൊടുക്കുവാൻ വിനിയോഗിച്ച മുഹമ്മദ്ഗസ്നാ താനുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നെങ്കിൽ അന്നേ പ്രസിദ്ധനായിരുന്ന അൽബൈറൂനിയെ തന്റെ കൊട്ടാരസദസ്സിനലങ്കാരമാക്കുമായിരുന്നു. പക്ഷേ യാതൊരു പരാമർശങ്ങളിൽനിന്നും അൽബൈറൂനി മുഹമ്മദ് ഗസ്നായുടെ പണ്ഡിതസമൂഹത്തിലോ സർവീസിലോ പെട്ടതായി വിവരിക്കാത്തപ്പോൾ ഖിവ പട്ടണത്തിൽ നടന്ന ആഭ്യന്തരവിപ്ളവത്തിന്റെ ഫലമായി പുറത്തു ചാടിയതായിരിക്കാനാണ് സാധ്യത എന്ന് ഊഹിക്കുന്നതാണ് യുക്തിസഹം..

ഏതായാലും, 1017–ൽ മുഹമ്മദ് ഗസ്നാ ഖിവാ കീഴടക്കുന്നതോടുകൂടിയോ അതിന്റെ തലേവർഷം അവിടെ നടന്ന ആഭ്യന്തരകലാപത്തോടു കൂടിയോ അൽബൈറൂനി താൻ ജനിച്ച നാടും വീടും വിട്ട് അഫ്ഗാനിസ്ഥാനിലേക്ക് പലായനം ചെയ്തിരുന്നു. അഫ്ഗാനിസ്ഥാ

നിൽ വെച്ചാണ് അദ്ദേഹം ഇന്ത്യൻ ഗണിതശാസ്ത്രവും ജ്യോതിശ്ശാസ്ത്രവും വശമാക്കുന്നത്. പ്രസിദ്ധനായ ജ്യോതിശ്ശാസ്ത്രജ്ഞൻ എന്ന നിലയിലാണ് അക്കാലത്ത് അദ്ദേഹത്തെ സമകാലികലോകം വിശേഷിപ്പിച്ചിരുന്നത്. യവനഗണിതരീതിയും ഇന്ത്യൻസമ്പ്രദായവും അറബിശാസ്ത്രവും എല്ലാം താരതമ്യപഠനത്തിന് വിധേയമാക്കി നൂതനവും സുഗ്രാഹ്യവുമായ ഒരു ഗണിതശാസ്ത്രവിഭാഗത്തിന്റെ പുനഃസൃഷ്ടി നടത്താനക്കാലത്ത് അദ്ദേഹത്തിന് കഴിഞ്ഞിരുന്നു നൂററാണ്ടുകൾക്കുശേഷം അൽബൈറൂനിയെക്കുറിച്ചെഴുതിയിട്ടുള്ളവർ അദ്ദേഹം മുഹമ്മദ് ഗസ്നായുടെ അരമനജ്യോൽസ്യൻ കൂടിയായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അത് വെറും ഊഹത്തിൽ കവിഞ്ഞൊന്നുമായിരുന്നില്ലെന്ന് അൽബൈറൂനി, ഗസ്നായെക്കുറിച്ചെഴുതുന്ന ഭാഗം ശ്രദ്ധിച്ചാൽ മനസ്സിലാകും. തന്റെ പ്രസിദ്ധങ്ങളായ രണ്ടു പുസ്തകങ്ങളും—ഗസ്നായുടെകാലത്ത് വിരചിതങ്ങളാണവ—മുഹമ്മത് ഗസ്നായ്ക്കല്ല അദ്ദേഹം സമർപ്പിച്ചിട്ടുള്ളത്. 900-ൽ പരം വരുന്ന തന്റെ പണ്ഡിതസദസ്സ് എഴുതുന്നതത്രയും തനിക്ക് സമർപ്പിക്കണമെന്ന് ശാഠ്യമുണ്ടായിരുന്നയാളാണ് മുഹമ്മത് ഗസ്നാ. അൽബൈറൂനി ഗസ്നായുടെ സർവീസിലായിരുന്നുവെങ്കിൽ ഈ ധിക്കാരം ഗസ്നാ ഒരിക്കലും പൊറുപ്പിക്കുമായിരുന്നില്ല. മുഹമ്മദ് ഗസ്നായെ പരാമർശിച്ചെഴുതുമ്പോഴൊക്കെ അമീർ മുഹമ്മദ് എന്നതിൽ കവിഞ്ഞ് ഉപചാരവാക്കുകളൊന്നും അദ്ദേഹം

ഉപയോഗിക്കുന്നില്ലെന്നതും അർഥവത്താണ്. അക്കാലത്ത് രാജാക്കൻമാരെയും ചക്രവർത്തിമാരെയും വിശേഷിപ്പിച്ചിരുന്ന പദസമൂഹങ്ങളുടെ പാരാവാരം കാണാൻ സാധിച്ചിട്ടുള്ളവർക്ക് അൽബൈറൂനിയുടെ ഈ വിശേഷണം ഒരു വിശേഷണമേ അല്ല എന്ന് ബോധ്യമാകും. മുഹമ്മദ് ഗസ്നായുടെ ഇന്ത്യൻ ആക്രമണത്തെ അൽബൈറൂനി വിലയിരുത്തുന്നത്* എങ്ങനെയാണെന്ന് കൂടി കേൾക്കുക. "ആ രാജ്യത്തിൻെറഐശ്വര്യം ആകമാനമദ്ദേഹം തകർത്തു. അത്ഭുതകരങ്ങളായി തോന്നിയേക്കാവുന്ന വിക്രിയകൾ കാട്ടി ഹിന്ദുക്കളെ തറപററിക്കുകയും, പൊടിപടലം പോലെ അവർ പല ദിക്കുകളിലേക്കായി ഓടി രക്ഷപ്പെടുകയും ചെയ്തു". മുഹമ്മദ് ഗസ്നായുടെ പിൻഗാമി മസൂദിൻെറ കീഴിൽ അൽബൈറൂനി സേവനം അനുഷ്ഠിച്ചിരുന്നതിന് തെളിവുകളുണ്ട്. 'കാനം മസൂദിക്കസ്'' എന്ന ഗ്രന്ഥം മസൂദിനാണ് സമർപ്പിച്ചിരിക്കുന്നത്. അപ്പോൾ രാജകീയ പാദസേവയായിപ്പോകുമെന്നു ഭയം കൊണ്ടാണ് ഗസ്നായുടെ പേരിൽ സമർപ്പിക്കാതിരുന്നതെന്ന് വിചാരിക്കാനും തരമില്ല. ഒരു കാര്യം വ്യക്തം—ഒന്നുകിൽ മുഹമ്മദ് ഗസ്നാ പണ്ഡിതനായ അൽബൈറൂനിയെ അറിഞ്ഞിരുന്നില്ല. അതല്ലെങ്കിൽ അൽബൈറൂനിക്ക് അർഹമായ രാജകീയപ്രോൽസാഹനങ്ങൾ ലഭിച്ചിരുന്നില്ല. ഒരിടത്ത് അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു. "കലയും സാഹിത്യവും അഭി

*വാല്യം—ഒന്ന് പേജ് 22 (ഇംഗ്ളീഷ് പരിഭാഷ)

റഷ്ഡ്ധിറ്റെ ദുക ലോഭമില്ലാത്ത രാജകീയ പ്രോൽസാഹനത്തിൻെറ കാലത്ത് മാത്രമാണ്. കലാകാരൻ യാതന നിറഞ്ഞ ജീവിതവുമായി കഴിയുന്ന കാലത്തോളം, ജീവിക്കുവാൻവേണ്ടി ക്ളേശങ്ങരം സഹിച്ചുകൊണ്ടിരിക്കുമ്പോളം, ക്രിയാത്മകസാധന ചൈതന്യവത്താക്കുക പ്രയാസമാണ്."[2] രാജകീയ പ്രീണനങ്ങളുടെ ലാളനയിൽ കഴിഞ്ഞിരുന്ന ഒരു വ്യക്തിയുടെ മനോഗതി ഇതായിരിക്കാനിടയില്ലല്ലോ. 1017 മുതൽ 1030 വരെയുള്ള 13 വർഷത്തെ മുഹമ്മദ് ഗസ്നായുടെ ഭരണകാലത്ത് അൽബൈറൂനിക്ക് യാതൊരു വിധ സാമ്പത്തിക ഉത്ക്കർഷവും ഉണ്ടായിട്ടുള്ളതായി അദ്ദേഹത്തിൻെറ പരാമർശങ്ങളിൽ നിന്നും മനസ്സിലാകുന്നില്ല. ഇക്കാലത്ത് ഇന്ത്യയിലും അഫ്ഗാനിസ്ഥാനിലുമായി കഴിച്ചുകൂട്ടിയിരുന്ന അദ്ദേഹത്തിനു് തൻെറ ഗവേഷണ സപര്യക്ക് പ്രതിഫലമോ, പ്രോൽസാഹനമോ ലഭിക്കുമെന്ന ആശ കൂടി ഉണ്ടായിരുന്നില്ലെന്നതാണ് സത്യം. എന്നാൽ ഗസ്നായുടെ പിൻഗാമി, മസൂദിൻെറ ഭരണകാലത്ത് അൽബൈറൂനി ഒരിക്കലും തൻെറ പരിവേദനങ്ങരം ആവർത്തിക്കുന്നില്ലന്ന് മാത്രമല്ല സംതൃപ്തൻെറ മനോഗതി പ്രദർശിപ്പിക്കുന്നുമുണ്ട്.

ഇന്ത്യയെയും ഇന്ത്യക്കാരെയും അടുത്തറിയാൻ ആത്മാർഥമായ ശ്രമം നടത്തിയ മറെറാരു വിദേശ പണ്ഡിതനും ഉണ്ടായിട്ടില്ലെന്ന് നേരത്തെ പ്രസ്താവിച്ചുവല്ലോ. മുഹമ്മദ് ഗസ്നായും അദ്ദേഹത്തിൻെറ പട്ടാളമേധാവികരംക്കും

2 അൽബൈറൂനി—ഇന്ത്യ—വാല്യം ഒന്നു്—പുറം 188

ഇന്ത്യയും ഇന്ത്യാക്കാരും കൊള്ളയടിക്കുവാൻ മാത്രം പററിയ സ്ഥലവും സ്ഥലവാസികളുമായിരുന്നപ്പോഠം, അൽബൈറൂനി കണ്ട ഇന്ത്യ വൈജ്ഞാനിക മണ്ഡലത്തിലെ ജാജ്വല്യമാനമായ പ്രകാശകിരണങ്ങഠം വിതറുന്ന രജതനക്ഷത്രമായിരുന്നു. ഗസ്നായെയും കൂട്ടരെയും സംബന്ധിച്ചിടത്തോളം കൊള്ളയടിക്കാൻ പററിയ സങ്കേതങ്ങഠം മാത്രമായിരുന്നു തനേശ്വറും മധുരയും ക്യാനൂജും, സോമനാഥുമെല്ലാം. അൽബൈറൂനിക്കാകട്ടെ അവ കലയുടെ പാരമ്യത്തെ അവിതർക്കിതമാംവണ്ണം വിളിച്ചോതുന്ന വിശുദ്ധങ്ങളായ കലാസംങ്കേതങ്ങളും. ഇന്ത്യാക്കാർ കൊള്ളയടിക്കപ്പെടേണ്ട അവിശ്വാസികഠം മാത്രമാണെന്ന് ഗസ്നാ ധരിക്കുകയും തദനുസൃതം പ്രവർത്തിക്കുകയും ചെയ്തപ്പോഠം അൽബൈറൂനി കണ്ട ഇന്ത്യ പ്രഗത്ഭരായ ദാർശനികരും നിപുണരായ ഗണിതശാസ്ത്രജ്ഞൻമാരും വിദഗ്ധരായ ജ്യോതിശ്ശാസ്ത്രജ്ഞൻമാരും ആരാധ്യരായ തജ്ജ്ഞാനികളും ആയ മഹാത്മാക്കളുടെ സങ്കേതമായിരുന്നു.

ഇന്ത്യൻ ദർശനങ്ങളോട് അൽബൈറൂനി പ്രത്യേകം മമത പ്രദർശിപ്പിക്കുന്നതായി കാണാം. മനസ്സിലാക്കേണ്ട വിധം അത് മനസ്സിലാക്കുവാൻ ശ്രമിച്ച പണ്ഡിതനും അദ്ദേഹം മാത്രമാണ്. ദിവ്യവും ഏകവുമായ പരാശക്തിയിൽ അധിഷ്ഠിതമാണ് ഇന്ത്യയുടെ മതമെന്നും വിഗ്രഹാരാധന തുടങ്ങിയവ അജ്ഞരും സാധുക്കളുമായ മൂകലക്ഷങ്ങളുടെ മനസ്സമാധാനത്തി

ന്റെ പ്രതീകങ്ങൾ മാത്രമാണെന്നും അൽബൈറൂനി ധരിച്ചിരുന്നു. ഭഗവദ്ഗീത നിഗൂഹനം ചെയ്യുന്ന ഏകദൈവവിശ്വാസം അൽബൈറൂനി ഉദ്ധരിക്കുന്നുണ്ട്. ഹൈന്ദവ പണ്ഡിതൻമാർ ദൈവാനുഗ്രഹത്താൽ ആശീർവദിക്കപ്പെട്ടവരാണെന്ന് 11-ാം നൂററാണ്ടിലെ ഒരു മുസ്ളീംപണ്ഡിതൻ മുസ്ളീംലോകത്തോട് ഉൽബോധിപ്പിക്കുന്നു വെങ്കിൽ അത് തൻെറ ഹൃദയത്തിൽ എത്രമാത്രം സ്വാധീനം ഉണ്ടാക്കിയതിനാലായിരിക്കണമെന്ന് ഊഹിക്കുന്നതാണുത്തമം. പിന്നീടുള്ള യാഥാസ്ഥിതിക മുസ്ളീം പണ്ഡിതൻമാർ അൽബൈറൂനി ഹൈന്ദവാദർശങ്ങൾക്കും, പണ്ഡിതവര്യൻമാർക്കും കല്പിച്ചുകൊടുത്ത മഹത്തായ സ്ഥാനം കുറെ അതിരു കടന്നതായി വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് കണക്കിലെടുക്കുമ്പോൾ അതു കൂടുതൽ വ്യക്തമാകും. എന്നാൽ അൽബൈറൂനി തികച്ചും ഒരു മുസ്ളീം തന്നെയായിരുന്നു. തൻെറ അഭിപ്രായം ധീരതയോടെ തറച്ചു പറയാൻ അദ്ദേഹം മടിച്ചിട്ടില്ല. ബ്രാഹ്മണമതത്തേക്കാൾ ഇസ്ളാംമതം പല സംഗതികളിലും മേൻമയുള്ളതാണെന്നാണ് അദ്ദേഹത്തിൻെറ പക്ഷം. ജാതിസമ്പ്രദായം മൂലം വിഘടിതമായ ഇന്ത്യൻ സമൂഹവും, സമത്വസാഹോദര്യത്തിലധിഷ്ഠിതമായ ഇസ്ളാമും വളരെ വൈരുധ്യങ്ങൾ കുറിച്ചിരുന്നു. ഇസ്ളാമിലെ വിവാഹസമ്പ്രദായവും ഇൻഡ്യൻ രീതിയും അൽബൈറൂനിയുടെ താരതമ്യപഠനത്തിന് വിധേയമാകുന്നുണ്ട്. മുസ്ളീങ്ങളുടെ ശുദ്ധിയും മര്യാദകളും ഇന്ത്യയിൽ നിലനിന്നിരുന്ന സമ്പ്രദായങ്ങളെക്കാൾ

മേൻമയേറിയതായിരുന്നുവെന്ന് അദ്ദേഹത്തിനുറപ്പുണ്ട്. ഇതൊക്കെയാണെങ്കിലും മുസ്ളീങ്ങൾ മുഴുക്കെ സംസ്കൃതചിത്തരാണെന്നോ, ഇന്ത്യയിലെ ജനലക്ഷങ്ങളുടെ മേൽ ആധിപത്യം പുലർത്താൻ വേണ്ട പ്രമാണികത്വം അവർക്കുണ്ടെന്നോ അദ്ദേഹത്തിന് അഭിപ്രായമില്ല. ഇറാനിലെ സംസ്ക്കാരകേദാരങ്ങൾ നശിപ്പിച്ച അറബികളുടെ മനോഭാവവും അവരുടെ ആചാരസമ്പ്രദായങ്ങളിലുണ്ടായിരുന്ന വൈകല്യങ്ങളും അൽബൈറൂനി വിമർശിക്കുന്നുണ്ട്. ഇന്ത്യൻജനതയുടെ ഇടയിലുണ്ടായിരുന്ന അനാശാസ്യങ്ങളായ പ്രവൃത്തികളെപററി പറയുമ്പോൾ അത്രയോ അതിൽ കൂടുതലോ അറബിരാജ്യങ്ങളിലും നിലനിന്നിരുന്നുവെന്ന് ഒപ്പം ചൂണ്ടിക്കാട്ടുവാൻ അദ്ദേഹം മടി കാട്ടുന്നില്ല.

മതം തത്വശാസ്ത്രം തുടങ്ങിയവയിൽ വ്യക്തവും സ്വതന്ത്രവുമായ അഭിപ്രായമുണ്ടായിരുന്ന അൽബൈറൂനി നിശ്ചയമായും ഒരു പൊങ്ങച്ചക്കാരനായിരുന്നില്ല. സത്യവിരുദ്ധമായവയെ എന്തിനെയും ശക്തിയുക്തം അദ്ദേഹം എതിർത്തിരുന്നു വെന്നതിന് അനവധി ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ 'ഇന്ത്യ'യിൽ ഉടനീളമുണ്ട്. ആത്മാർത്ഥത എന്തിലും ഏതിലും ഒരു ശാഠ്യമെന്ന നിലയിൽ ദീക്ഷിച്ചു പോന്ന അൽബൈറൂനി മററുള്ളവരിൽ നിന്നും അതു തന്നെ പ്രതീക്ഷിച്ചു. നിരർത്ഥകങ്ങളായ പദക്കസർത്തുകൾ കാണുമ്പോൾ അവയുടെ നേരെ തന്റെ ധാർമികരോഷം അദ്ദേഹം പ്രകടിപ്പിക്കുന്നു. പലയിടത്തും അദ്ദേഹം ഇത്തരം വായാടിത്തങ്ങ

ളെ വാചാലമായി തന്നെ ആക്ഷേപിക്കുന്നുണ്ട്. ഒരു വാക്കുമാത്രം ആവശ്യമുള്ളിടത്ത് പല വാക്കു കൊണ്ട് കസർത്തു നടത്തുന്നതു മൂലം പഠിക്കാനൊരുങ്ങുന്നവന് വേദനയും പ്രയാസവും സൃഷ്ടിക്കുക മാത്രമല്ല സമയം വൃഥാവിലാക്കുകയുമാണ് ചെയ്യുന്നത്. വിഷയത്തെ വ്യക്തമാക്കുന്നതിനു പകരം ഒരു തരം മായാ വ്യൂഹം സൃഷ്ടിക്കുകയും മനുഷ്യരെ അന്ധകാരത്തിലാക്കുകയും ചെയ്യുന്ന വെറും തോന്ന്യാസം മാത്രമാണിത്.3 മാലദ്വീപിന്റെയും ലക്ഷദ്വീപുകളുടെയും ഉൽഭവത്തെ പററിയും മററും അൽബൈറൂനി വിശദമായെഴുതുന്നുണ്ട്.4

തികഞ്ഞ പാകതയോടും നിസ്വാർഥനായ സത്യാന്വേഷകന്റെ നിസ്സംഗതയോടും കൂടിയാണ് ഇന്ത്യയെയും ഇന്ത്യക്കാരെയും ഇന്ത്യൻ വിജ്ഞാനശാഖകളെയും ദർശനങ്ങളെയുമൊക്കെപ്പററി അദ്ദേഹമെഴുതുന്നത്. നിലവിലുണ്ടായിരുന്ന വൈജ്ഞാനിക പ്രതിഭാവിലാസങ്ങളെപ്പോലും വെല്ലുന്ന ഇന്ത്യൻ ധിഷണാവൈഭവവും, മററുള്ള ദർശനങ്ങളുടെ മേൽ മേധാവിത്വം സ്ഥാപിക്കാൻ സാധിക്കുമായിരുന്ന ഇന്ത്യൻ താത്വിക ദർശനങ്ങളുമൊക്കെ, അദ്ദേഹമവതരിപ്പിക്കുന്നത് നിഷ്പക്ഷമതിയായ ഒരു ജിജ്ഞാസുവിന്റെ മനസ്സാന്നിധ്യത്തോടു കൂടിയാണ്. യാഥാസ്ഥിതിക മുസ്ളീം ലോകം എങ്ങനെ ഇവ വീക്ഷിക്കുമെന്ന് അദ്ദേഹം ബേജാറായിട്ടില്ല.

3 വാല്യം ഒന്ന്, പുറങ്ങൾ 19, 229, 299

4 ടി—വാല്യം രണ്ട് പുറങ്ങൾ 197, 270

ഹൈന്ദവമതങ്ങളും, ശാസ്ത്രങ്ങളും സാഹിത്യങ്ങളും അവരുടെസംസ്ക്കാരത്തിൻെറ പശ്ചാത്തലത്തിലധിഷ്ഠിതമായി പഠിക്കുവാനും, വിശകലനം ചെയ്യാനും അറിയാനും ശ്രമിക്കുന്ന ജിജ്ഞാസുവായ മുസ്ളീങ്ങൾക്കു വേണ്ടി'യാണ് താനിതെഴുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. 5 മനസ്സിലാകാത്തത് മനസ്സിലായില്ലെന്ന് പറയുവാനും, തൻെറ അറിവിൻെറ ഉറവിടം ഏതേതെന്ന് എടുത്തെടുത്തുദ്ധരിക്കാനും മടികാട്ടാത്ത ഈ പണ്ഡിതൻ ഇന്നത്തെ എഴുത്തുകാർ കൂടുതൽ മാതൃകാപരമായംഗീകരിക്കേണ്ട മഹാനാണ്.

അദ്ദേഹത്തിൻെറ പ്രതിപാദനരീതിയും സവിശേഷതയർഹിക്കുന്നു. ഹൈന്ദവദർശനങ്ങളെയോ, ആചാരസവിശേഷതകളെയോ പററി പരാമർശിക്കുമ്പോൾ ഹിന്ദുക്കളുടെ ആധികാരികപ്രമാണങ്ങൾ ഉദ്ധരിച്ച് സ്വയം മാറി നിൽക്കുന്ന പതിവാണ് അദ്ദേഹം അനുസരിച്ചു കാണുന്നത്. അദ്ദേഹത്തിൻെറ അധ്യായങ്ങളുടെ സംവിധാനം ഏതാണ്ടിപ്രകാരമാണ്. ഓരോ അധ്യായവും മൂന്നു ഭാഗമായി തരം തിരിക്കാം. ആദ്യത്തേതിൽ പ്രതിപാദ്യവിഷയത്തെക്കുറിച്ച് താൻ മനസ്സിലാക്കിയതിൻെറ ഒരേകദേശചിത്രം അദ്ദേഹം വരച്ചുകാട്ടുന്നു. രണ്ടാമത്തേതിൽ ഹിന്ദുക്കളുടെ ആധികാരിക ഗ്രന്ഥങ്ങൾ ഇതെപ്പററി പറയുന്നത് ഉദ്ധരിക്കുകയും പണ്ഡിതൻമാരുടെ അഭിമതം പ്രകാശിപ്പിക്കുകയും തൻെറ അനുഭവത്തിൽ മനസ്സിലാക്കിയത് വിവരിക്കുകയും

5 വാള്യം രണ്ട്. പുറം 248

ചെയ്യുന്ന രീതിയാണ് ദീക്ഷിച്ചിരിക്കുന്നത്. മൂന്നാമത്തെ ഭാഗത്തിലാണ് വിശകലനം ചെയ്യുന്നത്. ഏതു സങ്കീർണ പ്രശ്നമാകട്ടെ അത് സ്പഷ്ടമായും തന്റെ വായനക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുവാനുള്ള ശ്രമം നടത്തുന്നു. ഗ്രീക്ക് സമ്പ്രദായങ്ങളുമായോ, തന്റെ നാട്ടിലുള്ള രീതികളുമായൊ താരതമ്യപ്പെടുത്തി വിഷയം കൂടുതൽ വ്യക്തമാക്കുവാനുള്ള ശ്രമവും ഇവിടെ നടത്തുന്നു. മെഗസ്തനീസ് ഇത്തരം സമ്പ്രദായമാണ് അനുവർത്തിച്ചിരുന്നത്.

ചരിത്രകാരൻ, ദാർശനികൻ, സാഹിതീപടു എന്നീ നിലകളിൽ മാത്രമല്ല അൽബൈറുനിയുടെ പ്രശസ്തി. അദ്ദേഹം ഗണിതജ്യോതിർശാസ്ത്രങ്ങളിൽ അഗ്രഗണ്യനായിരുന്നു. ഭൂമിശാസ്ത്രം, രസതന്ത്രം, ഊർജതന്ത്രം തുടങ്ങിയ ശാസ്ത്രശാഖകളിലും തനതായ സംഭാവനകൾ നൽകുവാൻ അൽബൈറൂനിക്ക് സാധിച്ചിട്ടുണ്ട്. ഇന്ത്യയുടെ ദാർശനികവും സാഹിത്യപരവുമായ പ്രാക്തന സമ്പത്ത് ഇത്രയധികം കൈവശമാക്കിയ മറ്റൊരു വിദേശീയനും അൽബൈറൂനിക്ക് മുൻപ് ഉണ്ടായിട്ടില്ലെന്നതാണ് വാസ്തവം

അൽബൈറൂനിക്ക് തന്റെ 'ഇന്ത്യ'യുടെ രചന നടത്തുവാൻ സഹായകമായിട്ടുള്ള ഗ്രന്ഥങ്ങളുടെ പട്ടിക വളരെ ദീർഘമാണ്. നമ്മുടെ പുരാതനങ്ങളായ സകല വേദങ്ങളും അവയുടെ വ്യാഖ്യാനങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും ആരണ്യകങ്ങളും സൂത്രങ്ങളും ഒക്കെ അദ്ദേഹം തന്റെ ഗ്രന്ഥരചനയ്ക്ക് ഉപയോഗപ്പെടുത്തിയിരുന്നു.

ഭാസനും വരാഹമിഹിരനും വ്യാസനും വാല്മീകിയുമെല്ലാം അദ്ദേഹത്തിന് സുപരിചിതരാണ്. ഓരോ വിഭാഗം വിജ്ഞാനശാഖയിലും അറിയപ്പെട്ടിരുന്ന ഗ്രന്ഥങ്ങളുടെ പഠനത്തിനു ശേഷമാണ് അദ്ദേഹമവയെ പററി എഴുതിയിട്ടുള്ളതെന്ന് അവയിൽ നിന്നുമുള്ള സുദീർഘങ്ങളായ ഉദ്ധരണികൾ സാക്ഷ്യം വഹിക്കുന്നു. ഇന്ത്യൻ പണ്ഡിതൻമാരുടെ നിരവധി ഗ്രന്ഥങ്ങൾ അറബിയിലേയ്ക്ക് പരിഭാഷപ്പെടുത്തുക വഴി ചരകൻ, വരാഹമിഹിരൻ, പതഞ്ജലി, ആര്യഭട്ടൻ, തുടങ്ങി ഇന്ത്യൻ ശാസ്ത്രശാഖകളുടെ പ്രണേതാക്കളെ അത്രയും അറബിലോകത്തിനു പരിചയപ്പെടുത്തിക്കൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ഇന്ത്യൻ പണ്ഡിതൻമാർക്ക് അന്ന് അറിയുമായിരുന്ന സകല ഗ്രന്ഥങ്ങളും പ്രയത്നശാലിയും ധീഷണാശാലിയുമായിരുന്ന അൽബൈറൂനി മനസ്സിലാക്കി പ്രയോജനപ്പെടുത്തിയിരുന്നു. ഇതു മാത്രമല്ല നാം അൽബൈറൂനിയിൽ കാണുന്ന പാണ്ഡിത്യം. തന്റെ പ്രതിപാദ്യത്തെ സുഗ്രാഹ്യമാക്കുവാൻ വേണ്ടി തനിക്കറിവുള്ള യവനഗ്രന്ഥങ്ങളെയും അറബി വിജ്ഞാനസമ്പത്തിനെയും അദ്ദേഹം നിർലോഭം നമുക്ക് വിളമ്പിത്തരുന്നു. പ്ളേറേറായെയും അരിസ്റേറാട്ടിലിനെയും, സാഫോയെയും സഫോക്ളീസിനെയുമെല്ലാം പല സ്ഥലത്തും അൽബൈറൂനി ഉപയോഗപ്പെടുത്തുന്നുണ്ടു്. മതങ്ങളുടെ താരതമ്യപഠനം നടത്തുമ്പോൾ ജൂഡായിസവും സൊറാസ്ട്രിയാനിസവും ക്രിസ്തുമതവും ഇസ്ളാംമതവും ബ്രഹ്മണമതവുമൊക്കെ

അദ്ധ്യേതാവിന്റെ കൈക്കുള്ളിലൊതുങ്ങുന്ന വിഷയങ്ങളാണ്.

അൽബൈറൂനിയുടെ ഇന്ത്യ വിദേശികൾക്ക് അത്ര സ്വീകാര്യമല്ലാത്ത സ്ഥിതിയിലായിരുന്നു. അന്ന് ബനാറസ്സും, കാഷ്മീരുമായിരുന്നു ഇന്ത്യയിലെ വിജ്ഞാനകേന്ദ്രങ്ങൾ. അവരണ്ടുമാകട്ടെ അൽബൈറൂനിയേപ്പോലെയുള്ള 'അപരിഷ്കൃതന്' കടക്കാനൊക്കാത്ത കേന്ദ്രങ്ങളുമായിരുന്നു 6 എങ്കിലും സിന്ധു് മുസ്‌ലീം ഭരണത്തിൻ കീഴിലായിരുന്നതുകൊണ്ട് അവിടെയുള്ള ബ്രാഹ്മണപണ്ഡിതൻമാരിൽ നിന്നും അഫ്ഗാനിസ്ഥാനിലേക്ക് മുഹമ്മദ് ഗസ്നാ തടവുകാരാക്കി പിടിച്ചുകൊണ്ടുപോയി പാർപ്പിച്ചിരുന്ന ഇന്ത്യൻ പണ്ഡിതൻമാരിൽ നിന്നും തനിക്കാവശ്യമായ ഗ്രന്ഥങ്ങളും വിവരങ്ങളും ശേഖരിക്കാൻ അദ്ദേഹത്തിന് അധികം പ്രയാസം നേരിട്ടിരുന്നില്ല.

അൽബൈറൂനി കണ്ട ഇന്ത്യയിൽ ബുദ്ധമതമായിരുന്നില്ല ബ്രാഹ്മണമതമായിരുന്നു കൊടികുത്തി വാണിരുന്നത്. അൽബൈറൂനിയുടെ കാലമായപ്പോഴേക്കും ഇന്ത്യയിൽ നിന്നുമാത്രമല്ല, മദ്ധ്യേഷ്യ, അഫ്ഗാനിസ്ഥാൻ, കുറസാൻ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുപോലും ബുദ്ധമതവും സാഹിത്യവും നിശ്ശേഷം തിരോഭവിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ വിവരണങ്ങളിൽ നിന്നും മനസ്സിലാക്കാം. തന്റെ ഇന്ത്യൻ പര്യടനത്തിനിടയ്ക്ക് ഒററ ബുദ്ധമതഗ്രന്ഥത്തെയോ ഒരു ബുദ്ധമതപണ്ഡിതനെയോ

6. വാള്യം ഒന്നു് പുറം 22.

തനിക്കു കാണാൻ കഴിഞ്ഞില്ലെന്നും, തൻമൂലം അവരുടെ മതത്തെയും ശാസ്ത്രത്തെയുംപററി പഠിക്കുവാൻ തനിക്കു കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹം വിലപിക്കുന്നു7. അന്നുണ്ടായിരുന്ന മതം വൈഷ്ണവമായിരുന്നു. ശൈവമായിരുന്നില്ല. ഉജ്ജയിനി നഗരമാണ് അൽബൈറൂനിയെ അധികം ആകർഷിച്ചത്.

ഇന്ത്യയിൽ 21 വർഷം ചിലവഴിച്ച ഈ പണ്ഡിതൻ 180 ൽ പരം ഗ്രന്ഥങ്ങൾ പല വിഷയങ്ങളിലായി എഴുതിയിട്ടുണ്ട്. അവയിലെ ഉള്ളടക്കത്തെപ്പററി വിവരിക്കുന്ന ഒരു സൂചികാഗ്രന്ഥം 1955 ൽ ഫ്രഞ്ചുഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്, ഇന്ത്യാക്കാരേയും ചരിത്രവിദ്യാർത്ഥികളെയും സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളത്. അദ്ദേഹത്തിൻെറ കിതാബുൽ ഹിന്ദ്. (ഇന്ത്യയെപ്പററിയുള്ള ഗ്രന്ഥം) എന്ന പുസ്തകമാണ്. ഇതിൻെറ വിവർത്തനം പല ഭാഷകളിലും വന്നുകഴിഞ്ഞു. എഡ്വേർഡുസാച്ചുവാണ് ഈ ഗ്രന്ഥത്തിൻെറ ഇംഗ്ളീഷ് വിവർത്തകൻ. കേന്ദ്രസാഹിത്യ അക്കാദമി ഈ പുസ്തകത്തിൻെറ മലയാള തർജ്ജമ കഴിഞ്ഞവർഷം പ്രസിദ്ധീകരിച്ചു. കെയ്റോ യൂണിവേഴ്സിററിയിൽ അറബി അദ്ധ്യാപകനായി ജോലി ചെയ്യുന്ന ശ്രീ. എം. ഏ. മുഹയദ്ദീനാണ് ഈ തർജ്ജമ നിർവഹിച്ചിട്ടുള്ളത്. മൂലത്തിൽ നിന്നുള്ളതർജ്ജമയാണോ അതോമററു വല്ലഭാഷയിൽ നിന്നുള്ള തർജുമയാണോ താൻ നടത്തിയിരി

7. വാള്യം ഒന്ന്—പുറം. 249

ക്കുന്നതെന്ന് ശ്രീ മുഹയദ്ദീൻവ്യക്തമാക്കുന്നില്ല. എങ്കിലും വളരെ ആയാസകരവും ബൃഹത്തുമായ ഒരു യത്നമാണ് ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളത്. വെറും ചരിത്രഗ്രന്ഥമല്ല അൽബൈറൂനിയുടെ 'ഇന്ത്യ' എന്നു തുടക്കത്തിൽ പ്രസ്താവിച്ചുവല്ലോ-സങ്കീർണങ്ങളും സാങ്കേതികങ്ങളുമായ പല വിഷയവും ഗഹനവും ശക്തവുമായ ഭാഷയിൽ വിവരിക്കുന്നത് മലയാളത്തിലേക്ക് പകർത്തുക എളുപ്പമുള്ള പണിയല്ല. എങ്കിലും ഒരു തർജുമക്കാരന് അഭിമാനിക്കാവുന്ന വിധം തന്റെ കൃത്യം അദ്ദേഹം നിർവഹിച്ചിട്ടുണ്ട്.

എന്നാൽ പല സാങ്കേതികപദങ്ങളുടെയും ഗ്രന്ഥകാരൻമാരുടെയും ഗ്രൻഥങ്ങളുടെയും അതുപോലെയുള്ള സംജ്ഞാനാമങ്ങളുടെയും കാര്യത്തിൽ പല അബദ്ധങ്ങളും ഈ തർജുമയിൽ വന്നു പോയിട്ടുണ്ട്. നോക്കുക.

| **തർജ്ജിമയിൽ** | — | **ശരിയായത്** |
|---|---|---|
| മഹാപദം | — | മഹാപത്മം |
| അജൂത് | — | അയുതം |
| മാവദകന്തി | — | മോദകം ദേഹി |
| ശർബപ്രബം | — | സർവ വർമൻ |
| ഇൻഗർ | — | അംഗിരസ്സ് |
| ഗോതം | — | ഗൗതമ |
| ഉഷ്ണു | — | ഉശാനസ്സ് |
| തൃഗ്ലോക് | — | തിര്യക് ലോകം |

| | | |
|---|---|---|
| റോറേ | — | രൗശവം |
| മഹാജാൻ | — | മഹാജ്വാല |
| റോദർ | — | രുധിര · |
| ബൈതരനി | — | വൈതരണി |
| പ്രാശർ | — | പരാശരൻ |
| സങ്ക് | — | സാംഖ്യൻ |
| വിദ്വേശരൻ | — | വിത്തേശ്വരൻ |
| ഉപ്പൽ | — | ഉത്പാലൻ |
| കർണപർത്തിലക് | — | കരണപരതിലക |
| ആര്യഷഷ്ഠം | — | ആര്യഷ്ടശതം |
| കർണ്ണസാരം | — | കരണസാരം |
| ഗർഗ് | — | ഗർഗൻ |
| പുരോദ്ധമൻ | — | പ്രദ്യുമ്നൻ |
| ചർക്ക | — | ചരകൻ |
| വിവാഹാപ്തൻ | — | വിവാഹപടലം |

ഇങ്ങനെ ചില പിഴകരം കടന്നുകൂടിയിട്ടുണ്ടെങ്കിൽപോലും മഹത്തായ ഒരു ഗ്രന്ഥത്തിൻെറ ഗൗരവം മനസ്സിലാക്കിയുള്ള തർജ്ജിമയാണിതെന്നു പറയാം. അൽബൈറൂനിയേയും അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ പ്രധാനമായ 'കിത്താബുൽ ഹിന്ദു'' എന്ന പുസ്തകത്തേയും മലയാളികരംക്കു് പരിചയപ്പെടുത്തികൊടുക്കുവാനുള്ള കേന്ദ്രസാഹിത്യ അക്കാദമിയുടെ ഉദ്യമം അഭിനന്ദനം അർഹിക്കുന്നു.

## അധ്യായം പതിമൂന്ന്

# ഇൻഡ്യയുടെവിദേശനയം ചരിത്രദൃഷ്ടിയിൽ

ചരിത്രാതീതകാലം മുതൽ ഇഡ്യയും ബാഹ്യലോകവും തമ്മിൻ വ്യാവസായിക-സാംസ്കാരിക സമ്പർക്കം നടന്നുകൊണ്ടിരുന്നതിൻെറ ധാരാളം തെളിവുകൾ ഇന്നു നമുക്ക് ലഭ്യമാണ്. സിന്ധു തടവാസികൾ അക്കാലത്തെ പ്രബലങ്ങളായ നാഗരിക കേന്ദ്രങ്ങളുമായി നിരന്തരം വ്യാവസായിക വിനിമയം നടത്തിയിരുന്നു. സിന്ധു നാഗരിക കാലഘട്ടത്തിലെ പലതരംനാണയങ്ങളും കളിപ്പാട്ടങ്ങളും ഊർ, നിപ്പൂർ, എന്നീ സ്ഥലങ്ങളിൽനിന്നും ഭൂഗർഭഖനനംമൂലം പുറത്തുകൊണ്ടുവന്നിട്ടുമുണ്ട്. യവനറോമാ സംസ്ക്കാരങ്ങളുമായി ഇൻഡ്യാക്കാർക്കു പൊതുവേയും കേരളീയർക്കു പ്രത്യേകമായും ഉണ്ടായിരുന്ന സാംസ്ക്കാരിക വ്യാവസായിക സമ്പർക്കം ഇന്ന് ആരേയും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. അതുപോലെതന്നെ മദ്ധ്യപൗരസ്ത്യദേശങ്ങളും ചൈന, ഇൻഡോചൈന, സുമാട്ര, മലയാ, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളും ഇൻഡ്യയുമായി തകൃതിയായി കച്ചവടവും സാംസ്ക്കാരിക വിനിമയവും നടത്തിപ്പോന്നതിൻെറ പ്രകടമായ ലക്ഷണങ്ങൾ ഇന്നും അവശേഷിക്കുന്നുണ്ട്. വിദൂരപൗരസ്ത്യദേശങ്ങളിലും മദ്ധ്യപൗ

രസ്ത്യദേശങ്ങളിലും ഇൻഡ്യൻ സംസ്ക്കാരത്തിന്റെ മായാത്ത മുദ്രകഠം ധാരാളമായുണ്ട്. ഇതിൽ നിന്നും പലരും അനുമാനിക്കുന്നത് ഇൻഡ്യയുടെ കോളനികഠം ഒരുകാലത്ത് പല രാജ്യങ്ങളിലും നിലനിന്നിരുന്നുവെന്നാണ്. ഒരു കാര്യം തീർച്ച. വിശ്വസംസ്ക്കാരങ്ങളുടെ ചരിത്രം സൂക്ഷ്മമായി നിരീക്ഷിക്കുന്ന വിദ്യാർത്ഥികഠം ശ്രദ്ധിച്ചാൽ കാണാവുന്ന ഒരു സംഗതിയുണ്ട്—മനുഷ്യസമൂഹത്തിന്റെ ആകമാനം വികാരവിചാരങ്ങഠംക്ക് മൂർത്തീഭാവം നൽകിയിട്ടുള്ള പല നാഗരികതകളും പല കാലഘട്ടങ്ങളിലായി നിലനിന്നുപോന്നിട്ടുണ്ട് എന്നതാണത്. ഈജിപ്ഷ്യൻ സംസ്ക്കാരവും, ചൈനീസ് സംസ്ക്കാരവും, മെസപ്പെട്ടോമിയൻ സംസ്ക്കാരവും യവന റോമാസംസ്ക്കാരങ്ങളും അവയിൽപ്പെട്ടതാണ്. ഇവ ഉഠംക്കൊണ്ടിരുന്ന നാഗരികത അക്കാലങ്ങളിലെ മനുഷ്യസമൂഹത്തിന്റെ പുരോഗതിയിൽ നിർണ്ണായകമായ സ്ഥാനം വഹിച്ചിട്ടുള്ളതുമാണ്. അതുകൊണ്ടു തന്നെ ചൈനീസ് സാംസ്ക്കാരിക കാലഘട്ടമെന്നും യവന റോമാ കാലഘട്ടമെന്നും സാംസ്ക്കാരികചരിത്രത്തെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ മഹത്തരമായ ഒരു സാംസ്ക്കാരിക പൈതൃകമുള്ള ഇൻഡ്യക്ക് അത്തരം ലോകാധിപത്യത്തിന്റെ സ്നിഗ്ദ്ധവും ധന്യവുമായ ഒരു കാലഘട്ടം ഉണ്ടാകാതിരിക്കുവാൻ കാരണമെന്ത്? ബലമായ സംശയത്തിന്നിടം നൽകുന്ന കാര്യം നമ്മുടെ ചരിത്രനിർമ്മിതിയിൽ വൈദേശിക ശക്തികളാണ് മുൻകയ്യെടുത്തത് എന്നതിനാൽ ഇൻഡ്യയുടെ ഈ പ്രാഭവകാലം അവിതർക്കിതമാംവണ്ണം സ്ഥാ

പിക്കുവാനവർക്കും മിനക്കെട്ടിരിക്കുകയില്ലാ എന്നതാണ്. യവന കാലഘട്ടംപോലെതന്നെ ഇൻഡ്യൻ സംസ്ക്കാരവും ഒരുകാലത്ത് വിശ്വസംസ്ക്കാരത്തിൻെറ വെന്നിക്കൊടി പറപ്പിച്ച ഒരു ഘട്ടം നിശ്ചയമായുമുണ്ടായിരുന്നിരിക്കണം. യൂറോപ്പും അതുപോലെ ഇന്ന് പുരോഗമനത്തിൻെറ വാതായനങ്ങളൊക്കെ കടന്നിട്ടുള്ള പല രാഷ്ട്രങ്ങളും അപരിഷ്കൃതമായിരുന്ന സന്ദർഭങ്ങളിലാണ് മാനവ മനീഷയുടെ ഉത്തുംഗഭാവം പുലർത്തുന്ന ഇൻഡ്യൻ ദർശനങ്ങളും ശാസ്ത്രങ്ങളും വീരോചിതമായി പരിലസിച്ചിരുന്നത് എന്ന കാര്യം നാമോർക്കേണ്ടതുണ്ട്. സമഗ്രവും ഗഹനവുമായ പഠനമർഹിക്കുന്ന ഈ വശത്തിലേക്ക് ചരിത്രപണ്ഡിതൻമാരുടെ ശ്രദ്ധ ക്ഷണിക്കുക മാത്രമേ ഇവിടെ കരണീയമായിട്ടുള്ളു.

മദ്ധ്യകാല യൂറോപ്യൻ സംസ്കാരം ഇരുളടഞ്ഞ് നിശ്ചലമായി നിന്നിരുന്ന സന്ദർഭത്തിലും ഇൻഡ്യയുമായുണ്ടായിരുന്ന അവിരാമമായ കച്ചവടബന്ധമാണ് അറബിരാജ്യങ്ങളെ സംസ്ക്കാരത്തിൻെറ കൈത്തിരി വാഹകൻമാരായി യൂറോപ്പിലറിയാനിടയാക്കിയിരുന്നതു്. ഇരുണ്ട ആ കാലഘട്ടത്തിൽ നിന്നും ചിറപൊട്ടി ഇരമ്പിയ പ്രവാഹത്തിൻെറ അതിപ്രസരത്തോടുകൂടി യൂറോപ്യൻരാജ്യങ്ങൾ പ്രകമ്പനം കൊണ്ട ആധുനികദശയുടെ ആരംഭത്തിലും അവരെല്ലാം അഹമഹമികയാ സാംസ്ക്കാരിക വ്യാവസായിക സമ്പർക്കം പുലർത്തിയിരുന്നത് ഇൻഡ്യയുമായിട്ടാണെന്ന് നമുക്കൊക്കെ നിശ്ചയമുള്ള

കാര്യമാണ്. വാസ്ക്കോഡിഗാമയും, ക്ളൈവും, ഡ്യൂപ്ളേയും, ഡോയൻസുമെല്ലാം അവരുടെ വ്യാവസായിക നിലനിൽപ്പ് ഇൻഡ്യയുടെയും ഇൻഡ്യൻ ജനതയുടെയും സുദൃഢമായ ബന്ധത്തിലധിഷ്ഠിതമായിട്ടാണ് കരുതിപ്പോന്നിരുന്നതെന്നും നമുക്കറിയാം. യൂറോപ്യൻശക്തികളുടെ ആഗമനത്തിനു മുമ്പും ഡൽഹി സുൽത്താൻമാരും മുഗളരും ഇൻഡ്യയുടെ വിദേശനയം കാലാനുസൃതം കരുപ്പിടിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളവരാണ്. അറബിരാജ്യങ്ങളിലേക്കും ചൈനയിലേക്കും പ്രതിപുരുഷൻമാരെ അയച്ചിരുന്നു ഡൽഹിസുൽത്താൻമാർ. മുഹമ്മദ് ഇബിനുൂ തുഗ്ളക്ക് എന്ന ചക്രവർത്തി തന്റെ പ്രതിപുരുഷനായി ചൈനയിലേക്കയച്ച വ്യക്തിയായിരുന്നു പ്രശസ്ത സഞ്ചാരിയായിരുന്ന ഇബിന് ബത്തൂത്ത. ഡൽഹി, ലോകത്തിലെ ഏററവും വലിയ നഗരമായും സാംസ്കാരികകേന്ദ്രമായും പരിലസിച്ച സന്ദർഭവുമായിരുന്നു അത്. ജഹാൻഗീറിന്റെയും അക്ബറുടേയും കാലങ്ങളിൽ ഇംഗ്ളണ്ടിൽ നിന്നും മററു യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും അംബാസിഡറൻമാരും മിഷ്യനറികളും നിരന്തരം വന്നുകൊണ്ടിരുന്നു. എന്തിനധികം, ഒരു കാലത്തും ഇൻഡ്യ ബാഹ്യലോകവുമായി ഒററപ്പെട്ടുനിന്നിരുന്നില്ല. എന്തെന്ത് വിപ്ളവങ്ങളും മാററങ്ങളും എവിടെയൊക്കെ ഉണ്ടായിരുന്നിട്ടുണ്ടോ അവയത്രയും ഇൻഡ്യയിൽ അവയുടെ സന്ദേശങ്ങളും അലയടികളും ഉണ്ടാക്കിയിട്ടുണ്ട്. മതങ്ങളാകട്ടെ, തത്വസംഹിതകളാകട്ടെ എല്ലാം തന്നെ നമ്മെ സ്വാധീനിക്കുവാൻ അധികകാലം എടുത്തിട്ടില്ല.

ഏഷ്യാവും ലോകവുമായുള്ള സമ്പർക്കത്തിൽ ഇൻഡ്യ പുലർത്തിപ്പോന്നിട്ടുള്ള ഉദാത്തമായ നയം ഇതായിരുന്നു; ജീവിക്കുക, മററുള്ളവരെ ജീവിക്കുവാനനുവദിക്കുക എന്നതാണത്. ആരൊക്കെ നമ്മുടെ സഹായമഭ്യർത്ഥിച്ചിവിടേയ്ക്കു കടന്നു വന്നിട്ടുണ്ടോ അവരെയെല്ലാം നാം സ്വീകരിച്ചിട്ടുണ്ട്. ഏതാശയവും പ്രത്യയശാസ്ത്രവും, നമുക്ക് പരിത്യാജ്യമായി തോന്നിയിട്ടില്ലെന്നു മാത്രമല്ലാ അവയെയെല്ലാം ഉരംക്കൊള്ളാനുള്ള മഹാമനസ്ക്കത നാം കാണിക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യൻ സംസ്ക്കാരത്തിൻെറ അപ്രതിരോധ്യമായ ഈ വാസനാവിശേഷം തന്നെയാണ് ഇന്നും നമ്മുടെ വിദേശനയത്തിൻെറ ആണിക്കല്ലും.

കഴിഞ്ഞ കാൽനൂററാണ്ടുകാലത്തെ ഇൻഡ്യൻ വിദേശനയത്തിൻെറ ഗുണദോഷഫലങ്ങരം വിലയിരുത്തുമ്പോരം വ്യക്തമായികാണാവുന്നതാണിത്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞപ്പോരം ജർമ്മനിയും, ഇററലിയും, ജപ്പാനും തകർന്നു തരിപ്പണമായിരുന്നു. ഇംഗ്ളണ്ടും, ഫ്റാൻസും മററു യൂറോപ്യൻ ശക്തികളും സാമ്പത്തികമായി പാപ്പരടിച്ചുകഴിഞ്ഞിരുന്നു. റഷ്യക്കാകട്ടെ രണ്ടുകോടി ജനങ്ങളുടെ നഷ്ടം മാത്രമല്ല മിക്കവാറും വികസിതമായിരുന്ന വ്യവസായങ്ങളുടെ നശീകരണവും മാരകമായ ഈ യുദ്ധത്തിൻെറ ഫലമായനുഭവപ്പെട്ടു. വ്യാവസായിക തകർച്ച സംഭവിക്കാതിരുന്ന രാജ്യം അമേരിക്ക മാത്രമായിരുന്നു. എന്നാൽ ആളും അർത്ഥവും ഇത്രമാത്രമാണ് അമേരിക്കയ്ക്കു നഷ്ടമായിട്ടുള്ള

തെന്ന് വിവരിക്കുവാനസാധ്യമാണ്. യുദ്ധ മടിച്ചേൽപിച്ച ഈ നശീകരണത്തിൽനിന്നും ശീഘ്രതയിൽ തങ്ങളുടെ പൂർവ്വ സ്ഥിതിയിലേക്ക് അമേരിക്കയ്ക്കും റഷ്യയ്ക്കും ഉയർത്തെഴുന്നേൽക്കാനധികം സമയം വേണ്ടിവന്നില്ല. മിക്കവാറും നശിച്ച ജർമ്മനിയും ജപ്പാനും കുറഞ്ഞ കാലയളവിൽതന്നെ പഴയതിനേക്കാൾ പതിൻമടങ്ങ് ആർജ്ജവത്തോടുകൂടി പുരോഗമിച്ചെന്ന കാര്യവും വിസ്മരിക്കത്തക്കതല്ല. ഏഷ്യയുടെതന്നെ ആത്മവിശ്വാസം വീണ്ടെടുത്ത സംഗതിയായിരുന്നു. യുദ്ധത്തിനുശേഷം ഇൻഡ്യയ്ക്കു് പ്രാപിക്കുവാൻ സാധിച്ച സ്വാതന്ത്ര്യലബ്ധി. ലീഗ് ഓഫ് നേഷൻസിൻെറ തകർച്ചയിൽനിന്നും ഉടലെടുത്ത ഐക്യരാഷ്ട്ര സംഘടനയിലും അന്തർദേശീയ മണ്ഡലങ്ങളിലും യുദ്ധാനന്തരം നടന്ന ധ്രുവീകരണത്തിൽ കിഴക്കും പടിഞ്ഞാറും ചേരികൾ സ്പഷ്ടമായി കാണാമായിരുന്നു. പാശ്ചാത്യ ചേരിയുടെ അമരക്കാർ അമേരിക്കയായിരുന്നുവെങ്കിൽ കിഴക്കൻചേരിയുടെ ചുക്കാൻ പിടിച്ചിരുന്നത് റഷ്യയുമായിരുന്നു, വ്യക്തമായ രണ്ടു ചേരികളിലായി ലോകരാഷ്ട്രങ്ങൾ വിലപേശൽ നടത്തിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് 'ചേരിചേരായ്മ'യാണ് ഇൻഡ്യയുടെ വിദേശനയമെന്ന് നമ്മുടെ പ്രഗൽഭനായ പണ്ഡിററ് നെഹ്റു പ്രഖ്യാപിച്ചത്. അതിൻെറ അപാകതകളും നഷ്ടങ്ങളുംമാത്രം കണക്കുകൂട്ടുന്നവർ ഏതു സന്ദർഭത്തിലായിരുന്നു ഇൻഡ്യ ഈ നയം സ്വീകരിച്ചതെന്ന സംഗതി സൗകര്യപൂർവ്വം വിസ്മ

രിക്കുകയാണ് പതിവ്. ധീരമായ ആ പ്രഖ്യാപനം ഇൻഡ്യൻ സംസ്ക്കാരത്തിൻെറ അനാദികാലമായി തുടർന്നുപോന്ന നയബന്ധങ്ങളുടെ സ്തൂലാവിഷ്ക്കരണമായിരുന്നുവെന്നതാണ് പരമാർത്ഥം. ഇൻഡ്യൻ സ്വാതന്ത്ര്യം ഏഷ്യയുടെതന്നെ നവോത്ഥാനത്തിൻെറ കഥയാണ് വിളംബരം ചെയ്യുന്നത്. 1947 മാർച്ചുമാസത്തിൽതന്നെ ഡൽഹിയിലെ പൗരാവലിയെ അഭിസംബോധന ചെയ്തുകൊണ്ട് നെഹ്റു പ്രഖ്യാപിച്ചതിപ്രകാരമാണ്:– "ഇത്രയുംകാലം പാശ്ചാത്യരാജ്യങ്ങളിലെ കോടതികളിലും രാജസന്നിധികളിലും അപേക്ഷകളയച്ച് സങ്കടനിവർത്തിക്കാശിച്ചിരുന്നവരായിരുന്നു ഏഷ്യക്കാർ. പക്ഷേ ഇന്നവയൊക്കെ പഴയ കഥകളായവശേഷിച്ചിരിക്കുകയാണ്. നാം നമ്മുടെ കാലിൽതന്നെ ഉറച്ചുനിൽക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. മററുള്ളവരുടെ കളിക്കോപ്പായിത്തീരാൻ നമുക്ക് സാദ്ധ്യമല്ല."

ഇതരഭാരം പ്രതി പ്രാവർത്തികമാക്കുവാൻ നാം ശ്രമിച്ചിട്ടുണ്ട്. ഇൻഡ്യൻ സ്വാതന്ത്ര്യത്തിൻെറ സീൽക്കാരംകേട്ടുതുടങ്ങിയതോടുകൂടി ഇവിടെ സാമുദായികസംഘട്ടനങ്ങളുണ്ടായി. ആയിരക്കണക്കിന് മനുഷ്യപ്രേതങ്ങൾ പൊതുസ്ഥലങ്ങളിൽ പൈശാചികമായ ഭീകരത സൃഷ്ടിച്ചുകൊണ്ട് കുമിഞ്ഞുകൂടി. ശ്രീബുദ്ധൻെറയും മഹാത്മാഗാന്ധിയുടെയും പരിപക്വമായ സ്നേഹഗീതികൾ കേട്ട ഈ നാട്ടിൽ രക്തരൂഷിതങ്ങളായ സംഘട്ടനങ്ങൾ പരിസര

ത്തെ മലീമസമാക്കി. സിന്ധു സംസ്കാരത്തിന്റെ കേളീരംഗമായിരുന്ന ഇൻഡ്യാമഹാരാജ്യം ഇൻഡ്യാ–പാകിസ്ഥാൻ എന്നീ രണ്ടു രാജ്യങ്ങളായി വെട്ടിമുറിക്കപ്പെട്ടു. കൃത്രിമമായ ഈ നടപടി മനഃപൂർവ്വമായിരുന്നു. ലോകരാഷ്ട്രങ്ങൾ രണ്ടു ശത്രുപാളയങ്ങളിലായി ചേരിതിരിഞ്ഞു നിന്നിരുന്ന സന്ദർഭത്തിൽ ഏതെങ്കിലും പക്ഷത്ത് ചേരാത്ത രാഷ്ട്രത്തിന് നിലനിൽപില്ലെന്ന്വരെ പലരും ആശങ്കിച്ചിരുന്ന സന്ദർഭത്തിലാണ് തന്റെ ചേരിചേരാനയവുമായി ലോകമനസ്സാക്ഷിയെ പണ്ഡിറ്റ് നെഹ്റു കിക്കിളിപ്പെടുത്തിയത്. പാകിസ്ഥാൻ സെൻറോ സിയാറേറാ എന്നീ പട്ടാളസംഖ്യങ്ങളിലംഗത്വം സ്വീകരിച്ച് പാശ്ചാത്യചേരിയിൽ ശരണം പ്രാപിച്ചപ്പോൾ പ്രശ്നങ്ങളുടെ ഗുണദോഷങ്ങൾമാത്രം കണക്കിലെടുത്ത് നാം അവയെ സ്വീകരിക്കുകയോ, തിരസ്ക്കരിക്കുകയോ ചെയ്യുന്ന നിഷ്പക്ഷമായ നടപടിയാണ് കൈക്കൊണ്ടത്. ചുരുക്കത്തിൽ ഇൻഡ്യൻ നയം രൂപീകരിക്കുന്നത് ഇംഗ്ളാണ്ടിലോ, വാഷിംഗ്ടണിലോ, മോസ്ക്കോവിലോ അല്ലാ ഡൽഹിയിൽതന്നെയായിരിക്കുകയുള്ളു എന്ന് നാം പ്രഖ്യാപിച്ചു.

ഇതിന്റെ ഫലമായി വളരെ വിമർശനങ്ങൾ അകത്തുനിന്നും പുറത്തുനിന്നുമുണ്ടായിട്ടുണ്ട്. മിസ്സസ് വിജയലക്ഷ്മി പണ്ഡിററ് സോവിയററ് സ്ഥാനപതിയായി അവിടെ കഴിഞ്ഞിട്ടുകൂടി സ്ററാലിനെ കാണുവാനുള്ള സൗകര്യം അന്നുകൊടുത്തിരുന്നില്ല. അമേരിക്കയാണെങ്കിൽ

ഇൻഡ്യയും പാകിസ്ഥാനും തമ്മിലുള്ള കാഷ്മീർ തർക്കത്തിന്റെ പശ്ചാത്തലത്തിലും പാകിസ്ഥാൻ പട്ടാള സഖ്യത്തിലെ അംഗമെന്ന നിലയ്ക്കും നമ്മെ എപ്പോഴും താഴ്ത്തികെട്ടാൻ തന്നെയാണ് ശ്രമിച്ചുകൊണ്ടിരുന്നത്. ചൈനയുമായുണ്ടായിരുന്ന നമ്മുടെ സൗഹൃദം 1962-ലെ ആക്രമണംവരെ ഏററവും ഹൃദ്യമായിരുന്നു. എന്നാൽ ഈ സൗഹൃദത്തിന്റെ കാലഘട്ടത്തിൽ ഇതിനെ വളരെ സംശയാസ്പദമായും വിമർശനാത്മകമായും വീക്ഷിക്കുകയായിരുന്നു റഷ്യയം അമേരിക്കയും ചെയ്തത്. ചൈനയെ ആദ്യമംഗീകരിച്ച രാഷ്ട്രവും ഐക്യരാഷ്ട്ര സംഘടനയിൽ ചൈനയെ പ്രവേശിപ്പിക്കുന്നതിനുവേണ്ടി അനവരതം പരിശ്രമിച്ച രാജ്യവും ഇൻഡ്യതന്നെ ആയിരുന്നു. എന്നാൽ ടിബററിൽ നിന്നും ദലായിലാമയും മററഭയാർത്ഥികളും രക്ഷാസങ്കേതവുംതേടി ഇവിടെയെത്തിയപ്പോഠം അവരെ അടിച്ചോടിച്ച ശക്തി ഏതെന്നകാര്യം വകവയ്ക്കാതെ നാം അവർക്ക ഭയം നൻകി സ്വീകരിച്ചു. എന്നാൽ ദലായിലാമയുടെ കീഴിൽ ഒരു താൽക്കാലിക ഗവർമ്മെൻറുണ്ടാക്കി നാം ചൈനയെ ധിക്കരിക്കുവാൻ ശ്രമിച്ചതുമില്ല. ഇൻഡ്യൻ പാരമ്പര്യത്തിന്റെ പ്രകടമായ സൂചനയാണിത്.

അതുപോലെതന്നെ ഇസ്രേൽ രൂപീകൃതമായി ഒരു യാഥാർത്ഥ്യമായി തീർന്നപ്പോഠം സത്യത്തിനുനേരെ മുഖം തിരിക്കാതെ ആ രാഷ്ട്രത്തെ നാം അംഗീകരിക്കുവാൻ തയ്യാറായി. പ്ര

തിപുരുഷൻമാരെ കൈമാറുക തുടങ്ങിയ സംഗതി ഇന്നു നാം ചെയ്തിട്ടില്ലെങ്കിലും ഇസ്രേലിനെ അംഗീകരിക്കുവാൻ നാം മടിച്ചില്ല. വ്യാവസായികവും സാംസ്ക്കാരികവുമായ പല കാരണങ്ങളാൽ നമുക്ക് അറബിരാജ്യങ്ങളുടെ സൗഹൃദം അനിവാര്യമാണ്. അത് അരക്കിട്ടുറപ്പിക്കുവാനുള്ള പല ശ്രമങ്ങളും നാം നടത്തിയിട്ടുണ്ട്. ഈജിപ്തിൽ ആംഗ്ലോ ഫ്രഞ്ച് ശക്തികൾ യുദ്ധമഴിച്ചുവിട്ടപ്പോൾ നാം അറബികളുടെ പക്ഷത്ത് പിൻതുണയുമായെത്തിയിരുന്നു. ഇന്ത്യയുടെ ഇസ്രേലി നയത്തെ ശരിക്കും മനസ്സിലാക്കാതെയാണ് സത്യത്തിൽ അധികമാളുകളും വിമർശനം നടത്തുന്നതെന്നതാണ് പരമാർത്ഥം. 1946—ൽ സൂയസ്മേഖലയിൽ താൽക്കാലികമായെങ്കിലും സമാധാനം നിലനിർത്തുവാൻ ഇന്ത്യ വഹിച്ച പങ്ക് വളരെ പ്രശംസാർഹമാണ്. നാസ്സറിന്റെ ഐക്യഅറബി റിപ്പബ്ളിക്ക് നെഹ്റുവിന്റെയും ഇന്ത്യയുടെയും നിസ്തുലമായ ഈ സേവനത്തെ ഒരിക്കലും മറന്നിരുന്നില്ല. ഗോവയിൽ നാം പട്ടാളനടപടി സ്വീകരിച്ചപ്പോൾ പോർട്ടുഗലിന്റെ പട്ടാളക്കപ്പലുകൾ ഈജിപ്തിൽ തടഞ്ഞിട്ട നടപടി ഇതിന്റെ പ്രത്യക്ഷലക്ഷണമാണ്. സൂയസ്സ് യുദ്ധം കഴിഞ്ഞ് 16 വർഷം കടന്നുപോയിരിക്കുന്നു. നെഹ്റുവും നാസറും ഇന്നില്ല. പുതിയ അറബിനേതാക്കൻമാർക്ക് ഇന്ത്യയുടെ സേവനത്തിന്റെ ആഴം എത്രയായിരുന്നുവെന്ന് ശരിക്കുമറിയാഞ്ഞിട്ടാണെന്ന് വ്യക്തം. പാൻ ഇസ്ലാമിസത്തിന്റെ പേരിൽ ഇന്ന് പാകിസ്ഥാന്റെ

ഇന്ത്യൻ വീരോധവേദിയിൽ അവരും സ്ഥലംപിടിച്ചിരിക്കുകയാണ്. 1956—ൽ അറബിലോകം ദയനീയമായി ഒരു യുദ്ധത്തിൻെറ പരാജയത്തിൽ കിടന്ന് വെണ്ണീറായിക്കൊണ്ടിരുന്നപ്പോഠം പാകിസ്ഥാന് അന്നു തോന്നാതിരുന്ന പാൻ ഇസ്ളമിസം ഇന്ത്യയുമായി ആ രാജ്യം സംഘട്ടനത്തിനൊരുങ്ങിയപ്പോഠം അറബിരാജ്യങ്ങഠംക്കു തോന്നുന്നതിൽ വലിയ കാര്യമില്ല. എന്നിട്ടും നാം ഇസ്രേലിനോടുള്ള മനോഗതിക്കു മാററം വരുത്തിയില്ല. മദ്ധ്യപൗരസ്ത്യ രാജ്യങ്ങളോടുള്ള നമ്മുടെ സമീപനത്തിൽ പ്രകടമായ യാതൊരു പാളിച്ചയും ഇതുവരെ ഉണ്ടായതുമില്ല. നൈമിഷികവികാരാവേശത്താൽ മാററിമറിച്ചുകൊണ്ടിരിക്കുന്ന നയമല്ല ഇന്ത്യയുടെ വിദേശനയമെന്നതിന് തെളിഞ്ഞ തെളിവാണ് മദ്ധ്യപൌരസ്ത്യ ദേശങ്ങളുമായുള്ള നമ്മുടെ ബന്ധത്തിൻെറ കഥ. സ്വാതന്ത്ര്യപ്രാപ്തിക്കെത്രയോ മുമ്പ് മഹാത്മജി പ്രഖ്യാപിച്ചിരുന്നു;—'ഇംഗ്ലണ്ട് ഏതുവിധം ഇംഗ്ലീഷുകാരുടെതാണോ അതുപോലെതന്നെയാണ് പാലസ്തീൻ അറബികളുടേതാണെന്ന കാര്യത്തിൽ. നെഹ്റു തൻെറ വിഖ്യാതമായ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ പ്രസ്തിവിച്ചിട്ടുള്ളതുകൂടി കേഠംക്കുക. 'പാലസ്തീൻ അറബിരാജ്യമാണെന്നുള്ള വസ്തുത നാം അംഗീകരിക്കുകയും അതുപ്രകാരംതന്നെ നിലനിൽക്കണമെന്ന് കരുതുകയും ചെയ്യേണ്ടതുണ്ട്. സ്വന്തം ഭൂമിയിൽവച്ച് അറബികളെ അടിച്ചമർത്തുവാൻ അനുവദിക്കുക സാദ്ധ്യമല്ലല്ലോ.' ഇൻഡ്യൻ നാഷണൽ കോൺഗ്രസ് അതിൻെറ സമ്മേളനങ്ങളിൽ

ഇംഗ്ലണ്ടിന്റെ ഇസ്രേലിനയത്തിനെതിരായി ഓരോ വർഷവും പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ളതായും കാണാം. എന്നാൽ 1950-ൽ പാലസ്തീൻ ഒരു യാഥാർത്ഥ്യമായി തീർന്നതോടുകൂടി ടെൽഅവീവിനെ ഇന്ത്യ അംഗീകരിക്കുകയും ബോംബെയിൽ അവർക്ക് ഒരു കൺസുലേററ് നിലനിർത്തുവാനനുവദിക്കുകയുംചെയ്തു. പക്ഷേ നാം എന്നിട്ടും അവരുമായി നയതന്ത്രകാര്യാലയം സ്ഥാപിക്കുവാനൊരുമ്പെട്ടിട്ടില്ല. പശ്ചിമേഷ്യയുടെ ഭൂപടത്തിലേക്കു നോക്കിയാൽ കാണാവുന്നത് മൊറോക്കോ മുതൽ പാകിസ്ഥാൻവരെ യാതൊരു വിടവുമില്ലാതെ കിടക്കുന്ന മുസ്ലീം രാഷ്ട്രങ്ങളുടെ ശൃംഖലയാണ്. പടിഞ്ഞാറൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സമ്പർക്കം ഇതിലേതെങ്കിലും രാജ്യത്തുകൂടിയേ സാധ്യമാകൂവെന്നു് തീർച്ച. സൂയസ്സ് കനാലിൽകൂടിയായിരുന്നു ഇന്ത്യയുടെ കടൽവ്യാപാരം മിക്കവാറും നടത്തിയിരുന്നത്. ആകാശമാർഗ്ഗവും കരമാർഗ്ഗവും പടിഞ്ഞാറൻ രാജ്യങ്ങളുമായി നമുക്ക് ബന്ധപ്പെടണമെങ്കിൽ ഇതിലേതെങ്കിലും രാജ്യത്തുകൂടെയല്ലാതെ തരവുമല്ല. ഇന്ത്യക്കാവശ്യമായ 24 മില്ല്യൻ ടൺ എണ്ണയിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്നത് 6 മില്ല്യൻ ടൺ മാത്രമാണല്ലോ. ബാക്കിയുള്ള നമ്മുടെ ആവശ്യം മെക്സിക്കോ എണ്ണയിൽ സ്ഥാപിച്ചുകഴിയുന്നതിനേക്കാൾ ആദായകരവും എളുപ്പവും അറബിരാജ്യങ്ങളിൽ നിന്നും വാങ്ങുകയാണ്. ഈ രാജ്യങ്ങളുമായി നമുക്കുള്ള ബന്ധമാകട്ടെ ഒട്ടും അവഗണിക്കത്തക്കതല്ല. 1968–69–ൽ 108,5 കോടി രൂപയുടെ സാധനങ്ങൾ നാം കയററി

അയയ്ക്കുകയും 65 കോടി രൂപയുടേത് ഇറക്കുമതി ചെയ്യുകയുമുണ്ടായി. അങ്ങിനെ 40 കോടി രൂപയുടെ അധികം കയററുമതിയിനത്തിൽ നമുക്ക് മിച്ചമായിരുന്നു. അതേ കാലയളവിൽ ഇസ്രേലുമായുണ്ടായ വ്യാപാരം വെറും 35 ലക്ഷത്തിന്റേതുമാത്രമാണ്. സൂയസസ് കനാലാണ് ഇതിനേക്കാൾ നമുക്ക് പ്രധാനമായിട്ടുള്ളത്. 1967 ജൂണിൽ കനാൽ അടച്ച സന്ദർഭത്തിൽ നമ്മുടെ കയററുമതിയുടെ 70 ശതമാനവും ഇറക്കുമതിയുടെ 88 ശതമാനവും ആഫ്രിക്കൻമുനമ്പു ചുററി കൊണ്ടുവരേണ്ടതായി വന്നുകൂടി. ഇതിന്റെ ഫലമായി വർഷാന്ത്യം 30കോടി രൂപയാണ് കൂടുതലായി കപ്പൽകൂലിച്ചെലവുവകയിൽ ഇന്ത്യ സഹിച്ചുകൊണ്ടിരുന്നത്. തൻമൂലം മറേറതൊരു രാഷ്ട്രത്തേക്കാളും സൂയസസ് പ്രശ്നപരിഹാരം കണ്ടെത്തുന്നതിൽ ഇന്ത്യ അതീവ തല്പരയാണെന്നു കാണാമല്ലോ. ഈ അടിസ്ഥാനത്തിലും വളരെക്കാലമായി നാം പ്രഖ്യാപനം ചെയ്തിട്ടുള്ള നയത്തിനും അനുസൃതമായിട്ടുമാത്രമാണ് പടിഞ്ഞാറൻ ഏഷ്യൻ രാജ്യങ്ങളുമായുള്ള നമ്മുടെ നയരൂപീകരണം തുടർന്നുപോരുന്നതും.

ഇന്ത്യയുടെ ചേരിചേരാനയം പോലെതന്നെ സുവ്യക്തമായ ഒന്നായിരുന്നു കൊളോണിയലിസത്തിന്നെതിരായുള്ള നമ്മുടെ പ്രഖ്യാപനങ്ങളും സമീപനങ്ങളും. കൊളോണിയലിസത്തിന്റെ തിക്തഫലങ്ങളനുഭവിച്ച ഇന്ത്യ ഏത് രീതിയിലുള്ള വിദേശീയ ഇടപ്പെടലിനേയും എതിർക്കു

വാൻ സന്നദ്ധമായിയെന്നത് നൈസർഗ്ഗികമാണല്ലോ. ഇൻഡോനേഷ്യയുടെ സ്വാതന്ത്ര്യസമരത്തിലും സ്വാതന്ത്ര്യപ്രാപ്തിയിലും ഇന്ത്യ വഹിച്ച പങ്ക് സ്തുത്യർഹമാണ്. 1949-ലാണ് ഈ രാജ്യം സ്വതന്ത്രയായത്. ആഫ്രിക്കൻ രാജ്യങ്ങളിൽ വെള്ളമേധാവിത്വം നടത്തുന്ന കൊളോണിയൽ മർദ്ദനത്തിനെതിരായി ഐക്യരാഷ്ട്രസഭയിലും അതിൻെറ മററു കമ്മററികളിലും ഇന്ത്യ ഉയർത്തിയ ശബ്ദം ഈ മർദ്ദന വിഭാഗത്തിനെതിരായ വലിയ പോരാട്ടമായിരുന്നുവെന്നതിൽ സംശയമില്ല. പോർട്ടുഗീസിൻെറയും ഫ്റാൻസിൻെറയും ഇംഗ്ളണ്ടിൻെറയും അമേരിക്കയുടെയും കൊളോണിയിൽ സാഹസികതകളെ പല്ലും നഖവുമുപയോഗിച്ച് ഇന്ത്യ എന്നും എതിർത്തിട്ടുണ്ട്. കൊറിയായിലും, കോംഗോയിലും, ഇൻഡോചൈനയിലും, വിയററ്നാമിലും, ഈജിപ്തിലുമെല്ലാം പാശ്ചാത്യ സാമ്രാജ്യത്വശക്തികൾ നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതുമായ നരഹത്യയെ എക്കാലവും ധീരമായി നാം എതിർത്തു തോൽപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളത് പ്രഖ്യാപിതമാണ്. അങ്ങിനെ പാശ്ചാത്യശക്തികളുടെ മുഴുക്കെ പ്രത്യക്ഷമോ പരോക്ഷമോ ആയ എതിർപ്പ് നമുക്ക് നേരിടേണ്ടതായി വന്നിട്ടുകൂടി നമ്മുടെ വിദേശനയം ഇന്ത്യൻ പാരമ്പര്യത്തിലുറപ്പിച്ചുതന്നെ നിർത്തി മുന്നോട്ടുകൊണ്ടു പോകുകയാണു് ചെയ്തിട്ടുള്ളത്.

പാശ്ചാത്യചേരി എന്നത് അമേരിക്കാ എന്ന അവസ്ഥവരെയെത്തിയ സന്ദർഭങ്ങളുണ്ട്. അപ്പോഴൊക്കെ പാശ്ചാത്യ സാമ്രാജ്യവാദത്തിനെതിരായ സമരങ്ങൾ അമേരിക്കക്കെതിരായാണ് ഫലത്തിൽ വന്നത്. തൻമൂലം അമേരിക്കയുടെ ഇൻഡ്യയോടുള്ള സമീപനം പലപ്പോഴും ശത്രുതാമനോഭാവത്തോടും ചിലപ്പോൾ പുഛത്തോടും കൂടിയായിരുന്നുവെന്നതാണ് വാസ്തവം. നമ്മുടെ വികസനപ്രവർത്തനങ്ങൾക്ക് അമേരിക്ക ധനസഹായം ചെയ്തിരുന്നുവെന്ന സംഗതി വിസ്മരിക്കുവാനൊക്കുന്നതല്ല. മറെറതൊരു രാഷ്ട്രത്തേക്കാളും കൂടുതൽ ഇക്കാര്യത്തിൽ അമേരിക്കയാണ് ഇന്ത്യയെ സഹായിച്ചിട്ടുള്ളത്. 7200 കോടി രൂപയ്ക്കുമേൽ, അവർ നമ്മെ സഹായിച്ചിട്ടുണ്ട്. 1962–ൽ ചൈനീസ് ആക്രമണകാലത്ത് അമേരിക്കയുടെ ആയുധസഹായവും ധാർമ്മിക പിന്തുണയും നാം സ്വീകരിച്ചിട്ടുണ്ട്. പ്രസിഡണ്ട് കെന്നഡിയുടെ കാലത്തുമാത്രമാണ് ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ബന്ധം കൂടുതൽ സൗഹൃദപരമായിരുന്നിട്ടുള്ളത്. പാകിസ്ഥാനുമായുള്ള ഇന്ത്യൻ യുദ്ധങ്ങളിൽ അമേരിക്ക പാകിസ്ഥാൻ ചേരിയിൽ നിന്നുകൊണ്ട് നമ്മെ അലോസരപ്പെടുത്തിയിട്ടുള്ളത് നമുക്കറിയാം. എങ്കിലും ആ രാഷ്ട്രവുമായി സ്ഥായിയായ പിണക്കം നമുക്കില്ലെന്നുമാത്രമല്ലാ നമ്മുടെ ഏററവും നല്ല വിദഗ്ദ്ധരായ നയതന്ത്രപ്രതിനിധികളെയാണുതാനും നാമവിടേക്കയയ്ക്കുന്നത്.

എന്നാൽ സ്ററാലിനുശേഷമുള്ള റഷ്യ നമ്മോട് കൂടുതൽ അടക്കുവാൻ തുടങ്ങി എന്നത് പരമാർത്ഥമാണ്. കാശ്മീർപ്രശ്നത്തിൽ സെക്യൂറിററി കൗൺസിലിൽ എത്രയോ പ്രാവശ്യമാണ് റഷ്യ അതിൻെറ വീറേറാ അധികാരമുപയോഗിച്ച് നമ്മെ രക്ഷപ്പെടുത്തിയിട്ടുള്ളത്. ഗോവാ വിമോചനപ്രസ്ഥാനത്തിനും അടുത്തകാലത്തു ബംഗ്ളാദേശ് പ്രശ്നത്തിനും റഷ്യ നൽകിയ സഹായമാണ് നമുക്ക് ആത്മവീര്യവും വിജയവും ഉണ്ടാക്കിത്തന്നതെന്ന സംഗതി നന്ദിയോടുകൂടി ഓർക്കേണ്ടതുണ്ട്. സ്വയംപര്യാപ്തത നേടുവാനുള്ള ഇന്ത്യയുടെ തീവ്രയത്ന പരിപാടികളിൽ നമ്മെ ഏറെ സഹായിക്കുന്ന ഒരു രാഷ്ട്രംകൂടിയാണ് റഷ്യ. 1962-ലും 1965—ലും ചൈനയുടെയും പാകിസ്ഥാൻെറയും ആക്രമണങ്ങളിൽ നിഷ്പക്ഷത പാലിച്ച റഷ്യ 1971—ൽ നമ്മെ പ്രത്യക്ഷത്തിൽ സഹായിക്കുവാൻ തയ്യാറായി. 1958—ലെ പഞ്ചശീലപ്രഖ്യാപനത്തിൽനിന്നും വളർന്ന് 1971–ലെ ഇൻഡോറഷ്യൻ സഖ്യംവരെ നമ്മുടെബന്ധം ഉയർന്നു. അതിൻെറ വിജയകരമായ പരിസമാപ്തിയായിരുന്നു ബംഗ്ളാദേശിൻെറ ആവിർഭാവം.

നിർഭാഗ്യമെന്നു പറയട്ടെ ഒരേ പ്രാക്തന പാരമ്പര്യത്തിൻെറ അവകാശികളായ ഇന്ത്യയും പാകിസ്ഥാനും സുശക്തമായ ഒരു സഖ്യബന്ധത്തിൽ ഒന്നിച്ചുചേരുവാനിതുവരെ പററിയിട്ടില്ല. നെഹ്റു ലിയാക്കത്ത് സഖ്യം പോലെയോ, താഷ്ക്കണ്ടിലെ സന്ധി പോലെയോ,

സിംലാകരാറുപോലെയോ ഒക്കെയുള്ള ചില രജതരേഖകൾ കാണാമെങ്കിലും അവയൊക്കെ കാർമേഘപടലമായ കലുഷിതാന്തരീക്ഷത്തിൽ അത്ര പ്രസക്തിയോടുകൂടി പ്രകാശിച്ചിട്ടില്ലെന്നതാണ് സത്യം. ഇത്രയും സംഘട്ടനത്തിനുശേഷമുള്ള യുദ്ധവിരാമക്കരാറുകൾ മാത്രമാണ്. ഇരുരാജ്യങ്ങളും തമ്മിലുള്ള കാതലായ പ്രശ്നം കാശ്മീരിന്റേതുതന്നെ. ഇന്നത്തെ പ്രത്യേക സാഹചര്യം മുതലെടുത്ത് നാം ശാശ്വതമായ നിവൃത്തിമാർഗ്ഗം കാണേണ്ടതുണ്ട്. അല്ലെങ്കിൽ ഇരുരാജ്യങ്ങളെയും കടിപിടികൂട്ടി ചൂഷണത്തിനു തയ്യാറാകുന്ന മററു രാഷ്ട്രങ്ങൾക്കായിരിക്കും നേട്ടം, ബംഗ്ളാദേശിന്റെ ആവിർഭാവം അന്തർദേശീയരംഗത്ത് ഇന്ത്യയുടെ പ്രശസ്തി ഒട്ടല്ല വർദ്ധിപ്പിച്ചിട്ടുള്ളത്.

കഴിഞ്ഞ മൂന്നു ദശാബ്ദത്തെ നേട്ടങ്ങളും കോട്ടങ്ങളും പിൻതിരിഞ്ഞുനോക്കുമ്പോൾ ലോകരാഷ്ട്രങ്ങളിൽ അപ്രധാനമല്ലാത്ത ചില രാഷ്ട്രങ്ങളെ നാം മാതൃകയാക്കേണ്ടതുണ്ട്. ജർമ്മനിയും ജപ്പാനും മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. താരതമ്യേന ചെറിയവയായ തെയ്വാനും, കൊറിയയും, സിംഗപ്പൂരും ഈ കാലയളവിൽ നേടിയ പുരോഗതിക്കടിസ്ഥാനം നാമും ആരായണം. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം തകർന്നു തരിപ്പണമായ ജർമ്മനിയും ജപ്പാനും വളർന്നു വികാസം കൊണ്ടകാര്യം നമുക്ക് [illegible]യാകണം. നമ്മുടെ പ്രതിപുരുഷൻമാർക്ക് ഈ രാജ്യത്തിന്റെ സമ്പത്ഘടനയിൽ

സാരമായ മാററം വരുത്തുവാൻ സാധിക്കുന്ന വ്യാവസായിക പ്രവർത്തനങ്ങൾ മററു രാജ്യങ്ങളിലിരുന്നു ചെയ്യുവാനൊക്കും; നമ്മുടെ പ്രതിപുരുഷൻമാർ കുറേക്കൂടി ബോധവാൻമാരും ഭാവനാശാലികളുമാകുമെങ്കിൽ. ക്ലേശഭാരവും പട്ടിണിയും ഇന്നും നമ്മുടെ പരാധീനതകളാണല്ലോ. അതു മാറാതെയും മാററാതെയും തരമില്ല. വ്യാവസായിക പ്രവർത്തനത്തിനു മാത്രമേ ഈ തീരാശാപമൊഴിവാക്കാനൊക്കൂ. നമ്മുടെ ദാരിദ്ര്യം പരിഹരിക്കുവാൻ പററൂ. എങ്കിൽമാത്രമേ നമ്മുടെ വിദേശനയത്തിൻെറയും പ്രതിപുരുഷ കാര്യാലയങ്ങളുടെയും പ്രവർത്തനം വിജയമായിരുന്നുവെന്ന് ഭാവിചരിത്രകാരൻ രേഖപ്പെടുത്തുകയുള്ളൂ.

### അധ്യായം പതിനാല്

# സങ്കൽപത്തിലെ മതേതരത്വം

സ്വതന്ത്രഇന്ത്യയ്ക്ക് ഒരിക്കലും ഒരു മതാധിഷ്ഠിതരാഷ്ട്രമാകാൻ സാധ്യമാകുമായിരുന്നില്ല. സ്വാതന്ത്ര്യത്തിന്റെ സീൽക്കാരം കേട്ടുതുടങ്ങിയതോടുകൂടി ഇവിടെനടന്ന സാമുദായിക സംഘട്ടനങ്ങളുടെയും ജീവാപായങ്ങളുടെയും പശ്ചാത്തലത്തിലാണ് വിഭജിതമായ ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ പതാക ഉയർത്തുന്നത്. ദ്വിരാഷ്ട്രവാദം അധിഷ്ഠിതമായിരുന്നത് മതത്തിന്റെയും സമുദായത്തിന്റെയും പേരിലായിരുന്നു എന്നത് കേവലംചരിത്രവസ്തുതആണല്ലോ. അങ്ങനെ മുസ്ലീംഭൂരിപക്ഷപ്രദേശമെന്നും ഹൈന്ദവഭൂരിപക്ഷപ്രദേശമെന്നുമുള്ള അടിസ്ഥാനത്തിലാണ് ഇന്ത്യ—പാകിസ്ഥാൻ എന്നീ രാഷ്ട്രങ്ങൾ ഭൂപടത്തിൽ സ്ഥലം പിടിക്കുന്നത്. എങ്കിൽകൂടിയും ഇന്ത്യയെ ഒരു ഹൈന്ദവരാഷ്ട്രമായി പ്രഖ്യാപിക്കുവാൻ സാധിക്കുമായിരുന്നില്ല. അപ്പോൾ സംഗതമായ മറ്റൊരു ചോദ്യം മുസ്ലീംഭൂരിപക്ഷ പ്രദേശങ്ങളുടെ ആധിപത്യംലഭിച്ച പാക്കിസ്ഥാന് ഒരു ഇസ്ലാമിക രാഷ്ട്രമായിതീരുവാൻ സാധിക്കുമായിരുന്നുവോ എന്നതാണ്. ചരിത്രത്തിൽ പലപ്പോഴും സമൂഹത്തിന്റെ വികാരാവേശം രാഷ്ട്ര

മീമാംസകരുടെ കണക്കുകൂട്ടലുകളെ അതിലംഘിച്ചുകൊണ്ട് പുത്തൻ പ്രഖ്യാപനങ്ങൾക്കും നയരൂപീകരണത്തിനും അവസരം നൽകുക പതിവാണ്. പാക്കിസ്ഥാനെ ഐസ്ളാമിക രാഷ്ട്രമായി പ്രഖ്യാപനം നടത്തിയത് അത്തരത്തിൽപെട്ട അപവാദം മാത്രമായേ കണക്കാക്കുവാനുള്ളു. അതിനുപുറമെ ഇന്ത്യയിൽ നിലവിലുള്ള സാഹചര്യങ്ങളും പാക്കിസ്ഥാനിൽ നിലനിന്നിരുന്നവയും തമ്മിൽ അജഗജാന്തരവുമുണ്ട്. എന്നിട്ടുകൂടി മതത്തിൻെറയും സമുദായത്തിൻെറയും ഭാഷയുടെയുംമാത്രം അടിസ്ഥാനത്തിൽ ഒരു കെട്ടുറപ്പുള്ള സമൂഹമോ രാഷ്ട്രമോ നിലനിർത്തുവാൻ അസാധ്യമാണെന്നതിൻെറ പ്രത്യക്ഷമായ തെളിവാണ് ബംഗ്ലാദേശിൻെറ ആവിർഭാവം.

എന്നാൽ ഇന്ത്യയിൽ ഹൈന്ദവ ഭൂരിപക്ഷംതന്നെ ആയിരുന്നുവെങ്കിലും മതേതര രാഷ്ട്രമല്ലാതെ മററൊരു രാഷ്ട്രീയ സംവിധാനവും സാധ്യമായിരുന്നില്ല എന്നു പറയുവാനുള്ള കാരണങ്ങൾ ഇവയാണ്. പാകിസ്ഥാന് മുസ്ളീംഭൂരിപക്ഷം എന്നത് സമൂഹത്തിലെ ശക്തവും ഏകവുമായ ഘടകമായിരുന്നു. ഇന്ത്യയിലെ ഹൈന്ദവഭൂരിപക്ഷമാകട്ടെ ജാതികളും ഉപജാതികളും കൊണ്ട് ഏറെ വിഘടിതവും അവിച്ഛിന്നവുമായ സമൂഹത്തെയാണ് കാഴ്ചവച്ചിരുന്നത്. ഇതിനുംപുറമെ മററുമതാനുയായികളും സമുദായങ്ങളും ഒട്ടും അവഗണിക്കാനൊക്കാത്ത പ്രബലശക്തികളുമായിരുന്നു. ദേശീയവും പ്രാദേശികവുമായ ഭാഷകളുടെ കാര്യത്തിലും ഏറെ അഭി

പ്രായഭിന്നത നിലനിൽക്കുകയും ചെയ്തിരുന്നു. ഇത്തരം പരിതഃസ്ഥിതികൾ സൃഷ്ടിച്ചസമ്മർദ്ദമാണ് മതേതര രാഷ്ട്രമായി ഇന്ത്യയെ നിലനിർത്തുവാൻ പ്രേരകമായിനിന്ന ശക്തികൾ. പലപ്പോഴും ഈ സാമൂഹ്യപശ്ചാത്തലത്തെ വിലയിരുത്താതെയാണ് നമ്മുടെ മതേതര സിദ്ധാന്തത്തെ ഉദാത്തമായ ആദർശമായിമാത്രം നാം വ്യവഹരിച്ചു പോരാറുള്ളത്.

എന്നാൽ ഈ മതേതര സിദ്ധാന്തം പ്രായോഗിക ജീവിതത്തിൽ ഫലവത്താക്കുവാൻ നമുക്ക് അങ്ങേയററം പരിശ്രമിച്ചിട്ടു കൂടി സാധ്യമായിത്തീരുന്നില്ല എന്ന വാസ്തവം വിശകലനം ചെയ്യുവാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ചരിത്രത്തിന് കണ്ണെത്താവുന്ന കാലഘട്ടം തുടങ്ങി ഇന്നുവരെയുള്ള ഇന്ത്യൻജനതയുടെ സാമൂഹ്യക്രമങ്ങളും ജീവിതരീതികളും സ്പഷ്ടമായി പ്രകടമാക്കുന്ന ഒന്നുരണ്ട് അവസ്ഥകളുണ്ട്. അവയാകട്ടെ ഗ്രാമജീവിതവും ജാതിവ്യവസ്ഥയുമാണ്. ഏതെല്ലാംതരം രാഷ്ട്രീയ സംവിധാനങ്ങളും ഭരണകൂടങ്ങളും മാററങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിലും ശരി അടിസ്ഥാനപരമായി യാതൊരുവക മാററമോ ചലനമോ ഇല്ലാതെ സ്ഥിത്യാത്മകമായി നിലനിന്ന രണ്ടു സ്ഥാപനങ്ങളാണ് ഇന്ത്യയിലെ ഗ്രാമസമ്പ്രദായവും ജാതിവ്യവസ്ഥയും. ചരിത്രവിദ്യാർത്ഥികൾക്ക് സുപരിചിതമായ കാര്യമാണല്ലോ ഈരാജ്യംവിദേശാക്രമണകാരികളുടെ വിളനിലമായിരുന്നു എന്നത്. പല വർഗ്ഗക്കാരും ഈ നാടിനെ ആക്രമിക്കുകയും പലപ്പോഴും

കീഴടക്കി ഇവിടെ ഭരണകൂടങ്ങൾ സ്ഥാപിച്ച് സ്ഥിരവാസികളായിത്തീരുകയും ചെയ്തിട്ടുണ്ട്. പലപ്പോഴായി ഉണ്ടായിട്ടുള്ള വൈദേശിക അധിനിവേശങ്ങളുടെ ഫലമായി പല സംസ്കാരങ്ങളും ആശയങ്ങളും ഇന്ത്യൻ സമൂഹത്തിന്റെ ചിന്തയെയും ജീവിതരീതിയെയും പുഷ്കലമാക്കുവാൻ സഹായിച്ചിട്ടുമുണ്ട്. എന്നാൽ ഹൂണൻമാരാകട്ടെ, മുഗളരാകട്ടെ, ഇംഗ്ളീഷുകാരാകട്ടെ ആരു തന്നെ ഭരണകൂടങ്ങളിൽ മാറിമാറി വന്നിട്ടുണ്ടെങ്കിൽ കൂടിയും ഇന്ത്യയിലെ മൃഗീയഭൂരിപക്ഷം ജനങ്ങളും ഭരണസംവിധാനങ്ങളിൽ വന്നമാററങ്ങളെപ്പററിയൊട്ടും വ്യാകുലപ്പെട്ടിരുന്നില്ലെന്നുമാത്രമല്ല അവരത്രയും തീർത്തും അലംഭാവം പ്രദർശിപ്പിക്കുക കൂടിയുമാണ് ചെയ്തിരുന്നത്. തങ്ങളെ ആരു ഭരിച്ചാലും തരക്കേടില്ല എന്ന മനഃസ്ഥിതി ആയിരുന്നു ഭൂരിപക്ഷം ജനങ്ങൾക്കും ഉണ്ടായിരുന്നത്. മറെറാരു തരത്തിൽ പറഞ്ഞാൽ വയലുകളിലും പറമ്പുകളിലും തങ്ങളുടെ ജീവസന്ധാരണത്തിനുള്ള സംരംഭങ്ങൾ ചെയ്തിരുന്ന ഗ്രാമവാസികൾ രാഷ്ട്രസംവിധാനത്തിൽ വന്ന മാററങ്ങളെപ്പററി തീർത്തും അജ്ഞരായിരുന്നു. അതിനുകാരണം അനക്കംകൂടാതെ സുസ്ഥിരമായി നിലനിന്നിരുന്ന ഗ്രാമസംവിധാനം തന്നെ. പട്ടണങ്ങളിലും നഗരങ്ങളിലും ഉള്ള ജനങ്ങളെ മാത്രമെ ഒരാക്രമണമോ ഭരണമാററമോ നേരിട്ടു ബാധിച്ചിരുന്നുള്ളൂ.

ഭരണാധിപൻമാർ ഏതു ജാതിക്കാരോ മതക്കാരോ ആയിരുന്നെങ്കിലും ശരി അവരാരുംത

ന്നെ പഴകിയതും ആഴത്തിലാണ്ടുകിടന്നിരുന്നതുമായ ഗ്രാമ—ജാതി സമ്പ്രദായങ്ങളെ അലോസരപ്പെടുത്തുവാൻ തരിമ്പും ശ്രമിക്കുകയുണ്ടായിട്ടില്ല എന്നുള്ളതാണ് പരമാർത്ഥം. തൻമൂലം ഗ്രാമീണവാസികളായ ബഹുഭൂരിപക്ഷം ജനങ്ങളും തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസാചാരങ്ങളും അല്പംപോലും കോട്ടം തട്ടാതെ സുക്ഷിച്ചുപോന്നു. സ്വതന്ത്ര ഇന്ത്യയിൽ മാത്രമാണ് ഈ സ്ഥാപനങ്ങൾക്ക് അൽപമായെങ്കിലും ചലനം സൃഷ്ടിക്കുന്ന നവോത്ഥാനം നടന്നതെന്ന കാര്യം വിസ്മരിക്കുവാൻ ഒക്കുന്നതല്ല. അവിടെയും സമൂലമായ പരിവർത്തനത്തിന് നമ്മുടെ ഗ്രാമജീവിതത്തെ പാകപ്പെടുത്തുവാൻ സാധിച്ചു എന്നർത്ഥമാക്കരുത്. അനാദികാലങ്ങളായി ആരും കടന്നുചെല്ലാൻ മടിക്കുകയോ ഭയപ്പെടുകയോ ചെയ്തിരുന്ന ഇടങ്ങളിലേക്ക് പ്രകാശത്തിൻെറ കൈത്തിരിയുമായി സ്വതന്ത്ര ഇൻന്ത്യയുടെ ഭരണഘടനയും സംവിധാനവും സമീപിക്കുവാൻ ധൈര്യപ്പെട്ടു എന്നത് നിശ്ചലമായിരുന്ന ഇന്ത്യൻ ഗ്രാമജീവിതത്തെയും നിഷ്കൃഷ്ടമായി നിലനിർത്തിപ്പോന്ന ജാതി വ്യവസ്ഥയെയും അദ്യമായി പിടിച്ചു കുലുക്കിയ വിപ്ളവാത്മകങ്ങളായ സംരംഭങ്ങളായിരുന്നു. ജാതിരഹിതവും മതേതരവും ആയ ഒരു ഇന്ത്യൻസമൂഹത്തെ സങ്കൽപ്പത്തിൻെറ മനോജ്ഞവീഥിയിലെങ്കിലും കൊണ്ടെത്തിക്കുവാൻ നമുക്കു സാധിച്ചു എന്നത് ധന്യമായി കണക്കാക്കാമെങ്കിലും മതേതരത്വത്തിനോ ജാതിരഹിത സമൂഹത്തിനോ അവ അർഹി

ക്കുന്ന മഹത്തരമായ പദവിയിൽ പ്രതിഷ്ഠി ക്കുവാൻ സാധിച്ചില്ലെന്നുള്ളത് നമ്മുടെ ചരിത്ര പശ്ചാത്തലത്തിൻെറ ഒഴിച്ചുകൂടാൻ പററാത്ത സ്വാധീനത്തിൻെറ ഫലമായിട്ടാണെന്ന കാര്യ ത്തിൽ തർക്കമില്ല. ജാതിരഹിതവും മതേതരവു മായ സമൂഹത്തെ വാർത്തെടുക്കുവാൻവേണ്ടി തീവ്രയത്നങ്ങൾ ചെയ്ത നമുക്ക് ഇന്ന് ഈ ഉദാത്തമായ ആദർശങ്ങൾ സങ്കൽപ്പത്തിൻെറ സ്വ പ്നഗർഭത്തിൽ മാത്രം തങ്ങിനിൽക്കുന്നതുകണ്ട് തൃപ്തിയടയേണ്ടതായി വന്നിരിക്കുന്നു. ജാതി ചിന്തയോ വർഗ്ഗീയ വികാരമോ ഇല്ലാത്ത സു ന്ദരമായൊരു സമൂഹത്തിനുവേണ്ടി പ്രസംഗങ്ങ ളും സിദ്ധാന്തങ്ങളും പ്രചരിപ്പിച്ച നമുക്ക് ജാതി—മത—വർഗ്ഗം തുടങ്ങിയ യാഥാർത്ഥ്യ ങ്ങളുടെ പാറക്കെട്ടുകളെ അഭിമുഖീകരിക്കേണ്ട തായിട്ടാണ് വന്നത്. അജയ്യമായ ഈ ശക്തി ദുർഗ്ഗങ്ങളുമായി ഏററുമുട്ടുവാൻ വേണ്ടുമുള്ള ആത്മധൈര്യമോ ആദർശനിഷ്ഠയോ നമുക്ക് ഇല്ലാതിരുന്നതുകൊണ്ടുതന്നെ നാം താളം തെററി ച്ച് പാട്ടു തുടരേണ്ടതായി വന്ന ഗതികേടാണ് സംഭവിച്ചിരിക്കുന്നത്. ജാതിമത ഭാഷാ പ്രശ്ന ങ്ങൾ ഇന്ന് യാഥാർത്ഥ്യമായി അംഗീകരിക്ക പ്പെട്ടുകഴിഞ്ഞിരിക്കുന്നു. ജാതികളുടെയും മത ങ്ങളുടെയും ഭാഷാ സംസ്ഥാനങ്ങളുടെയും പി ന്തുണയും കൂറും എത്രമാത്രമാണോ, ഏതു പാർട്ടിക്കാണോ, അതായിരിക്കും ഈ രാജ്യ ത്തിൻെറ ഭാഗധേയം നിർണ്ണയിക്കുന്ന പാർട്ടി. ഈ അവസ്ഥ ജാതിരാഹിത്യത്തിനു പകരം ജാ തിയിൽമാത്രം അധിഷ്ഠിതമായ മനോഭാവത്തെ ശക്തിയായി വളർത്തുകയും ചെയ്യുന്നു.

ഭാഷാസംസ്ഥാന രൂപീകരണങ്ങളോടുകൂടി ഇന്ത്യയുടെ സാംസ്ക്കാരിക ഐക്യത്തിന് ഒരു രൂപവും ഭാവവും ഒക്കെ ഉണ്ടാകുമെന്നായിരുന്നു പലരും ആശിച്ചിരുന്നത്. എന്നാൽ പുതിയ സംസ്ഥാനങ്ങളിൽ ഭൂരിപക്ഷമുള്ള സമുദായമോ ജാതിയോ പ്രാവീണ്യം നേടി ജാതിമേധാവിത്വമോ സാമുദായിക മേധാവിത്വമോ നടത്തുവാൻ ഉള്ള പൊതുവേദികൾ സൃഷ്ടിക്കുകയാണുണ്ടായത്. ഗ്രാമങ്ങളിൽ സുനിശ്ചിതമായ വ്യവസ്ഥിതികളിൽ അധിഷ്ഠിതമായി കഴിഞ്ഞിരുന്ന ജാതി ജീവിതം രാഷ്ട്രീയാധികാരത്തോടുകൂടിയ വിശാലമായ പുതിയ വിളഭൂമികൾ കണ്ടെത്തുകയാണ് ഭാഷാസംസ്ഥാന രൂപീകരണത്തിന്റെ ഫലമായി സംഭവിച്ചത്. അങ്ങനെ പഴയ ജാതികൾ പുതിയ രാഷ്ട്രീയ ജാതികളായി എല്ലാ രംഗത്തും വിലപേശാൻ തുടങ്ങി. ഒരു സംസ്ഥാനത്തിലെ പ്രബല ജാതിക്കാരുടെയോ സമുദായക്കാരുടെയോ പിൻബലം മാത്രമായിത്തീർന്നു അധികാരങ്ങൾ പിടിച്ചു പററുവാനുള്ള ഉപാധി. അങ്ങനെ ജാതികൾ നശിക്കുന്നതിനുപകരം അവ കൂടുതൽ അംഗീകാരം നേടി പ്രബലങ്ങളും അലംഘനീയങ്ങളുമായ പ്രസ്ഥാനങ്ങളായി മാറുകയാണ് ചെയ്തിട്ടുള്ളത്.

തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളെ നിർണ്ണയിക്കുന്നതും ജയാപജയങ്ങൾ സംഭവിക്കുന്നതും എല്ലാം അതാതു നിയോജകമണ്ഡലത്തിലെ ജാതീയമോ വർഗ്ഗീയമോ ആയ അ

ടിസ്ഥാനത്തിൽ മാത്രമാണെന്നുള്ളത് കഴിഞ്ഞ കാൽനൂററാണ്ടുകാലത്തെ ജനാധിപത്യപരീക്ഷണ ങ്ങളിൽനിന്നും നാം പഠിച്ച പാഠങ്ങളാണ്. ജാതി വളരുകയാണോ തളരുകയാണോ? യാഥാസ്ഥിതി കർ തുടങ്ങി അങ്ങേഅററം അത്യന്താധുനിക വി പ്ളവങ്ങൾ പ്രഘോഷണം ചെയ്യുന്നവർ വരെ ജാതിയുടേയും സമുദായത്തിൻേറയും പിൻബലം തേടി നടക്കുന്നവരാണ്. വർഗ്ഗീയത എന്നത് എല്ലാവരിലും സമൂലമായി ഇന്നു വ്യാപിച്ചു കൊണ്ടിരിക്കുന്നു. ഏതു കാര്യത്തിനാണെങ്കിലും ശരി, പ്രസ്ഥാനങ്ങൾക്കാണെങ്കിലും ശരി. വർഗ്ഗീ യ വികാരത്തെ കിക്കിളിപ്പെടുത്തിയാൽ ഇവയെ യെല്ലാം നശിപ്പിക്കത്തക്ക പ്രതിലോമ ചേരിക ളിലേക്ക് മാറിനിൽക്കാൻ ഏതു വിപ്ളവകാരി യും തയ്യാറാകുന്ന സ്ഥിതിവിശേഷമാണ് ന മ്മുടെ നാട്ടിലുള്ളത്. വർഗ്ഗീയമോ സാമുദാ യികമോ ആയ പ്രശ്നത്തിൻെറ മുമ്പിൽ സ്നേ ഹബന്ധമില്ല. സൗഹൃദഭാവമില്ല, വ്യക്തിപര മായ ഇഷ്ടാനിഷ്ടങ്ങളില്ല. വ്യക്തിവിദ്വേഷ മോ കുടുംബകലഹമോ ഇല്ല. എല്ലാവരും ഇക്കാ ര്യത്തിൽ ഒരുമിയ്ക്കുന്നു, സംഘടിതമായി മു ന്നേറുന്നു. 'ആദ്ധ്യാത്മിക വിദ്യാലയ'ത്തെ പുരസ്കരിച്ച് കുമാരമഹാകവി പാടിയതു പോലെ നമ്മുടെ നാട്ടിലെ വർഗ്ഗീയതയെക്കു റിച്ച് ഏതെങ്കിലും മഹാകവി കുത്തിക്കുറിച്ചു കൂടായ്കയില്ല. അത്രമാത്രം ജാതീയമായ ചിന്ത യും വർഗ്ഗീയമായ സമീപനങ്ങളും ഉത്തരോ ത്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്..

അധികാരം പിടിച്ചുപററുവാൻ അഹോരാത്രം പണിയെടുക്കുന്നു എന്നവകാശപ്പെടുന്ന പാർട്ടികരം തുടങ്ങി കുടുംബം പുലർത്താൻ തുച്ഛമായ വേതനവും തേടി പോകുന്ന ഉദ്യോഗാർത്ഥിവരെ ജാതിയുടെ സംരക്ഷണത്തിലും ജാതിയുടെ പേരിലുമാണ് ഇവിടെ നിലനിൽക്കുന്നത് എന്ന പരമാർത്ഥം പകൽവെളിച്ചം പോലെ തെളിഞ്ഞു നിൽക്കുമ്പോരം ജാതിരഹിതസമൂഹത്തെ പററിയുള്ള പ്രസംഗങ്ങരം എത്ര ഒച്ചത്തിലാണെങ്കിലും ശരി വെറും വനരോദനമായി മാത്രമേ തീരുകയുള്ളു.

ഓരോ ജാതിക്കും കിട്ടിയ ഉദ്യോഗങ്ങളുടെ കണക്കും കിട്ടേണ്ട അവകാശത്തർക്കവും ഇവയിലൊക്കെ ചെയ്യേണ്ട സംവരണവും അവയ്ക്കെതിരായുള്ള സമരവും ഇവയ്ക്കൊക്കെ താളം കൊട്ടുന്ന സംഘടനകളുമെല്ലാം ജാതിരഹിതമായ ആദർശത്തെയാണോ ഉദീരണം ചെയ്യുന്നത്. അതോ ജാതിയെ ഉറപ്പിക്കുവാനുള്ള വ്യഗ്രതയാണോ കാട്ടുന്നത്. സത്യം പറഞ്ഞാൽ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികരംക്കോ പാടത്ത് വിയർപ്പുതിർക്കുന്ന കർഷകനൊ ജാതിയുടെ സംരക്ഷണത്തിൽ കിട്ടുന്ന ആനുകൂല്യങ്ങരം ഒന്നുംതന്നെയില്ല. തൻമൂലം അവർക്കിടയിൽ കൂടുതൽ വർഗ്ഗീയ ചിന്താഗതിയോ ജാതീയമനഃസ്ഥിതിയോ രൂക്ഷഭാവം കൊള്ളാറുമില്ല. പട്ടിണിപ്പരിഷകളായ നമ്മുടെ തൊഴിലാളി–കർഷകവിഭാഗം വർഗ്ഗീയമായ സംഘട്ടനത്തിന് അരു നിൽക്കുന്ന സ്ഥിതി എപ്പോഴെ

കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതൊക്കെ വിദ്യാസമ്പന്നരെന്നും സാംസ്ക്കാരിക ഉപാസകരെന്നും രാഷ്ട്രീയനേതാക്കൻമാരെന്നും ഒക്കെ പറയുന്ന സമൂഹത്തിലെ നേതൃമ്മന്യൻമാരുടെ ദുഷ്ടമായ മുതലെടുപ്പിന്റെ ഫലമായിട്ടു മാത്രമാണെന്നു കാണാവുന്നതാണ്. വർഗ്ഗീയമായ ചിന്തയും വർഗ്ഗീയമായ വികാരവും ചിരസ്ഥായിയായി നിലനിൽക്കുന്നതും വർദ്ധമാനമായിക്കൊണ്ടിരിക്കുന്നതും നമ്മുടെ വിദ്യാസമ്പന്നരുടേയും ഉദ്യോഗസ്ഥൻമാരുടെയും ഇടയിലാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. അപായകരമായ ഈ പന്തത്തിന് തീ കൊളുത്തുന്നത് എല്ലായ്പോഴും തന്നെ ഈ കൂട്ടരാണ്. ചുരുക്കത്തിൽ ഔദ്യോഗികമണ്ഡലത്തിൽ പ്രവേശിക്കുവാനും അവിടെ കൂടുതൽ കൂടുതൽ ഉൽക്കർഷം നേടുവാനും സിധിക്കണമെങ്കിൽ ജാതിയുടെയും മതത്തിൻേറയും വക്കാലത്തോടു കൂടി മാത്രമേ ഒക്കുകയുള്ളു. നമ്മുടെ ജാതിനശീകരണ പ്രക്രിയ അങ്ങിനെ അവിരാമം കളിയാടുന്നു.

ജാതിയും മതവും ഉൻമൂലനം ചെയ്യണമെന്ന് വാതോരാതെ ആവർത്തിക്കുന്നവർ കൂടി അവസാനം ജാതിയുടേയും മതത്തിൻേറയും വക്താക്കളായി മാറുന്നതായിട്ടാണ് നാം കാണുന്നത്. നമ്മുടെ വിവാഹസമ്പ്രദായങ്ങളും കുടുംബവ്യവസ്ഥയും ആചാരങ്ങളും ഒക്കെത്തന്നെ അൽപ്പം പോലും മാററം വരാതെ നിലനിൽക്കുന്നു എന്നതുതന്നെ ഇവയ്ക്ക് ഉദാഹരണങ്ങളാണ്. എ

സ്ററാബ്ളിഷ്മെൻറുകളെ എതിർക്കുവാനും തകർക്കുവാനും നടക്കുന്നവർ കൂടി അവസാനം വന്നു വീഴുന്നത് ഇവിടെതന്നെയാണ്. ഒരു രക്ഷകർത്താവും തൻെറ മക്കൾക്ക് അന്യസമുദായത്തിൽ നിന്ന് വധൂവരൻമാരെ തേടി പുറപ്പെട്ടതായി നാം കേൾക്കാറില്ല. പ്രേമബദ്ധരായി മിശ്രവിവാഹത്തിനൊരുമ്പെടിട്ടുള്ള ദമ്പതികളെ ഓർത്ത് വേപഥു പൂണ്ട് കഴിയുന്ന ധാരാളം മാതാപിതാക്കളെ നമുക്കറിയുകയും ചെയ്യാം. എല്ലാ ആചാരങ്ങളും അതേപടി നിലനിർത്തിക്കൊണ്ട് നാം ജാതിരഹിതസമൂഹത്തിൻെറ സാങ്കൽപ്പികമനക്കോട്ട കെട്ടി ഉയർത്തുന്നു!

സൈദ്ധാന്തികമായിതന്നെ മതത്തിലൊ ദൈവത്തിലോ വിശ്വസിക്കാത്ത രാഷ്ട്രീയ പാർട്ടികൾപോലും മതത്തെയും ജാതിയേയും ഉത്തരോത്തരം പുഷ്ക്കലമാക്കുന്ന പ്രവർത്തികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ശബരിമലയിലേയ്ക്കും ഗുരുവായൂരേയ്ക്കും രാമേശ്വരത്തേക്കും ബദരീനാഥിലേയ്ക്കും ഉള്ള ജനപ്രവാഹത്തെ നിയന്ത്രിക്കുവാൻ പട്ടാളത്തിൻെറ സഹായം മാത്രം പോരാ, യാത്രാസൗകര്യങ്ങൾ കൂടി ഉണ്ടാക്കേണ്ടതുണ്ട്. വിദേശനാണയം എത്ര മാത്രം ചിലവഴിച്ചുകൊണ്ടാണ് മെക്കയിലേയ്ക്ക് തീർത്ഥാടനത്തിനു് നാം ആളുകളെ പറഞ്ഞയച്ച് മതേതരത്വം നിലനിർത്തുന്നത്! ഒററ രാഷ്ട്രീയപാർട്ടിയും ഈ തീർത്ഥാടനപ്രവാഹങ്ങളുടെ നേരേ വിരൽ ചൂണ്ടാനുള്ള ധൈര്യം നമ്മുടെനാട്ടിൽ കാട്ടിയിട്ടില്ല. നേരെ മറിച്ച് പള്ളിക

മ്മിററികളുടെയും അമ്പല ഉദ്ധാരണ സമിതിക ളുടെയും ഔദ്യോഗിക പ്രവർത്തകരായി ചമഞ്ഞ് താൻ ഉൾക്കൊള്ളുന്ന പാർട്ടിക്ക് കൂടുതൽ ആളു കളെ കണ്ടു പിടിക്കാനുള്ള സംരംഭങ്ങളാണ് എ വിടെയും നടത്തുന്നത്. ആദർശനിഷ്ടയോ ആത്മധൈര്യമോ ഇല്ലാത്ത ഹിപ്പോക്രാററുകളു ടെ ഈ സമൂഹത്തിൽ എങ്ങിനെ ജാതി രഹിത സമൂഹം? എവിടെ മതേതരത്വം?

പുറമെയുള്ള വ്യത്യാസങ്ങളൊന്നും തന്നെ ഈ ലക്ഷ്യത്തിലേക്ക് എത്തിക്കുകയില്ല. മാററം വരേണ്ടത് മനസ്സിലാണ്. ഹൃദയത്തിലാണ് വർഗ്ഗീയം എന്നത് വികാരപരമായ സ്ഥിതി ആയതുകൊണ്ടു തന്നെ ആ വികാരത്തെ ഉൻമൂല നം ചെയ്യണമെങ്കിൽ അതിൻെറ ആസ്ഥാനമായ ഹൃദയത്തിൽ തന്നെ പരിവർത്തനം സംഭവി ക്കണം. ആ മാററമാകട്ടെ വെറും സർവ്വോദയ ചികിൽസകൊണ്ട് ഉണ്ടാകുന്നതല്ല. സമൂഹത്തിൽ സമൂലമായി വരുന്ന പരിവർത്തനത്തിൻെറ പ്രതികരണമായിട്ടു മാത്രമേ മാനസികമായി മാ ററവും സാധ്യമാവുകയുള്ളു. അത് ക്ഷിപ്രപ്ര സാദ്ധ്യമായ സംഗതിയല്ല. ഒരു പക്ഷേ, സമാ ധാനമായി അക്രമരാഹിത്യത്തോടുകൂടി നടക്കാ വുന്ന കാര്യവുമല്ലായിരിക്കാം. ഒരു കാര്യം തീർച്ച. സമൂഹത്തിൻെറ വൈകാരികമായ വ്യാ പാരവിശേഷങ്ങൾ അധിഷ്ഠിതമായിരിക്കുന്നത് സാമൂഹ്യവ്യവസ്ഥിതികളോടൊപ്പം സമ്പദ്ഘ ടനയുടെ സവിശേഷതയിലാണ്. എല്ലാവർക്കും ഭക്ഷണവും എല്ലാവർക്കും ജോലിയും എല്ലാ

വർക്കും സുരക്ഷിതത്വവുമുള്ള ഒരു സമൂഹ ത്തിൽ മാത്രമേ ഒരുത്തന്റെ പിടലിയിൽ ചവി ട്ടികയറി കൂടുതൽ ഉയരുവാനുള്ള ദുർമ്മോഹം ഇല്ലാതിരിക്കുകയുള്ളു. സമൂഹത്തിന്റെ സമ്പ ദ്ഘടനയിൽ ഉണ്ടാകുന്ന വിപ്ളവാത്മകമായ മാററം ഒന്നുകൊണ്ടു മാത്രമേ ജാതിമതചിന്തകരം അവസാനിക്കുകയുള്ളു. മതേതരത്വം സങ്കൽപ്പ ത്തിൽ നിന്ന് യാഥാർത്ഥ്യമായി തീരുകയുള്ളു.

## അധ്യായം പതിനഞ്ച്

# ഫാസിസ്റ്റ് രാഷ്ട്രീയം ചരിത്രധ്വംസനം നടത്തുന്നു

ഇന്നലത്തെ രാഷ്ട്രീയമാണ് ഇന്നത്തെ ചരിത്രമെന്ന് പറഞ്ഞുപോരാറുണ്ട്. ഇന്നലെ ജീവിച്ച മനുഷ്യൻെറ വിവിധങ്ങളായ വ്യാപാരമണ്ഡലങ്ങളും അവൻെറ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളും ചരിത്രാവിഷ്കരണത്തിൻെറ ആധാരശിലയാണെന്ന വസ്തുത മേൽപറഞ്ഞ തെററായ നിർവ്വചനം വിസ്മരിക്കുകയാണ് ആംഗ്ളേയ ചരിത്രകാരനായ ട്രെവലിയൻ പറയുന്നത് കഴിഞ്ഞകാല വിഭൂതികളെക്കുറിച്ചന്വേഷിക്കുന്ന ജിജ്ഞാസുവായ ചരിത്രകാരൻ അക്കാലങ്ങളിൽ ജീവിച്ചിരുന്ന മനുഷ്യർ അവരുടെ ജീവിതത്തെ കരുപ്പിടിപ്പിച്ചിരുന്ന സാഹചര്യങ്ങളെയും ഉപാധികളേയും കുറിച്ച് അറിഞ്ഞിരുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുവാൻ നിർബ്ബദ്ധനാണെന്നത്രെ. കഴിഞ്ഞകാലത്തെക്കുറിച്ചുള്ള വസ്തുനിഷ്ഠവും സത്യസന്ധവുമായ അറിവാണ് ഇന്നിൻെറ തെററുകളെയും കുറവുകളെയും തിരുത്തുവാൻ സഹായിക്കുന്നത് നാളത്തെ അസൂത്രണങ്ങൾക്കും സംവിധാനങ്ങൾക്കും ഉപകരിക്കു

ന്നതും ഇന്നലത്തെ ചരിത്രപാഠങ്ങളാണ്. അതുകൊണ്ടുതന്നെയാണ് ചരിത്രകാരൻ മറേറതൊരു ശാസ്ത്രജ്ഞനെക്കാളും കലാകാരനേക്കാളും വിശാലഹൃദയനും, സ്പർദ്ധയോ, വികലവീക്ഷണമോ ഇല്ലാത്തവനും ആയിരിക്കണമെന്ന് നിഷ്ക്കർഷയുള്ളത്. മററുള്ള കലാശാസ്ത്രരംഗങ്ങളിൽ പ്രവർത്തിക്കുന്നവർ അവരുടെ വ്യക്തിഗതമായ അഭിപ്രായങ്ങളും പക്ഷപാതവും ഒരളവുവരെ വച്ചുപുലർത്തുന്നതുകൊണ്ട് പൊതുജീവിതത്തിനോ, ദേശീയതയ്ക്കോ അത്രയധികം ആപത്ത് വന്നുചേരുവാനില്ല. ഒരു ജൈവശാസ്ത്രകാരനോ, ഭൂഗർഭശാസ്ത്രകാരനോ അതുപോലെയുള്ള മററു ശാസ്ത്രകാരൻമാരോ സ്വന്തമായി എത്ര ഹ്രസ്വവീക്ഷണത്തിനു വിധേയരാണെങ്കിലും ശരി അത് അവരുടെ ഗവേഷണഫലങ്ങളെ സാരമായി ബാധിക്കുകയില്ല. എന്നാൽ ചരിത്രകാരൻ ആത്മനിഷ്ഠാപരനായ സ്പർദ്ധാലുവും സങ്കുചിത മനസ്ഥിതിക്കാരനുമാണെങ്കിൽ അയാളുടെ മുൻധാരണകളും പക്ഷപാതവും ചരിത്രസംവേദനത്തെ സാരമായി ബാധിക്കും. അതുകൊണ്ടാണ് രാഷ്ട്രീയ സാമുദായിക ഇഷ്ടാനിഷ്ടങ്ങൾക്കതീതനായിരിക്കണം ചരിത്രകാരൻ എന്ന് ശാഠ്യമായി പറയാറുള്ളത്.

സജീവരാഷ്ട്രീയക്കാർ ചരിത്രകാരൻമാരായി മാറുമ്പോഴും തകരാറുകൾ സംഭവിക്കുന്നു. തൻെറ രാഷ്ട്രീയ വിശ്വാസങ്ങൾക്കനുസരിച്ച് ചരിത്രവ്യാഖ്യാനം നടത്തുവാൻ മുതിരുമ്പോൾ സത്യത്തിൽനിന്നും അയാൾ ഏറെദൂരം മാറിപ്പോ

കാനിടവരും. അതുപോലെതന്നെ ഇന്നത്തെ രാഷ്ട്രീയ സംവിധാനങ്ങൾക്കും കൂട്ടുകെട്ടിനുമനുസൃതമായി കഴിഞ്ഞകാല സംഭവങ്ങളെ വിലയിരുത്തുന്നതും ശരിയായ ചരിത്രമാവുകയില്ല. ഈ പ്രവണത എല്ലാ രാജ്യങ്ങളിലും, എല്ലാക്കാലത്തും നിലനിന്നിരുന്നു എന്ന വാസ്തവം വിസ്മരിക്കാതെതന്നെ ഒരു കാര്യം ഉറച്ച് പറയാവുന്നതാണ്. സൌകര്യാർത്ഥം അങ്ങനെ ചരിത്രം പുനഃസംവിധാനം ചെയ്യപ്പെടുമ്പോഴും, ആ വിഷയം ഗൗരവമായി കൈകാര്യം ചെയ്യുന്നവർ ഗൗനിക്കാറില്ല എന്നുമാത്രം.

ചരിത്രം കാലത്തിന്നൊപ്പിച്ച് വളച്ചൊടിക്കാനും ഭരണാധിപൻമാരുടെ സ്വേച്ഛക്കാധാരമായി വികലപ്പെടുത്താനും തുനിയുമ്പോൾ നാം സമൂഹത്തോടുള്ള കടമ മറന്നുപോകുന്നു. ചരിത്രം മാററിയെഴുതുവാനുള്ള ശ്രമങ്ങൾ ഏററവും ശ്രദ്ധേയമായി നടന്നിട്ടുള്ളത് റഷ്യയിലാണ്. ചെറിയതോതിൽ ഇത് ചൈനയിലേയ്ക്കും ബാധിച്ചിട്ടുണ്ട്. എന്നാൽ ഭരണാധികാരികൾ ആക്രമണകാരികളും വിദേശികളും കൂടിയാകുമ്പോൾ അവരുടെ ഭരണത്തിൻ കീഴിൽ അകപ്പെട്ട ജനങ്ങളുടേയും രാജ്യത്തിൻെറയും ചരിത്രം അവർ തങ്ങളുടെ പ്രവർത്തികളെ ന്യായീകരിക്കുവാൻവേണ്ടി മാററി മറിക്കാറുണ്ട്. പ്രത്യേകിച്ച് ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിൻേറയും ജനതയുടേയും ചരിത്രം എഴുതുക എന്ന ചുമതലകൂടി വിദേശീയ ഭരണാധിപതികളുടെ ചുമലിൽ അർപ്പിതമായിരുന്നുവെന്ന യാഥാർത്ഥ്യം കൂടി

ഒന്നിപ്പിക്കുമ്പോഠം എത്രമാത്രം അപാകതകളും പക്ഷപാതവും, സ്പർദ്ധയും നമ്മുടെ ചരിത്ര സംവേദനത്തിൽ അറിഞ്ഞു കൊണ്ടുതന്നെ കടത്തി വിട്ടിരിക്കുന്നുവെന്ന കാര്യം ബോദ്ധ്യമാകും. ഒരുമയോടുകൂടി ജീവിച്ചിരുന്ന ഒരു ജനതയെ തമ്മിലടിപ്പിച്ച് കലങ്ങിയ രാഷ്ട്രീയാന്തരീക്ഷം സംജാതമാക്കി അതിൽ നിന്നും മുതലെടുക്കുകയാണ് ഇംഗ്ളീഷുകാരൻ ചെയ്തത് എന്ന സത്യം ചോദ്യം ചെയ്യപ്പെടാറില്ല. എന്നാൽ ഇത്തരം ഒരു സംഘർഷസ്ഥിതിയുണ്ടാക്കുവാൻ ഉപയോഗിച്ച ഉപാധികഠം എന്തെല്ലാമായിരുന്നുവെന്നും ഇന്നും അവ നമ്മുടെയിടയിൽ പ്രവൃത്തിക്കുന്നുണ്ടോ എന്നും അത്രയധികം ആരും ചിന്തിക്കാറില്ലായെന്നതാണ് വസ്തുത. ഇംഗ്ളീഷുകാരുടെ കുപ്രസിദ്ധമായ 'ഭിന്നിപ്പിച്ചുഭരിക്കുക' എന്നനയത്തിന്റെ പരിസമാപ്തിയായിരുന്നു പരിപൂതമായ ഈ നാടിനെ വെട്ടിമുറിച്ച് വികൃതമാക്കിയത്. സ്വരുമയോടുകൂടി സുദീർഘകാലം കഴിഞ്ഞുകൂടിയിരുന്ന ജനസമൂഹം മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ ഭിന്നിക്കുവാനും തമ്മിൽ തമ്മിൽ അവിശ്വസിക്കുവാനും അവസാനം മനുഷ്യചരിത്രത്തിന്റെ ഭീകരമായ ചോരയുടേയും മനുഷ്യാഹൂതികളുടേയും കറുത്തഅദ്ധ്യായങ്ങഠം വിരചിക്കുവാനും ഇടയായതും ഇംഗ്ളീഷുകാരന്റെ കുടിലതന്ത്രത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഭിന്നിപ്പിക്കൽ നയത്തിന്റെ തിക്തഫലമായിട്ടായിരുന്നു. ഇരു സമുദായങ്ങളേയും രണ്ടുചേരിയിൽ തളച്ചു നിർത്തി ശത്രുതയും സംഘട്ടനവുമുണ്ടാക്കുവാൻ ഉപയോഗിച്ച ഉപാധികളിൽ പ്രധാ

നമായത് ഇൻഡ്യാചരിത്രത്തെ തങ്ങളുടെ നയത്തിനനുസരിച്ച് സംവിധാനംചെയ്ത് പ്രചരിപ്പിക്കുകയെന്നതായിരുന്നു. ഇത് മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണ് സ്വാതന്ത്ര്യത്തിനുശേഷം പത്ത് വൽസരങ്ങൾ പിന്നിട്ടിട്ടാണെങ്കിലും ചരിത്രകാരൻമാരുടെ ഒരു ദേശീയ സമിതി കേന്ദ്രഗവൺമെൻറ് രൂപീകരിച്ചതും ഇൻഡ്യാ ചരിത്ര പുനഃസംവിധാനത്തിനുള്ള പരിശ്രമങ്ങൾ നടന്നതും. ഡോ: താരാചന്ദിൻെറ ആദ്ധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട ഈ സമിതിക്ക് ഇൻന്ത്യാ ചരിത്രനിർമ്മാണത്തിലും പഠനത്തിലും പുത്തൻചൈതന്യമുളവാക്കുവാനും നവീനധാരകൾ പ്രവഹിപ്പിക്കുവാനും കഴിഞ്ഞു. അതിൻെറ ഫലമായി ചരിത്രരചനാരംഗത്ത് വീണ്ടു വിചാരവും ദേശീയവീക്ഷണവും കുറെയേറെ ഉണ്ടാവുകയും ചെയ്തു.

ഒരു സമൂഹത്തിൻെറയും ജനതയുടെയും സാംസ്ക്കരരിക ഗതിവിഗതികളുടെ സംപുഷ്ടമായ ആത്മസത്ത ഉൾക്കൊള്ളുന്ന ചരിത്രം മതവിഭാഗത്തിൻെറയോ സമുദായങ്ങളുടെയോ ചരിത്രമാകുവാനൊക്കുകയില്ല. രാജ്യത്തെയും ജനതയേയും ഒന്നായിക്കാണുവാനും ഈ മണ്ണിൽ ജനിച്ചമർന്നവരത്രയും ഇവിടത്തെ ജനസമൂഹത്തിൻെറ അവിഭാജ്യഘടകവും സമൂഹത്തിൻെറ കൂട്ടായ ഉയർച്ചയ്ക്കും തകർച്ചയ്ക്കും കാരണക്കാരുമായിരുന്നുവെന്ന വിശാലവീക്ഷണം പ്രാദേശികമോ വർഗ്ഗീയമോ ആയ സങ്കുചിതചിന്താഗതിക്കെതിരാണ്. ഇവിടെ ഇന്ത്യ എന്ന രാജ്യവും ഇന്ത്യക്കാരെന്ന ജനസമൂഹവുമാണ് പ്രതിപാദ്യം.

അങ്ങനെ ദേശീയമായ കാഴ്ചപ്പാടിലൂടെ ചരിത്രം ക്രിയാത്മകമായി പുനസംവിധാനം ചെയ്യുവാനുള്ള ശ്രമം ഒററയായും കൂട്ടായും നടന്നുവരികയായിരുന്നു. നമ്മെ വർഗ്ഗീയച്ചേരികളിലാക്കി തമ്മിലടിപ്പിക്കുവാൻ പ്രേരണനൽകുകയും സാമുദായിക സംഘർഷങ്ങൾ സൃഷ്ടിച്ച് പാവനമായ ഈ നാടിനെ രക്തക്കളമാക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്ന ഇൻഡ്യാചരിത്രത്തിന്റെ ആംഗ്ലേയഭാഷ്യം ചിന്തിക്കുന്ന എല്ലാ നല്ലയാളുകളുടേയും വിമർശനത്തിനും എതിർപ്പിനും വിധേയമായിട്ടുണ്ട്. പല മതക്കാരും, വർഗ്ഗക്കാരും; ജാതിക്കാരും ജീവിക്കുന്ന ഒരു സമൂഹത്തിൽ ഈ വൈരുദ്ധ്യങ്ങൾ വിസ്മരിക്കാതെതന്നെ ഒരുമയോടുകൂടി ജീവിക്കുവാനും സമാധാനവും ഐശ്വര്യവും സംജാതമാക്കുവാനുമുള്ള ദേശീയമനോഭാവമാണ് അത്തരം നല്ലയാളുകൾക്ക് ഇന്ത്യാചരിത്രപുനഃസംവിധാനത്തിനു പ്രേരണ നൽകിയത്. ഇന്ന് ദേശീയമായ ഐക്യവും ദാർഢ്യതയുമാണ് നമുക്കാവശ്യം. വിഭാഗീയവും പ്രാദേശികവുമായ ചിന്തയും പ്രവൃത്തിയും നമ്മെ ഇനിയും ഛിന്നഭിന്നമാക്കുവാനേ സഹായിക്കൂ. സമുദായീക സൗഹാർദ്ദവും സമാധാനവുമാണ് ഇന്നു നാം ഇച്ഛരിക്കുന്നത്. സംഘർഷവും, സംഘട്ടനവുമല്ല. സഹോദരൻ സഹോദരനെ കഴുത്തറുക്കുന്ന നീചമായ മനോഭാവം നിശ്ശേഷം നീങ്ങണമെന്നാണ് നമാശിക്കുന്നത്. അതുകൊണ്ടുതന്നെ സാമുദായിക സ്പർദ്ധയും, വിഭാഗീയ ചിന്തയും, പ്രാദേശികമനസ്ഥിതിയും സൃഷ്ടി

ക്കുന്ന തരത്തിൽ നാം ചരിത്രപാഠങ്ങൾ നമ്മുടെ യുവതലമുറയ്ക്ക് പറഞ്ഞുകൊടുക്കരുത്. അത്തരം ചില സംരംഭങ്ങളാണ് വിദ്യാഭ്യാസഗവേഷണത്തിനും പരിശീലനത്തിനുമായി ഉണ്ടാക്കിയ ദേശീയകൗൺസിലും നാഷണൽ ബുക്ക് ട്രസ്ററും ചെയ്തുകൊണ്ടിരിക്കുന്നത്. ഈ ദേശീയ സമിതികൾ തയ്യാറാക്കിയ ചില ചരിത്രപുസ്തകങ്ങൾ ഇന്ത്യൻ യൂണിവേഴ്സിററികളിൽ പാഠപുസ്തകങ്ങളായംഗീകരിക്കുകയും പഠിപ്പിച്ച് പോരികയും തുടങ്ങിയിട്ട് കുറെ സംവൽസരങ്ങളായി. എന്നാൽ ഈ പുസ്തകങ്ങളുടേയും അവരുടെ രചിതാക്കളുടേയും നേരെ കേന്ദ്രഗവൺമെൻറും അതിൻെറ പ്രധാനഘടകമായ ജനസംഘവും പടവാളുമായി രംഗത്തേക്കിറങ്ങിയിരിക്കുകയാണ്. ഫ്രീഡം സ്ട്രഗിൾ, മോഡേൺ ഇന്ത്യ, മിഡീവൽ ഇന്ത്യ, കമ്മ്യൂണിസവും ഇൻഡ്യാചരിത്രരചനയും, എന്നീ പുസ്തകങ്ങളാണ് യൂണിവേഴ്സിററികളിൽനിന്നും പിൻവലിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ഈ പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളവരാകട്ടെ ഏററവും പ്രശസ്തരും ഗവേഷണപടുക്കളുമായ ഇന്ത്യൻ പണ്ഡിതൻമാരുമാണ്. അവരുടെ രാജ്യ സ്നേഹത്തെപ്പററിയോ കഴിഞ്ഞ കാലപ്രവർത്തനങ്ങളെപ്പററിയോ ആർക്കും പരാതിയുമില്ല. പക്ഷേ അവരുടെ ചരിത്രസംവേദനം വർഗ്ഗവർണ്ണാധിപത്യത്തെ തറപ്പിച്ചുറപ്പിക്കുവാനുദ്ദേശിച്ചുകൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവർക്കു പററുന്ന

വിധമല്ലെന്നുമാത്രം. ഡോ: ബിപൻ ചന്ദ്രയും, ഡോ: റൊമിലാതാപ്പറും ഡോ: ബരുൺഡേയും ഡോ: അമലേഷ്ത്രിപാഠിയുമാണ് സർക്കാരിന്റെ കറുത്തലിസ്ററിൽ ആദ്യമായിപ്പെട്ടിരിക്കുന്ന ഇന്ത്യൻചരിത്രകാരൻമാർ. ഇവരിൽ ഡോ: ബിപൻചന്ദ്രയും ഡോ: റൊമിലാതാപ്പറും അടിയന്തിരാവസ്ഥകാലത്ത് നടമാടിയിരുന്ന പ്രവൃത്തികളിൽ പ്രതിഷേധിച്ചിട്ടുള്ളവരും ഡൽഹിയിലെ ബുദ്ധിജീവികൾ ഒപ്പിട്ടിറക്കിയ, അടിയന്തിരാവസ്ഥയെ അനുകൂലിക്കുന്ന പ്രസ്താവനയിൽ പങ്കുചേരാൻ കൂട്ടാക്കാതിരുന്നവരുമാണ്. ഇവരെപ്പോലെ തന്നെ മററുള്ള ചരിത്രകാരൻമാരും ദേശീയമായ ചരിത്രവീക്ഷണവും ദേശസ്നേഹവുമുള്ളവരാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല.

എന്നാൽ അവരെഴുതിയ ചരിത്രം ഇവിടെ ജനിച്ചു മരിച്ച മനുഷ്യരുടെ ചരിത്രമായിപ്പോയതാണബദ്ധം. ഹിന്ദുക്കളുടെയോ മുസൽമാൻമാരുടെയോ, സിക്കുകാരുടെയോ ചരിത്രമല്ല, മറിച്ച് ഇന്ത്യയിൽ ജീവിച്ച് ഇന്ത്യൻ സംസ്ക്കാരത്തിന്റെ വായു ശ്വസിച്ച് ഈ മണ്ണിൽ വളർന്ന സസ്യഫലാദികൾ ഭക്ഷിച്ച് ഇവിടെത്തന്നെ വീണു മരണമടഞ്ഞ ഇന്ത്യൻ ജനതയുടേയും അവരുടെ പ്രവർത്തനങ്ങളുടേയും ചരിത്രമായി [illegible]യതാണ് പിടിക്കാതിരുന്നത്. ഇവിടെ ഭരണം നടത്തിയിരുന്നവർ ഹിന്ദുവായാലും മുസൽമാനായാലും അവരെല്ലാം തന്നെ ഇന്ത്യൻ രാജാക്കൻമാരും ഇന്നത്തെപ്പോലെ രാഷ്ട്രീയക്കാരു

മായിരുന്നുവെന്നുമായിപ്പോയി ഇവരുടെ മതം ഹിന്ദുരാജാക്കൻമാരെ അധികാര ഭ്രഷ്ടരാക്കി ഇന്ത്യയിൽ പല നൂററാണ്ടുകാലം ഭരണം നടത്തിയ മുസ്ളീം ചക്രവർത്തിമാർ വിദേശികളായിരുന്നില്ലെന്നും. അവരുടെ ഭരണം വിദേശാധിപത്യമായിരുന്നില്ലെന്നും ഈ ചരിത്രകാരൻമാർ വിശ്വസിക്കുന്നു. ഇവിടേയ്ക്ക് കടന്നുവന്ന് അധികാരം പിടിച്ചുപററി എന്നതിൽകവിഞ്ഞ് മററുള്ള ജനവിഭാഗങ്ങളുമായി അവർക്കു യാതൊരു വ്യത്യാസവുമില്ലെന്നും ഈ ചരിത്രകാരൻമാർ ഉദ്ഘോഷിച്ചു. അധികാരത്തിനുവേണ്ടിയുള്ള യുദ്ധങ്ങളായിരുന്നു ഇന്ത്യയിൽ നടന്നിട്ടുള്ള രക്തരൂക്ഷിതസംഘട്ടനങ്ങളെല്ലാം തന്നെ. അല്ലാതെ അവ കരിശ് യുദ്ധങ്ങളായിരുന്നില്ല. ഹിന്ദുവിനും മുസൽമാനും ഒരേ പൈതൃകവും ഒരേ സാംസ്ക്കാരിക പശ്ചാത്തലവുമാണുള്ളത്. ഇത്തരം ദേശീയവീക്ഷണം കേന്ദ്രത്തിലെ ഭരണ പങ്കാളികളായ ജനസംഘത്തിനും അവരുടെ ഫാസിസ്ററ് മനോഗതിയ്ക്കും അരോചകമായതാണ് മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളുടെയും ഗ്രന്ഥകാരൻമാരുടെയും നേരെ ഇവർ സർക്കാർതലത്തിൽ തന്നെ എതിർപ്പുകൾ പ്രകടിപ്പിക്കുവാൻ കാരണം.

റൊമിലാ താപ്പർ ഇന്ന് ജീവിച്ചിരിക്കുന്ന ചരിത്രകാരൻമാരിൽ ഏററവും ശ്രദ്ധേയയാണ്. അവരുടെ "മദ്ധ്യകാല ഇന്ത്യ"യും ഇൻഡ്യാചരിത്രരചനയും കമ്മ്യൂണിസവും" എന്ന ഗ്രന്ഥങ്ങൾ ഏതൊരു നിഷ്പക്ഷമതിയും പ്രശംസിക്കുന്ന മനോഹരങ്ങളായ ഗ്രന്ഥങ്ങളാ

ണ്. നമ്മുടെ പാഠപുസ്തകരചയിതാക്കൾ പരമ്പരാഗതമായി അനുകരിച്ചുപോരുന്ന മുഷിപ്പൻ രീതിയിൽനിന്നും വ്യത്യസ്ഥമായി ചരിത്രപഠനംകൊണ്ടുദ്ദേശിക്കുന്ന സൽഗുണങ്ങൾ പ്രദാനം ചെയ്യുവാനും ദേശീയമായ കാഴ്ചപ്പാട് അങ്കുരിപ്പിക്കുവാനും പര്യാപ്തമായവയാണ് ഈ ഗ്രന്ഥങ്ങൾ. എന്നാൽ റൊമില കമ്മ്യൂണിസ്ററ് കാരിയാണെന്നും അവരുടെ 'മദ്ധ്യകാല ചരിത്ര' ത്തിൽ മുസ്ലീം പക്ഷപാതം പ്രകടമായിക്കാണുന്നുവെന്നുള്ളതുമാണ് പ്രധാന ആരോപണം. മദ്ധ്യ കാലഇൻഡ്യാചരിത്രത്തെയാണ് സാമുദായിക വൈരം പ്രചരിപ്പിക്കുവാൻ ഇംഗ്ലീഷുകാർ അറിഞ്ഞുകൊണ്ടുപയോഗപ്പെടുത്തിയത്. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിലെ ഇൻഡ്യചരിത്രം രചനാത്മകസിദ്ധിയോടും ക്രിയാത്മകവൈഭവത്തോടുംകൂടി പുനർനിർമ്മാണം ആവശ്യപ്പെടുന്നത്. അത്തരം ശ്രമങ്ങളിൽ പ്രധാനമായവയാണ് മിസ്സിസ്സ് താപ്പറുടേയും ബിപിൻ ചന്ദ്രയുടേയും മററ് സഹപ്രവർത്തകരുടേയും ഗ്രന്ഥങ്ങൾ.

ഈ പുസ്തകങ്ങൾ തയ്യാറാക്കി സമർപ്പിച്ചത് ഇൻഡ്യയിലെ ഉന്നതശീർഷരായ ചരിത്രപണ്ഡിതൻമാരുടെ ഒരു സമിതിക്കാണ്. പ്രൊഫസ്സർ കെ. എ. നീലകണ്ഠശാസ്ത്രി, പ്രൊഫസ്സർ മുഹമ്മദ് ഹബീബ്, പ്രൊഫസ്സർ ബിശേശ്വർപ്രസാദ്, പ്രൊഫസ്സർ പി. സി. ഗുപ്ത എന്നിവരടങ്ങുന്ന സമിതി ഗ്രന്ഥപരിശോധന നടത്തി അംഗീകരിച്ചതിനുശേഷമാണ് ഇവ പാഠ

പുസ്തകങ്ങളായി സർവ്വകലാശാലകളിൽ സ്ഥലംപിടിക്കുന്നത്. അങ്ങനെ ഇൻഡ്യയിലെ ഏററവും ഉന്നതൻമാരായ ചരിത്രപണ്ഡിതൻമാരുടെ തന്നെ അഭിപ്രായവും അംഗീകാരവും കിട്ടിയിട്ടുള്ള ഈ ഗ്രന്ഥങ്ങൾ പിൻവലിക്കുന്നത് ചരിത്രത്തിൻെറ ചരിത്രം നിശ്ചയമില്ലാത്തതുകൊണ്ട് മാത്രമാണ്. ഈ ഗ്രന്ഥങ്ങളിൽനിന്നും അടർത്തിയെടുത്ത ചില ഭാഗങ്ങളോടുകൂടി ഏതോ ചില കുബുദ്ധികൾ പേരുവയ്ക്കാതെ പ്രധാനമന്ത്രിക്കയച്ച ഊമക്കത്തിൻെറ വെളിച്ചത്തിലാണത്രെ ഇത്രയും നടപടികൾ എടുത്തിട്ടുള്ളത്. റൊമീലാ താപ്പറുടെ പുസ്തകത്തിലും മററുള്ള ഗ്രന്ഥകാരൻമാരുടെ പ്രതിപാദനങ്ങളിലും താർക്കികങ്ങളായ പല ഗൗരവപ്രശ്നങ്ങളും ഉൾക്കൊള്ളുന്നുവെന്നാണ് ആരോപണം. ഇവരുടെ ചരിത്രവീക്ഷണം വായനക്കാരെ ഇൻഡ്യാചരിത്രത്തിൻെറ ശരിയായ വസ്തുതകളിലേക്കല്ല ആനയിക്കുന്നതെന്നും അവരെ പക്ഷപാതപരമായ ചിന്തയിലേക്കാണ് ക്ഷണിക്കുന്നതെന്നും ആരോപണമുണ്ടായിരിക്കുന്നു. മുസ്ളീം പക്ഷപാതത്തിനു പുറമേ ഇവരത്രയും കമ്മ്യൂണിസ്ററാശയഗതിക്കാരുമാണത്രെ. ഡോ: ബിപിൻ ചന്ദ്രയുടെ "സ്വാതന്ത്ര്യസമരം" എന്ന പുസ്തകവും റൊമീലാതാപ്പറുടെ "കമ്മ്യൂണിസവും ഇൻഡ്യാചരിത്രരചനയും" എന്ന പുസ്തകവും അക്രമരാഹിത്യഫലമായുണ്ടായതാണ് ഇൻഡ്യയുടെ സ്വാതന്ത്ര്യം എന്ന വിശ്വാസത്തെ മറികടക്കുന്നു എന്ന പരാതിയും ഉയർന്നുവന്നിട്ടുണ്ട്. അക്രമരാഹിത്യവും അഹിം

സയും സിദ്ധാന്തങ്ങളെന്ന നിലയിൽ മാത്രമാണ് ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൽ പ്രാധാന്യം വഹിക്കുന്നത്, എന്നാണിവരുടെ മതം. പ്രവർത്തനങ്ങളിൽ മററുള്ള ഉദാത്താശയങ്ങൾക്കെല്ലാം പിണഞ്ഞ പരാജയം സ്വാതന്ത്ര്യസമരത്തിലെ അഹിംസാസിദ്ധാന്തത്തിനും പററിയിട്ടുണ്ടെന്ന പരമാർത്ഥം ആർക്കാണറിഞ്ഞുകൂടാത്തത്. ഇതിനുപുറമെ ഹിംസയിലും സായുധസമരത്തിലും വിശ്വസിച്ചിരുന്ന വിപ്ളവകാരികളും സംഘടനകളും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിൻെറ ബലിപീഠത്തിൽ അനവധി ദേശാഭിമാനികളെ ക്രൂശിച്ചിട്ടുള്ളതിൻെറ കഥയും നമുക്കറിവുള്ളതാണല്ലോ. മഹാത്മാഗാന്ധിയെ പിടിച്ചാണയിട്ടുകൊണ്ട് തന്നെയാണ് യുക്തിസഹവും സത്യസന്ധവുമായ ചരിത്രരചനകളുടെ നേരെ ഇവർ ചാടിവീണിരിക്കുന്നത്. മഹാത്മജിയുടെ മാറിലേയ്ക്ക് വെടിയുണ്ടകൾ പായിക്കുവാൻ എന്തെന്ത് സാമുദായിക രാഷ്ട്രീയ സിദ്ധാന്തങ്ങളാണോ ചിലരെ പ്രേരിപ്പിച്ചത് ആ രാഷ്ട്രീയസംഹിതകളും അക്കൂട്ടരുംതന്നെയാണ് ഇന്ന് മൺമറഞ്ഞ ഇൻഡ്യയുടെ ആ മഹാത്മാവിൻെറ പേരിൽ മനുഷ്യൻെറ ചിന്തയേയും പ്രവർത്തനങ്ങളേയും വീർപ്പ് മുട്ടിക്കുന്നത്.

ഈ പ്രവണത മുളയിൽത്തന്നെ നുള്ളിക്കളഞ്ഞില്ലെങ്കിൽ ഉണ്ടാകാവുന്ന ഭയാനകമായ ഭവിഷ്യത്തുകൾ എത്രമാത്രമായിരിക്കുമെന്ന് ഡൽഹിയിൽനിന്നുള്ള ചരിത്രകാരൻമാരുടെ ഒരു പ്രതി

ഷേധയോഗം ഗവൺമെൻറിന് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. രണ്ടാം സ്വാതന്ത്ര്യ സമരമെന്ന് പലരും വിശേഷിപ്പിക്കുന്ന 77 -ലെ തെരഞ്ഞെടുപ്പിനുശേഷമുണ്ടായ ജനതാസർക്കാർ മനുഷ്യൻെറ ചിന്തയേയും അഭിപ്രായത്തേയും മററുള്ള സ്വാതന്ത്ര്യങ്ങളോടൊപ്പം മാനിക്കുവാൻ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ ചരിത്രത്തിനുനേരെയുള്ള ഈ ആക്രമണം അവരുടെ മനസ്സിലിരിപ്പ് പുറത്തു കൊണ്ടുവന്നിരിക്കുന്നു. നാം ഇനിയും പുറകോട്ടടിക്കുകയല്ലേ എന്ന് ന്യായമായും സംശയിക്കേണ്ടതായിരിക്കുന്നു.

ഇൻഡ്യയുടെ കഴിഞ്ഞകാല ചരിത്രത്തിലേയ്ക്ക് കണ്ണോടിക്കുന്നവർക്ക് കാണുവാൻ സാധിക്കുന്ന പരമാർത്ഥം നമ്മുടെ സംസ്ക്കാരവും പുരോഗതിലേയ്ക്കുള്ള വളർച്ചയും പലപ്പോഴും തിരിച്ചടികൾക്ക് വിധേയമായിട്ടുണ്ടെന്നതാണ്, സൈന്ധവസംസ്കാരത്തെ തകർത്ത ആര്യമേധാവിത്വവും, ബൗദ്ധമതത്തെ നാമാവശേഷമാക്കിയ വൈദിക പ്രതിവിപ്ളവവും, ദീനി ഇലാഹിയെ അതിൻെറ പ്രഘോഷകനോടൊപ്പം ഉൻമൂലനം ചെയ്ത ശക്തികളും, ഇന്ത്യയുടെതുതന്നെയായിരുന്നു. ഏതെല്ലാം കാലത്ത് സൌമനസ്യത്തിൻെറയും സാംസ്ക്കാരിക സംഘാതത്തിൻെറയും പുത്തൻ പ്രവർത്തനങ്ങൾക്ക് ജനപിൻതുണ കിട്ടിയിരുന്നുവോ അപ്പോഴൊക്കെ അത്തരം പ്രസ്ഥാനങ്ങൾക്കെതിരായ പ്രതിപ്രവർത്തനങ്ങൾക്കും നമ്മുടെനാട്ടിൽ ആക്കംകൂടിയിട്ടുള്ളതായിക്കാണാം. ഡല്ഹൗസിപ്രഭു ഇന്ത്യയെ നവീകരിക്കുവാൻ നടത്തി

യത്നീവശ്രമങ്ങളാണ് 1857–ലെ സായുധ സൈനിക പ്രക്ഷോഭണത്തിന്റെ കാരണങ്ങളിൽ പ്രധാനമായിരുന്നതെന്ന് ആർക്കാണറിയാത്തത്. ആധുനികതയും യഥാസ്ഥിതികത്വവും തമ്മിലുള്ള ഏറ്റുമുട്ടലായി പലരും ഇതിനെ കാണുന്നതും അതുകൊണ്ടുതന്നെയാണ്. കെയിംബ്രിഡ്ജ് ഹിസ്റ്ററിയിൽ റാംപ്സൻ പറയുന്നതുപോലെ 1857–നു ശേഷം പരിഷ്കാരങ്ങളെപ്പറ്റി ഇംഗ്ളീഷുകാർ ചിന്തിച്ചിരുന്നപ്പോഴൊക്കെ ഇൻഡ്യൻഭാഗത്തുനിന്നും സമ്മർദ്ദമുണ്ടാക്കിയശേഷമേ എന്തെങ്കിലും ചെയ്തിരുന്നുള്ളു. മാത്രമല്ല ഇൻഡ്യയുടെ നവീകരണം എന്ന ആശയം ഇംഗളീഷ് ഭരണാധികാരികൾ ഉപേക്ഷിക്കുകയുംചെയ്തു.

ഇൻഡ്യയ്ക്കും ഇൻഡ്യാക്കാർക്കുമേറ്റ വലിയൊരു തിരിച്ചടിയായിരുന്നു ഇത് എന്ന കാര്യത്തിൽ സംശയമില്ല. ഇൻഡ്യയുടെ ആദ്യത്തെ സ്വാതന്ത്ര്യസമരം എന്നു വിശേഷിപ്പിക്കാറുള്ള 1857–ലെ സൈനിക കലാപം ഇൻഡ്യയുടെ വ്യവസായവൽക്കരണത്തിനും നവീകരണത്തിനുമേറ്റ വലിയ ആഘാതമാണെന്ന് വസ്തുനിഷ്ഠമായി കാര്യങ്ങളെ വിശകലനം ചെയ്യുന്നവർക്ക് കാണുവാനൊക്കും. നാം പിന്നോട്ടടിക്കുകയാണുണ്ടായത്. അതുപോലെതന്നെ അടിയന്തിരാവസ്ഥയിൽ നിന്നും മോചനം നേടിയ ഇൻഡ്യ രണ്ടാംസ്വാതന്ത്ര്യസമരം വിജയകരമായി പര്യവസാനിപ്പിച്ചിരിക്കുന്നു [illegible]പ്പെടുമ്പോൾ അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും സത്യസന്ധമായിട്ടായിരിക്കണം വിലയിരുത്തേണ്ടത്. പ്രതിലോമകാരികളുടെ പ്രതി

വിപ്ളവം വിജയക്കൊടിനാട്ടുകയാണോ ഇവിടെ നടന്നത്? ചരിത്രം ആവർത്തിക്കപ്പെടുന്നതാണോ കാണാൻ പോകുന്നത്? സാമ്പത്തികവും സാമൂഹ്യവുമായ പരിരക്ഷകൾ നൽകി ഉയർത്തിക്കൊണ്ടു വരുവാൻ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഇവിടത്തെ അധഃകൃതവിഭാഗത്തോടുള്ള ക്രൂരമായ പെരുമാററവും, സ്വതന്ത്രമായി ചിന്തിക്കുകയും സ്വാഭിപ്രായങ്ങളും, നിഗമനങ്ങളും സ്വരൂപിക്കുകയും ചെയ്യുന്ന പണ്ഡിതൻമാരുടെ നേരെയുള്ള ഈ സമീപനവും വളരെ ഭീതിജനകമാണ്. നാം നേടിയ സ്വാതന്ത്ര്യം എന്താണ്? എന്തിനാണ്? എന്ന ചോദ്യങ്ങൾ ഉത്തരംകിട്ടാതെ അവശേഷിക്കുന്നു. മുഖസ്തുതിക്കാരെയും ഹിപ്പോക്രാററുകളെയും മാത്രം താലോലിച്ച് പാലൂട്ടിവളർത്തുന്ന ഒരു സമൂഹവും പുരോഗമിക്കാറില്ല. സ്വതന്ത്രചിന്തയും അഭിപ്രായസ്വാതന്ത്ര്യവുമാണ് മറേറത് അവകാശത്തെക്കാളും മനുഷ്യനിച്ഛരിക്കുന്നത്. അതിൻെറ ധ്വംസനം മറെറാരഗ്നിപർവ്വത്തെ പൊട്ടിക്കാതിരിക്കുകയില്ല.

അദ്ധ്യായം പതിനാറ്

# കേരളത്തിലെ ഭൂവുടമാ സമ്പ്രദായവും മാപ്പിള ലഹളകളും

കേരളത്തിൽ നിലവിലിരുന്ന ഭൂവുടമാസമ്പ്രദായത്തിന്റെയും കാർഷികബന്ധങ്ങളുടെയും സവിശേഷതകൾ എന്തെല്ലാമായിരുന്നു ? ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ഉണ്ടായിരുന്ന ഭൂവുടമാസമ്പ്രദായത്തിന് വിപരീതമായ ഒരു സംവിധാനമാണ് ഇവിടെ നിലവിലിരുന്നത്. രാജാക്കൻമാർക്കോ ഭരണകർത്താക്കൾക്കോ ഭൂസ്വത്തിൻമേൽ യാതൊരുവക അധികാരാവകാശങ്ങളും ഉണ്ടായിരുന്നില്ല. 1 ഇതിന്റെ ഫലമായി ഭൂനികുതി എന്ന ഏർപ്പാട് കേരളീയർക്ക് അജ്ഞാതമായിരുന്നു. നമ്മുടെ ഭൂവുടമാസമ്പ്രദായത്തെകുറിച്ച് അന്വേഷിക്കുവാൻ നിയോഗിക്കപ്പെട്ട ആദ്യകാല ആംഗ്ലേയനിരീക്ഷകർ ഇവിടെ പുരാതനകാലം മുതൽ നിലവിലിരുന്ന കാർഷികബന്ധങ്ങളെപ്പററി വളരെ ക്ലിഷ്ടങ്ങളും പരസ്പരവിരുദ്ധങ്ങളുമായ അഭിപ്രായങ്ങളാണ് രേഖപ്പെടുത്തി

1 വില്യം താക്കെറേയുടെ റവന്യൂ റിപ്പോർട്ട്, സെപ്തംബർ 8, 1807 പേജ് 3; മേജർ വാർഡന്റെ മലബാർ കുടിയായ്മ റിപ്പോർട്ട്. 1815. പജ് 12[illegible]

യിട്ടുള്ളത്. ഇവർക്കാർക്കും ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽനിന്നും പൂർണമായും വ്യത്യസ്ത മായിരുന്ന നമ്മുടെ സമ്പ്രദായം എന്താണെന്ന് ശരിക്കും മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെന്നുള്ള താണ് സത്യം. പലരും യൂറോപ്പിൽനിലവിലി രുന്ന ഫ്യൂഡൽ വ്യവസ്ഥയുടെ മറെറാരു രൂപമാ യി വ്യഖ്യാനിച്ചതിൻെറ ഫലമായി കാർഷികബ ന്ധങ്ങളെപ്പററി കൃത്യമായ കാഴ്ചപ്പാട് ഇല്ലാതെ പോയി.

കേരളത്തിൻെറ പൗരാണിക ചരിത്രം പരി ശോധിക്കുമ്പോാം കൃഷിഭൂമി കർഷകൻെറ ഉടമ യിലായിരുന്നുവെന്ന് കാണാം.2 ജൻമിസമ്പ്ര ദായമാകട്ടെ പിന്നീട് ഉരുത്തിരിഞ്ഞ ഒന്നാണ്.3 കൃഷിയിറക്കുന്നതിനോ കിട്ടുന്ന വിളവ് സ്വന്ത മായി സംഭരിക്കുന്നതിനോ ആരും കൃഷിക്കാര നെ തടഞ്ഞിരുന്നില്ല. കാർഷികോൽപന്നങ്ങാം കൈമാറി മററ് ഉപഭോഗവസ്തുക്കാം ആവശ്യാർ ത്ഥം സംഭരിക്കുന്ന ഏർപ്പാടാണ് അന്ന് നില വിലുണ്ടായിരുന്നത്. ജനസംഖ്യ കുറവും കൃ ഷിസ്ഥലങ്ങാം അധികവുമായിരുന്നതിനാൽ ഭ ക്ഷ്യധാന്യങ്ങാംക്ക് ദൗർലഭ്യം ഉണ്ടായിരുന്നില്ലാ യെന്നു മാത്രമല്ല, കാർഷികേതര പ്രവൃത്തിക ളിൽ വ്യാപൃതരായിരുന്നവർക്കു കൂടി ഭക്ഷ്യ ധാന്യങ്ങാം കിട്ടുവാൻ പ്രയാസമുണ്ടായിരുന്നില്ല.

2 മലബാർ കുടിയായ്മക്കമ്മററിയുടെ റിപ്പോർട്ട്, 1939 വാല്യം 1, പേജ് 12.

3 ലോഗൻ, മലബാർ സ്പെഷ്യൽ കമ്മിഷ്ണേഴ്സ് റി പ്പോർട്ട് 1881.

എന്നാൽ സ്വതന്ത്രമായ ഈ കൃഷിസമ്പ്രദായത്തിന് ദുർഘടമായ പല പ്രയാസങ്ങളും നേരിട്ടുകൊണ്ടിരുന്നു. ചെറുകിട നാടുവാഴികളും ദേശവാഴികളും കരപ്രമാണിമാരും നാട്ടിലുടനീളം കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന അവസ്ഥാവിശേഷം സൃഷ്ടിച്ചിരുന്നു. നിത്യേനയെന്നവണ്ണം കൊലപാതകങ്ങളും കലാപങ്ങളും നാട്ടിൽ അരാജകത്വം അഴിച്ചു വിട്ടു. തൽഫലമായി ക്രമസമാധാനമോ സ്വൈരമായ സാമൂഹ്യ ജീവിതമോ സാധ്യമല്ലാതെ വന്നു. അരാജകമായ ഈ അവസ്ഥ മൂലം ഏററവും കൂടുതൽ യാതനകൾ സഹിച്ചത് കർഷകരായിരുന്നു. യുദ്ധവും രക്തച്ചൊരിച്ചിലും നാട്ടിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥ കൃഷി ചെയ്യുന്നതിനോ, ഉൽപ്പന്നങ്ങൾ വിററഴിക്കുന്നതിനോ നിർവാഹമില്ലാത്ത സാഹചര്യം ഉണ്ടാക്കി. തങ്ങൾ വിയർപ്പും അധ്വാനവും മുതൽ മുടക്കി കൃഷിയിറക്കിയ പാടങ്ങളിലെ വിളവെടുപ്പു പോലും അക്രമികൾ തടഞ്ഞു. അങ്ങനെ കൃഷിസ്ഥലങ്ങൾ തരിശായി ഇടുവാനും കാർഷിക പ്രവർത്തനങ്ങൾ മന്ദീഭവിക്കുവാനും ഇടയായി.

ആഭ്യന്തരക്കുഴപ്പങ്ങളുടേതായ ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനസമൂഹം പരിവർത്തനത്തിൻെറ ദശാസന്ധിയെ അഭിമുഖീകരിക്കുകയായിരുന്നു. അനാദികാലമായി ഇവിടെ നിലനിന്നിരുന്ന ജാതിരഹിത സമൂഹം ആര്യൻ അധിനിവേശത്തിൻെറ ഊക്കേറിയ സ്വാധീന വലയത്തിൽ അമരുവാൻ തുടങ്ങിയിരുന്നു. തൽഫലമായി

സാമൂഹ്യഘടനയിൽ ജാതിസമ്പ്രദായം വേരൂന്നുകയും ജനത വിഭിന്ന വിഭാഗങ്ങളായി ചേരിതിരിക്കപ്പെടുകയും ചെയ്തു. കേരളത്തിലെ കുടിയായ്മയിൽ കാര്യമായ മാററങ്ങൾക്ക് ഇത് വഴി തെളിച്ചു. ജാതിവ്യവസ്ഥയിൽ നമ്പൂതിരികൾ അഥവാ ബ്രാഹ്മണർ പരമപ്രധാനമായ ഔന്നത്യസ്ഥാനം കൈവരിച്ചു. അവർക്ക് പൗരോഹിത്യവും ദൈവിക പരിവേഷവും ലഭിക്കുകയാൽ എല്ലാത്തരം അധികാരാവകാശങ്ങളുടെയും ഉടമയായി അവർ മാറി. 4 'അവർ ദിവ്യൻമാരും അവരുടെവാക്കുകൾ ദൈവോക്തികളും, അവരുടെ സമ്പത്ത് പരിപാവനവും ആണെന്ന ധാരണ രൂഢമൂലമായി 5. സമൂഹത്തിൽ ഉണ്ടായ മറെറാരു സവിശേഷത ക്ഷേത്രങ്ങളുടെയും മററ് ആരാധനാകേന്ദ്രങ്ങളുടെയും ഉദ്ഭവമായിരുന്നു. ഈ അമ്പലങ്ങൾക്കും ദേവാലയങ്ങൾക്കും വന്നുചേർന്ന ഭൂസ്വത്തുക്കളുടെ കൈകാര്യകർത്തൃത്വം നമ്പൂതിരിമാരിൽ നിക്ഷിപ്തമായി. ബ്രാഹ്മണൻെറ സമ്പത്ത് ഏതുവിധം ദിവ്യവും പവിത്രവും ആയിരുന്നുവോ, അതേവിധം തന്നെയായിത്തീർന്നു അമ്പലസ്വത്തും. ഈ രണ്ടു വിഭാഗത്തിൻെറയും സ്വത്തിന്മേലുള്ള കൈയേററം ദൈവകോപത്തിനു് ഇടവരുത്തുമെന്ന വിശ്വാസവും നിലവിൽവന്നു. ഇക്കാലത്തുതന്നെ ഉണ്ടായ മറെറാരു ഭൂവുടമയാണ് രാജാവ്. സൈനിക ശക്തിയും അടിച്ചമർത്തുവാനുള്ള കരുത്തും ഉണ്ടായിരുന്ന രാജാക്കൻമാരുടെ സ്ഥലങ്ങളും ഏതു കലാപകാ

4 ബുക്കാനൻ, വാല്യം 2, പേജ് 360.

5 ട്രാവൻകൂർ സെൻസ്സസ് റിപ്പോർട്ട്, 1871, പേജ് 191.

ലത്തും അക്രമികളുടെ കൈയ്യേററങ്ങളിൽ നിന്നും സുരക്ഷിതമായിരുന്നു. അങ്ങനെ ജൻമിസമ്പ്രദായം അതിൻെറ ഏകദേശരൂപം കൈക്കൊണ്ട ഈ കാലത്ത് ബ്രഹ്മസ്വം, ദേവസ്വം, ചേരിക്കൽ എന്നീ മൂന്നു വിഭാഗം ഭൂവുടമകളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. ബ്രഹ്മസ്വം നമ്പൂതിരിമാരുടെയും ദേവസ്വം അമ്പലങ്ങളുടെയും ചേരിക്കൽ സ്ഥലങ്ങൾ രാജാക്കൻമാരുടെയും ആയിരുന്നു. ഒന്നുകൂടി ഊന്നിപ്പറയട്ടെ, ഈ മൂന്നു വിഭാഗം സ്ഥലങ്ങൾക്കു മാത്രമേ പരിരക്ഷയുണ്ടായിരുള്ളുവെന്ന് ഓർമിക്കേണ്ടതുണ്ട്.

ബ്രഹ്മസ്വം, ദേവസ്വം, ചേരിക്കൽ എന്നീ സ്ഥലങ്ങൾക്ക് കലാപകാലങ്ങളിൽപ്പോലും ലഭിച്ച ഈ സുരക്ഷ, തങ്ങളുടെ സ്ഥലങ്ങളും ഏതെങ്കിലും നമ്പൂതിരിയുടെയോ അമ്പലത്തിൻെറയോ രാജാവിൻെറയോ പേരിൽ അടിയറവച്ച് അവരുടെ പേരിൽ കൃഷിനടത്തുന്നതിന് കർഷകരെ പ്രേരിപ്പിച്ചു. 1939-ലെ മലബാർ കുടിയായ്മക്കമ്മിററി റിപ്പോർട്ടിൽ ഇതു സംബന്ധമായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'പഴയ അരാജകകാലത്ത് കാണക്കാർ അവരുടെ രക്ഷയ്ക്കുവേണ്ടി ഏതെങ്കിലും രാജാവിൻെറയോ നാടുവാഴിയുടെയോ ദേശവാഴിയുടെയോ പേരിലും അല്ലെങ്കിൽ ഏതെങ്കിലും ദേവസ്ഥാനത്തിൻെറയോ നമ്പൂതിരിയുടെയോ പേരിലും അവരുടെ സ്ഥലങ്ങൾ സമർപ്പിച്ചിരിക്കണം. ജൻമിസമ്പ്രദായം ഉൽഭവിക്കുവാൻ അങ്ങനെയായിരിക്കണം ഉണ്ടായത്'. എന്നാൽ ജൻമികൾക്ക് സ്ഥലങ്ങളു

ടെ മേൽ പരിപൂർണ്ണമായ അവകാശമോ, മേൽ ക്കോയ്മയോ ഉണ്ടായിരുന്നില്ല. നാമ മാത്രമായ ഒരധികാരം മാത്രമേ നിലനിന്നിരുന്നുള്ളു. ജൻമസ്ഥലങ്ങൾ തുടക്കത്തിൽ മുഴുക്കെ രാജാക്കൻമാരുടെയും ദേവസ്വങ്ങളുടെയും നമ്പൂതിരിമാരുടെയും മാത്രമായിരുന്നുവെന്ന് സ്പഷ്ടമായി കാണുന്നതിൽ നിന്നും ഇതാണ് മനസ്സിലാവുന്നത്. 6 നാമമാത്രമായി ഒരു മേൽക്കോയ്മയുടെ പേരിൽ കൃഷി ചെയ്യുന്നതു മൂലം കർഷകന് സമാധനം ലഭിച്ചുവെന്നതിൽ കവിഞ്ഞ് അവന് കൃഷിഭൂമിയുടെ പേരിൽ യാതൊരു അവകാശവും നഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെ ജൻമിത്വം കർഷകരാൽ അടിച്ചേൽപ്പിക്കപ്പെടുകയാണ് കേരളത്തിൽ സംഭവിച്ചത്. എന്നാൽ ആരുടെ നാമധേത്തിലാണോ തങ്ങൾക്ക് സൈപരമായി കൃഷിയിറക്കുവാൻ സാധിച്ചത് അവരോടുള്ള കൃതജ്ഞതാപ്രകടനമെന്ന നിലയിൽ ഉൽപാദനത്തിന്റെ ഒരംശം കാഴ്ചയായി കൊടുക്കുവാൻ കർഷകർ സ്വയം സന്നദ്ധമാവുകയും അതു സ്വീകരിക്കുവാൻ ജൻമിത്വം ആരോപിക്കപ്പെട്ട രാജാക്കൻമാരും ദേവസ്ഥാനികളും നമ്പൂതിരിമാരും സന്തോഷപൂർവം സമ്മതിക്കുകയും ചെയ്തു. ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ ഉരുത്തിരിഞ്ഞ ജൻമിസമ്പ്രദായവും കേരളത്തിലേതും തമ്മിൽ പ്രകടമായ വൈജാത്യം ഉണ്ടാകുന്നത് ഇതുമൂലമാണ്.7 മററു സ്ഥലങ്ങളിൽ രാജാക്കൻമാർ അവരുടെ

6 1939-ലെ കുടിയായ്മക്കമ്മിററി റിപ്പോർട്ട്, പാര 41, പേജ് 12.

7 ബുക്കാനൻ, വാല്യം 2, പേജ് 367.

കീഴിലുള്ള കൃഷിഭൂമികളുടെ കൂടി ഉടമകളായിരുന്നു. അവർക്ക് ഇഷ്ടമുള്ള പ്രഭുക്കൻമാർക്കും സേനാനികൾക്കും സ്ഥലങ്ങൾ വീതിച്ചുകൊടുക്കുന്ന രീതിയാണ് മററിടങ്ങളിലൊക്കെ നിലനിന്നിരുന്നത്. എന്നാൽ കേരളത്തിലെ രാജാക്കൻമാർക്ക് അവരുടെ സ്വന്തമായ ചേരിക്കൽ സ്ഥലങ്ങളിലല്ലാതെ മററുള്ള കൃഷിസ്ഥങ്ങളുടെ മേൽ യാതൊരു വിധ അധികാരങ്ങളും നിലനിന്നിരുന്നില്ല. കേരളത്തിലെ ജൻമിസമ്പ്രദായം കർഷകരുടെ താത്പര്യ സംരക്ഷണത്തിനായി അവരാൽ സൃഷ്ഠിക്കപ്പെട്ട ഒരു വ്യവസ്ഥിതിയാണ്. തിരുവിതാംകൂറിൽ ഇതിനു സമാനമായ മറെറാരു ഉദാഹരണം മാർത്താണ്ഡവർമയുടെ കാലത്തുണ്ടായി. മാടമ്പിമാരുടെയും ഇടപ്രഭുക്കൻമാരുടെയും ഗൂഢാലോചനകളും ശല്യങ്ങളും സഹിക്കേണ്ടി വന്ന മാർത്താണ്ഡവർമ തൻെറ രാജ്യം ശ്രീപത്മനാഭന് അടിയറവച്ച് പത്മനാഭദാസനായി മാറുകയും ചെയ്തു. രാജ്യത്തെയും ജനങ്ങളെയും സർവസ്വത്തുക്കളെയും ദൈവത്തിങ്കൽ അർപ്പിച്ച മാർത്താണ്ഡവർമ ദുർബലനായ മനുഷ്യൻെറ ദൈവിക വികാരത്തെ വിദഗ്ധമായി മുതലെടുത്ത മഹാനായ ഭരണപടുവായിരുന്നു. അതിനു ശേഷം തിരുവിതാംകൂറിൽ കലാപത്തിനൊരുങ്ങിയ മാടമ്പിമാരോ ഇടപ്രഭുക്കൻമാരോ ഉണ്ടായില്ല. 8 കാരണം ശ്രീപത്മനാഭദാസനോടുള്ള എതിർപ്പ് ദൈവത്തോടുള്ള എതിർപ്പായിതന്നെ വ്യവഹരിക്കപ്പെട്ടിരുന്നു. അ

8 പി. ശങ്കുണ്ണിമേനോൻ: തിരുവിതാംകൂർചരിത്രം. പേജ് [illegible]

തേസമയം രാജ്യം അടിയറവച്ചെങ്കിലും തന്റെ അധികാരങ്ങാം വർദ്ധിക്കുകയല്ലാതെ ക്ഷയിക്കുകയുണ്ടായില്ല എന്ന കാര്യവും ഇവിടെ ഓർക്കേണ്ടതുണ്ട്. ഇതേവിധമാണ് പാവപ്പെട്ട കർഷകൻ തന്റെ രക്ഷയ്ക്കു വേണ്ടി ഏതെങ്കിലും അമ്പലത്തെയോ നമ്പൂതിരിയെയോ രാജാവിനെയോ ശരണം പ്രാപിച്ചത്. മഹാരാജാവ് ശ്രീപത്മനാഭന് കാണിക്ക സമർപ്പിച്ചിരുന്നതു പോലെ ആയിരുന്നു കൃഷിക്കാർ തങ്ങളുടെ മേൽക്കോയ്മയ്ക്കും കാഴ്ചകാം നൽകിയിരുന്നത്. ഈ വസ്തുതയെ ചൂണ്ടി 1800—ൽ ബുക്കാനൻ പറയുന്നത് കേരളത്തിൽ നമ്പൂതിരിമാരാണ് ജൻമികളെന്നും ജൻമിയെന്ന പാദം അവർക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളുവെന്നുമാണ്. 9

മേൽക്കോയ്മയ്ക്കു സമർപ്പിച്ചിരുന്ന സമ്മാനങ്ങാം കാലാന്തരത്തിൽ ക്ളിപ്തമായ ഓഹരിയായി തീരുന്നതാണ് പിന്നീട് നാം കാണുന്നത് ഉൽപാദനത്തിന്റെ മൂന്നിലൊന്ന് ജൻമികാംക്ക് കൊടുക്കുകയെന്ന സ്ഥിതി സാധാരണീകരിക്കപ്പെട്ടു. അവശേഷിക്കുന്ന മൂന്നിൽ രണ്ടുഭാഗമകട്ടെ കാണക്കാരന് അവന്റെ ഓഹരിയായും കൃഷിച്ചെലവിനായും ഉപയോഗിച്ചു പോന്നു. മൈസൂർ അധിനിവേശം വരെയുള്ള സുദീർഘമായ കാലയളവിൽ സുസ്ഥിരമായ ഈ സമ്പ്രദായമാണ് നിലനിന്നിരുന്നത്. ഇതിൽ കാര്യമായ മാററം വരുത്തിയ മൈസൂർ ഭരണാധിപൻമാർ ഭൂനികുതി ചുമത്തുക വഴിയാണ് മാററം കുറിച്ച

9 ബുക്കാനൻ, വാല്യം 2, പേജ് 367.

ത്. 10 വാസ്തവത്തിൽ അവർ നടപ്പാക്കിയ ഭൂനയം കർഷകരെ സംബന്ധിച്ചിടത്തോളം കുടിയായ്മയെ തെല്ലും ബാധിച്ചില്ലെന്നുള്ളതാണ് പ്രത്യേകത. ഭൂസർവേ നടത്തി നികുതി ചുമത്തിയപ്പോഠം ജൻമിക്ക് കർഷകൻ നൽകിയിരുന്ന ഉല്പാദനത്തിൻെറ മൂന്നിലൊന്നിൽ മാത്രമാണ് നികുതിഭാരം വന്നുവീണത്. യാതൊരു മുതൽ മുടക്കും കൂടാതെ തങ്ങഠംക്ക് ലഭിച്ചിരുന്ന ഈ മൂന്നിലൊന്ന് ഓഹരിയിൽ നിന്നും ഒരുവിഹിതം നികുതിയായി സർക്കാരിന് കൊടുക്കണമെന്നാണ് അവർ വ്യവസ്ഥ ചെയ്തത്. മലബാർ ജോയിൻറ് കമ്മീഷണറൻമാർ അവരുടെ റിപ്പോർട്ടിൽ ഈ സമ്പ്രദായത്തെ ഇങ്ങനെ വിശദീകരിക്കുന്നുണ്ട്: ''അർഷദ് ബഗ്ഖാൻ നികുതി നിജപ്പെടുത്തിയപ്പോഠം കണക്കാക്കിയത് ഒരു പറ നിലത്തിൽ സാധാരണ ഗതിയിൽ പത്ത് പറ വിളയു മെന്നും അതിൽ $5\frac{1}{2}$ പറ കൃഷിക്കാരനും $4\frac{1}{2}$ പറ ജൻമിക്കും വീതിക്കപ്പെട്ടിരുന്നുവെന്നും ജൻമിയുടെ ഓഹരിയായ $4\frac{1}{2}$ പറയിൽ നിന്നും 3പറ ഗവൺമെൻറ് നികുതിയായും $1\frac{1}{2}$ പറ മാത്രം ജൻമിയുടെ ഓഹരിയായും കൊടുക്കണമെന്നും ആയിരുന്നു. 11 ഭാരിച്ച ഈ നികുതി വന്നുവീണത് ജൻമികളുടെ തലയ്ക്കായിരുന്നു. കൃഷിക്കാരനെ പുതിയ ഈ നികുതി യതൊരു

10 1792–93–ലെ ജോയ്ൻറ്കമ്മീഷണറൻമാരുടെ റിപ്പോർട്ടിൻമേലുള്ള സർ ജോൺഷോറിൻെറ മീനിട്ട്സ്. പാര 16, പേജ് 9- 10

11 [illegible]ിൻ മിസ്സലേനിയസ്. എസ്. നംബർ 55, പാര25 പേജ് 111.

വിധത്തിലും ബാധിച്ചിരുന്നില്ല ജൻമികളോട് മനപ്പൂർവമായി കാണിക്കുന്ന വിവേചനമായി ട്ടാണ് അന്നുള്ളവർ ഈ നികുതിയെ കണ്ടത്. അവർ തങ്ങാക്ക് സ്ഥലങ്ങളുടെ മേലുള്ള ജൻ മാവകാശം കാണക്കാർക്കോ കുടിയാൻമാർക്കോ വിററതിനു ശേഷം തിരുവിതാംകൂറിലേക്ക് പലാ യനം ചെയ്യുവാനാണ് ഇഷ്ടപ്പെട്ടത്. മലബാർ കമ്മിഷണറൻമാരുടെ നടപടി ക്രമങ്ങാ രേഖ പ്പെടുത്തിയിട്ടുള്ളതിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്. അവർ അന്വേഷണവേളയിൽ "ജൻമികാ ഏതു കൊല്ലത്തിലാണ് ഇവിടെ നിന്നും ഓടിപ്പോയത്?" എന്ന് ചോദിക്കുന്നുണ്ട്. സാമൂതിരിയുടെ കാര്യസ്ഥനായിരുന്ന ഷംനോത്ത് (സ്വാമിപട്ടർ) എന്ന പാലക്കാട്ടുകാരൻ ബ്രാഹ്മണൻ അതിനു മറുപടി കൊടുക്കുന്നത് ഇപ്രകാരമാണ്. "ജൻമികാ ഇവിടെ നിന്നും ഓടിപ്പോകുന്നത് മലയാള വർഷം 964–ലാണ് (1788–89). അർഷദ് ബഗ്ഖാൻെറ കാലത്ത്. അദ്ദേഹത്തിൻെറ അടുത്തോ കച്ചേരിയിലോ പോകുവാൻ ഇവിടത്തെ പ്രധാന ജൻമികളായ നമ്പൂതിരിബ്രാഹ്മണൻമാർ കൂട്ടാക്കുക ഉണ്ടായില്ല. ഇന്നും അവർ കച്ചേരിയിൽ പോകുന്നവരല്ലല്ലോ? അവരുടെ പലായനത്തിനു കാരണം ഇതാണ്"12

1792–ൽ മലബാർ കമ്മിഷണറൻമാരിൽഒരംഗമെന്നനിലയിൽ ഫാർമർ നടത്തിയഅന്വേഷണത്തിൽ അദ്ദേഹത്തിനു മനസ്സിലായത് കാർഷി

12 ഫോറിൻ മിസ്സലേനിയസ്. എസ്, നംബർ 56, പാർട്ട് I പേജ് 150.

കോൽപാദനത്തിന്റെ മൂന്നിലൊന്ന്, കൈവശക്കാരനായകാണക്കാരനും മൂന്നിലൊണ് കാർഷിക ച്ചെലവിനും, അവശേഷിച്ച മൂന്നിലൊന്ന് ജൻമിക്കുമായി വിജയിച്ചിരുന്നുവെന്നാണ്. 13എന്നാൽ ആദ്യകാല ഇംഗ്ളീഷ് അന്വേഷകർ ജന്മം, കാണം എന്നീ സംജ്ഞകൾക്ക് നൽകിയ അർത്ഥം ശരിയായിരുന്നില്ല. യൂറോപ്പിൽ നിലവിലിരുന്ന ഫ്യൂഡൽ സമ്പ്രദായത്തോട് താരതമ്യപ്പെടുത്തിയാണ് അവർ ഈ പദങ്ങളെ വ്യാഖ്യാനിച്ചത്. അതാണ് 1801—ൽ തന്റെ കടിയായ്മ റിപ്പോർട്ടിൽ മേജർ വാക്കറെക്കൊണ്ട് ഇത്ര അസന്ദിഗ്ധമായ ഒരു പ്രഖ്യാപനം നടത്തുവാൻ പ്രേരിപ്പിച്ചത്. അദ്ദേഹം എഴുതി''ലോകത്തുള്ള മററൊരു രാജ്യത്തും സ്വത്തിൻമേലുള്ള ഈ അവകാശത്തെപ്പററി(ജൻമാവകശം) ഇത്ര വ്യക്തമായ ധാരണയും ആ അവകാശം ഇത്ര ശക്തമായി കാത്തു സൂക്ഷിക്കുകയും ചെയ്യുന്ന ഏർപ്പാടില്ല...... ഭൂസ്വത്തിൻമേലുള്ള ജൻമികളുടെ അവകാശം പരിപൂർണവും ലോകത്തുള്ള ഒരു ശക്തിക്കും അന്യായമായിട്ടല്ലാതെ ആ അവകാശത്തെ നിഷേധിക്കുവാൻ സാധിക്കുകയുമില്ല''. 14 ജന്മികൾ എല്ലാ അധികാരങ്ങളോടും കൂടി യവരാണെന്നും അവരുടെ ഈ അവകാശത്തെ ചോദ്യം ചെയ്യാൻ

13 ജോയിൻറ് കമ്മീഷണറൻമാരുടെ റിപ്പോർട്ട് വൗച്ചർ നമ്പർ 30, ഫെ; 25, 1793,

14 മേജർ വാക്കർ, മലബാർ കുടിയായ്മ പേജ് 180; വില്യം താക്കറെയുടെ മലബാറിലെയും കർണാടകത്തിലെയും നികുതി സമ്പ്രദായം, പേജ് 3 കൂടി കാണുക.

പററാത്ത വിധം സുശക്തമാണെന്നും ധരിച്ചതിന്റെ ഫലമായി സ്ഥലങ്ങൾ യഥാർഥത്തിൽ കൈവശം വച്ചിരുന്ന കാണക്കാർ ജൻമികളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയർ മാത്രമാണെന്നുള്ള വ്യാഖ്യാനം പ്രാബല്യത്തിൽ വന്നു. എന്നാൽ ഏറെ കഴിഞ്ഞിട്ടാണെങ്കിലും തന്റെ മലബാർ കുടിയായ്മറിപ്പോർട്ടിൽ ലോഗൻ ആദ്യകാല ഇംഗ്ളീഷ് ഭരണാധിപൻമാർക്കു പററിയ അബദ്ധത്തെ ചൂണ്ടി വ്യവഹരിക്കുന്നത് ഇപ്രകാരമാണ്: "മലബാററിൽ നിന്നും ജൻമികൾ ഓടിപ്പോയപ്പോൾ ഭൂസ്വത്തിൻമേലുള്ള അവകാശം അവർ മാപ്പിളമാർക്ക് വിൽക്കുകയുണ്ടായി. മാപ്പിളമാർ വാങ്ങിയത് കാണാധികാരങ്ങളായിരുന്നു. ജൻമാവകാശത്തിന് കൂടുതൽ പ്രാബല്യം ഉണ്ടായിരുന്നുവെങ്കിൽ മാപ്പിളമാർ ജൻമാവകാശം മാത്രമേ വാങ്ങുമായിരുന്നുള്ളു". ലോഗൻ തന്റെ വാദഗതി ഇങ്ങനെ ഉപസംഹരിക്കുന്നു: "പന്ത്രണ്ടു കൊല്ലത്തിലൊരിക്കൽ പൊളിച്ചെഴുതി ഇന്നത്തെ പോലെ വങ്ങേണ്ടതായിരുന്നു കാണാവകാശമെങ്കിലും, ഇന്നത്തെപ്പോലെ അപാരമായ അവകാശാധികാരമുള്ളതായിരുന്നു അക്കാലത്തു ജൻമാവകാശമെങ്കിലും നിശ്ചയമായും മാപ്പിളമാർ കാണം വാങ്ങുകയെന്ന നഷ്ടക്കച്ചവടത്തിന് നിൽക്കുകയില്ലായിന്നുവെന്ന് യുക്തിസഹമായി ചിന്തിക്കുന്നതിൽ അപാകതയില്ല. പരമാർഥത്തിൽ ഒരു ജൻമിക്ക് എത്രമാത്രം ഉറച്ച അവകാശങ്ങൾ സ്ഥലത്തിൻമേലുണ്ടോ അത്രയും തന്നെ സുദൃഢമായ അവകാശങ്ങൾ കാണക്കാരനും ഉണ്ടായിരുന്നു അക്കാലങ്ങളിലെന്ന് ഉറപ്പിച്ചു പറയാം. ഇപ്പോൾ പോലും

കാണക്കാരന് തന്റെ സ്ഥലം വീതിച്ചുകൊക്കുകയോവിൽക്കുകയോ ചെയ്യാമെങ്കിലും പന്ത്രണ്ടു കൊല്ലം കുടുമ്പോഠ ഒഴിപ്പിക്കുവാനുള്ള അവകാശം ജൻമിയിൽ നിക്ഷിപ്തമായിരിക്കു ന്നതിനാൽ കാണക്കാരന്റെ അവകാശം ഏതാണ്ട് പൂർണമായി തന്നെ ഇല്ലാതാ യിത്തീർന്നിരിക്കുന്നു.''15

'ജൻമം', 'കാണം, എന്നീ സംജ്ഞകളെ സംബന്ധിച്ചുള്ള ധാരണപ്പിശകാണ് മലബാറിലെ കാർഷിക ബന്ധത്തിൽ കുഴപ്പങ്ങഠ സൃഷ്ടിച്ചത്. 1792 ൽ മലബാർ ഇംഗ്ളീഷ്കാരുടെ കൈവശം വന്നപ്പോഠ തിരുവിതാംകൂറിൽ അഭയം തേടിക്കഴിഞ്ഞിരുന്ന ജൻമികളും രാജാക്കൻമാരും മലബാറിലേക്ക് തിരിച്ചു വരികയുണ്ടായി അവരെയെല്ലാം തന്നെ സർവ വിധ അധികാരാവകാശങ്ങളുള്ള ജൻമിമാരായി അവരോധിക്കുകയാണ് കമ്പനി അധികൃതർ ചെയ്തത്. സ്പെഷ്യൽ കമ്മിഷണറായിരുന്ന ലോഗൻ ഈ സ്ഥിതിതന്റെ റിപ്പോർട്ടിൽ അവലോകനം നടത്തുന്നതിപ്രകാരമാണ്: 'ബോംബേ അധികൃതരും പിന്നീട് മദ്രാസിലെ കമ്പനി മേധാവികളും ജൻമിയെ സ്വത്തിന്റെ പരിപൂർണ അവകാശിയായി അംഗീകരിച്ചതു കൊണ്ടു് തന്റെ കീഴിലുള്ളവരിൽ നിന്നും ഊററിയെടുക്കാവുന്നത്രയും ഓഹരി ഈടാക്കുവാനുള്ള അധികാരം നൽകുകയാണ് ചെയ്തത്.'16 തങ്ങളുടെ മേൽ അടിച്ചേൽപിക്കപ്പെട്ട ക്രൂരതയായിട്ടാണ് കാണക്കാരിതിനെ കണ്ട

15 സ്പെഷ്യൽ കമ്മീഷണരുടെ റിപ്പോർട്ട് പാര 67
16 ടി പാര 70

ത്. സ്ഥലങ്ങളുടെ യഥാർത്ഥ കൈവശക്കാരായ അവർക്ക് പുതിയ ഈ രീതിയുമായി ഇണങ്ങി ചേരാൻ നന്നേ പ്രയാസം നേരിട്ടു. നേരേ മറിച്ച് തങ്ങറംക്ക് പുതുതായി കിട്ടിയ അവകാശാധികാരങ്ങറം കുടിയാന്റെയും സ്ഥലത്തിന്റെയും മേൽ അങ്കുരം നടപ്പാക്കാനുള്ള വ്യഗ്രതയായിരുന്നു ജൻമികറംക്ക്. മലബാറിൽ കാർഷിക ബന്ധത്തിൽ വന്ന ഈ മാററത്തിന്റെ ഫലത്തെ വിലയിരുത്തി ലോഗൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ് 'ഇത്തരത്തിൽ സംഘടിപ്പിക്കപ്പെട്ട ഒരു സമൂഹത്തിന് ലഭിച്ച ഈ സ്വാതന്ത്ര്യം ശക്തിയുള്ളവന് അശക്തനെ മർദ്ദിച്ചൊതുക്കുവാൻ കിട്ടിയ സ്വാതന്ത്ര്യത്തിന് തുല്യമായിരുന്നു. സർക്കാർ നികുതി കൊടുത്തു കഴിഞ്ഞാൽ ഉൽപാദനത്തിന്റെ സിംഹഭാഗവും കൈവശപ്പെടുത്തുവാൻ പുതിയ ഈ ഭൂവുടമകറംക്കുലഭിച്ച സ്വാതന്ത്ര്യമായിരുന്നു അത്. കൂട്ടിലിരുന്ന് സുഖിക്കുന്ന രാജ്ഞിമാർ തടിച്ചു കൊഴുത്തപ്പോറം ജോലിചെയ്യുന്ന തേനീച്ചകറം പട്ടിണിയിൽ കൃശങ്ങളായി മാറിയെങ്കിൽ എന്തിന്നൽഭൂതപ്പെടണം'. 17

കാണക്കാരുമായി നേരിട്ട്മൈസൂർ ഭരണാധികാരികറം നികുതി നിജപ്പെടുത്തിയ തെക്കെ മലബാറിൽ തന്നെയാണ് തൻമൂലം ഈ പുതിയ കുടിയായ്മയ്ക്കെതിരായ ശബ്ദവുംരൂക്ഷമായത്. അങ്ങനെ 1792—ൽ തന്നെ ജൻമിമാരുടെ അമിതമായ ചൂഷണത്തെ ചെറുത്തു കൊണ്ട് സായുധകാലാപം നടന്നു. തങ്ങളുടെ സർവസ്വവുമായ കുടി

17 ലോഗൻ, മലബാർ മാനുവൽ, വാല്യം ഒന്ന്, പുറം 683

യിരിപ്പുസ്ഥലങ്ങളും നിലങ്ങളും അന്യാധീനപ്പെടുന്നുവെന്ന് മനസ്സിലാക്കിയപ്പോൾ ആ വ്യവസ്ഥിതി കൊണ്ടുവന്ന ഇംഗ്ളീഷ് അധികാരികളോടും കർഷകരെ ഞെക്കിപ്പിഴിഞ്ഞു കൊണ്ടിരുന്ന ജൻമികളോടും പാവം കർഷകൻ സന്ധിയില്ലാത്ത സമരപ്രഖ്യാപനം നടത്തി. അങ്ങനെ മലബാറിൽ നടന്ന കാർഷിക കലാപങ്ങളുടെ പ്രത്യേകത അവ ജൻമിത്വത്തിന്നെതിരായി മാത്രമായിരുന്നില്ല, ജൻമിവ്യവസ്ഥയെ കാത്തുസൂക്ഷിച്ച് സംരക്ഷിച്ചു പോന്ന ഇംഗ്ളീഷ് ഗവൺമെൻറിനെതിരായിട്ടു കൂടിയായിരുന്നു എന്നതാണ്. അതുകൊണ്ടാണ് ഈ കാർഷിക വ്യവസ്ഥ മുളയെടുത്ത 1792ൽ തന്നെ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടത്. ശക്തമായ എതിർപ്പുകൾ നേരിട്ടു കൊണ്ടാണ് ബ്രിട്ടീഷ് ഭരണം കേരളത്തിൽ ഉത്ഘാടിതമാകുന്നതു തന്നെ. നിരവധി സൈനിക പ്രവർത്തനങ്ങൾ നടത്തി വളരെ മനുഷ്യരെ കൊന്നൊടുക്കിയതിന് ശേഷമാണ് രാജ്യത്ത് ക്രമസമാധാനം അല്പമായെങ്കിലും നിലനിർത്താൻ സാധിച്ചത്. 1792 മുതൽ 1921–22 വരെയുള്ള കാലങ്ങളിൽ 83 ലഹളകൾ നടന്നതായി രേഖകളുണ്ട്. കമ്പനി ഭരണത്തെ നിശ്ചലമാക്കുവാൻ പോന്ന വിധം ഗൗരവതരങ്ങളായ പല ലഹളകളും നടന്നു. 1836 ആയതോടു കൂടി ഇംഗ്ളീഷ്കാർ ലഹളകളുടെ ഗൗരവസ്വഭാവം മനസ്സിലാക്കുകയും ശാശ്വതമായ സമാധാനത്തിനായുള്ള പരിശ്രമങ്ങൾക്ക് ആരംഭമിടുകയും ചെയ്തു. അക്കൊല്ലമാണ് വ്യാപകമായ തോതിൽ ജൻമിത്വത്തിന്നെതിരായ സായുധസമരം നടന്നത്. ജൻമി

കളിൽപ്രധാനിയായ ഒരാളുടെ കുടുംബാംഗങ്ങളെ നിശ്ശേഷം വിപ്ലകാരികരാവാളിന്നിരയാക്കി. കലാപത്തെ ചോരയിൽ മുക്കിക്കൊല്ലുവാനൊത്തെങ്കിലും ഇതിന്റെ കാരണങ്ങളൊരായുവാൻ ഇംഗ്ലീഷ് കാർനിർബന്ധിതരായി 1852ൽ സ്ട്രെയിജ് എന്ന ഒരു ധ്വരയെ സ്പെഷ്യൽകമ്മീണറായിനിയമിച്ചു അദ്ദേഹത്തിന്റെ റിപ്പോർട്ട് 1822ൽ ഗ്രീംസമർപ്പിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. ജൻമികരാക്ക് സർവത്ര അംഗീകാരങ്ങളും കൽപിച്ചു കൊടുക്കുകയും കാണക്കാരനെ ജൻമിയുടെ ഇഷ്ടാനിഷ്ടങ്ങരാക്ക് വിധേയമാക്കുകയും ചെയ്യുന്നതിന് പുറമെ സ്ട്രെയിജ് തന്റെ റിപ്പോർട്ടിൽ ഗവൺമെൻറിനോട് നടത്തിയ ശുപാർശ എതിർപ്പുകളെ നിർദാക്ഷിണ്യം അടിച്ചമർത്തണമെന്നുമായിരുന്നു. 1852 നു മുമ്പ് നടത്തിയിട്ടുള്ള 31 കലാപങ്ങളെ പരിശോധിച്ച ശേഷം അവയിൽ 7എണ്ണം മാത്രമേ കാർഷിക കലാപങ്ങളെന്ന് വിശേഷിപ്പിക്കുവാൻ പററുകയുള്ളു വെന്നും മററുള്ളവയെല്ലാം സാർക്കാരിനെതിരായ കലാപങ്ങളായിരുന്നുവെന്നുമാണ് സ്ട്രെയിജ്മനസ്സിലാക്കിയത്. 18 ഇദ്ദേഹത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് മാപ്പിളലഹളകളെ പ്രത്യേകമായി നേരിടുന്നതിനുള്ള മാപ്പിളാ ഔട്ട് റേജിയസ് ആക്ട് എന്ന പേരിൽ നിയമങ്ങരാ ഉണ്ടാക്കിയതും. കലാപകാരികളുടെ സ്വത്ത് കണ്ടുകെട്ടുക, ലഹളബാധിത പ്രദേശങ്ങളെ കൂട്ടപ്പിഴയ്ക്ക് വിധേയമാക്കുക, സംശയമുള്ള ആളു

18 ടി. സ്ട്രയിജ് മലബാറിലെ ജൻമി—കർഷകബന്ധം, പാര 70

കളോടു നല്ലനടപ്പ് ജാമ്യമാവശ്യപ്പെടുക, ലഹളയിൽ കൂട്ടാളികളായിട്ടുള്ളവരെ നാടുകടത്തുക എന്നിവയെല്ലാമായിരുന്നു മാപ്പിള ആക്ടിൻെറ പ്രത്യേകതകരം. ഈ വക കരിനിയമങ്ങളൊന്നും കർഷകൻെറ യാതനകളെ ലഘൂകരിക്കുവാനൊത്തില്ലെന്ന് മാത്രമല്ല, അവനെ കൂടുതൽ രോഷാകുലനാക്കുവാനേ പ്രയോജനപ്പെട്ടുള്ളൂ. 1855 സെപ്തംബർ 11—ാം തീയതി മലബാറിലെ ഈ പുതിയ നിയമങ്ങരം നടപ്പാക്കാൻ ബാധ്യസ്ഥനായ കലക്ടർ കൊനോലിസായ്പിനെ അദ്ദേഹത്തിൻെറ വസതിയിൽ വെച്ച് ഭാര്യ കാൺകെ വെട്ടിക്കൊലപ്പെടുത്തിയതോടു കൂടി മലബാറിലെ കാർഷികാന്തരീക്ഷം കാർകൊണ്ടു മൂടി കലുഷമാക്കപ്പെട്ടു. എവിടെയുമെന്ന പോലെ ജൻമികളോടുള്ള സമരം അവരോടു മാത്രമായി ശേഷിക്കുകയില്ലല്ലോ. വ്യവസ്ഥാപിതമായ ഒരു ഗവൺമെൻറിനോടുള്ള സംഘട്ടനമായിട്ടേ ഇവയെ കാണുവാൻ സർക്കാരിന് സാധിക്കൂ. എന്നാൽ ജൻമിമുതലാളി ദുഷ്പ്രഭുത്വത്തോടൊപ്പം സാമ്രാജ്യത്വ കിങ്കരൻമാരോടും പോരാടേണ്ടി വന്ന കർഷകർ ക്ഷീണിതരായെങ്കിലും സന്ധിയില്ലാത്ത ആ സമരം നൂററാണ്ടുകരംക്ക് തന്നെ രോമാഞ്ചകഞ്ചുകം നൽകി പുളകം കൊള്ളിച്ചു കൊണ്ടിരുന്നു.

1857 ൽ വടക്കൻ പ്രവിശ്യകളിൽ കമ്പനി ഭരണം വലിയ ഒരു സൈനിക വിപ്ളവത്തെ നേരിട്ടുകൊണ്ടിരുന്നപ്പോരം കേരളത്തിലും അതിൻെറ അലയൊലിയുണ്ടായി. പക്ഷേ ഇവിടെ ഒരു ജൻമിയുടെ തല കൊയ്തു കൊണ്ടാണ് ബ്രിട്ടീ

ഷ് വിരോധ പോരാട്ടത്തിന് പിന്തുണ പ്രഖ്യാപിച്ചതെന്നുമാത്രം. ഈ വർഷത്തിൽ നിരവധി പേരെ ആൻഡമാൻ ദ്വീപിലേക്ക് കേരളത്തിൽ നിന്നും നാടു കടത്തിയിട്ടുള്ളതായി കാണുന്നുണ്ട്. 1858 ൽ വള്ളുവനാട്ടിലെ മൂന്നു പ്രധാന കാണക്കാരെയും ഈ ദ്വീപിലേക്ക് നാടുകടത്തുകയുണ്ടായി. 19.1860 ലും 1864 ലും മലബാറിൽ നിന്നും അനവധി ആളുകളെ ആൻഡമാനിലേക്ക് നിർബന്ധമായി, പറഞ്ഞയയ്ക്കുകയും ചെറുപ്പുളശേശ്ശരി അംശത്തെ കൂട്ടപ്പിഴയ്ക്ക് വിധേയമാക്കുകയും ചെയ്തതായി കാണുന്നു.20.1865ൽ നെന്മേനിയിലും പറാലിലുമുണ്ടായ കലാപവും ഒട്ടേറെ മനുഷ്യാഹുതിക്കും നാടുകടത്തലിനും ഇടയാക്കിയവയാണ്. അതുപോലെ ത്തന്നെ 1873 ലെ കൊളത്തൂർ ലഹള, 21. 1877 ലെയും 1879 ലെയും പറാൽ ലഹളകൾ, 22, 1880 ലെ മേലാററൂർ ലഹള 23, ഇവയൊക്കെയും ജൻമികളുമായുണ്ടായ സംഘട്ടനത്തിൽ നിന്നും വളർന്ന് സർക്കാരിനോടുള്ള തുറന്ന സായുധ വിപ്ളവമായി മാറിയവയാണ്. ഇവയിലൊക്കെ കൂടിമരണപ്പെട്ടവരുടെ സംഖ്യയും സ്വത്ത് കണ്ടുകെട്ടപ്പെട്ട

19 ലോഗൻ, വാള്യം 1, പേജ് 577.

20 സ്പെഷ്യൽ കമ്മിഷണേഴ്സ് റിപ്പോർട്ട്; 1881, പാര 297.

21 സ്പെഷ്യൽ കമ്മിഷണേഴ്സ് റിപ്പോർട്ട്; 1881, പാര 290

22 വള്ളുവനാട് മജിസ്ട്രേട്ടിൻെറ റിപ്പോർട്ട് 1879, ജൂൺ 24.

23 ഓഡർ. ഒക്ടോബർ 1880 നമ്പർ 2500—ആർ. ഡേവിഡ്സൻ, ചീഫ് സെക്രട്ടറി.

വരുടെയും നാടുകടത്തപ്പെട്ടവരുടെയും പട്ടികയും വളരെ വലുതാണ്. 24 എന്നിട്ടും ലഹളകൾ സാധാരണ സംഭവമായി.

കീഴ്മുറി അംശത്തുണ്ടായ ലഹളയുടെ ഫലമായി 15000 ക. കൂട്ടപ്പിഴയ്ക്ക് ആ സ്ഥലത്തെ വിധേയമാക്കി. പാണ്ടിക്കാട് ലഹളയിൽ 32 പേർക്ക് ജീവാപായം സംഭവിച്ചു. മാരകായുധങ്ങൾക്ക് വേണ്ടി നടത്തിയ പരിശോധനയിൽ 17295 ആയുധങ്ങൾ പിടിച്ചെടുത്തു. ഇവയിൽ 7503 തോക്കുകളായിരുന്നു വെന്ന് ഓർക്കേണ്ടതുണ്ട്.25 പൊന്നാനിയിൽ നടന്ന ലഹളയിൽ 17 പേരെ വെടിവെച്ചുകൊല്ലുകയും അംശം 33688 ഉറുപ്പിക കൂട്ടപ്പിഴ നൽകുകയും ചെയ്യേണ്ടതായി വന്നു. 1894 മേയ് 24 ന് മണ്ണാർക്കാട്ടെ പ്രധാന ജന്മി ലഹളക്കാരുടെ തോക്കിന്നിരയായി. ഇംഗ്ളീഷ് പട്ടാളമാകട്ടെ 31 ലഹളക്കാരെ വെടിവെച്ചിടുകയും ചെയ്തു. ഇവരുടെയെല്ലാവരുടെയും പേരും വിലാസവും ഒക്കെ കലക്ടർ ബർലററ് ചീഫ് സെക്രട്ടറിയ്ക്കയച്ച റിപ്പോർട്ടിൻെറ അനുബന്ധമായി ചേർത്തിരിക്കുന്നും 26 1896 - ൽ വണ്ടൂർ എന്ന സ്ഥലത്ത് 99 ലഹളക്കാർ ഇംഗ്ളീഷ് വെടിയുണ്ടകൾക്കിരയായി. ഇവരെകുറിച്ചുള്ള വിവരം വിൻണ്ടർബോദാം (റവന്യൂ ബോർഡ് മെമ്പർ) ചീഫ് സെക്രട്ടറിക്കെഴുതുന്ന റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 27. 1894 മുതൽ 1898

24 ടി. നമ്പർ 108.

25 ലോഗൻ, വാല്യം ഒന്ന് പുറം 592.

26 ജി. ഓ. നമ്പർ 502, ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറ് 1896 മാർച്ച് 11.

27 ടി. മേയ് 24, 1894, നമ്പർ 1267 ജൂഡീഷ്യൽ.

വരെ നടന്ന ലഹളകളുടെ സ്വഭാവത്തെയും അവയിൽ പങ്കെടുത്ത ആളുകളുടെയും വിശദമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള റിപ്പോർട്ടാണ് അക്കാലത്തെ പോലീസു് സൂപ്രണ്ടായിരുന്ന ഫൗസററ് എഴുതിയിട്ടുള്ളത്. വള്ളുവനാട്, പാലക്കാട്, പൊന്നാനി എന്നീ പ്രദേശങ്ങളിലായി 336 പേർ ലഹളയിൽ മരിക്കുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്ന് ഫൗസററ് പറയുന്നു.28 മലബാർ കലക്ററായിരുന്ന സി. ഏ. ഇന്നിസിനെ വധിക്കുവാനുള്ള ഒരു ശ്രമമായിട്ടാണ് 1915 ലെ ലഹളയുടെ തുടക്കം.29 1919 ലും കാർഷിക അസ്വാസ്ഥ്യങ്ങളുടെ പൊട്ടിത്തെറി അനുഭവപ്പെട്ടു. എന്നാൽ 1921–22 ലെ വ്യാപകവും രക്തരൂക്ഷിതവുമായ ലഹളയാണ് പലർക്കും മാപ്പിളലഹള എന്ന പേരിൽ അറിയാവുന്ന സായുധ കലാപം. എന്നാൽ വലിയ ഒരു പരമ്പരയിലെ പരമകാഷ്ഠ പ്രാപിച്ച ഒന്നായിരുന്നു അതെന്നും അത് ഒററപ്പെട്ട സംഭവമായിരുന്നില്ലെന്നും മാത്രം ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ.

ഈ ലഹളയുടെ അടിസ്ഥാനകാരണമന്വേഷിച്ചു പോകേണ്ടതായില്ല. കാർഷിക പ്രശ്നം ഗൗരവതരമായ സന്ദർഭത്തിൽ, അനാദികാലമായി ജൻമികളുടെ മർദ്ദനം സഹിച്ച സാധുകർഷകർ രണ്ടും കല്പിച്ചിറങ്ങിയ ആവേശകരമായ ഒരു ഐതിഹാസിക സമരമായിരുന്നു അത്. മഞ്ചേ

28 ടി. ലിസ്ററ് ഏ

29 സി. ഏ ഇന്നീസു് മലബാർ ഗസററിയർ പേജ് 55
1921 22മലബാർ കലാപം എന്ന അദ്ധ്യായം എന്റെ 'കേരള ചരിത്രവിചാരം' എന്ന ഗ്രന്ഥത്തിലുള്ളത് വായിക്കുക.

രിയിലും ഒററപ്പാലത്തും അതിൻെറ തലേ വർഷങ്ങളിൽ നടന്ന കോൺഗ്രസ്സ് സമ്മേളനങ്ങൾ കാർഷിക പ്രശ്നങ്ങളെ സജീവമാക്കുവാനുപകരിച്ചവയാണ്. 30 തെക്കേ മലബാറിലെ അജ്ഞരും ദരിദ്രരുമായ മാപ്പിളമാരോടായിരുന്നു കിലാഫത്തിനെക്കുറിച്ചും ഇംഗ്ളീഷ്കാർ ചെയ്ത കൊടും ചതിയെപ്പററിയും നമ്മുടെ ദേശീയ നേതൃത്വം പ്രസംഗിച്ചത്. സ്വതവേ തന്നെ ജന്മികളോടും ഇംഗ്ളീഷ് ഭരണത്തോടും ഇടതടവില്ലാതെ പടപൊരുതിയിരുന്ന ഇക്കൂട്ടർക്ക് ദേശീയമായ വിപ്ളവാഹ്വാനങ്ങൾ കേൾക്കേണ്ട താതാമസമേയുണ്ടായുള്ളു ലഹളയ്ക്ക് തയ്യാറെടുക്കാൻ. അങ്ങനെ 1921 ലെ ലഹളയ്ക്കുള്ള അടിയന്തിരമായ കാരണം രാഷ്ട്രീയമായിരുന്നു.31 എന്നാൽ ഉള്ളിൻെറ ഉള്ളിലുള്ളതോ കാർഷികവും. 32 ലഹളയുടെ വ്യാപ്തിയെ പററിയോ അതിൻെറ സ്വഭാവത്തെക്കുറിച്ചോ പ്രതിപാദിക്കുക ഇത്തരണത്തിൽ പ്രസക്തമല്ല. ഒരു കാര്യം തീർച്ച. ഒന്നര സംവൽസരക്കാലം തെക്കേ മലബാറിൻെറ പ്രധാന ഭാഗങ്ങൾ മുഴുക്കേ ലഹളക്കാരുടെ ഭരണത്തിൻ കീഴിലായിരുന്നവെന്ന വസ്തുത ഓർക്കേണ്ടതുണ്ട്. സർക്കാർ കണക്കു പ്രകാരം തന്നെ 10000 ൽ പരം ആളുകൾക്ക് ജീവാപായം പററിയതായും ഇതിൻെറ രണ്ടിരട്ടി ആളുകളെ നാടു കടത്തിയതായും രേഖകളുണ്ട്.33 യഥാർഥ

30 ടോട്ടൻഹാം—1921 ലെ മലബാർ ലഹള പേജ് 10.

31 എ കെ. പിള്ള—കേരളവും കോൺഗ്രസും പേജ് 437—38

32 ടി. പേജ് 420—28.

33 ഇ.കെ. കോയക്കുട്ടി മൗലവി—മലബാർ കലാപം

ത്തിൽ ഇതിൻെറ എത്രയോ അധികമായിരിക്കും ലഹളയിൽ മരിച്ചവരും മററു തരത്തിലുള്ള യാതനകളനുഭവിച്ചവരുമെന്ന് ഊഹിക്കയാണ് ഭേദം.

ഈ ലഹളകളുടെ പ്രധാന സവിശേഷത സാധുക്കളായ കർഷകരിൽ മാപ്പിളമാരാണധികവും ലഹളകൾ നടത്തിയിരുന്നുതെന്നാണ്. ജന്മികളുടെ മർദ്ദനം സഹിക്കേണ്ടിവന്ന ഹിന്ദുകർഷകർ തുല്യദു:ഖിതരും യാതനാഭരിതമായ ശോച്യ ജീവിതം നയിച്ചവരുമാണ്. എന്നിട്ടും എന്തുകൊണ്ട് ഹിന്ദുകർഷകർ ലഹളക്കൊരുങ്ങിയില്ലാ എന്ന് സ്വാഭാവികമായും ചോദിച്ചേക്കാം. ഇതിന് സമാധാനം ഇത് മാത്രമാണ്. ജന്മികൾ നമ്പൂതിരികളായിരുന്നുവല്ലോ. നമ്പൂതിരി ജാതിവ്യവസ്ഥയിലെ കാണപ്പെട്ട ദൈവവുമായിരുന്നു. ജന്മിത്വത്തോടാണെങ്കിലും നമ്പൂതിരിക്കെതിരായ സമരം ദൈവദോഷമായി ഹൈന്ദവർ വിശ്വസിച്ചിരുന്നു. അലംഘനീയമായ ജാതിവ്യവസ്ഥയുടെ ക്രൂരതാണ്ഡവം കാർഷിക രംഗത്തും അവർ സഹിക്കുവാൻ ബാധ്യസ്ഥരായിരുന്നു വെന്നതാണ് പാവപ്പെട്ട ഹൈന്ദവ കർഷക വിഭാഗം ലഹളകൾക്കൊരുങ്ങാതിരിക്കുവാൻ കാരണം. നേരേ മറിച്ച് ഇംഗ്ളീഷ് ആധിപത്യത്തിന് മുമ്പ് മററാരെയുംകാൾ താഴെയല്ലാത്ത പ്രാമാണികത്വമുണ്ടായിരുന്ന മലബാർ മാപ്പിളമാർക്ക് കാളയുടെ കഴുത്തിൽ കയററിയ നുകത്തിൻെറ ഭാരം പോലെയാണ് ഈ മർദ്ദനങ്ങൾ അനുഭവപ്പെട്ടിരുന്നത്. അന്യായങ്ങള തുറന്നെതിർക്കുവാൻ അവർ പഠിച്ച മതശാസനകളും അവരെ പ്രേരിപ്പിച്ചു.

അല്ലാതെ സാമുദായിക പ്രശ്നമായിരുന്നില്ല. സ്വന്തം സ്ഥലത്ത് നിന്ന് അന്യായമായി ഇറക്കി വിടുമ്പോഴും അമിതമായ പാട്ടവും മേൽച്ചാർത്തും ആവശ്യപ്പെട്ട് നട്ടം തിരിയുമ്പോഴും മലബാറിലെ മാപ്പിളയുടെ 'മതഭ്രാന്തി'ളകുമായിരുന്നു. എന്തും ത്യജിച്ചും അവൻ എതിരിടുകയും ചെയ്യുമായിരുന്നു.

എന്തായാലും 1921 ലെ ലഹളയുടെ ഫലമായി കാർഷികാന്വേഷണകമ്മിററിയും റിപ്പോർട്ടും മലബാറിലും പഴയ കൊച്ചി, തിരുവിതാംകൂർ നാട്ടുരാജ്യങ്ങളിലുമുണ്ടായി. 1929 ലെ മലബാർ കാർഷികബന്ധ റിപ്പോർട്ടും, 1930 ലെ കൊച്ചിയിലെയും തിരുവിതാംകൂറിലെയും റിപ്പോർട്ടുകളും ഇതിനു മതിയായ ഉദാഹരണങ്ങളാണ്. ഭൂപരിഷ്ക്കരണങ്ങൾ നടത്താനും പാട്ടാശ്വാസങ്ങൾ നൽകുവാനും സർക്കാർ നിർബന്ധിതരായിത്തീർന്നു. 1939 ൽ മറെറാരു കമ്മിഷൻ റിപ്പോർട്ട് മലബാറിലും 1949 ൽ കൊച്ചിയിലും ഉണ്ടായി. കേരളം ഒന്നായശേഷം 1956 ൽ ഉണ്ടായ മന്ത്രി സഭ തുടങ്ങിവെച്ച ഭൂപരിഷ്കരണ നിയമങ്ങൾ കാലാനുസൃതമായ മാററങ്ങൾക്ക് വിധേയമായി. ഇന്ന് ജന്മിത്വം എന്ന സംജ്ഞ പഴയ കലാത്തിൻെറ പഴഞ്ചൻ നാമമായി മാറിക്കഴിഞ്ഞു. കൃഷിഭൂമി വീണ്ടും കൃഷിക്കാരനിലേക്ക് മടങ്ങി വന്നു കൊണ്ടിരിക്കുന്ന ചരിത്രപ്രക്രിയയാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

അധ്യായം പതിനേഴ്

# വിലകുറഞ്ഞ മനുഷ്യർ

കേരളത്തിൻെറ പ്രാക്തനസാംസ്ക്കാരികചരിത്രം എഴുതാൻ മുതിരുന്നവരൊക്കെതന്നെ പ്രാഗൽഭ്യത്തോടുകൂടി പറഞ്ഞുവരാറുണ്ട് കേരളത്തിനും കേരളീയർക്കും ചരിത്രത്തിൻെറ കണ്ണെത്താത്ത കാലത്തോളമുള്ള സുദീർഘമായ പാരമ്പര്യമാണുള്ളതെന്ന്. അയ്യായിരവും ആറായിരവും കൊല്ലങ്ങൾക്കു മുമ്പുതന്നെ അന്നത്തെ ഉത്തുംഗങ്ങളായ സാംസ്ക്കാരിക കേന്ദ്രങ്ങളുമായി നമുക്ക് വാണിജ്യബന്ധവും സാംസ്ക്കാരിക സമ്പർക്കവും ഉണ്ടായിരുന്നു. അങ്ങനെ ലോകത്തിൻെറ ഏത് നാഗരികതകയോടും കിടപിടിക്കാൻ കഴിവുള്ള സാംസ്ക്കാരികപാരമ്പര്യമാണ് ഈ കൊച്ചുനാടിനുള്ളത്. അവിരാമം തുടർന്നു പോന്ന ഈ സമ്പർക്കത്തിൻെറ ശൃംഖല പൊട്ടാതെ ഇന്നും നാം കാത്തുസൂക്ഷിക്കുന്നുണ്ട്. എന്നാൽ ഇത്രയും പഴക്കംചെന്ന ഒരു സാംസ്ക്കാരിക പൈതൃകം പേറുന്ന ഈ രാജ്യത്ത് ജീവിച്ചിരുന്ന ലക്ഷക്കണക്കായ ജനങ്ങളുടെ ഇതഃപര്യന്തമുള്ള ജീവിതരീതിയെ സംബന്ധിച്ചോ, ക്രയവിക്രയങ്ങളെക്കുറിച്ചോ, എന്തിന് അവരുടെ ജീവിതത്തെ സ്പർശിക്കുന്ന ഏതെങ്കിലും ഒരാശയത്തെപ്പററിയോ ആധികാരികമായ യാതൊരു ച

ചരിത്രരേഖയും ഉണ്ടായിട്ടില്ലെന്നതാണ് പരമാർത്ഥം.

ഞാൻ പറഞ്ഞുവരുന്നത് നിരവധി നൂററാണ്ടുകളായി ഇവിടെ ജനിക്കുകയും മരിക്കുകയും ചെയ്തുകൊണ്ടിരുന്ന—നമ്മുടെ കച്ചവട വിഭവങ്ങൾ സംഭരിച്ചും സാംസ്ക്കാരിക സമ്പർക്കങ്ങൾ പുലർത്തിയും, ഫലഭൂയിഷ്ഠമായ ഈ മണ്ണിൽ വിത്തുവാറക്കിയും കഴിഞ്ഞിരുന്ന— കേരളത്തിലെ ജനങ്ങളുടെ ജീവിതക്രമത്തെയോ ഉൽപാദനോപകരണങ്ങളെയോ, ആചാര സമ്പ്രദായങ്ങളെയോ കുറിച്ചുള്ള യാതൊരു വിവരവും നമുക്ക് ലഭ്യമല്ല എന്നതാണ്. അതായത് കേരളത്തിലെ മനുഷ്യന്റെ സാമൂഹ്യ ചരിത്രം ഇതുവരെയും ഇരുളിൽ തന്നെയാണ്. ഇതിനു കാരണം ഏതൊരു സാമൂഹ്യശാസ്ത്രജ്ഞനും കാണാൻ സാധിക്കുന്നത് മറേറതൊരു രാജ്യത്തേക്കാളും മനുഷ്യന് തീരെ വില നാം കൽപിച്ചിരുന്നില്ല എന്ന പരമാർത്ഥമാണ്. സംസ്ക്കാരത്തിന്റെ കൽപടവുകൾ ഏതൊരു സമൂഹവും കയറിമറിഞ്ഞിട്ടുള്ളത് നിരവധി മനുഷ്യരെതന്നെ ചവിട്ടിമെതിച്ചുകൊണ്ടാണ്. ഒരോ കാലഘട്ടത്തിന്റെയും സ്വഭാവവ്യത്യാസങ്ങൾക്കനുസൃതമായി നിലവിലുണ്ടായിരുന്നസാമൂഹ്യക്രമങ്ങളിൽ, മനുഷ്യൻ മനുഷ്യനിൽ നിന്നുതന്നെ അടിമത്തമനുഭവിച്ചിട്ടുണ്ട്. മൃഗങ്ങളേക്കാൾ കൂടുതൽ അവഗണനയ്ക്ക് വിധേയമായിട്ടുണ്ട്. പക്ഷെ, സമൂഹത്തിൽ ഉണ്ടായിരുന്ന ഈ നിമ്നോന്നതകളേയും സാമൂഹികവ്യവസ്ഥിതികളേയും മററെല്ലാ രാജ്യത്തും അതി

ൻെറ ഭയാനകതയോടുകൂടിതന്നെ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ടെന്നതാണ്സത്യം. യവന റോമാ സാമ്രാജ്യത്തിൽ നിലവിലിരുന്ന പ്രഭു- പ്ലീബിയൻ എന്നീതരം തിരുവുകൾ ക്രസ്തു ജനിക്കുന്നതിനുമുൻമ്പു തന്നെ യവന റോമചരിത്രകാരൻമാർ നികൃഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. പിന്നേയും ക്രിസ്തുവിനു മുൻമ്പുതന്നെ അടിമകളാക്കപ്പെട്ടിരുന്ന ഈ പ്ളീബിയൻമാർ ശബ്ദമുയർത്തുകയും മനുഷ്യാവകാശങ്ങളൊക്കെ നേടുകയുംചെയ്ത കഥയും നമുക്കറിയാം. ഇതേ മാതിരിതന്നെ മറെറല്ലാ രാഷ്ട്രങ്ങളിലും ക്രൂരമായ വ്യവസ്ഥിതികളുണ്ടായിരുന്നുവെങ്കിലും സുസംഘടിതമായ മുന്നേററത്തിൻെറ മുമ്പിൽ മട്ടുകുത്തിക്കുകയാണു ഉണ്ടായിട്ടുള്ളത്..

എന്നാൽ, ഇന്ത്യയിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും മററുരാജ്യങ്ങളിൽ വന്ന മാററം ഈ നൂററാണ്ടിൻെറ ആരംഭംവരെ ഇവിടെ അറിഞ്ഞിരുന്നില്ല എന്നുള്ളതാണു് ഞാനിവിടെ ഊന്നിപ്പറയുവാനുദ്ദേശിക്കുന്നത്. 16–ഉം 17–ഉം നൂററാണ്ടോടുകൂടി ഐറോപ്യൻ രാജ്യങ്ങളിലാകമാനം നവോത്ഥാനപ്രസ്ഥാനത്തിൻെറ ഫലമായി വ്യാവസായികവിപ്ളവങ്ങൾ നടക്കുകയും തൊഴിലാളികൾ സംഘടിതമായി വിലപേശൽ ആരംഭിക്കുകയും ചെയ്തിരുന്നു. ഫ്യൂഡൽ ചൂഷകരിൽനിന്നും യൂറോപ്യൻ ജനത കുതറി മാറി പുതിയൊരു വ്യവസ്ഥിതിക്കു് കളമൊരുക്കിയിരുന്നു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, 20–ാം നൂററാണ്ടുവരെ ഇന്ത്യൻ സാമൂഹത്തിൽ യാ

തൊരു മാററവുമുണ്ടായില്ല. സമൂഹത്തിലെ മേൽ തട്ടിലുള്ള ചുരുക്കം ചില പ്രഭുക്കൻമാരുടേയും രാജാക്കൻമാരുടേയും വീരപരാക്രമങ്ങൾ മാത്രമായി അങ്ങനെ നമ്മുടെ സാംസ്കാരിക ചരിത്രം ചുരുങ്ങിപ്പോയി. അഞ്ചോ ആറോ ആയിരം കൊല്ലത്തെ പഴക്കമുണ്ടെന്നവകാശപ്പെടാറുള്ള നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ മനുഷ്യനും അവനുപയോഗിച്ചിരുന്ന ഉല്പാദനോപകരണങ്ങൾക്കും ഒരിക്കലും സ്ഥാനം ലഭിച്ചിരുന്നില്ല അതിനു കാരണം ഐറോപ്യൻരാജ്യങ്ങൾ നവോത്ഥാനത്തിന്റെ ഈററില്ലത്തിൽ കിടന്ന് പിടഞ്ഞിരുന്ന അവസരത്തിലും നമ്മുടെ നാട്ടിൽ ഏററവും വിലകുറഞ്ഞ വസ്തു മനുഷ്യനായിരുന്നുവെന്നതാണ്. അലാവുദ്ദീൻ ഖാൽജി ആവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ച് കൊള്ളലാഭത്തെ തകർക്കുവാൻ ശ്രമിച്ച പ്രതിഭാശാലിയായ ഒരു സോഷ്യലിസ്ററ് സ്വേച്ഛാധിപതിയായിരുന്നു. അദ്ദേഹത്തിന്റെ ആവശ്യസാധനങ്ങളുടെ നിയന്ത്രണലിസ്ററിൽ പ്രായഭേദമനുസരിച്ചും ജോലിചെയ്യുന്നതിലുള്ള വൈദഗ്ദ്ധ്യത്തിന്റെ തോതനുസരിച്ചും ഒരാൾക്ക് ഒരുറുപ്പിക മുതൽ 3½ ക. വരെയാണ് വില നിശ്ചയിച്ചിരുന്നത്. 1340—ൽ ഇവിടെ സന്ദർശിച്ച ഇബ്നുബത്തൂത്ത തനിക്കേററവും ആകർഷകമായിതോന്നിയ ഒരു പെണ്ണിനെ വാങ്ങിയതു് 3 രൂപയ്ക്കാണ്. അവൾക്കു് പാടാനും ആടാനും അറിയാമായിരുന്നുവത്രെ!

കേരളത്തിലേക്കു കടന്നാൽ ഇന്നു് അവിശ്വസനീയമായി തോന്നുംവിധമായിരുന്നു ഇവിട

ത്തെ ബഹുഭൂരിപക്ഷത്തോടും നാം അനുവർത്തിച്ചിരുന്ന രീതിയെന്ന് കാണാൻ സാധിക്കും. 17ഉം 18 ഉം നൂററാണ്ടുകളിൽ കേരളത്തിലുണ്ടായിരുന്ന പോർച്ചുഗീസ് ഡച്ച്സഞ്ചാരികളും ഓഫീസർമാരും രേഖപ്പെടുത്തിയിട്ടുള്ളത് ഇന്ന് ഏതു കേരളീയനേയും ലജ്ജിപ്പിക്കുന്ന രീതിയിലുള്ള രേഖകളാണ്. അവർ പറയുന്നത്, ഇവിടെ കടലോരപ്രദേശങ്ങളിൽ പകലെല്ലാം ഒളിച്ചുജീവിക്കുന്ന ഒരുതരം അർദ്ധമനുഷ്യരുണ്ടെന്നും അവർ രാത്രികാലങ്ങളിൽ വെള്ളത്തിലറങ്ങി മൽസ്യം സംഭരിച്ച് കരയ്ക്കുകയറി അവ ചുട്ടുതിന്ന് വീണ്ടും സങ്കേതങ്ങളിലേക്ക് ഒളിക്കുമെന്നുമാണ്. നാവികർ ഇവരെ പിശാചുക്കളെന്ന് കരുതി, അവർ കത്തിച്ചുപിടിച്ചിട്ടുള്ള പന്തങ്ങൾ കാണുമ്പോൾ വള്ളങ്ങളും കപ്പലുകളും മാററിക്കൊണ്ടു പോകുകയായിരുന്നുവത്രെ പതിവ്. ഈ 'പിശാചു' ക്കൾക്കാവട്ടെ, നാട്ടിൽ ജീവിക്കുന്ന ജനങ്ങളുടെ ഭാഷയും അറിഞ്ഞുകൂടായിരുന്നു.* തെല്ലും അതിശയോക്തിയില്ലാത്ത ഈ ദൃക്ക്സാക്ഷി വിവരണത്തിൽ ഉൾക്കൊള്ളുന്ന കേരളസമൂഹം, പുലയനും പറയനും കാടനും ഉള്ളാടനുമായിരുന്നില്ല, അവരേക്കാൾ സമൂഹത്തിൽ അംഗീകാരമുണ്ടായിരുന്ന മുക്കുവരായിരുന്നു! 20–ാം നൂററാണ്ടിൻെറ ആദ്യത്തിൽപോലും 3 അടിയിൽ കൂടുതൽ ഉയരമുള്ള കൂരകൾ കെട്ടുവാൻ ഇവർക്ക് അനുവാദമുണ്ടായിരുന്നില്ലെന്നു കൊച്ചിൻ സ്റേററുമാനുവലിൽ ശ്രീ. അച്ചുതമേനോൻ വ്യക്തമാക്കിയിട്ടുള്ളതും ഇവിടെ സ്മർത്തവ്യമാണ്.

(*)

മുക്കുവരുടെ സ്ഥിതി ഇതായിരുന്നപ്പോൾ നമ്മുടെ പൂർവ്വകാലസംസ്ക്കാരത്തിൻെറ പിതാക്കളായിരുന്ന പറയൻേറയും പുലയൻേറയും കാര്യം എന്തായിരുന്നുവെന്ന് ഊഹിക്കാമല്ലോ. ബർബോസയും അബ്ദുർറസാക്കും മററുപ്രാസഞ്ചാരികളും ഇവിടെ നിലവിലുണ്ടായിരുന്ന ക്രൂരമായ അടിമവ്യാപാരത്തെപററിയും അടിമകളെക്കൊണ്ട് നിർബന്ധമായി പണിയെടുപ്പിക്കുന്ന നികൃഷ്ട രീതിയെകുറിച്ചും, മർദ്ദനങ്ങളെകുറിച്ചും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

എറണാകുളം പുരാരേഖാ കേന്ദ്രത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള 19—ാം നൂററാണ്ടിലെ ഒരെഴുത്തിൽ അന്നത്തെ ഡച്ചുഗവർണ്ണർ മഹാരാജാവിനെ അറിയിക്കുന്നതിങ്ങനെയാണ്: ആവശ്യപ്പെട്ടതനുസരിച്ച് മുപ്പതും മുപ്പത്തഞ്ചും വയസ്സു പ്രായമുള്ള ഒരാണിനേയും ഒരു പെണ്ണിനേയും ഇവിടെ കൊണ്ടുവന്നിരുന്നു. 3ക 2ണ വീതം വില പറഞ്ഞതുകൊണ്ട്, അതു വളരെ കൂടുതലാണെന്ന് ബോധ്യമായതിനാൽ മടക്കി അയച്ചു. ഉടൻ തന്നെ മററു രണ്ടു ആണിനെയും പെണ്ണിനേയും വാങ്ങി അയച്ചുകൊള്ളാം! ✗

1800—ൽ മലബാറിലെ സ്ഥിതിഗതികളെക്കുറിച്ചു വളരെ വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയ ഡോ. ഫ്രാൻസിസ് ബുക്കാനൻ കേരളത്തിലെ അടിമകളെ ക്രയവിക്രയം ചെയ്യുന്നത് സംബന്ധിച്ചും അവർക്കായി ആഹാരസാധനങ്ങൾ എറിഞ്ഞുകൊടുത്തിരുന്ന രീതിയെപ്പററിയും എഴുതിയതു വായിക്കു

✗

മ്പോറം ഹൃദയമുള്ള ആരും നൊമ്പരപ്പെട്ടുപോകും.* ഫ്രഞ്ചുവിപ്ളവവും അമേരിക്കൻ സ്വാതന്ത്ര്യസമരവും കഴിഞ്ഞതിനുശേഷം പിന്നേയും നൂററാണ്ടുകൾ കഴിഞ്ഞിട്ടും നമ്മുടെ സമൂഹത്തിൻെറ ഗതി ഇതായിരുന്നുവെന്ന വസ്തുത അനുസ്മരിക്കേണ്ടതാണ്. കേരളത്തിലെ സമൂഹത്തിൻെറ ചരിത്രം ആരും എഴുതാൻ മിനക്കെട്ടില്ല. തന്മൂലം വെറുക്കപ്പെട്ട, തിണ്ടല്പാടകലെ നിന്നിരുന്ന ബഹുഭൂരിപക്ഷത്തിൻെറ വികാരവിചാരങ്ങളെ പ്രതിഫലിപ്പിക്കുന്ന സാഹിത്യകൃതികൾ ഉണ്ടാവാത്തതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ.

എന്നാൽ ഇതിനിടയിൽ കേരളത്തിൽ മാററത്തിൻെറ ചിഹ്നങ്ങൾ കണ്ടുതുടങ്ങിയ ഒരു സന്ദർഭമുണ്ടായിരുന്നു. പതിനെട്ടാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിലാണതു സംഭവിച്ചത്. നമ്മുടെ സമൂഹത്തിൻെറ സകല ആചാരക്രമങ്ങളേയും പിടിച്ചു കുലുക്കിയ ആ സംഭവം മലബാറിലെ മൈസൂർ ആധിപത്യമായിരുന്നു. 1766 മുതൽ 1792 വരെയുള്ള ഹ്രസ്വമായ ആ കാലയളവിൽ കേരളസമൂഹത്തിൽ വിപ്ളവാത്മകമായ മാററങ്ങളുണ്ടായിട്ടുണ്ട്. സമത്വത്തിൻെറ ഇസ്ലാമിക സത്ത ഉൾക്കൊണ്ടിരുന്നതു കൊണ്ടുതന്നെയാവാം, മഹാനായ ടിപ്പു ഈ "മനുഷ്യമൃഗങ്ങളെ"* ഉദ്ധരിക്കാനുള്ള തീവ്രയത്നം നടത്തിയത്. അക്കൂട്ടത്തിൽ ഒററക്കാര്യം മാത്രം പ്രസ്താവിച്ചു കൊള്ളട്ടെ. അടിമസമ്പ്രദായത്തിൽ കഴിഞ്ഞിരുന്ന ഈ സമുദായത്തിൽ സംഘടിത തൊഴിലാളികളെകൊണ്ട് ജോലിചെയ്യിച്ച് വേതനംകൊടുക്കുന്ന സമ്പ്ര

ദായം നടപ്പിലാക്കിയത് ടിപ്പുവായിരുന്നു എന്ന സത്യം അധികമാളുകൾക്കും അറിയുകയില്ല.

മലബാറിൽ ഇന്നുള്ള എല്ലാറോഡുകളും തന്റെ പീരങ്കിപടയ്ക്കും കുതിരകൾക്കും അനായാസേന പോകുവാൻ ഉപകരിക്കുന്നതിനുവേണ്ടി അഞ്ചാറോ കൊല്ലത്തെ നിരന്തരമായ ജോലികൊണ്ട് ടിപ്പു നിർമ്മിച്ചവയാണ്. ഇതിനു ഉപയോഗപ്പെടുത്തിയിരുന്ന ആയിരക്കണക്കിനു് തൊഴിലാളികൾക്ക് നേരിട്ടു കൂലികൊടുക്കുന്ന സമ്പ്രദായം അദ്ദേഹം ഏർപ്പെടുത്തുകയുണ്ടായി. ആ ഭരണവും സമ്പ്രദായവും നിലനിന്നിരുന്നുവെങ്കിൽ, നിശ്ചയമായും നമ്മുടെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രം കുറേയേറെ പിന്നോട്ടു പോകുമായിരുന്നേനെ! നമ്മുടെ വ്യവസായികയുഗം കുറേ നേരത്തെ ആരംഭിക്കുമായിരുന്നേനെ! അതിനു് ഇവിടെ സാധിച്ചില്ല. ഇംഗ്ളീഷാധിപത്യം ഇവിടെ വേരുറച്ചു. ഫ്യൂഡൽ–കൊളോണിയൽ നുകങ്ങൾക്കു് കീഴിൽ കേരളത്തിലെ ജനങ്ങൾ വീർപ്പുമുട്ടി. മനുഷ്യന്റെവില പൂർവാധികം കുറഞ്ഞു. അതുകൊണ്ടുതന്നെ ഇക്കാലത്തുപോലും കേരളത്തിലെ സാധാരണക്കാരന്റെ കഥ ചരിത്രത്തിന്റെ ഏടുകളിൽ സ്ഥലം പിടിച്ചില്ല. സോഷ്യലിസത്തിന്റെയും സ്ഥിതിസമത്വത്തിന്റെയും മുദ്രവാക്യങ്ങൾ ഉയർന്നു കേൾക്കുന്ന ഇക്കാലത്തെങ്കിലും നാം നമ്മുടെ പൂർവികരുടെ ചരിത്രത്തിലേക്ക് വെളിച്ചം പ്രസരിപ്പിക്കാൻ സന്നദ്ധരാവേണ്ടിയിരിക്കുന്നു.